# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 ഡിസംബർ 3, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 174 - നമ്പർ 5


വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 3, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

7/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവുംവിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...12

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...12

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...77

**II. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ...472

2. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ...473

**അനുബന്ധം I-III** ...474

**മേശപ്പുറത്തുവച്ച മറുപടികൾ**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 3, തിങ്കൾ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2018 ഡിസംബർ മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.......

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസവും ശബരിമലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പ്രതിപക്ഷം ഉന്നയിച്ചിരുന്നു. അതിലൊന്ന്, 144 പിൻവലിക്കണമെന്ന ആവശ്യമായിരുന്നു. ശബരിമലയിൽ വരുന്ന കോടിക്കണക്കിന് ഭക്തജനങ്ങൾ നേരിടുന്ന അസൗകര്യങ്ങളായിരുന്നു രണ്ടാമത്തെ കാര്യം. ഹൈക്കോടതിപോലും ഒരു നിരീക്ഷക സമിതിയെ നിയോഗിക്കാൻ തയ്യാറായ സാഹചര്യം സർക്കാരിന്റെ പിടിപ്പുകേടിന്റെ ദൃഷ്ടാന്തമാണ്. ഞങ്ങൾ ആവശ്യപ്പെട്ട ഈ രണ്ട് കാര്യങ്ങളിലും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടിയുണ്ടായിട്ടില്ല. അതുകൊണ്ടാണ് കഴിഞ്ഞ മൂന്ന് ദിവസവും സഭാനടപടികൾ സ്തംഭിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. ജനങ്ങളുമായി ബന്ധപ്പെട്ട ധാരാളം വിഷയങ്ങൾ ഞങ്ങൾക്ക് നിയമസഭയിൽ ഉന്നയിക്കാനുണ്ടെന്നുള്ളതുകൊണ്ട് സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം സർവ്വശ്രീ വി. എസ്. ശിവകുമാർ, പാറക്കൽ അബ്ദുല്ല, ഡോ. എൻ. ജയരാജ് എന്നീ എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിക്കുന്നുവെന്നുള്ള കാര്യംകൂടി അങ്ങയെ അറിയിക്കുകയാണ്.

ഗവൺമെന്റിന്റെ നിഷേധാത്മക നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ശക്തമായ സമരത്തിലൂടെ സഭയ്ക്ക് അകത്തും പുറത്തും ഞങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും ശബരിമല തീർത്ഥാടകരുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും പ്രതിപക്ഷം തീരുമാനിച്ചിരിക്കുന്നതായി അങ്ങയെ ഞങ്ങൾ അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസംതന്നെ ഇത്തരമൊരു പ്രസ്താവന നടത്തുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്. ശബരിമലയുമായി ബന്ധപ്പെട്ട് പ്രക്ഷോഭം നടത്തുന്നതിന് ഇവരുടെ മുമ്പേ നടന്ന ആളുകൾ അവിടെനിന്നും ഇറങ്ങിയ സാഹചര്യത്തിൽ ഇവിടെ പ്രഖ്യാപിച്ച സമരത്തിൽനിന്നും പിൻവാങ്ങുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. പക്ഷെ പിന്നീടും അത് മുന്നോട്ട് കൊണ്ടുപോകുന്നതാണ് കണ്ടത്. ഏതായാലും അവർ ഇറങ്ങി ഇവിടെവന്ന് ഇരിക്കുന്നുണ്ട്. ഇവർ ഇത് അവസാനിപ്പിച്ച് സഭയുടെ കവാടത്തിൽ ഇരിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ഈ ഒത്തുകളി എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. ......(ബഹളം)...... എല്ലാക്കാലത്തും ആളുകളെ പറ്റിക്കാനാവില്ല, അത് മനസ്സിലാക്കേണ്ടതുണ്ട്. ശബരിമലയിൽ യഥാർത്ഥത്തിൽ സൗകര്യങ്ങൾ ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. നേരത്തേയുള്ളതിനെക്കാളും കൂടുതൽ സൗകര്യങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. അവിടെ അക്രമ സംഭവങ്ങൾ നടന്ന സാഹചര്യത്തിലാണ് 144 പ്രഖ്യാപിച്ചിട്ടുള്ളത്. ശബരിമലയുടെ ചരിത്രത്തിൽ ഒരുകാലത്തുമില്ലാത്ത തരത്തിലുള്ള അക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. ആ നടപടികൾ അംഗീകരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള പ്രസ്താവനകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ളതാണ്. ഈ ഘട്ടത്തിൽ തെറ്റായ നിലപാടുകൾ ആവർത്തിക്കുന്നതിന്റെ സൂചനയാണ് ഇവിടെ പ്രഖ്യാപിച്ച സമരമുറ. അത് മനസ്സിലാക്കിയാൽ നല്ലത്. ഏതായാലും, വൈകിവന്ന അല്പം വിവേകമുണ്ട്. അതിന്റെ ഭാഗമായാണ് സഭാനടപടികൾ നടക്കട്ടെയെന്ന് തീരുമാനിച്ചത്.

(യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ............

മി. സ്പീക്കർ: പ്ലീസ്.... ഇത് ചോദ്യോത്തരവേളയാണ്. അങ്ങേയ്ക്ക് സമയം തന്നു, അങ്ങ് സംസാരിച്ചു. ......(ബഹളം)...... നിങ്ങൾ സീറ്റിൽ പോയിരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാൻ അവസരം നൽകാം. രണ്ടുംകൂടി ശരിയാകില്ല.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെത്തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രിയോട് ചോദിച്ചിട്ടുവേണം ഞങ്ങൾ സമരം ചെയ്യാനെന്നുള്ള അദ്ദേഹത്തിന്റെ വാദം വളരെ പരിഹാസ്യമാണെന്നാണെനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്ലീസ്... ദയവായി ചോദ്യോത്തരവേള ഒരു ഡിബേറ്റിനുള്ളസമയമാക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർ.എസ്.എസ്.-ന് അവിടെ അക്രമം നടത്താൻ എല്ലാ സൗകര്യവും കൊടുത്ത മുഖ്യമന്ത്രീ, അങ്ങയുടെ കയ്യിലായിരുന്നില്ല, വൽസൻ തില്ലങ്കരിയുടെ കയ്യിലായിരുന്നു ആഭ്യന്തര വകുപ്പ് എന്നുള്ളത് കേരളം കണ്ട കാര്യമാണ്. ആർ.എസ്.എസ്.-മായുള്ള അങ്ങയുടെ ഒത്തുകളി ഓരോ ദിവസം കഴിയുംതോറും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഏതു സമയത്തും സംസാരിക്കാനുള്ള അവകാശമുള്ളതുകൊണ്ടാണ് സംസാരിക്കാൻ അവസരം നൽകിയത്. ഇനി അങ്ങ് ഇരിക്കൂ..... ചോദ്യോത്തരവേളയിലേക്ക് കടക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്നദാനത്തിന്റെ കാര്യത്തിൽപ്പോലും ആർ.എസ്.എസ്.-മായി കൈകോർക്കുന്ന നിലപാടാണുള്ളത്. സ്ത്രീകളെ തടഞ്ഞ സി.പി. സുഗതനെ മതിലുണ്ടാക്കാനായി ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് ദയവായി ഇരിക്കൂ. ചോദ്യോത്തരവേള ഡിബേറ്റാക്കരുത്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ എനിക്കും പറയാനുണ്ട്. ചോദ്യോത്തരവേള ഇങ്ങനെയൊരു ചർച്ചയായി മാറുമ്പോൾ എനിക്കും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തമാക്കാനുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ......

മി. സ്പീക്കർ: ഇവിടെ ആരോപണ പ്രത്യാരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് ആദ്യം സംസാരിച്ചു. അതിന് മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു. വീണ്ടും അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചു. സ്വാഭാവികമായും അതിന് മറുപടിയായി മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറഞ്ഞു. അത് അവിടെ അവസാനിക്കണ്ടേ? വീണ്ടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേറ്റുനിന്ന് സംസാരിക്കുകയാണ്. ......(ബഹളം)...... അങ്ങ് പറഞ്ഞ് പൂർത്തീകരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഞങ്ങൾ ആദ്യമെടുത്ത നിലപാടുമായി മുന്നോട്ടുപോകുകയാണ്. ഞങ്ങളുടെ മൂന്ന് എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ഇനി സംസാരിച്ചാൽ എനിക്കും സംസാരിക്കാൻ അവസരം നൽകണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതുകൊണ്ടല്ലേ മുഖ്യമന്ത്രിക്ക് പറയാൻ അവസരം നൽകുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയോട് ചോദിച്ച് സമരം നടത്തണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരുടെയും നിലപാട് കേരളമാകെ കണ്ടിട്ടുള്ളതാണ്. ശബരിമല വിഷയത്തിൽ അദ്ദേഹത്തിന്റെ പാർട്ടി നേതാവായ ശ്രീ. രാഹുൽഗാന്ധിയുടെ അഭിപ്രായം വ്യക്തിപരമായ അഭിപ്രായമാണെന്ന് രാഷ്ട്രീയത്തിന്റെ എബിസിഡി അറിയുന്ന ഒരാൾക്കും മനസ്സിലാകാത്ത രീതിയിൽ പ്രസ്താവന നടത്തിയിട്ടുള്ള ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. രാഹുൽഗാന്ധിയല്ല, അമിത്ഷായാണ് നേതാവെന്ന് അംഗീകരിക്കുന്ന നിലപാടിലേയ്ക്കാണ് അവർ അധഃപതിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇത്തരം നിലപാടുകൾ വന്നിട്ടുള്ളത്. ജനങ്ങൾ ഇതെല്ലാം തിരിച്ചറിയുന്നുണ്ട്,അത് മനസ്സിലാക്കാതിരിക്കരുത്. ഇവിടെ ആർ.എസ്.എസ്.-ന് ഏത് തരത്തിലുള്ള സൗകര്യമാണ് ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുള്ളത്? എന്ത് അടിസ്ഥാനത്തിലാണ് അത് പറയുന്നത്? ആർ.എസ്.എസ്.-ന്റെയൊക്കെ ചങ്ങാതിമാരായി നടന്ന എത്ര പേരാണ് അപ്പുറത്ത് ഇരിക്കുന്നത്? ഓരോ രാഷ്ട്രീയ പാർട്ടിയുടെയും നിലപാട് അംഗീകരിച്ച് നിൽക്കുമ്പോൾ ആ രാഷ്ട്രീയമല്ലേ മുന്നോട്ട് കൊണ്ടുപോകേണ്ടത്? ഇവിടെ ആർ.എസ്.എസ്.-ന്റെ നിലപാടല്ലേ ഇവർ മുന്നോട്ടുകൊണ്ടുപോകാൻ നോക്കുന്നത്; അതല്ലേ ഇവിടെ സംഭവിച്ചിട്ടുള്ളത്? അത് ആളുകൾ മനസ്സിലാക്കുന്നുണ്ടെന്ന് മനസ്സിലാക്കിയാൽ നല്ലത്. ......(ബഹളം)......

മി. സ്പീക്കർ: ചോദ്യം നമ്പർ *91-ഉം *94-ഉം ക്ലബ്ബ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജി. എസ്. ജയലാൽ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കും ഒന്നിച്ച് ഉത്തരം നൽകാവുന്നതാണ്. ......(ബഹളം)...... രണ്ട് തവണ പ്രതിപക്ഷനേതാവും രണ്ട് തവണ മുഖ്യമന്ത്രിയും സംസാരിച്ചു. ഇത് ശരിയല്ല.

(പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് പ്ലക്കാർഡുകളും ബാനറുകളും പിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

## ദുരന്ത നിവാരണ അതോറിറ്റി

1(*91) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനരീതികളിൽ സമഗ്രമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദുരന്ത നിവാരണത്തിനും പ്രതിരോധത്തിനുമായി എന്തെല്ലാം പുതിയ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ദേശീയ ദുരന്ത നിവാരണ ഏജൻസി എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) പ്രളയകാലത്തെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മികവുറ്റതായിരുന്നുവെന്ന് പൊതുസമൂഹവും അന്താരാഷ്ട്ര ഏജൻസികളും ഈ രംഗത്തെ വിദഗ്ദ്ധരും വിലയിരുത്തിയിട്ടുള്ളതാണ്. ഓഖി ദുരന്തത്തിൽനിന്നും ഉൾക്കൊണ്ട പാഠങ്ങളുടെകൂടി അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ മുൻകരുതൽ നടപടികളാണ് മഹാപ്രളയത്തിൽ നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കാൻ സാധിച്ചത്. എങ്കിലും കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെയും സംസ്ഥാന ദുരന്ത നിവാരണ ചട്ടങ്ങളുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിൽ കാലോചിതമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അതോറിറ്റിയിൽ ദേശീയ-അന്തർദ്ദേശീയ ഏജൻസികളെ ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തിക്കാൻ പ്രാപ്തരായ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയാണ്. ലോക ബാങ്ക് തയ്യാറാക്കിയ പ്രളയാനന്തര പുനർനിർമ്മാണ അവലോകന റിപ്പോർട്ടിൽ സംസ്ഥാന അതോറിറ്റി കാര്യക്ഷമമായാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭ സംഘം തയ്യാറാക്കിയ പ്രളയാനന്തര പുനർനിർമ്മാണ അവലോകന റിപ്പോർട്ടിലും സംസ്ഥാന അതോറിറ്റി നടത്തുന്ന വിവിധ പദ്ധതികളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

അതോറിറ്റി പുതുതായി ഏറ്റെടുക്കേണ്ടതാണെന്ന് ഐക്യരാഷ്ട്രസഭ സംഘം ശിപാർശ ചെയ്തിട്ടുള്ള കാര്യങ്ങളിലെല്ലാംതന്നെ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഐക്യരാഷ്ട്രസഭ സംഘത്തിന്റെയും ലോകബാങ്കിന്റെയും ശിപാർശ പ്രകാരമുള്ള വിവിധ ശാക്തീകരണ നടപടികൾ ചുവടെപ്പറയും വിധമാണ്.

സുശക്തമായ ആശയവിനിമയ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചു. ആദ്യഘട്ടമായി വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹഫോൺ നൽകി. പ്രാദേശികമായി തീവ്ര ദുരന്ത പ്രവചനം അതത് ദുരന്തങ്ങൾ പ്രവചിക്കാൻ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കേന്ദ്ര ഏജൻസികളിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. നൽകാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് പ്രളയശേഷം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോ എന്ന് പരീക്ഷിക്കാൻ സംസ്ഥാന അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീരസംരക്ഷണ സേനയുടെ കപ്പലിൽ 200 കിലോമീറ്റർ ഉള്ളിൽ 5 ദിവസം സഞ്ചരിച്ച് നടത്തിയ പരീക്ഷണം വിജയകരമായതിനാൽ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഇ-മെയിൽ, whatsapp, Twitter, Facebook, Mobile SMS, Land Phone, FAX, VSAT Terminal എന്നീ സംവിധാനങ്ങൾക്ക് പുറമെയാണിത്. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്ത ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്ത സാധ്യത കണക്കിലെടുത്ത് വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയ അടയാളപ്പെടുത്തൽ നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ഫണ്ടും അനുവദിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിന്റെ ഉയരം ഉൾപ്പെടെ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം നടത്തിവരുന്നു. United Nations Development

Programme, United Environment Programme എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ നിയമം അനുസരിച്ച് സംസ്ഥാന അതോറിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വീടുകൾ നഷ്ടപ്പെടുന്നവർക്ക് നൽകുന്ന അടിസ്ഥാന ദുരിതാശ്വാസം (Minimum Relief Code) പ്രഖ്യാപിച്ചു. റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം ദുരന്തബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം MSME സ്ഥാപനങ്ങളുടെ നിലവിലെ കടം പുനഃക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കാൻ പുതുതായി കടം നൽകാൻ ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി ആവശ്യപ്പെടുകയും ചെയ്തു. ഈ ആവശ്യം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച്, കേന്ദ്ര ഫിനാൻസ് വകുപ്പിന് നിർദ്ദേശം നൽകുകയും ഇത് പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു.

(ബി) പ്രകൃതി ദുരന്തങ്ങളിൽ മനുഷ്യമരണവും വസ്തുവകകളുടെ നഷ്ടവും കുറയ്ക്കുന്നതിനുള്ള നടപടികളാണ് പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ 12 ഇന ഉപലക്ഷ്യങ്ങളിൽ ഊന്നിക്കൊണ്ട് 27 പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) ദേശീയ ദുരന്ത നിവാരണ ഏജൻസി ഇത്തരം നിർദ്ദേശങ്ങളൊന്നുംതന്നെ നൽകിയിട്ടില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾക്കുള്ള ഉത്തരം പറയുകയാണ്. ....(ബഹളം)...... ദയവായി നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. ചോദ്യോത്തരവേളയ്ക്ക് ഒരു ചട്ടമുണ്ട്. ....(ബഹളം)...... ഈ നിലയ്ക്ക് സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല.......(ബഹളം)......

(ഭരണപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സീറ്റിനരികിലും യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിലും വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

---

* അനുബന്ധമായി ചേർക്കുന്നു.

എല്ലാവരും സീറ്റിലേയ്ക്ക് പോകു. ചെയറിനോട് മോശമായി പെരുമാറി കാര്യം നേടാമെന്ന് കരുതരുത്. ദയവായി സീറ്റിലേയ്ക്ക് പോകു. ....(ബഹളം)...... നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ട സഭയാണിത്. സഹകരിക്കാമെന്ന് പറഞ്ഞ പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇരിക്കേണ്ടതല്ലേ? ചോദ്യോത്തരവേളയിൽ പ്രസംഗമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാനുള്ള അവസരം നൽകിയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളത് അദ്ദേഹവും പറഞ്ഞു. ഇതൊരു ഡിബേറ്റാക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ ഇനി ശൂന്യവേളയിൽ അവസരം നൽകാം. അല്ലാതെ ചോദ്യോത്തരവേളയിൽ സാധ്യമല്ല. ....(ബഹളം)......

**പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

2(*94) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീമതി സി. കെ. ആശ

ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയത്തിനുശേഷം വീട് വാസയോഗ്യമല്ലാതായ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി തുക നൽകിയിരുന്നോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ട പൊതുജനങ്ങൾക്ക് അവ വീണ്ടെടുത്ത് നൽകുന്നതിന് നൽകിയ സേവനങ്ങൾ വ്യക്തമാക്കുമോ;

(ഡി) ദുരന്തത്തിനിരയായവർക്കുള്ള നഷ്ടപരിഹാര വിതരണത്തിന്റെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും പുരോഗതി വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ-ഡി) കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് ആഗസ്റ്റ് മാസത്തിൽ ഉണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലുംപെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ

മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള സമസ്ത മേഖലകളെയും ദുരന്തം ഗ്രസിച്ചു.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.

നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽത്തന്നെ വെള്ളമിറങ്ങിയ പൊതുവഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതിയും ശുദ്ധജല വിതരണവും പുനഃസ്ഥാപിക്കുന്നതിലും പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിലും നമുക്ക് വിജയിക്കാനായി.

- മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപ വീതം അനുവദിച്ചു. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.
- ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണനയില്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,84,000 (ആറുലക്ഷത്തി എൺപത്തിനാലായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.
- 500 രൂപ വിലവരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. 23-11-2018 വരെ 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.
- സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവരശേഖരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്.

- ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിൽ കൂടുതൽ എന്നിങ്ങനെ തരംതിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്.

- പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാല് ലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിനുപുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

- വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കയ്യിൽ നിൽക്കുന്ന ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായിക്കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധസംഘടനകൾ മുന്നോട്ടു വന്നു. ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.

- ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38.441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.

- പ്രളയബാധിതമായ മുഴുവൻ ജില്ലകളിലും നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് അദാലത്തുകൾ നടത്തി.

- ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപയും അനുവദിച്ചു.

- മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു.

- പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകാൻ തീരുമാനിച്ചു.

- പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 593.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ സാഹചര്യം വിലയിരുത്തി വിവിധ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് വെള്ളപ്പൊക്കബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കാൻ CWRDM, KFRI, എം.ജി. യൂണിവേഴ്സിറ്റി, KSREC എന്നിവയെ ചുമതലപ്പെടുത്തി. എല്ലാ ജില്ലകളിലും കളക്ടർമാർക്ക് ഉപഗ്രഹഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇതിനകം നൽകിക്കഴിഞ്ഞു.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ സാധ്യതാ പഠനങ്ങൾ നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സന്ദേശങ്ങൾ ലഭ്യമാക്കാൻ മീഡിയം വേവ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. ........ (ബഹളം)............

മി. സ്പീക്കർ: ഈ നിലയിൽ സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. പ്ലീസ്.... പ്ലീസ്... സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ മറ്റ് നടപടിക്രമങ്ങളിലേയ്ക്ക് കടക്കേണ്ടിവരും. നിസ്സാര കാര്യങ്ങൾക്കുവേണ്ടി സഭ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ....(ബഹളം)......

തുടർച്ചയായി സഭ പെട്ടെന്ന് അവസാനിപ്പിക്കേണ്ടിവരുന്നതിൽ ചെയറിന് ഖേദമുണ്ട്. നിങ്ങൾ ഈ രീതി തുടർന്നാൽ ചെയർ അതിലേയ്ക്ക് കടക്കും. പ്ലീസ്...പ്ലീസ്... ജനാധിപത്യ അവകാശങ്ങൾക്കൊപ്പം ഗവൺമെന്റിന് ഗവൺമെന്റ് കാര്യങ്ങളും നടത്തിക്കൊണ്ട് പോകേണ്ടതുണ്ട്. നിങ്ങൾ സീറ്റിൽ പോയി ഇരിക്കു. ....(ബഹളം)...... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. പ്രതിപക്ഷനേതാവിന് സംസാരിക്കാൻ ശൂന്യവേളയിൽ അവസരം തരാം. ചോദ്യോത്തരവേളയിൽ ഇനി സംസാരിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേയ്ക്ക് തിരികെ പോയി സഹകരിച്ചില്ലെങ്കിൽ ചെയറിന് ഗത്യന്തരമില്ല. .....(ബഹളം)..... സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കാത്ത സാഹചര്യത്തിൽ തുടർന്നുള്ള ചോദ്യോത്തരവേള റദ്ദ് ചെയ്യുന്നു. തുടർനടപടികളിലേയ്ക്ക് കടക്കുന്നു. ...... (ബഹളം)... ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതി.*

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാനത്തോട് റെയിൽവേയുടെ അവഗണന

3(*92) ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. വി. ജോയി:

ശ്രീ. പി. കെ. ശശി:

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെക്കാലമായി സംസ്ഥാനത്തെ ട്രെയിനുകൾസമയക്ലിപ്തത പാലിക്കാത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം കണക്കിലെടുത്ത് അടിയന്തരമായി ഇടപെടാൻ റെയിൽവെയോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമിയുടെ ലഭ്യത ഉറപ്പാക്കിയ പദ്ധതികൾപോലും നടപ്പാക്കാതെ സംസ്ഥാനത്തോട് റെയിൽവെ കാട്ടുന്ന അവഗണനയ്ക്ക് അറുതി വരുത്താൻ സംസ്ഥാനത്തിന് പ്രത്യേകമായി റെയിൽവെ സോൺ അനുവദിക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തുന്നുണ്ടോ;

(സി) ദശാബ്ദങ്ങൾക്കുമുമ്പ് വാഗ്ദാനം ചെയ്യപ്പെട്ട പാലക്കാട് കോച്ച് ഫാക്ടറിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് നൽകിയിട്ട് വർഷങ്ങളായിട്ടും പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കത്തിൽനിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ എന്നറിയിക്കാമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) രാജ്യത്താകെയുള്ള 68 ഡിവിഷനുകളിൽ ട്രെയിൻസമയക്രമം പാലിക്കുന്നതിൽ ദക്ഷിണ റെയിൽവേയ്ക്ക് കീഴിലുള്ള പാലക്കാട് ഡിവിഷൻ 32-ാം സ്ഥാനത്തും തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്തുമാണ്. തിരുവനന്തപുരം ഡിവിഷനുകീഴിൽനിന്നും സർവ്വീസ് നടത്തുന്ന 100 ട്രെയിനുകളിൽ 45 എണ്ണം മാത്രമാണ്സമയക്രമം പാലിക്കുന്നത്. ട്രെയിനുകൾ അവയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേഗതയിൽ സർവ്വീസ് നടത്തുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ മിക്ക ട്രെയിനുകളും മണിക്കൂറിൽ 30 കിലോമീറ്ററിലും താഴെ വേഗത്തിലാണ് സർവ്വീസ് നടത്തുന്നത്. ഇത് ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണ്. ഇത്തരത്തിൽസമയക്രമം പാലിക്കാത്തതുമൂലം സംസ്ഥാന-കേന്ദ്ര സർക്കാർ, പൊതുമേഖല-സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും സാധാരണ ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.

ഉദ്യോഗസ്ഥരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ഥാനക്കയറ്റം നിർണ്ണയിക്കുക എന്ന കേന്ദ്ര റെയിൽവേ മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിനുപകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായെടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്നസമയമായി പുനഃക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണിയുടെയും പാത ഇരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പി.-മാരുടെ തലത്തിലും ഉദ്യോഗ സ്ഥതലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയവും തെറ്റിദ്ധാരണ ജനകവുമായസമയക്രമ നിർണ്ണയം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14-6-2018-നും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 24-6-2018-നും കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയൂഷ് ഗോയലിന് കത്തുകൾ അയച്ചിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസുള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്തെറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 19-6-2018, 24-6-2018 തീയതികളിലെ കത്തുകൾ പ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും റെയിൽവേ മന്ത്രിയുടെയും മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേവക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ടി കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ല എന്ന നിലപാടാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

(സി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷംകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ലെ സ.ഉ. (കൈ) നമ്പർ 35/2012/റവ പ്രകാരം ഉത്തരവായിരുന്നു. ഇതുകൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർകൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമി കൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ 230.10 ഏക്കർ മാത്രമെ ഒന്നാംഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിക്കുകയും ആയതിൻ പ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുകയുണ്ടായി.

കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയുംപെട്ടെന്ന് ആരംഭിക്കുവാനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19-6-2018, 24-6-2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പി.-മാർ വഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യംപരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

## മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനം

4(*93) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് ഇതുവരെ ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രളയത്തിൽ തകർന്ന തീരപ്രദേശത്തെ റോഡുകളും മത്സ്യലേല കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നന്നാക്കുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറിയും നിലവിൽ സി.എം.ഡി. ചെയർമാനുമായ ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basis Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Sea Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തരവും നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Pear Marwic Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പ്രളയത്തിന്റെ ചുറ്റുപാടിൽ മത്സ്യത്തൊഴിലാളി പുനരധിവാസം (600 കോടി രൂപ), ഫിഷിംഗ് ഇൻപുട്ട്സ് (99.91 കോടി രൂപ), മത്സ്യ കൃഷി മേഖലയുടെ പുനരുദ്ധാരണം (204.93 കോടി രൂപ), ജീവനോപാധി പദ്ധതികൾ (102.8 കോടി രൂപ), മത്സ്യമാർക്കറ്റുകളുടെ നവീകരണം (38.98 കോടി രൂപ), കൃത്രിമ പാരുകൾ (4 കോടി രൂപ), ഫിഷ്‌ലാന്റിംഗ് സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസനം (20.05 കോടി രൂപ), ഓർണമെന്റൽ ഫിഷറീസ് (15.93 കോടി രൂപ) എന്നീ മേഖലകളിലേയ്ക്കായി ആകെ 1086.60 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായും സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധി വാസത്തിനാണ്

ഫിഷറീസ് വകുപ്പ് മുൻഗണന നൽകിയിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണ ധനസഹായം ലഭ്യമാകുന്നതാണ്.

2016-17 വർഷത്തിൽ മൂന്ന് പദ്ധതികളാണ് നടപ്പാക്കിയത്.

1. ഭൂമിയുള്ളവരുടെ എന്നാൽ ഭവനരഹിതരുമായ 3149 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 62.98 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ 2595 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.
2. കടലാക്രമണംമൂലം വീടും ഭൂമിയും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിന് കുടുംബം ഒന്നിന് 10 ലക്ഷം രൂപ വീതം നൽകുന്നതിന് 25 കോടി രൂപ അനുവദിക്കുകയുണ്ടായി. ഓരോ കുടുംബത്തിനും മൂന്ന് സെന്റ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി ആറ് ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപയുമാണ് ഈ പദ്ധതിയിലൂടെ ലഭ്യമാക്കിയത്. 120 കുടുംബങ്ങൾ ഭൂമി വാങ്ങി ഭവന നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ളവർക്ക് ഭൂമി കണ്ടെത്തുന്നതിനനുസരിച്ച് പദ്ധതി ധനസഹായം ലഭ്യമാകും.
3. ഭൂരഹിതരമായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി പരമാവധി മൂന്ന് സെന്റ് ഭൂമി വീതം വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം 48 കോടി രൂപ അനുവദിച്ചു. അതിൽ 592 പേർ ഭൂമി വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

2017-18 വർഷത്തിൽ നാല് പദ്ധതികളാണ് നടപ്പാക്കിയത്

1. ഭവനനിർമ്മാണ ധനസഹായം-വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്ന് നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് 48 കോടി രൂപ അനുവദിക്കുകയും ചെയ്തു. 2016-17 വർഷം ഭൂമി വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച 800 കുടുംബങ്ങൾക്ക് ടി പദ്ധതി മുഖേന ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും അതിൽ 176 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, കടലോരത്തെ 200 മീറ്ററിന് പുറത്ത് ഭൂമിയുള്ളവരും എന്നാൽ ഭവനരഹിതരുമായ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപ വീതം അനുവദിക്കുകയും അതിൽ 98 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2. കടലോരത്തെ 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം - കടലോരത്ത് ഉയർന്ന വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന 750 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ ഭൂമി വാങ്ങി പുനരധിവസിപ്പിക്കുന്നതിന് കുടുംബമൊന്നിന് പത്ത് ലക്ഷം രൂപ വീതം ആകെ 75 കോടി രൂപ അനുവദിച്ചു. ടി പദ്ധതികളുടെ ഗുണഭോക്താക്കളിൽ 197 പേർ ഇതിനകം ഭൂമി വാങ്ങി ഭവനനിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

3. മത്സ്യത്തൊഴിലാളി പാർപ്പിട സമുച്ചയം - മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിന്റെ ഭാഗമായി എട്ട് വീടുകൾ വീതം ഉൾപ്പെടുന്ന 25 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 20 കോടി രൂപ അനുവദിക്കുകയും ടി തുക അനുവദിച്ച് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ച് 192 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

4. പാർപ്പിട സമുച്ചയത്തിന് ഭൂമി വാങ്ങൽ - മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാർപ്പിട സമുച്ചയം ഒരുക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് ഏഴ് കോടി രൂപ അനുവദിക്കുകയും ടി തുകയിൽനിന്നും 5.87 കോടി രൂപ വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ കാരോട് 1.04 ഹെക്ടർ ഭൂമി വാങ്ങി അവിടെ 160 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

2016-17, 2017-18 വർഷങ്ങളിലായി ആകെ 285.98 കോടി രൂപയുടെ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്നതിനും ഭൂമിയും വീടും നൽകുന്നതിനും നടപ്പാക്കിക്കഴിഞ്ഞു. ഇതുകൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി പുനരധിവാസത്തിന്റെ ഭാഗമായി 750 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 45 കോടി രൂപയും അപ്രകാരം ഭൂമി വാങ്ങുന്ന 125 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 5 കോടി രൂപയും ഫ്ലാറ്റ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഏഴ് കോടി രൂപയും അവിടെ ഫ്ലാറ്റുകൾ പണിയുന്നതിന് 28 കോടി രൂപയും പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 7065.5 ലക്ഷം രൂപ വേണ്ടിവരും. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പുനരുദ്ധാരണം നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് 18854.10 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവരെ മാറ്റിപാർപ്പിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

പ്രളയത്തെ തുടർന്ന് മത്സ്യബന്ധന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഫിഷറീസ് മേഖലയിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകളുടെ എണ്ണം 337-ഉം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകളുടെ എണ്ണം 520-ഉം ആണ്. ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ചാണ് ധനസഹായം കണക്കാക്കുന്നത്.

വീട്പൂർണ്ണമായും തകർന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യഗഡു തുക നൽകുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു. ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായി വിതരണം ചെയ്യാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും യഥാസമയം പുരോഗതി അറിയിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**വീടുകളുടെ പുനർനിർമ്മാണത്തിന് നേരിടുന്ന തടസ്സങ്ങൾ**

5(*95) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നശിച്ച വീടുകളുടെ പുനർനിർമ്മാണം ഏതെങ്കിലും പ്രദേശത്ത് തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഭവന രഹിതരായവരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തരമായി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ&ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

ആയതിനാൽ പ്രസ്തുത പഠനം/വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ല. വെള്ളപ്പൊക്കംമൂലവും മണ്ണിടിച്ചിൽമൂലവും നിരവധി ആളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. പുഴപുറമ്പോക്കിലും മറ്റും താമസിച്ചിരുന്നവർക്ക് അവിടെ വീട് പുനർനിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർനിർമ്മിക്കാൻ കഴിയില്ല.

പാരിസ്ഥിതികമായി ദുർബലവും വാസയോഗ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കഴിയില്ല. ഇത്തരം പ്രദേശങ്ങളിലുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ തുടങ്ങിയവയിലും വ്യക്തികളോ സന്നദ്ധ സംഘടനകളോ സ്ഥാപനങ്ങളോ സംഭാവനയായി നൽകുന്ന ഭൂമിയിലും ഇവരെ പുനരധിവസിപ്പിക്കുന്നതിനാണ് പരിഗണന നൽകുന്നത്. ഇത്തരം സ്ഥലങ്ങൾ പാരിസ്ഥിതികമായി വീട് വയ്ക്കുന്നതിന് അനുകൂലമെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നത്.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ലഡ് മാപ്പിംഗ് നടത്തുന്നതിന് CWRDM (Centre for Water Resources Development and Management), KFRI (Kerala Forest Research Institute), School of Environmental Sciences, M.G. University, KSRSEC (Kerala State Remote Sensing and Environment Centre) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(സി) പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. നഷ്ടം സംഭവിച്ച വീടിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം നടത്തി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി കുറഞ്ഞത് 15%,

16-29%, 30-59%, 60-74%, 75 ശതമാനത്തിലുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75 ശതമാനത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സമ്മതപത്രം നൽകിയ സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യ ഗഡു തുക നൽകുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക്, അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായി വിതരണം ചെയ്യാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനരധിവാസത്തിനായി ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ നടപടിക്രമം പാലിച്ചുകൊണ്ട് സ്വീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ കണ്ടെത്തുന്ന ഭൂമിയിൽ വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് പുനരധിവാസത്തിന് ഊന്നൽ നൽകുന്നതാണ്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇവരുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ ശിപാർശയുടെ വെളിച്ചത്തിൽ മേൽവിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയാണ് തീരുമാനം കൈക്കൊള്ളുക.

## ഭവനനിർമ്മാണ നയം

6(*96) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഭവന നിർമ്മാണ നയം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രളയ ബാധിത പ്രദേശങ്ങളിൽ പുതിയ നിർമ്മാണങ്ങൾക്ക് എന്തെങ്കിലും നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ റിസോർട്ട്, ഹോം സ്റ്റേ, ബഹുനില ഭവനങ്ങൾ എന്നിവ പണിയുന്നതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രളയ ബാധിത പ്രദേശങ്ങളിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് പ്രളയത്തെ പ്രതിരോധിക്കാനുള്ള പ്രത്യേക നിർമ്മാണ രീതിയും മാനദണ്ഡങ്ങളും കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഉണ്ട്.

(ബി-ഡി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ് മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച/ബാധിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ സംബന്ധിച്ചും പ്രസ്തുത സ്ഥലങ്ങളിൽ പാലിക്കേണ്ടുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ചുമുള്ള വിവരം ആധികാരികമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകേണ്ടത്. കേരളത്തിൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പഠനം പുരോഗമിച്ചുവരുന്നു.

കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ 2018-ലെ പ്രളയത്തിൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയുണ്ടായിട്ടുള്ള സ്ഥലങ്ങളിലും ഇതോട് തൊട്ടുചേർന്നുള്ള 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള സ്ഥലങ്ങളും അതിശക്തവും തീവ്രവുമായ മഴക്കാലത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ള സ്ഥലമായി പരിഗണിക്കാം. ഇത്തരം സ്ഥലങ്ങളിൽ വീട് നിർമ്മാണം ജനങ്ങളുടെ ജീവനും സ്വത്തിനും കൂടുതൽ നാശനഷ്ടം സൃഷ്ടിച്ചേയ്ക്കുമെന്ന് അനുമാനിക്കുന്നു.

സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ കേരളത്തിലെ 15% ഭൂപ്രദേശം ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ ആദ്യ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് മേൽവിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതി തീരുമാനം കൈക്കൊള്ളും.

പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന്, 2018 പ്രകൃതി ക്ഷോഭത്തിൽ പൂർണ്ണമായി തകർന്നതും ഗുരുതരമായ (75 ശതമാനത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചുചേർക്കാനും വിശദമായി വിവിധ ഭവന നിർമ്മാണ സാധ്യതകൾ വിശദീകരിച്ച് നൽകാനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം/വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ലെന്ന് റവന്യൂ വകുപ്പ് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തുടർന്ന് തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 30-8-2018-ലെ ഡി.ബി.1/521/ 2018/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് നയം

7(*97) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ നിർമ്മാണം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പുതുതായി പ്രഖ്യാപിച്ച പൊതുമരാമത്ത് നയം വിഭാവനം ചെയ്യുന്ന പ്രധാന കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രളയം തുറന്നുകാട്ടിയ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് നിർമ്മാണ രീതികളിലും ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയിലും വരുത്താൻ ഉദ്ദേശിക്കുന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമാണ്;

(സി) വകുപ്പിന്റെ കാര്യക്ഷമതയും പ്രവൃത്തികളുടെ ഗുണനിലവാരവും ഉയർത്തുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള പൊതുജന പരാതി പരിഹാര സംവിധാനവും സോഷ്യൽ ഓഡിറ്റും കാര്യക്ഷമമാക്കാൻ നടപടിയുണ്ടാകുമോ എന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) ഗുണമേന്മ ഉറപ്പാക്കുന്നതിനും പാരിസ്ഥിതിക സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകളുടെയും യന്ത്രങ്ങളുടെയും ഉപയോഗം വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ പുറക്കാട്-പാതിരപ്പള്ളി റോഡിൽ ആധുനിക ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി ഇന്ത്യയിൽ നടപ്പിലാക്കിയ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം.

തിരുവനന്തപുരത്തെ പെരിങ്കടവിള-മാരായമുട്ടം-പാലിയോട് റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കാണ് ഉപയോഗിച്ചത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തെ ഒരു പരിധിവരെ പരിഹരിക്കാൻ സഹായിക്കും. അതിനായി ഇവ പ്രോൽസാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഇതിനുപുറമെ മറ്റ് ചില രീതികൾകൂടി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, വേസ്റ്റ്

പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചുള്ള നിർമ്മാണം എന്നിവയ്ക്കും പ്രാമുഖ്യം നൽകുന്നതാണ്. ഇതിലൂടെ കുട്ടനാട് പോലുള്ള സ്ഥലങ്ങളിലൂടെ പോകുന്ന റോഡുകളുടെ അടിത്തറ മണ്ണിന്റെ ഉറപ്പ് വർദ്ധിപ്പിക്കാനുമാകും.

" പുതിയ കാലം പുതിയ നിർമ്മാണം" എന്ന മുദ്രാവാക്യമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇതുവരെ അവലംബിച്ച് വന്നിരുന്ന തൊഴിൽ സംസ്കാരം നവീകരിച്ച് കൂടുതൽ ചടുലതയും ഊർജ്ജസ്വലതയും പ്രൊഫഷണലിസവും പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ എഞ്ചിനീയർമാർക്ക് ഒരുക്കും.

റോഡുകളും പാലങ്ങളും ആനുകാലികമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും, റോഡുകളുടെയും പാലങ്ങളുടെയും ഡാറ്റാ ശേഖരണം നടത്തി തരംതിരിക്കുന്നു. പാലങ്ങളുടെ പരിശോധനകൾ കർശനമാക്കും കേടുപാടുകളുള്ളതും പുനർനിർമ്മിക്കേണ്ടതുമായ പാലങ്ങൾ ഘട്ടംഘട്ടമായി ഏറ്റെടുത്ത് ജനങ്ങളുടെ ആശങ്ക അകറ്റും, പാലത്തിന് പ്രത്യേക വിഭാഗം രൂപീകരിച്ചു.

പ്രവൃത്തികളിൽ നൂതന രീതികളും ആധുനിക സാങ്കേതികവിദ്യകളും യന്ത്രങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പുവരുത്തും.

ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിക്കുന്ന തരത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.

എൻ.ആർ.എം.ബി. (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.

പ്രാദേശിക അസംസ്കൃത വസ്തുക്കൾ റോഡ് നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കും. കയർ ജിയോ ടെക്സ്റ്റയിൽസ് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കും.

പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പിംഗ് നടത്തും. പ്രധാന ജില്ലാ റോഡുകൾ സംസ്ഥാന പാതകളുടെ നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തും.

റോഡ് മെയിന്റനൻസ് പോളിസി നടപ്പിൽവരുത്തും.

മെയിന്റനൻസ് വിഭാഗം രൂപീകരിച്ചുകഴിഞ്ഞു. അത് വിപുലീകരിക്കും. മലയോര ഹൈവേ- തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 1267 കിലോമീറ്റർ ദൂരം-നിർമ്മാണം പൂർത്തീകരിക്കും.

റോഡുകളുടെ സുരക്ഷിതത്വം, സൈൻ ബോർഡുകൾ സ്ഥാപിക്കൽ, സിഗ്നലുകൾ, ലൈറ്റുകൾ, ക്രാഷ് ബാരിയേഴ്സ്, റിഫ്ളക്ടറേഴ്സ് എന്നിവ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകും.

റോഡിലെ ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്ത് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേകൾ നിർമ്മിക്കും. ബസ് സ്റ്റോപ്പുകൾ പുനർ നിർണ്ണയിച്ച് ഗതാഗത തിരക്ക് ഒഴിവാക്കും.

കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹൈവൈ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കും.

മരാമത്ത് വകുപ്പിന് കീഴിലുള്ള അധിക ഭൂമികൾ തിട്ടപ്പെടുത്തി, അവ വികസിപ്പിച്ച് പാർക്കിംഗ് ഏരിയ, ടോയ്ലെറ്റ് സൗകര്യങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ വേസൈഡ് അമനിറ്റീസ് ഏർപ്പെടുത്തും.

നിലവിലുള്ള റോഡുകളെ ഘട്ടംഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയും പുതിയ റോഡുകളുടെ നിർമ്മിതികൾ അന്താരാഷ്ട്ര നിലവാരത്തിൽ നടത്തുകയും ചെയ്യും.

ദേശീയപാതാ വിഭാഗത്തിൽ ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്.

" പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നിർമ്മാണ രീതികളും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുന്നതാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി 10% റോഡുകൾ ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ കാലം ഈടുനിൽക്കുന്നതിന് ബി.എം. & ബി.സി. ഉപയോഗിച്ച് റോഡുകളുടെ ഉപരിതലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പ്രളയാനന്തര കേരള പുനർനിർമ്മാണം പരിസ്ഥിതി സൗഹാർദ്ദപരമാക്കുന്നതിനുവേണ്ടി റോഡുകളുടെ നിർമ്മാണത്തിന് കയർ ഭൂവസ്ത്രം, പ്ലാസ്റ്റിക്, എൻ.ആർ.എം.ബി. ഉപയോഗിച്ച് ഉപരിതലം പുതുക്കൽ, റീസൈക്ലിംഗ് മുതലായ പരിസ്ഥിതി സൗഹൃദമായ ആധുനിക സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുന്നതാണ്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ പരിസ്ഥിതിക്ക് കോട്ടംതട്ടാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ രൂപകൽപ്പന ചെയ്തുവരുന്നത്. അതിനായി ഉരുൾപൊട്ടലും പ്രളയവുമുണ്ടായ സ്ഥലങ്ങളിൽ വീണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മണ്ണിടിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കഴിവതും ഒഴിവാക്കിയും ഭൂമിയുടെ പ്രകൃത്യായുള്ള ചരിവ് നിലനിർത്തിക്കൊണ്ടു തന്നെ നിർമ്മാണം നടത്തുന്ന രീതി പരിഗണിക്കാവുന്നതാണ്. ബഹുനില കെട്ടിടങ്ങൾക്ക് ഭൂകമ്പത്തെ പ്രതിരോധിക്കുന്ന തരത്തിലുള്ള ഡിസൈൻ തന്നെയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ, ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് നിർമ്മാണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽത്തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് G.O. (Ms.) No. 1/2018/PWD തീയതി 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി എൻ.ആർ.എം.ബി. (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ), വേസ്റ്റ് പ്ലാസ്റ്റിക് തുടങ്ങിയ പ്രാദേശിക അസംസ്കൃത വസ്തുക്കൾ, കയർ ജിയോ ടെക്സ്റ്റയിൽസ് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നുണ്ട്. പ്രവൃത്തികളിൽ നൂതന രീതികളും ആധുനിക സാങ്കേതികവിദ്യകളും യന്ത്രങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആധുനികവത്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം ലക്ഷ്യമിട്ടുകൊണ്ട് പ്രൈസ് (PRICE) സോഫ്റ്റ്വെയർ, ഇ-ഓഫീസ് സോഫ്റ്റ്വെയർ, ബയോമെട്രിക് ഹാജർ സംവിധാനം, പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് നവീകരണം (WINGS), ജി.ഐ.എസ്. അധിഷ്ഠിത അസറ്റ് മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഡി) പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ മാസവും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പൊതുജനങ്ങളിൽനിന്നും പരാതികൾ നേരിട്ട് ഫോൺ മുഖേന കേൾക്കുകയും അതിനനുസരിച്ച് പരാതികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് G.O. (MS) No.1/2018/ PWD 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

## രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങളുടെ പരിശോധന

8(*98) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധാരണക്കാർക്ക് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) രാസവസ്തു കലർന്ന മത്സ്യം തിരിച്ചറിയുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി കുറഞ്ഞ ചെലവിലുള്ള സ്ട്രിപ്പ് സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ട്രിപ്പുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):(എ&ബി) ഉണ്ട്. മത്സ്യത്തിൽ

ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെങ്കിൽ അവ സാധാരണക്കാർക്ക് പരിശോധിച്ച് മനസ്സിലാക്കുന്നതിനായി പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ നിലവിലുണ്ട്. മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു. പേപ്പർ സ്ട്രിപ്പ് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഈ സാങ്കേതികവിദ്യ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈമീഡിയ കമ്പനിക്ക് കൈമാറുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ഇൻഡസ്ട്രിയൽ ലബോറട്ടറി & എക്യുപ്മെന്റിനാണ് കേരള സംസ്ഥാനത്തെ വിതരണ ചുമതല. ഒരു കിറ്റിന് ഏകദേശം 250 രൂപ വിലയുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇവ ലഭ്യമാക്കുന്നതിന് വിതരണ ഏജൻസി നടപടിയെടുത്തിട്ടുണ്ട്.

(സി) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഹൈമീഡിയ കമ്പനിക്ക് കൈമാറിക്കഴിഞ്ഞ സാഹചര്യത്തിൽ സ്ട്രിപ്പിന്റെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കാനും എല്ലാ പ്രധാന കേന്ദ്രങ്ങളിലും ലഭ്യമാക്കാനും കഴിയും.

## പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ

9(*99) ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. റ്റി. വി. രാജേഷ്:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള ക്ലാസുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ ഏകീകരിക്കാനായി ക്ലാസുകൾ ഒറ്റ യൂണിറ്റാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാഭ്യാസം എന്നത് കേവലം സാക്ഷരതയ്ക്ക് അതീതമായി പുരോഗമന-ശാസ്ത്രീയ ചിന്തയുള്ള ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് ഉപയുക്തമായ തരത്തിൽ വികസിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വിദ്യാഭ്യാസ അവകാശ നിയമം ഭേദഗതി ചെയ്ത് വിദ്യാർത്ഥികൾ തോൽക്കാതെ പഠിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരും പിറകിലാകരുതെന്ന ലക്ഷ്യം നിറവേറ്റാനായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):(എ) ഇല്ല.

(ബി) സമഗ്ര ശിക്ഷാ അഭിയാൻ (കേരള) -യുടെ നേതൃത്വത്തിൽ -

1. ഹലോ ഇംഗ്ലീഷ്

2. ഗണിതവിജയം

3. സുരീലി ഹിന്ദി

4. എല്ലാവരും സ്വതന്ത്ര വായനക്കാർ

5. ഭൗമം

6. മലയാളം, ഇംഗ്ലീഷ് വായനാ കാർഡുകൾ

7. ശാസ്ത്രകൗതുകം

8. ഞങ്ങൾ ശാസ്ത്രത്തോടൊപ്പം

9. ലിറ്റിൽ മാത്തമാറ്റിഷ്യൻ

10. ലിറ്റിൽ സയന്റിസ്റ്റ്

11. ശാസ്ത്രരംഗം

12. ടാലന്റ് ലാബ്

13. ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) പഠന പുരോഗതിയിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശ്രദ്ധ, എന്റെ മലയാളം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, മലയാളത്തിളക്കം തുടങ്ങിയ പദ്ധതികൾ ഭാഷയുടെ മേഖലയിൽ നടപ്പിലാക്കുന്നു. കിഡ്സ് അത്‌ലറ്റിക്സ്, ചിത്രവണ്ടി, ഊർജ്ജപഥം, ശാസ്ത്രപാർക്കുകൾ, ഐവാ അറബിക്, ഊരുമൊഴിച്ചന്തം, ജൈവവൈവിധ്യ ഉദ്യാനം എന്നീ പദ്ധതികളും നടപ്പാക്കുന്നു. ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അക്കാദമിക നിലവാരത്തിനുപുറമെ, ഉത്തമ സമൂഹജീവിയായി ഒരു വിദ്യാർത്ഥിയെ മാറ്റുന്നതിന് ഇത്തരം പദ്ധതികൾ സഹായകരമാണെന്ന് വിലയിരുത്തപ്പെടുന്നു.

## റീസർവ്വേ നടപടികൾ

10(*100) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ബി.ഡി. ദേവസ്സി:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേ പൂർത്തിയാകാത്തതിനാൽ ഭൂമി സംബന്ധമായ തർക്കം വ്യാപകമായുള്ളത് കണക്കിലെടുത്ത് റീസർവേസമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ ഏതെന്നും റീസർവേ നടത്തുന്ന ഏജൻസി ഏതെന്നും അറിയിക്കാമോ;

(സി) ഇതുവരെ റീസർവേ പൂർത്തിയായ വില്ലേജുകൾ എത്രയെന്നും അവയിൽ ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് ഭൂരേഖകൾ ഡിജിറ്റലാക്കി സൂക്ഷിക്കുന്നതെത്ര വില്ലേജുകളിൽ എന്നും അറിയിക്കാമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന നിർവ്വഹിക്കുന്നതിനുള്ള അനുവാദം നൽകി 10-5-2018-ലെ സ.ഉ. (എം.എസ്)181/2018/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 25-6-2018-ലെ സ.ഉ.(എം.എസ്.) 236/2018/ റവന്യൂ നമ്പർ സർക്കാർ ഉത്തരവ് ഭൂരേഖാപരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖാ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്നതിനും DILRMP മാർഗ്ഗരേഖകൾക്കനുസൃതമായി പ്രോജക്ട്

മാനേജ്മെന്റായി (PMU) പ്രവർത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS), ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ETS) എന്നിവ ഉപയോഗിച്ച് WGS 84 കോർഡിനേറ്റ് സിസ്റ്റത്തിൽ സർവ്വേ ചെയ്ത് വളരെ കൃത്യമായ റിക്കോർഡുകൾ തയ്യാറാക്കിവരുന്നു. സർവ്വേ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചാണ് നിലവിൽ റീസർവ്വേ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. ഇതിനായി ഏജൻസികളെ നാളിതുവരെ നിയോഗിച്ചിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റവന്യൂ റിക്കോർഡുകളിൽ ടെക്സ്ച്വൽ ഡാറ്റായുടെ (Textual Data) ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് മുഖാന്തവും സ്പാഷ്യൽ ഡാറ്റയുടെ (Spatial Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് മുഖാന്തവുമാണ് നടത്തുന്നത്. ഡിജിറ്റൽ ഇന്ത്യ ലാന്റ് റിക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് സർവ്വേ വകുപ്പ് മുഖേന സ്പാഷ്യൽ ഡാറ്റ (Spatial Data)യുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വില്ലേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റിക്കോർഡുകളുടെ ഇനം | സ്കാനിംഗ് പൂർത്തിയാക്കിയ വില്ലേജുകൾ |
|---|---|---|
| 1 | എഫ്.എം.ബി. | 802 |
| 2 | ബ്ലോക്ക് മാപ്പുകൾ | 558 |
| 3 | ലാൻഡ് രജിസ്റ്റർ | 103 |
| 4 | ബി.ടി.ആർ. | 114 |
| 5 | ഏരിയ രജിസ്റ്റർ | 184 |
| 6 | സപ്ലിമെന്ററി എഫ്.എം.ബി. | 272 |

കൂടാതെ റവന്യൂ വകുപ്പ് മുഖേന സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## മത്സ്യ ഗുണനിലവാരം ഉറപ്പുവരുത്താനും തൊഴിലാളി ചൂഷണം ഒഴിവാക്കാനും നടപടി

11(*101) ശ്രീ. കെ. ദാസൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയം കാരണമുള്ള ഇന്ധനവില വർദ്ധനവ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ, വിശേഷിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് കണക്കിലെടുത്ത് അവർക്ക് എന്ത് സഹായം നൽകാൻ സാധിക്കുമെന്ന് പരിശോധിക്കുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭ്യമാക്കാനും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ചെയ്തു വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഇതിനായി നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ;

(സി) മത്സ്യഫെഡിന്റെ സഹായത്തോടെയും പൊതുമേഖലയിലും വിൽപന കേന്ദ്രങ്ങൾ ആരംഭിച്ച് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഇന്ധനവില വർദ്ധനവ് മത്സ്യത്തൊഴിലാളികളെ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇന്ധനവിലയിലെ വർദ്ധനവ് മത്സ്യബന്ധന ചെലവ് വർദ്ധിക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം കുറയുന്നതിനും കാരണമായിട്ടുണ്ട്.

മണ്ണെണ്ണയ്ക്ക് ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് 30.53% (എക്സൈസ് ഡ്യൂട്ടിയും വാറ്റും സഹിതം) നികുതികൾ ഉണ്ടായിരുന്നു. മണ്ണെണ്ണയുടെ ജി.എസ്.ടി. 18 ശതമാനമായി കുറച്ചിരുന്നു. ഫലത്തിൽ നികുതി കുറയുകയാണുണ്ടായത്. എന്നിട്ടും മണ്ണെണ്ണയുടെ വിപണിവില ജി.എസ്.ടി.-ക്ക് മുമ്പുണ്ടായിരുന്ന നിലയിൽത്തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. നികുതി കുറച്ചതിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചില്ല. പ്രസ്തുത നടപടി ഓയിൽ

കമ്പനികൾക്കാണ് ഗുണം ചെയ്യുത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും മണ്ണെണ്ണയുടെ വില കുറയ്ക്കുന്നതിന് നടപടിയെടുക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. നിലവിൽ മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ മത്സ്യഫെഡ് വഴി സബ്സിഡി നൽകിവരുന്നുണ്ട്. ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ബി.പി.എൽ.-ക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്.

പി.ഡി.എസ്. മണ്ണെണ്ണ പ്രതിമാസ ക്വാട്ട 2525 കിലോ ലിറ്ററായിരുന്നത് ഏകദേശം 1300 കിലോ ലിറ്ററായി വെട്ടിച്ചുരുക്കിയത് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടെങ്കിലും ആയത് പുനഃസ്ഥാപിച്ചിട്ടില്ല.

(ബി) രാസവസ്തുക്കൾ ചേർക്കാതെ ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ട് പച്ച മത്സ്യം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് "അന്തിപച്ച" മൊബൈൽ ഫിഷ് മാർട്ട് വഴി വിപണനം നടന്നുവരുന്നു. ഇതിനുപുറമെ മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ് മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സാഫ് വഴിയും ഇതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള വിൽപ്പന തടയാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യമാർക്കറ്റുകളിൽനിന്നും മത്സ്യസാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കി മത്സ്യവിൽപ്പന ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ച പദ്ധതിയാണ് 'തീരത്തിൽനിന്ന് മാർക്കറ്റിലേയ്ക്ക്'. ഗുണമേന്മയേറിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 31 ഫിഷ് മാർട്ടുകൾ നടത്തിവരുന്നു. ഇവയ്ക്കാവശ്യമായ മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും വിപണിയിൽനിന്നും സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കിയും ജില്ലകളിൽ ശേഖരിച്ചും വിതരണം ചെയ്തുവരുന്നു.

## മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങൾ

12(*102) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങളിൽ പുതിയ അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് വിശദമാക്കുമോ;

(ബി) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കിയതുപോലെ സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര സ്കൂളുകളെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) 'കൈറ്റ്' ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി മികവിന്റെ കേന്ദ്രങ്ങളായി മാറിയ പൊതുവിദ്യാലയങ്ങളിൽ 2018-19 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം 1 മുതൽ 10 വരെ ക്ലാസുകളിലായി ആകെ 3703818 കുട്ടികളാണുള്ളത്. മുൻ വർഷത്തെ കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസിൽ സർക്കാർ മേഖലയിൽ 5784 കുട്ടികളും എയ്ഡഡ് മേഖലയിൽ 4294 കുട്ടികളും ഉൾപ്പെടെ 10078 കുട്ടികളും 2 മുതൽ 9

വരെ ക്ലാസുകളിൽ 175893 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ 2018-19 അദ്ധ്യയന വർഷത്തിൽ ആകെ 185971 കുട്ടികളുടെ വർദ്ധനയാണ് മുൻവർഷത്തെ അപേക്ഷിച്ചുണ്ടായിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ പ്രൈമറി വിഭാഗം വിദ്യാലയങ്ങളും ഹൈടെക് ആക്കുന്നതിനുള്ള വിശദമായ പദ്ധതിക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിക്കഴിഞ്ഞു.

(സി) ഉണ്ട്. 9,941 സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രൈമറി വിഭാഗം സ്കൂളുകളിലേയ്ക്കും പദ്ധതി നടപ്പിലാക്കുന്നതിന് 'കൈറ്റ് ' സർക്കാരിന് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്ക് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത ഡി.പി.ആർ. (Detailed Project Report) ' കൈറ്റ് ' അന്തിമ അനുമതിക്കായി കിഫ്ബിക്കും സമർപ്പിച്ചിട്ടുണ്ട്.

## മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലാക്കുന്ന ഇന്ധനവില വർദ്ധനവ്

13(*103) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന ഇന്ധനവില വർദ്ധന മത്സ്യബന്ധനമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്ധനവില കൂടിയതുമൂലമുള്ള അധികച്ചെലവ് കാരണം പെട്രോളും മണ്ണെണ്ണയും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിൽ ആയിട്ടുണ്ടോ;

(സി) ഇക്കാരണത്താൽ ബോട്ടുകളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് മത്സ്യസംസ്കരണ മേഖലയേയും കയറ്റുമതിയേയും സമ്പദ്ഘടനയേയും തന്നെ ബാധിക്കുന്ന പ്രശ്നമായി മാറുന്ന ഒന്നായതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്. മത്സ്യബന്ധനത്തിന്റെ പ്രവർത്തനച്ചെലവ് ഇതുമൂലം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. മത്സ്യ ലഭ്യത കുറവായ ഈ കാലഘട്ടത്തിൽ ഇന്ധനവില വർദ്ധന അവരുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) വരുമാനക്കുറവിന് കാരണമായിട്ടുണ്ട്. മണ്ണെണ്ണയുടെയും പെട്രോളിന്റെയും വിലവർദ്ധനവ് മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതും ഇന്ധനവില വർദ്ധനമൂലം മത്സ്യബന്ധനച്ചെലവിൽ വർദ്ധനവുണ്ടായതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ബോട്ടുകളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ

14(*104) ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ ഏതൊക്കെ തരത്തിലുള്ള തടസ്സങ്ങളാണ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ ജോലികൾ അവസാനിക്കുന്നതിന് മുൻപുതന്നെ അതിനായി രൂപീകരിക്കപ്പെട്ട ഓഫീസുകൾ നിർത്തലാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) നാഷണൽ ഹൈവേ അതോറിറ്റി, റെയിൽവേ തുടങ്ങിയ ഫണ്ടിംഗ് നടത്തുന്ന റിക്വിസിഷനിംഗ് അതോറിറ്റികൾ ഭൂമി ഏറ്റെടുക്കൽ ഓഫീസുകൾ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടും ആയവ നിർത്തലാക്കുന്ന തീരുമാനം സംസ്ഥാന വികസനത്തെ സാരമായി ബാധിക്കില്ലേ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ വൻകിട വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

റെയിൽവേ വികസനം

(a) റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി താഴെപ്പറയുന്ന രീതിയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കോട്ടയം ജില്ലയിൽ 3 റീച്ചുകളിലായിട്ടാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

റീച്ച് 1 (വെള്ളൂർ-കുറുപ്പന്തറ) - ഏറ്റെടുക്കാനുള്ള 7.92 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

റീച്ച് 2 (കുറുപ്പന്തറ-ചിങ്ങവനം) - ഏറ്റെടുക്കാനുള്ള 9.1967 ഹെക്ടർ സ്ഥലത്തിൽ 4.8753 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇനി 4.32.14 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറാനുണ്ട്.

റീച്ച് 3 (ചിങ്ങവനം-പായിപ്പാട്) - ഏറ്റെടുക്കാനുള്ള 10.43.26 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല റെയിൽവേ സ്റ്റേഷനിൽ ഗുഡ്സ് യാർഡ് നിർമ്മാണത്തിനായി 75.02 ആർ സ്ഥലം എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട്-അമ്പലപ്പുഴ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രീതിയിലാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

ഫേസ് 1 - ഏറ്റെടുക്കാനുള്ള 19.24.79 ഹെക്ടർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

ഫേസ് 2 - ഏറ്റെടുക്കാനുള്ള 8.52 ആർ സ്ഥലത്തിൽ മുഴുവൻ സ്ഥലവും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു.

ഫേസ് 3 - ഏറ്റെടുക്കാനുള്ള 24.86 ആർ സ്ഥലത്തിൽ 17.46 ആർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ഇനി 7.40 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കാനുള്ളത്.

റെയിൽവേ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് മറ്റ് അക്വിസിഷനുകൾ

1. അരൂർ ബ്രിഡ്ജ് - 272 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്.

2. സേഫ്റ്റി ഇൻസ്റ്റലേഷൻ, ചേർത്തല - 1.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം ലഭിച്ചുകഴിഞ്ഞു.

(b) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ നേമം വരെയുള്ള ഭാഗത്തെ വികസനത്തിനായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കാൻ 7-11-2018-ലെ G.O. (Rt)495/2018/Trans പ്രകാരം ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സംയുകത പരിശോധന നടത്തി സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. കൂടാതെ നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിൽ നിന്നായി 3.20 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന സമർപ്പിച്ചുവെങ്കിലും അർത്ഥന പഴയ സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിലുള്ളതിനാൽ റീ സർവ്വേ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റെയിൽവേയ്ക്കും ആയതിലേയ്ക്കായി റെയിൽവേ അധികാരികളെ സഹായിക്കുന്നതിന് റെയിൽവേ (എൽ.എ.) സ്പെഷ്യൽ തഹസീൽദാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(c) അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടി എറണാകുളം ജില്ലയിൽ എരമല്ലൂർ, കോതമംഗലം, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, മഞ്ഞല്ലൂർ വില്ലേജുകളിൽ നിന്നായി 87.23 ഹെക്ടർ ഭൂമിയും പെരുമ്പാവൂർ, കുവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, റായമംഗലം വില്ലേജുകളിൽനിന്നായി 26.02.80 ഹെക്ടർ ഭൂമിയും ചേലമറ്റം, പെരുമ്പാവൂർ, കുവപ്പടി വില്ലേജുകളിൽ നിന്നായി 18.37.28 ഹെക്ടർ ഭൂമിയും ഉൾപ്പെടെ മൊത്തം 131.62 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. ഈ ഭൂമി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും 17-1-2018-ലെ G.O. (P)No.6/2018/RD പ്രകാരം പ്രസ്തുത ഏറ്റെടുക്കലിന്റെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി M/s. ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24-7-2018-ൽ കൂടിയ SLEC യോഗത്തിൽ അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടിയുള്ള മുഴുവൻ ഭൂമിയും റെയിൽവേ ആക്ട് മുഖേന ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. റെയിൽവേ അധികാരികൾ നാളിതുവരെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 22-11-2018-ന് M/s. ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ്, പെരുമ്പാവൂർ അടിസ്ഥാനമാക്കിയുള്ള സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റെയിൽവേ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സമാന്തരമായി എൽ.എ.ആർ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുണ്ടായി.

1. കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നതിൽ രാമപുരം, കടനാട്, വെള്ളിലാപ്പട്ടി വില്ലേജുകളിൽപ്പെട്ട 22.19.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഫണ്ടിനായി റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

<u>ദേശീയപാത വികസനം</u>

സംസ്ഥാനത്ത് ഓരോ ജില്ലയിലും ദേശീയപാതയുടെ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

<u>വിമാനത്താവള വികസനം</u>

(a) <u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം</u> - തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി പേട്ട വില്ലേജിൽപ്പെട്ട 18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 19(1) പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

(b) <u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം</u>-കണ്ണൂർ വിമാനത്താവളത്തിനായി ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി 2000.34 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1192.18 ഏക്കർ ഭൂമി KIAL-ന് ഓണർഷിപ്പായി കൈമാറുകയും ബാക്കി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9-ാം തീയതി ഉദ്ഘാടനം ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസ്സം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ്.

(സി & ഡി) സംസ്ഥാനത്ത് വൻകിട പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിച്ചാണ് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നത്. പ്രസ്തുത യൂണിറ്റുകൾ ഒരു വർഷത്തേയ്ക്ക് ആരംഭിക്കുകയും വർഷാവർഷം തുടർച്ചാനുമതി നൽകിവരികയുമാണ് ചെയ്യുന്നത്. ഈ യൂണിറ്റുകൾക്ക് 2018-ൽ തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് അനുമതിക്കായി ധനകാര്യ വകുപ്പിൽ സമർപ്പിച്ചപ്പോൾ മുഴുവൻ യൂണിറ്റുകൾക്കും തുടർച്ചാനുമതി നൽകേണ്ടതില്ലെന്നും ജോലിഭാരം കുറവുള്ള യൂണിറ്റുകൾ നിർത്തലാക്കി അവയിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ടും യൂണിറ്റുകളിലെ പ്രവർത്തനം മറ്റ് യൂണിറ്റുകളിലേയ്ക്ക് ക്രമീകരിച്ചുകൊണ്ടും സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് തുടർച്ചാനുമതി നൽകിയാൽ മതിയെന്ന നിർദ്ദേശമാണ് ധനകാര്യ വകുപ്പ് നൽകിയത്. ദേശീയപാത അതോറിറ്റി, റെയിൽവേ തുടങ്ങിയ റിക്വിസിഷനിംഗ് അതോറിറ്റികൾ ഫണ്ടിംഗ് നടത്തുന്ന എൽ.എ. യൂണിറ്റുകളും വെട്ടിച്ചുരുക്കുന്ന യൂണിറ്റുകളിൽ ഉൾപ്പെടുന്നു.

വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംസ്ഥാനത്തിന്റെ വികസനവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ, ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രക്രിയ സങ്കീർണ്ണമായ വിഷയമാണ്. മാത്രമല്ല പലതരം തടസ്സങ്ങൾ ലാന്റ് അക്വിസിഷൻ ഓഫീസർമാർ നേരിടുന്നുണ്ട്. ഓരോ പ്രത്യേക യൂണിറ്റും രൂപകല്പന ചെയ്തിട്ടുള്ളത് ഓരോ പ്രത്യേക ഉദ്ദേശ്യത്തിനായാണ്. ഓരോ എൽ.എ. ഓഫീസിനും അധിക ജോലിയുള്ളതിനാൽ ഒരു എൽ.എ. ഓഫീസിലെ ജോലി മറ്റൊരു ഓഫീസിലേയ്ക്ക് മാറ്റാൻ കഴിയില്ല. തീർച്ചയായും, എൽ.എ. യൂണിറ്റുകൾ നിർത്തലാക്കുന്നത് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ മന്ദഗതിയിലാ ക്കുന്നതോടൊപ്പം അത് ആത്യന്തികമായി സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കുമെന്നുള്ളതിനാൽ ഒരു യൂണിറ്റുപോലും നിർത്തലാക്കാതെ എല്ലാ യൂണിറ്റുകൾക്കും തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നു.

## പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

15(*105) ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ളവർക്ക് എന്തൊക്കെ ആശ്വാസമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(സി) ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരെ സർക്കാൻ പൂർണമായും അവഗണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരുടെ പുനരധിവാസത്തിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ-ഡി) കേരളം നേരിട്ട ഏറ്റവും വലിയ പ്രകൃതിദുരന്തമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം അതീവ ദുരിതത്തിലായി. നിരവധിപേർ മരണപ്പെട്ടു. വീടുകളും കൃഷിയിടങ്ങളും വളർത്തുമൃഗങ്ങളും വാഹനങ്ങളും ജീവനോപാധികളും വ്യാപാരസ്ഥാപനങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും റോഡുകളും പാലങ്ങളും ദുരന്തത്തിനിരയായി. നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതുവഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾസമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം പുനഃസ്ഥാപിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിലും വിജയം കൈവരിക്കാനായി.

പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും അവർക്കുണ്ടായ നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ശേഖരിച്ചിട്ടില്ല. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

ഐക്യരാഷ്ട്ര സഭാ സംഘം നടത്തിയ വിലയിരുത്തലിൽ 72.42 ലക്ഷം തൊഴിലാളികളെ ഈ പ്രളയം ബാധിക്കുകയും തൊഴിൽ മേഖലയിൽ 10,358 കോടി രൂപയുടെ നഷ്ടമുണ്ടായതായും കാണുന്നു.

ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരെ സർക്കാർ പൂർണ്ണമായും അവഗണിച്ചു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മഹാപ്രളയത്തിന്റെ പരിണിതഫലമായി നമ്മുടെ സംസ്ഥാനത്ത് ദുരന്തബാധിതരിൽ ഭൂരിപക്ഷം പേർക്കും ജീവനോപാധികളോ തൊഴിൽ നഷ്ടമോ വരുമാന നഷ്ടമോ ഒക്കെ ഉണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ ദുരന്തബാധിതർക്ക് ആശ്വാസമെത്തിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാല് ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 680000 (ആറ് ലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23-11-2018 വരെ 326048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വില വരുന്ന കിറ്റുകൾ വിതരണം ചെയ്തു.

കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായിക്കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധസംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽനിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായ പദ്ധതി, കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക്സമയബന്ധിതമായി സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകാൻ തീരുമാനിച്ചു.

പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളതും പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്നതുമായ പദ്ധതി പ്രകാരം സ്റ്റാർട്ടപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15% മുതൽ 30% വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. അർഹതപ്പെട്ട തുകയുടെ 50% ആദ്യം നൽകുകയും സ്ഥാപനം പുനർനിർമ്മിച്ചശേഷം ബാക്കി തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ദുരന്തബാധിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതാണ് ഒരു പദ്ധതി.

കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചുവടെ ചേർക്കുന്ന പ്രത്യേക ധനസഹായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്:

- <u>ഹ്രസ്വകാല വായ്പാ പദ്ധതികൾ</u> - 9% പലിശയ്ക്ക് 3 കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് കാലാവധി 3 വർഷമായി ഉയർത്തിയിട്ടുണ്ട്. പ്രളയ ബാധിത സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുണ്ട്.

- നിശ്ചിതകാല വായ്പ - പ്രളയ ബാധിത സ്ഥലങ്ങളിൽ നിശ്ചിതകാല വായ്പാ പദ്ധതിയുടെ പലിശ നിരക്കിൽ 1% വരെ ഇളവ് നൽകുകയും നിലവിലെ ഏറ്റവും കുറഞ്ഞ പലിശയായ 9.75 ശതമാനത്തിൽ കുറയാത്തവിധവുമാണ് ഇത് നടപ്പിലാക്കുക.
- നിലവിലെ സംരംഭകർക്ക് - നിലവിലെ സാമ്പത്തിക സഹായം സ്വീകരിച്ച സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പാ തിരിച്ചടവ് കാലാവധി പുതുക്കി നിശ്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്.

കൈത്തറി മേഖലകളിൽ കേടുപറ്റിയ 255 തറികളിൽ 219 എണ്ണവും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഗ്രാമവികസന മന്ത്രാലയം അധികമായി 50 തൊഴിൽദിനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

## കശുവണ്ടി സംസ്കരണം

16(*106) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി സംസ്കരണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ഗുണനിലവാരമുള്ള തോട്ടണ്ടി അളവിലും തൂക്കത്തിലും കുറവുണ്ടാകാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാഷ്യൂബോർഡ് മുഖേന ലഭ്യമാകുന്ന തോട്ടണ്ടി ഏതൊക്കെ വിധത്തിൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം 18-9-2015 മുതൽ അടഞ്ഞുകിടക്കുകയായിരുന്ന കശുവണ്ടി വികസന

കോർപ്പറേഷൻ ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17-8-2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞ് കിടക്കുകയായിരുന്ന കാപ്പെക്സ് ഫാക്ടറികളെല്ലാംതന്നെ സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം 2016 ഓണത്തിന് മുൻപ് പ്രവർത്തനമാരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചുവരികയുമാണ്.

ഗുണനിലവാരമുള്ള കശുവണ്ടി ലഭ്യമാക്കുന്നതിനായി ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യു കൾട്ടിവേഷൻ പ്രവർത്തിച്ചുവരുന്നു.

കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപീകരിച്ച കേരള കാഷ്യു ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനമാരംഭിച്ചു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽനിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് സർക്കാർ മതിയായ പദ്ധതി വിഹിതം വകയിരുത്തിവരുന്നു.

ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിൽ പൊതുമേഖലയിലുള്ള തോട്ടങ്ങളിൽനിന്നും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് കാപ്പെക്സിനും കശുവണ്ടി കോർപ്പറേഷനും 2017 മുതൽ തോട്ടണ്ടി ലഭ്യമാക്കിവരുന്നു. 2018 ഒക്ടോബറിൽ കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും സംയുക്തമായി നടത്തിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ 2019-ലെ കശുവണ്ടി വിളവെടുപ്പ് പൂർണ്ണമായും അവർതന്നെ സംഭരിച്ച് കെ.എസ്.സി.ഡി.സി.-ക്കും കാപെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലെ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ആഗോള-ആഭ്യന്തര വിപണിയിലെ കശുവണ്ടി ലഭ്യതക്കുറവും വൻവിലയും മറ്റ് രാജ്യങ്ങളിൽനിന്നും നേരിടുന്ന മത്സരവും കടക്കെണിയിൽ അകപ്പെട്ടതുംമൂലമാണ്. കശുവണ്ടി വ്യവസായികളുടെ പ്രശ്നപരിഹാരത്തിനായി

സർക്കാർ നിരന്തരം എസ്.എൽ.ബി.സി., ബന്ധപ്പെട്ട ബാങ്കുകൾ എന്നിവരുമായി വ്യത്യസ്ത തലത്തിൽ ചർച്ച നടത്തുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നു.

(ബി) ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി) കേരള കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി, ലഭ്യതയനുസരിച്ച് പൊതു/സ്വകാര്യ മേഖലയിലുള്ള സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യകതയുടെയും പ്രവർത്തനശേഷിയുടെയും അടിസ്ഥാനത്തിൽ ലഭ്യമാക്കാനാണ് ആലോചിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് പൊതുമേഖലയിലെ 40 കശുവണ്ടി ഫാക്ടറികളും തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ തുടരുന്ന ചില നിലപാടുകൾ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് വേണ്ടത്ര സഹായകരമായിട്ടില്ല. ഇതിനെതുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നാലുതവണ യോഗം ചേർന്നിരുന്നു. അവസാനമായി 7-11-2018-ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾക്കായി ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സർക്കാർ പ്രതിനിധികളുടെയും ഒരു കമ്മിറ്റി 14-11-2018-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1279/2018/ഐ.ഡി. നമ്പർ പ്രകാരവും 29-11-2018-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1319/2018/ഐ.ഡി. നമ്പർ പ്രകാരവും രൂപീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ലഭ്യമാക്കിയ, കടക്കെണിയിൽപ്പെട്ട വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട വ്യവസായികളെ പ്രത്യേകം പ്രത്യേകം കേട്ട് 2018 ഡിസംബറിനുമുൻപ് പുനരുദ്ധാരണം സംബന്ധിച്ച് തീരുമാന മെടുക്കുന്നതാണ്. ഈ കമ്മിറ്റി തീരുമാനിക്കുന്ന മുറയ്ക്ക് ഇതിനകം എൻ.പി.എ. (Non Performing Assets)-ലും സ്ട്രസ്ഡ് (Stressed) വിഭാഗത്തിലുംപെട്ട വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി അധികവായ്പയും പുനർവായ്പയും അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശയിന്മേൽ പരമാവധി 50% സബ്സിഡി അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് ബാങ്കുകൾ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യു ബോർഡിൽനിന്നും ന്യായമായ വിലയ്ക്ക് തോട്ടണ്ടി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

അതിനുപുറമെ ടാൻസാനിയ, മൊസാംബിക് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ന്യായവിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള കാഷ്യു ബോർഡ് സ്വീകരിച്ചുവരുന്നു.

സ്വകാര്യ ഫാക്ടറികളെ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തെ രക്ഷപ്പെടുത്തിയും നിലനിർത്തിയും ഈ വ്യവസായത്തെ ആശ്രയിച്ചുകഴിയുന്നവരുടെ തൊഴിൽ സംരക്ഷിക്കാൻ കൂടിയുള്ളതാണ്.

## വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾ

17(*107) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷാവസാനം മാത്രം പാഠപുസ്തകം ലഭിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി സ്കൂൾ തുറക്കുന്നതിനു ഏറെ മുമ്പേ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനും സൗജന്യമായി യൂണിഫോം നൽകാനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ;

(സി) അമ്പത് വിദ്യാർത്ഥികൾ പോലുമില്ലാത്തെത്ര പൊതു വിദ്യാലയങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ; വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾ സമ്പൂർണ്ണ വിജയമാക്കിത്തീർക്കുന്നതിന്, ഇത്തരം വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവ പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പായി 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്. (കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി)-നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിയിരുന്നു. 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ഒന്നാം വാല്യം 288 ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്കങ്ങളും രണ്ടാം വാല്യം 187 ടൈറ്റിലുകളിലായി 1.96 കോടി പാഠപുസ്തകങ്ങളും മൂന്നാം വാല്യം 66 ടൈറ്റിലുകളിലായി 59.6 ലക്ഷം പാഠപുസ്തകങ്ങളുമാണ് അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്. അതുപോലെ അന്ധവിദ്യാലയങ്ങൾക്ക് ബ്രെയിലി പാഠപുസ്തകങ്ങളും കാഴ്ചക്കുറവുള്ള വിദ്യാർത്ഥികൾക്ക് വലിയ അക്ഷരത്തിലുള്ള പാഠപുസ്തകങ്ങളും നൽകിയിട്ടുണ്ട്. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം 2018 ജനുവരി 15-ാം തീയതി മുതലും രണ്ടാം വാല്യം ആഗസ്റ്റ് 6-ാം തീയതി മുതലും മൂന്നാം വാല്യം ഒക്ടോബർ 17-ാം തീയതി മുതലും സ്കൂൾ സൊസൈറ്റികളിൽ എത്തിച്ച് വിതരണം കൃത്യസമയത്തുതന്നെ പൂർത്തീകരിച്ചു.

സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളെത്തിച്ചുനൽകിയിരുന്നു. രണ്ട് മുതൽ ഒൻപതുവരെ ക്ലാസ്സിലെത്തുന്ന വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് പത്താം ക്ലാസിലെത്തുന്ന വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ നൽകാനുള്ള നടപടിയും സ്വീകരിച്ചിരുന്നു. പ്രകൃതിക്ഷോഭംമൂലവും വെള്ളപ്പൊക്കത്തിലും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് നൽകുന്നതിലേയ്ക്കായി ആറ് ലക്ഷം പാഠപുസ്തകങ്ങൾ പ്രളയബാധിത ജില്ലകളിൽസമയബന്ധിതമായി എത്തിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അച്ചടിയും വിതരണവും കുറ്റമറ്റ രീതിയിൽ നടത്തി അദ്ധ്യയന വർഷാരംഭത്തിനുമുമ്പുതന്നെ പാഠപുസ്തകങ്ങളുടെ വിതരണം നടത്താനും രണ്ടും മൂന്നും വാല്യം പാഠപുസ്തകങ്ങൾ യഥാസമയം തന്നെ പരാതിക്കിട നൽകാതെ സ്കൂളുകളിലെത്തിക്കാനും സാധിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് സി-ആപ്റ്റ് ആണ്. 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്കൂൾ തലത്തിൽനിന്നും നേരിട്ട് സി-ആപ്റ്റ്-ന് ഇന്റന്റ് നൽകി ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടിച്ച് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്.

2018-19 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം നടത്തുന്നതിനും എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് യൂണിഫോമിന് ആവശ്യമായ തുക നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം 2 മുതൽ 9 വരെ ക്ലാസ്സുകളിൽ 2015-16 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് 2016-17-ൽ 32606 കുട്ടികളും 2016-17-നെ അപേക്ഷിച്ച് 2017-18-ൽ 51010 കുട്ടികളും 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 64860 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

സർക്കാർ അനുവദിച്ച നിശ്ചിത സീറ്റുകളിലേയ്ക്കാണ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതെന്നതിനാൽ കുട്ടികളുടെ വർദ്ധനവ് ബാധകമാകുന്നില്ല.

(സി) അമ്പത് വിദ്യാർത്ഥികൾ പോലുമില്ലാത്ത ഹൈസ്കൂൾതലം വരെയുള്ള പൊതുവിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ 1213-ഉം എയ്ഡഡ് മേഖലയിൽ 1523-ഉം ആണുള്ളത്. കൂടാതെ അംഗീകൃത അൺഎയ്ഡഡ് മേഖലയിൽ 61 സ്കൂളുകളുമുണ്ട്. ഈ മൂന്ന് മേഖലയിലുംകൂടി 2018-19-ലെ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം ആകെ 2,797 വിദ്യാലയങ്ങളാണുള്ളത്.

ഹയർ സെക്കണ്ടറി മേഖലയിൽ 50 വിദ്യാർത്ഥികൾ പോലുമില്ലാത്ത സർക്കാർ മേഖലയിലെ 21 സ്കൂളുകളും ഒരു എയ്ഡഡ് ജനറൽ സ്കൂളും സംസ്ഥാനത്തുണ്ട്. ഈ അദ്ധ്യയന വർഷം വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഹയർ സെക്കണ്ടറി മേഖലയിലെ 14 വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത് നിലവാരത്തിൽ മുന്നിലെത്തിക്കുന്നതിനായി Quality Improvement Programme (QIP)-ന്റെ ഭാഗമായി ഹയർ സെക്കണ്ടറി വകുപ്പിൽനിന്നും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കൂടാതെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ കുറവുള്ള വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് അവ എപ്രകാരം പരിഹരിക്കാമെന്ന് പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭവന പുനർനിർമ്മാണ മാർഗ്ഗങ്ങൾ

18(*108) ശ്രീ. ഒ. ആർ. കേളു :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയംമൂലം പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വീടുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഭവനനിർമ്മാണ സാമഗ്രികൾ വൻതോതിൽ ആവശ്യമായി വരുന്നതിനാൽ അവയുടെ ലഭ്യത ഉറപ്പുവരുത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) നിലവിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ നേരിടുന്നതിന് ബദൽ നിർമ്മാണ മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടിട്ടുണ്ടോ;

(ഡി) ചെലവ് കുറഞ്ഞതും പരിസ്ഥിതിസൗഹൃദവും ദുരന്ത പ്രതിരോധ ശേഷിയുള്ളതുമായ വീടുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവരശേഖരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്. പ്രസ്തുത വിവരശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടർ അധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്ന വിധമുള്ള മൊബൈൽ ആപ്പ് വഴിയാണ് വിവരശേഖരണം നടത്തിയത്. ഇപ്രകാരം തിട്ടപ്പെടുത്തിയ തകർന്ന വീടുകളുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* ഇങ്ങനെ നിർണ്ണയിച്ച നാശനഷ്ട വിവരങ്ങൾ rebuild.lsgkerala.gov.in എന്ന വെബ്സൈറ്റിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാശനഷ്ടം തിട്ടപ്പെടുത്തി കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിനുമേലെ എന്നിങ്ങനെ തരംതിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75 ശതമാനത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

(ബി - ഡി) പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതിക സ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്) ഈ ഭവന നിർമ്മാണ സഹായ കേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാനം ഒരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നിലവിൽ പ്രതിസന്ധികളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതിക സമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാവും സർക്കാർ വഴിയുള്ള നിർമ്മാണങ്ങൾ ഏറ്റെടുക്കുക. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെന്റർ പ്രീഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാനാണുദ്ദേശിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശം ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന, വീട് നഷ്ടപ്പെട്ടവർക്കും സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ ഫ്ലാറ്റോ നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെ പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊള്ളുന്നത്.

**അർദ്ധ അതിവേഗ റെയിൽപാതാ പദ്ധതി**

19(*109) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലോ അഞ്ചോ മണിക്കൂറുകൾകൊണ്ട് തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെ സഞ്ചരിക്കാൻ കഴിയുന്ന അർദ്ധ അതിവേഗ റെയിൽപാതാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; കേന്ദ്രാനുമതി എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്നും ഇതെപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള റെയിൽപാതയ്ക്ക് സമാന്തരമായി ഇരട്ടപ്പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 510 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് പുറമെ മൂന്നുംനാലും പാതയെന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്രഗവൺമെന്റിന് സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കുള്ള ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുകയും ഡി.പി.ആർ. രൂപരേഖ തയ്യാറാക്കി ഈ സാമ്പത്തിക വർഷംതന്നെ റെയിൽവേ ബോർഡിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് 55,337 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

പദ്ധതിയുടെ ധനശേഖരണ രൂപം ചുവടെ വിവരിക്കുന്നു.

| Parties | % contribution | Amount | Remarks |
|---|---|---|---|
| Equity by GOK<br>Equity by GOI | 10%<br>10% | 5534<br>5534 | Total equity for Railways and GOK stands at 20% only. |
| Loan from Multilateral Overseas Development Agencies | 60% | 33,202 Cr. | Soft loans @0.5% rate of interest for long term of 30-35 years. |
| Fund raising through selling of property rights, Real estate development etc. along the corridor. | 20% | 11,067 Cr. | Expected loans @20% of cost through open tendering system, the right can be awarded. |
| Total | 100% | 55,337 Cr. | |

ഈ പദ്ധതി ഒരു സ്റ്റാന്റ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറിനായി നടപ്പിലാക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം അനുകൂലിക്കുന്നതായും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുമെന്നും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്.

**സമഗ്ര ശിക്ഷാ അഭിയാൻ**

20(*110) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നീ പദ്ധതികൾക്ക് പകരം ആവിഷ്കരിച്ച സമഗ്ര ശിക്ഷാ അഭിയാൻ പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച വിഹിതം എത്രയെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര വിഹിതത്തിലുണ്ടായ ഭീമമായ കുറവ് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം അവകാശമാക്കാൻ ശ്രമിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കാതിരിക്കാൻ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(സി) അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യമെന്തെന്നും തദനുസൃതമായ പ്രവർത്തന പുരോഗതിയുണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ടോയെന്നും അറിയിക്കാമോ;

(ഡി) വിദ്യാർത്ഥികൾ ട്യൂഷനേയും പഠന സഹായികളേയും ആശ്രയിക്കേണ്ടിവരുന്ന സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2018-19 വർഷത്തേയ്ക്ക് 31-7-2018-ലെ പ്രോജക്ട് അപ്രൂവൽ ബോർഡ് മിനിട്ട്സ് പ്രകാരം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം 739.93 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചത്. എന്നാൽ 206.06 കോടി രൂപ മാത്രമെ കേന്ദ്രസർക്കാർ വിഹിതമായി അനുവദിച്ചിട്ടുള്ളൂ.

(ബി) ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടോടെ എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് സർക്കാർ നിലപാട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചുമൂലം പ്രയാസങ്ങൾ ഉണ്ടെങ്കിലും ഗുണമേന്മാ വിദ്യാഭ്യാസം സ്കൂളുകളിൽ ഒരുക്കുന്നതിന് സാമ്പത്തികമായ കേന്ദ്ര അവഗണന യാതൊരു തരത്തിലും ദോഷകരമായി ബാധിക്കാത്തവിധം സർക്കാർ നടപടികൾ കൊക്കൊണ്ടുവരുന്നു.

(സി) വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന തലത്തിലേയ്ക്ക് എത്തുന്നതിനായി ഓരോ വിദ്യാലയത്തിന്റെയും സവിശേഷമായ സാഹചര്യം വിലയിരുത്തി വികസിപ്പിക്കുന്ന ആസൂത്രണ രേഖയാണ് സ്കൂൾതല മാസ്റ്റർപ്ലാൻ. പഠന നിലവാരം ഉയർത്തുന്നതിന് സഹായകമായ പദ്ധതികൾ പ്ലാനിൽ ഉൾപ്പെടുന്നു. ഓരോ പ്രദേശത്തിന്റെയും സ്കൂളുകളുടെയും സാഹചര്യമനുസരിച്ച് തയ്യാറാക്കി പൊതുസമൂഹത്തിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ മാസ്റ്റർപ്ലാൻ

പ്രായോഗികമായി നടപ്പാക്കാനാവശ്യമായ സ്കൂൾതല നിർവ്വഹണ പ്ലാൻ തയ്യാറാക്കുകയും അതിൽനിന്ന് അഞ്ച് പ്രവർത്തനങ്ങൾ ഓരോ സ്കൂളും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതെല്ലാം നടക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഈ വർഷം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ല. എങ്കിലും വിദ്യാർത്ഥികൾ ട്യൂഷനെയും പഠന സഹായികളെയും ആശ്രയിക്കുന്ന എന്നൊരു അഭിപ്രായം പൊതുവെ നിലവിലുണ്ട്. പൊതുവിദ്യാലയങ്ങളെ മെച്ചപ്പെടുത്തിക്കൊണ്ട് ഗുണമേന്മാ വിദ്യാഭ്യാസം പ്രദാനം ചെയ്യാനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്നത്. ഇതുവഴി ഇത്തരം അശാസ്ത്രീയമായ എല്ലാ പ്രവണതകളെയും മറികടക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

21(*111) ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം തകർന്ന റോഡുകളുടെ പുനർനിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(സി) തകർന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) കണക്കാക്കിയിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കീഴിലെ ഏകദേശം 20145 കിലോമീറ്ററും ദേശീയപാത വിഭാഗത്തിനുകീഴിലെ 580.51 കിലോമീറ്ററും കെ.ആർ.എഫ്.ബി.യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡിലെ ഏകദേശം 300 മീറ്ററും റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 57.58 കി.മീ. കെ.എസ്.ടി.പി. റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) G.O. (Rt.) No.1309/2018/PWD dtd 21-8-2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് ആയിരം കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ റോഡുകളുടെ പുനർനിർമ്മാണം ചുവടെ വിവരിക്കും പ്രകാരം പുരോഗമിച്ചുവരികയാണ്.

(i) പൊതുമരാമത്ത് നിരത്ത് വിഭാഗം അടിയന്തരമായി നടപ്പാക്കേണ്ട അറ്റകുറ്റപ്പണി നടപ്പാക്കിവരുന്നു. ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് മണ്ണിടിച്ചിൽ മാറ്റി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തകർന്ന പാലങ്ങൾക്ക് പകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു. പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ദീർഘ കാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട 347 കോടി രൂപയുടെ 171 പ്രവൃത്തികൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ii) ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടങ്ങളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(iii) കെ.ആർ.എഫ്.ബി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(iv) കെ.എസ്.ടി.പി.- ഇരിട്ടി- നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിലായതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

തലശ്ശേരി-വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി നടന്നു വരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെയും തിരുവല്ല മാവേലിക്കര റോഡിന്റെയും പുനരുദ്ധാരണം പുരോഗമിക്കുന്നു. ബാക്കി രണ്ട് പണികൾക്കും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) തകർന്ന റോഡുകളെല്ലാംതന്നെസമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുതാര്യമാക്കുവാൻ നടപടി**

22(*112) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ നടപടികൾ രണ്ട് ഘട്ടമായിരിക്കണമെന്നും അതിൽ ആദ്യഘട്ടത്തിൽ പ്രാഥമിക തുക നൽകണമെന്നും പിന്നീട് ഓരോ വ്യക്തിക്കും ഉണ്ടായ നാശനഷ്ടം നികത്താനായി പദ്ധതി തയ്യാറാക്കണമെന്നുമുള്ള കേരള ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുതാര്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ&ബി) ഇത്തരം ഒരു നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദുരന്തത്താൽ ബാധിക്കപ്പെട്ട സംസ്ഥാനത്തിന്റെ പുനരധിവാസ/പുനർനിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താനാവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ദുരന്തത്തിന്റെ ശേഷിപ്പായി നമ്മുടെ പൊതു ആസ്തികളെല്ലാം വല്ലാതെ കേടുപാടുകൾ നേരിട്ടതാണ്. ഈ

പശ്ചാത്തലത്തിൽ ഇത്തരം അറ്റകുറ്റപ്പണികൾക്ക് നല്ലൊരു തുക ചെലവഴിക്കേണ്ട സാഹചര്യവുമുണ്ട്. കഴിയുന്നത്ര പെട്ടെന്നുതന്നെ ദുർവ്യയങ്ങൾ ഒഴിവാക്കി ഈ ഘട്ടത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാണ് ഇപ്പോൾ ഊന്നൽ നൽകിയിരിക്കുന്നത്.

ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾകൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഭാവിയിലെ വെല്ലുവിളികൾ നേരിടുകയും വരുംതലമുറകളുടെ പ്രതീക്ഷകൾ നിറവേറ്റുകയും ചെയ്യുന്ന തരത്തിലുള്ള കേരളത്തിന്റെ പുനർനിർമ്മാണം ഉറപ്പാക്കുകയാണ് രണ്ടാംഘട്ടം.

(സി) പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി നഷ്ടം സംഭവിച്ച വീടിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം നടത്തി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി. കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിലുമധികം, ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75 ശതമാനത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസ്സുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽകൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

ഇങ്ങനെ നിർണ്ണയിച്ച നാശനഷ്ട വിവരങ്ങൾ വെബ്സൈറ്റിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയവ പണിയാനുമായി 1611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 75 ശതമാനമോ അതിലധികമോ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് കേന്ദ്രസർക്കാർ സമതലങ്ങളിൽ 95,000 രൂപയും മലമ്പ്രദേശങ്ങളിൽ 1,05,000 രൂപയുമാണ് ലഭ്യമാക്കുക. ബാക്കി ശരാശരി മൂന്നുലക്ഷം രൂപ സംസ്ഥാന സർക്കാർകൂടി ലഭ്യമാക്കി സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ പ്രസ്ഥാനങ്ങളുടെ മുൻകയ്യിൽ സഹകരണ മേഖലയിൽനിന്ന് സമാഹരിച്ച പണവും

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ തുകയും ഉപയോഗിച്ച് നാല് ലക്ഷം രൂപ മുതൽമുടക്കുള്ള രണ്ടായിരം വീടുകൾ കെയർ ഹോം എന്ന പദ്ധതി പ്രകാരം നിർമ്മിച്ചുനൽകാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കാൻ കഴിവില്ലാത്ത കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം സഹായിക്കാനാവും. കൂടാതെ വീടുകളുടെ പുനർനിർമ്മാണം സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളവരുടെ സഹായവും ദുരന്ത പ്രതികരണ നിധിയും ഉപയോഗിച്ച് ഇത്തരം വിഭാഗങ്ങളുടെ വീടിന്റെ പുനർനിർമ്മാണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്പോൺസർ-ഗുണഭോക്താവ്-ജില്ലാ കളക്ടർ എന്നിവർ ഏർപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടിന്റെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചുചേർക്കാനും ഭവനനിർമ്മാണ സങ്കേതങ്ങൾ വിശദീകരിച്ച് നൽകാനും നടപടിയെടുത്തുവരുന്നു. ഏകദേശം 70% പേരും സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാണം ഏറ്റെടുക്കാനാണ് താല്പര്യപ്പെട്ടു വന്നിരിക്കുന്നത്. ഇവർക്കും നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതകൂടൊരുക്കാം കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാതലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതികസ്ഥാപനം (എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാനമൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നൂതന സാങ്കേതികവിദ്യകൾ

23(*113) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം നൂതന സാങ്കേതികവിദ്യകളാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം തുടങ്ങിയവയുടെ ഉപയോഗം വ്യാപകമാക്കിയിട്ടുണ്ടോ;

(സി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) മഴക്കാലത്ത് റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ മൂടുന്നതിന് പുതിയ തരത്തിലുള്ള മിശ്രിതം ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഗുണമേന്മ ഉറപ്പാക്കുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകളുടെയും യന്ത്രങ്ങളുടെയും ഉപയോഗം വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിവരുന്നു. സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നിർമ്മാണം എന്നിവയ്ക്കും പ്രാമുഖ്യം നൽകുന്നതാണ്. കൂടാതെ മണ്ണിന്റെ ഉറപ്പ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിലൂടെ കുട്ടനാട് പോലുള്ള സ്ഥലങ്ങളിലൂടെ പോകുന്ന റോഡുകളുടെ അടിത്തറ മണ്ണിന്റെ ഉറപ്പ് വർദ്ധിപ്പിക്കാനുമാകും.

ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം ആവശ്യമായ അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും.

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നൂതന സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത്-റിക്ലമേഷൻ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. കൂടാതെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച റോഡിലെ കുഴി അടയ്ക്കാനുള്ള മിശ്രിതവും വിജയകരമായി പരീക്ഷിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ ഏറ്റവും പുതിയ നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രീഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ച്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരത്തെ പെരിങ്കടവിള-മാരായമുട്ടം-പാലിയോട് റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കാണ് ഉപയോഗിച്ചത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തെ ഒരു പരിധിവരെ പരിഹരിക്കാൻ സഹായിക്കും. അതിനായി ഇവ പ്രോൽസാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിനും റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. തന്മൂലം നിർമ്മാണ പ്രവർത്തനങ്ങളിൽ സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം തുടങ്ങിയവയുടെ ഉപയോഗം വ്യാപകമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 82.77 കി.മീ റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ചും 545.628 കി.മീ. റോഡ് എൻ.ആർ.എം.ബി. ഉപയോഗിച്ചും ഇതുവരെ നിർമ്മിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി നടപ്പിലാക്കാൻ വിവിധ മേഖലയിൽനിന്നുള്ള വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് നിരവധി പരിശീലന പരിപാടികൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

നടത്തിവരുന്നു. ഇതുകൂടാതെ റോഡിലെ കുഴികൾ അടയ്ക്കുന്നതിനുള്ള മിശ്രിതം, കെട്ടിടനിർമ്മാണ മേഖലയിലെ പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രയുക്ത ഗവേഷണം നടത്തിവരുന്നു.

(ഡി) ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ 116-2014 സ്പെസിഫിക്കേഷൻ പ്രകാരം റോഡിലെ കുഴികൾ അടയ്ക്കാനുള്ള കോൾഡ് മിശ്രിതം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുകയും വിവിധ റോഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. കട്ട് ബാക് ബിറ്റുമിൻ എന്ന പ്രത്യേകതരം ബിറ്റുമിൻ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്. ഈ മിശ്രിതം ചാക്കുകളിലാക്കി ആറ് മാസം വരെ കേടുകൂടാതെ സൂക്ഷിക്കാൻ സാധിക്കും. ഈ മിശ്രിതം റോഡിലെ കുഴികളിൽ നിക്ഷേപിച്ച് ഇടിച്ച് ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

(ഇ) പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിംഗ് പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ പെരിങ്കടവിള-മാരായമുട്ടം-പാലിയോട് റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കാണ് ഉപയോഗിച്ചത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തെ ഒരു പരിധിവരെ പരിഹരിക്കാൻ സഹായിക്കും. അതിനായി ഇവ പ്രോൽസാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**പ്രളയത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടം**

24(*114) ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; പുനർനിർമ്മാണത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വൻതോതിലുള്ള പുനർനിർമ്മാണം ആവശ്യമായ സാഹചര്യത്തിൽ അതിനുവേണ്ട നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാനുദ്ദേശിക്കുന്ന മാർഗ്ഗം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രളയത്തിൽ തകർന്ന ദേശീയ പാതകൾ ഗതാഗത യോഗ്യമാക്കാനും പുനരുദ്ധരിക്കാനും ദേശീയപാത അതോറിറ്റി വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) കണക്കാക്കിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി ദുരന്തനിവാരണ വകുപ്പിന് 2828 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡ് ഭാഗികമായി ഏകദേശം 300 മീറ്റർ തകർന്നിട്ടുണ്ട്. ആയത് പുനഃസ്ഥാപിക്കുന്നതിന് കണക്കായിട്ടുള്ള ചെലവ് 42.62 ലക്ഷം രൂപയാണ്.

(ബി) റോഡ് നിർമ്മാണത്തിനാവശ്യമായ ഗ്രാവൽ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ്

സംസ്ഥാനങ്ങളിൽനിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(സി) അപ്രകാരമുള്ള പരാതികളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

25(*115) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലവർഷത്തോടെ തകർന്ന റോഡുകൾ നന്നാക്കുന്നതിന് എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥ കണക്കിലെടുത്ത് ഉറപ്പുള്ള റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനത്തെ നിരത്ത് വിഭാഗത്തിനുകീഴിലെ കുറച്ച് റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത, പൊതുമരാമത്ത് വകുപ്പിന് കീഴിൽവരുന്ന KSTP/KRFB/RBDCK/RICK റോഡുകളെല്ലാം സഞ്ചാരയോഗ്യമാണ്.

(ബി) റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കുന്നു.

ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-ക്ക് കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡ് പുനഃസ്ഥാപിക്കുന്നതിനായി ഏകദേശം 42.62 ലക്ഷം രൂപയും കെ.എസ്.റ്റി.പി. റോഡുകൾക്കായി ഏകദേശം 13.10 കോടി രൂപയും ആവശ്യമാണ്.

(സി) മഴക്കാലത്ത് റോഡ് തകരുന്നതിന് പ്രധാനപ്പെട്ട കാരണമായിട്ടുള്ളത് ഡ്രെയിനേജുകളുടെ അഭാവമാണ്. മഴ പെയ്തു കഴിഞ്ഞാൽ ഡ്രെയിനേജുകളിലൂടെ വെള്ളം ഒഴുകിപ്പോകുന്നതിന് പകരം അവ റോഡിലേയ്ക്ക് കുത്തിയൊലിച്ച് റോഡിനെ ഇളക്കിക്കൊണ്ട് പോകുന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളിലും ഡ്രെയിനേജ് സംവിധാനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാലാവസ്ഥ കണക്കിലെടുത്ത് റോഡുകളുടെ ഉപരിതലം കൂടുതൽകാലം ഈട് നിൽക്കുന്നതിന് ബി.എം.& ബി.സി. ഉപയോഗിച്ച് നിർമ്മിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗംവഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും.

സംസ്ഥാന സർക്കാർ ഉത്തരവ് നമ്പർ G.O.(Rt.)527/18/PWD തീയതി 26-3-2018 പ്രകാരം പൊതുമരാമത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ പ്ലാസ്റ്റിക്, എൻ.ആർ.എം.ബി., ജിയോടെക്സ്റ്റയിൽസ് സോയിൽ സ്റ്റെബിലൈസേഷൻ മെത്തേഡ്സ് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക രീതികൾ അവലംബിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

26(*116) ശ്രീ. എസ്. ശർമ്മ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾ ഏറ്റവും രൂക്ഷമായി ബാധിക്കാനിടയുള്ളത് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെയാണെന്നതിനാൽ അവരുടെ സുരക്ഷയ്ക്കായി പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങളും രക്ഷാ ഉപകരണങ്ങളും എന്തെല്ലാമാണ് അറിയിക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ ദിവസവും കടലിൽ മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരികെയെത്തുമ്പോഴും വിവരശേഖരണത്തിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കടലിലെ രക്ഷാപ്രവർത്തനത്തിനായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് റെസ്ക്യൂ സ്ക്വാഡ് ആരംഭിച്ചിട്ടുണ്ടോ; സ്ക്വാഡിന്റെ പ്രവർത്തനം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം ആധുനിക ഉപകരണങ്ങളാണുള്ളതെന്നും വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീ. വരെ സന്ദേശം എത്തിച്ചുകൊടുക്കാൻ പര്യാപ്തമായ നാവിക് ഉപകരണം ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ കെൽട്രോൺ നിർമ്മിച്ച് വിതരണത്തിന് തയ്യാറായിട്ടുണ്ട്. ഇതുകൂടാതെ ഘട്ടംഘട്ടമായി സാറ്റലൈറ്റ് ഫോൺ, വെസ്സൽ മോണിറ്ററിംഗ് സംവിധാനം എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തര സന്ദർഭങ്ങളിൽ സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴിയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ നൽകാൻ സാധിക്കും. കൂടാതെ ജി.പി.എസ്., എച്ച്.എഫ്., വി.എച്ച്.എഫ്, ഡാർറ്റ് എന്നീ സുരക്ഷാ ഉപകരണങ്ങളും ഘട്ടംഘട്ടമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി 40000 ലൈഫ് ജാക്കറ്റുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.)മായി ചേർന്ന് വികസിപ്പിച്ചെടുത്ത സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻവഴി മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരികെ വരുമ്പോഴുമുള്ള വിവരശേഖരണം സാധ്യമാകും. എല്ലാ മത്സ്യബന്ധന യാനങ്ങളെയും സാഗര മൊബൈൽ ആപ്ലിക്കേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽരക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി പരിചയ സമ്പന്നരായ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലാണ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. ഓരോ ഗ്രാമത്തിലും അവിടെ ലഭ്യമായ അഞ്ച് (5 എണ്ണം) മത്സ്യബന്ധന യാനങ്ങളും ഓരോന്നിനും 3 മത്സ്യത്തൊഴിലാളികൾ വീതവും ആകെ 15 പേർ അടങ്ങുന്നതാണ് ഒരു കടൽ സുരക്ഷാ സ്ക്വാഡ് യൂണിറ്റ്. അപകടസമയത്ത് കടൽരക്ഷാ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നതിനാണ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. അങ്ങനെ ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ആ കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അവർക്ക് നൽകുന്നതാണ്. തെരഞ്ഞെടുക്കുന്ന യാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും അനുവദിക്കുന്നതാണ്.

## പുതിയ കാലം പുതിയ നിർമ്മാണം

27(*117) ശ്രീ. പി. കെ. ശശി:
ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം നടപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ സർക്കാർ ഓഫീസ് കെട്ടിടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതുസംബന്ധിച്ച് എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സ്ത്രീകൾക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) " പുതിയ കാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതികവിദ്യകളും നിർമ്മിതികളും പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികതെന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതുമരാമത്ത് നയം 2018 "പുതിയ കാലം - പുതിയ നിർമ്മാണം" അംഗീകരിച്ചുകൊണ്ട് 16-11-2018-ലെ സ.ഉ(കൈ.) 41/2018/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

" പുതിയ കാലം പുതിയ നിർമ്മാണം" എന്ന നയത്തിനനുസൃതമായി ആധുനിക സാങ്കേതികവിദ്യകളും പരിസ്ഥിതി സൗഹൃദവും ഈടുറ്റതുമായ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായി കൂടുതൽ റോഡുകൾ ബി.എം.&ബി.സി. തലത്തിൽ ഉപരിതലം പുതുക്കിവരുന്നു. കൂടാതെ N.R.M.B (Natural Rubberized Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക് (ഷ്രെഡഡ് പ്ലാസ്റ്റിക്), കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പിലാക്കിവരുന്നു. പ്രവൃത്തികളുടെ സുതാര്യത കൂടുതൽ ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി. പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തെയും ശക്തിപ്പെടുത്തിയിട്ടുണ്ട്.

പാലങ്ങളുടെ പരിശോധന നടത്തുകയും പുനർനിർമ്മിക്കേണ്ടവ/ പുനരുദ്ധരിക്കേണ്ടവ/അറ്റകുറ്റപ്പണികൾ നടത്തേണ്ടവ എന്നിവ കണ്ടെത്തി അത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാലങ്ങൾക്കും മെയിന്റനൻസിനും പ്രത്യേക വിഭാഗങ്ങൾ ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പാലങ്ങളുടെ ഡിസൈൻ കൺസ്ട്രക്ഷൻ ജോയിന്റ് ഒഴിവാക്കി പുതിയ രീതിയിൽ തയ്യാറാക്കിവരുന്നു.

ദേശീയപാത വിഭാഗത്തിൽ ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്.

" പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

"പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിൽ വരുത്തുകയും ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്തേണ്ടതുണ്ട്. സെക്കണ്ട് ടയർ ക്വാളിറ്റി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തി ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി ടോൾ ഫ്രീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ചുവരുന്നു.

ഈ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് (കെട്ടിടം) വിഭാഗത്തിൽ പ്രീ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ച്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കുറഞ്ഞസമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇതനുസരിച്ച് കെട്ടിടം നിർമ്മിക്കാനെടുക്കുന്ന കാലവിളംബം ഒഴിവാക്കാനും ചെലവ് കുറയ്ക്കാനും കഴിയും.

ഇത്തരം പുതിയ കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനും എഞ്ചിനീയർമാരിലേയ്ക്ക് എത്തിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിലെ മുഴുവൻ എഞ്ചിനീയർമാർക്കുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എഞ്ചിനീയേഴ്സ് കോൺഗ്രസ് നടത്തിവരുന്നു. 2018-ൽ എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ എക്സിബിഷനും നടത്തുകയുണ്ടായി.

(ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ല, താലൂക്ക്, വില്ലേജ് ആഫീസുകളിൽ സ്ത്രീകൾക്കായുള്ള ടോയ്‌ലെറ്റ്, വിശ്രമമുറി, കാത്തിരുപ്പുകേന്ദ്രങ്ങൾ തുടങ്ങിയവയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നത്. 2017-18 കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വിഭാഗത്തിൽനിന്ന് 516.84 ലക്ഷം രൂപയുടെ ഭരണാനുമതി സ്ത്രീസൗഹൃദ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2018-19 കാലയളവിൽ സ്ത്രീസൗഹൃദ പദ്ധതിക്കായി 330 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീസൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകേണ്ട ആവശ്യമുണ്ടെന്ന് കാണുന്നില്ല. ഇപ്പോൾ കൂടുതലും സ്ത്രീ എഞ്ചിനീയർമാരാണ് വകുപ്പിൽ പ്രവർത്തിച്ചുവരുന്നത്.

(ഡി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ല, താലൂക്ക്, വില്ലേജ് ആഫീസുകളിൽ സ്ത്രീകൾക്കായുള്ള ടോയ്‌ലെറ്റ്, വിശ്രമമുറി, കാത്തിരുപ്പുകേന്ദ്രങ്ങൾ തുടങ്ങിയവയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നത്.

## മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ

28(*118) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ബി. സത്യൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയിൽ മത്സ്യത്തൊഴിലാളികൾ ജീവൻ പണയംവെച്ച് നടത്തിയ രക്ഷാപ്രവർത്തനങ്ങളാണ് ദുരന്തത്തിന്റെ വ്യാപ്തി കുറച്ചതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രളയ രക്ഷാപ്രവർത്തനത്തിനിടെ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന വള്ളങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് പൂർണ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):(എ) ഉണ്ട്.

(ബി) രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി രക്ഷാപ്രവർത്തനത്തിനാവശ്യമായ ഇന്ധനം ഉൾപ്പെടെയുള്ള ചെലവ് മത്സ്യഫെഡ് വഴി ഗവൺമെന്റ് വഹിക്കുകയുണ്ടായി. രക്ഷാപ്രവർത്തന ത്തിലേർപ്പെട്ട മത്സ്യബന്ധനോപകരണങ്ങൾ കേടായ മത്സ്യത്തൊഴി ലാളികൾക്ക് ഉപകരണങ്ങൾ സൗജന്യമായി മത്സ്യഫെഡ്/ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വഴി റിപ്പെയർ ചെയ്ത് കൊടുക്കുകയുണ്ടായി. സംസ്ഥാനത്താകെ 530 എഞ്ചിനുകളും 587 യാനങ്ങളും റിപ്പെയർ ചെയ്ത് നൽകുകയുണ്ടായി.

(സി) 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും സർക്കാർ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

ഫിഷറീസ് വകുപ്പ്, എൽ.ഐ.സി.-യുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കായി ആം ആദ്മി ബീമാ യോജന എന്ന പദ്ധതി PMJJBY/PMSBY എന്നീ കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നുണ്ട്.

(ഡി) 2013-14, 2014-15, 2015-16 വർഷങ്ങളിലെ Pending & Rejected (Suitable for re-submission) ഫയലുകൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസുകളിലും ഹെഡ് ക്വാർട്ടർ ഓഫീസിലും സംയുക്തമായി പരിശോധിച്ച് 2013-14, 2014-15-ലെ ക്ലെയിമുകളിലെ ന്യൂനതകൾ പരിഹരിച്ച് ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ തീർപ്പാക്കാത്ത ക്ലെയിമുകൾ ഇൻഷ്വറൻസ് കമ്പനിയിൽനിന്നും മറുപടി ലഭിച്ചതിനുശേഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇൻഷ്വറൻസ് കമ്പനികളെയും ഗുണഭോക്താക്കളെയും പങ്കെടുപ്പിച്ച് വിവിധ കേന്ദ്രങ്ങളിൽ അദാലത്ത് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ

29(*119) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നിലവാരവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വൻ തുക മുടക്കി നിർമ്മാണം പൂർത്തിയാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ പലതും നിശ്ചിത കാലാവധിക്കു മുൻപ് തന്നെ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽത്തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് G.O. (Ms.) No. 1/2018/PWD തീയതി 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി എൻ.ആർ.എം.ബി. (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ), വേസ്റ്റ് പ്ലാസ്റ്റിക് തുടങ്ങിയ പ്രാദേശിക അസംസ്കൃത വസ്തുക്കൾ, കയർ ജിയോ ടെക്സ്റ്റയിൽസ് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നുണ്ട്. പ്രവൃത്തികളിൽ നൂതന രീതികളും ആധുനിക സാങ്കേതികവിദ്യകളും യന്ത്രങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും ഈടുറ്റതുമതായ നിർമ്മിതികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കണ്ട് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിലെത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമാണുള്ളത്. ആയതിന്റെ പരിശോധന ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

പൊതുമരാമത്ത് ജില്ലാ ഓഡിറ്റ് സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

(ബി) കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വിവിധ പ്രവൃത്തികൾക്ക് നിഷ്കർഷിച്ചിട്ടുള്ള ലയബിലിറ്റി പിരീഡിനുള്ളിലുണ്ടാകുന്ന കേടുപാടുകൾ കരാറുകാരനെക്കൊണ്ട് പരിഹരിക്കുന്നുണ്ട്.

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

30(*120) ശ്രീ. സജി ചെറിയാൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി ലഭ്യതക്കുറവുകൊണ്ടും ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് തീരുവ ഏർപ്പെടുത്തിയതുകൊണ്ടും കേന്ദ്രസർക്കാരിന്റെ പൊതുനയങ്ങൾ കാരണവും കടുത്ത പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തിന് ബാങ്കുകൾ വായ്പ നിഷേധിക്കുന്ന സാഹചര്യം കൂടിയുണ്ടായത് പ്രതിസന്ധി ഗുരുതരമാക്കിയിരിക്കുന്നതിനാൽ നിലപാട് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ;

(ബി) തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് ന്യായവിലയ്ക്ക് കശുവണ്ടി സംഭരിക്കുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കാഷ്യൂബോർഡിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വികസന ഏജൻസി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):(എ) കേന്ദ്രസർക്കാർ തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതുവഴി തോട്ടണ്ടിയുടെ വില കൂടുകയും ലഭ്യത കുറയുകയും ചെയ്തു. ഇതിന്റെ ഫലമായി നിരവധി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതിവന്നു. കശുവണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണെന്ന് കണ്ടതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു. 5% ഇറക്കുമതി ചുങ്കം 2018 കേന്ദ്ര ബഡ്ജറ്റിൽ 2.5% ആയി കുറച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നിലവിലേർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കുകയാണെങ്കിൽ ചെറുകിട തോട്ടണ്ടി ഇറക്കുമതി വ്യവസായികൾക്കും അതുവഴി പരമ്പരാഗത ചെറുകിട സംസ്കരണ വ്യവസായത്തിനും ഏറെ ഗുണകരമാകുമെന്നാണ് സർക്കാർ കരുതുന്നത്. ഇക്കാര്യത്തിൽ ഇനിയും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ബി) കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപീകരിച്ച കേരള കാഷ്യു ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനമാരംഭിച്ചു. കശുവണ്ടി ഉല്പാദന രാജ്യങ്ങളിൽനിന്ന് അസംസ്കൃത കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽനിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കി കഴിഞ്ഞു. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതുമേഖലയിലെ ഫാക്ടറികൾക്കും സ്വകാര്യമേഖലയിലെ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്) നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ RKVY-RAFTAAR സബ്സ്കീമിൽ ഉൾപ്പെടുത്തി 4000 ഹെക്ടർ പുതുകൃഷിക്കും 500 ഹെക്ടർ ഹൈ ഡെൻസിറ്റി പ്ലാന്റിംഗും നടപ്പിലാക്കിവരുന്നു. കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ x 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u>- 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലമൊരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. <u>മുറ്റത്തൊരു കശുമാവ്-</u> കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചുവളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

4. <u>ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്</u> - സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5 മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെെൻസിറ്റി പ്ലാന്റിംഗ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമെ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ കാലം പുതിയ നിർമ്മാണം

1(1157) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതിയ കാലം പുതിയ നിർമ്മാണം എന്ന ആപ്തവാക്യം പ്രാബല്യത്തിലാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പൊതുനിരത്തുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി വർഷംതോറും വൻതുക വിനിയോഗിക്കുന്നുണ്ടെങ്കിലും അഴിമതിയും പ്രവൃത്തിയിലെ ഗുണനിലവാരക്കുറവും മൂലം റോഡുകൾ തകരുന്ന സ്ഥിതി അവസാനിപ്പിക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥയിലെ സവിശേഷത, റോഡുകളുടെ ആയുസ്സ് കുറയ്ക്കാൻ പ്രധാന കാരണമാണെന്നതിനാൽ മഴയെ അതിജീവിക്കാൻ പ്രാപ്തമാകുന്ന തരത്തിലുള്ള ആധുനിക നിർമ്മാണ രീതിയും സാങ്കേതിക വിദ്യയും അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) " പുതിയ കാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതികവിദ്യകളും നിർമ്മിതികളും പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികതെന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന പൊതുമരാമത്ത് നയം 2018 "പുതിയ കാലം - പുതിയ നിർമ്മാണം" അംഗീകരിച്ചുകൊണ്ട് 16-11-2018-ലെ സ.ഉ.(കൈ.) 41/2018/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

" പുതിയ കാലം പുതിയ നിർമ്മാണം" എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി ആധുനിക സാങ്കേതിക വിദ്യകളും പരിസ്ഥിതി സൗഹൃദവും ഈടുറ്റതുമായ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായി കൂടുതൽ റോഡുകൾ ബി.എം. & ബി.സി. തലത്തിൽ ഉപരിതലം പുതുക്കി വരുന്നു. കൂടാതെ N.R.M.B (Natural Rubberized Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ്

പ്ലാസ്റ്റിക് (ഷ്രെഡഡ് പ്ലാസ്റ്റിക്), കയർ, ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പിലാക്കിവരുന്നു. പ്രവൃത്തികളുടെ സുതാര്യത കൂടുതൽ ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി. പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പുതിയകാലം പുതിയ നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് കാലത്തിനനുസരിച്ചുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയും പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ നിർമ്മിതികളാണ്. ഏറ്റവും പുതിയ നിർമ്മാണ വസ്തുക്കളും ഇവിടെ ഉപയോഗിക്കുന്നു. ഈ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ പ്രീ-ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ച്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കുറഞ്ഞസമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. ഇതനുസരിച്ച് കെട്ടിടം നിർമ്മിക്കുവാനെടുക്കുന്ന കാലവിളംബം ഒഴിവാക്കാനും ചെലവ് കുറയ്ക്കുവാനും കഴിയും. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുവാനുദ്ദേശിക്കുന്ന പ്രധാന നിർമ്മിതികളിൽ പരമാവധി ഈ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രവൃത്തികളുടെ സുതാര്യത കൂടുതൽ ഉറപ്പിക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി. പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ പ്രവൃത്തികൾക്ക് നിഷ്കർഷിച്ചിട്ടുള്ള ലയബിലിറ്റി പീരിഡിനുള്ളിലുണ്ടാകുന്ന കേടുപാടുകൾ G.O(Ms.) No. 73/2013/PWD dated 31-8-2013 പ്രകാരം കരാറുകാരനെക്കൊണ്ടുതന്നെ പരിഹരിക്കുന്നുണ്ട്.

(സി) മഴക്കാലത്ത് റോഡ് തകരുന്നതിന്റെ പ്രധാന കാരണമായിട്ടുള്ളത് ഡ്രെയിനേജുകളുടെ അഭാവമാണ്. മഴ പെയ്തുകഴിഞ്ഞാൽ ഡ്രെയിനേജുകളിലൂടെ വെള്ളം ഒഴുകി പോകുന്നതിനുപകരം അവ റോഡിലേയ്ക്ക് കുത്തിയൊലിച്ച് റോഡിനെ ഇളക്കിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളിലും ഡ്രെയിനേജ് സംവിധാനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാലാവസ്ഥ കണക്കിലെടുത്ത് റോഡുകളുടെ ഉപരിതലം കൂടുതൽ കാലം ഈടുനിൽക്കുന്ന BM&BC ഉപയോഗിച്ച് നിർമ്മിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

## മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ

2(1158) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24-5-2018-ലെ ആർ.ഡി 6/2408/2017 പ്രകാരം ഭരണാനുമതി നൽകുകയും തൃശ്ശൂർ ജില്ലാ പൊതുമരാമത്ത് റോഡ് വിഭാഗത്തെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ സാങ്കേതികാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 28-9-2018 ലെ ആർ.ഡി 6/2406/2017 നമ്പർ പ്രകാരം തൃശ്ശൂർ കളക്ടറേറ്റിൽനിന്നും ഇക്കാര്യം സംബന്ധിച്ച് വീണ്ടും അയച്ച കത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഇതിനോടകം സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-9-2017-ലെ സ.ഉ.(അച്ചടി) നമ്പർ 126/2017/ധന.പ്രകാരം ഡി.പി.ആർ/എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അക്രഡിറ്റഡ് ഏജൻസിയായ SILK തന്നെയാണ് സാങ്കേതികാനുമതി നൽകേണ്ടത്.

(ബി) 28-9-2018-ലെ ആർ.ഡി 6/2406/2017 പ്രകാരം തൃശ്ശൂർ കളക്ടറേറ്റിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ തൃശ്ശൂരിന് നൽകിയ കത്തിൽ, അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനോട് (SILK) ബില്ലുകൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് അയയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ SILK സമർപ്പിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഇല്ല. 25-7-2017-ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(അച്ചടി) നമ്പർ 95/17/ധന., 25-9-2017-ലെ സ.ഉ.(അച്ചടി) നമ്പർ 126/17/ധന എന്നീ ഉത്തരവുകൾ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്ന അക്രഡിറ്റഡ് ഏജൻസി തന്നെയാണ് സാങ്കേതികാനുമതി നൽകുന്നത്.

**സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിച്ച പ്രവൃത്തികൾ**

3(1159) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിക്കപ്പെട്ട തുകയെത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അനുമതി ലഭിച്ച പ്രവൃത്തികളുടെയും അനുവദിച്ച തുകകളുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുമരാമത്ത് വകുപ്പ് ഡ്രിക് ബോർഡിന്റെ പ്രവർത്തനം**

4(1160) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഡ്രിക് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലായെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി എന്നാണ് ബോർഡിൽ അപേക്ഷ ലഭിച്ചത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഡിസൈൻ നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണങ്ങൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബോർഡിൽ 2011 മുതൽ ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കാമോ;

(ഇ) സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ അലംഭാവം കാണിക്കുകയും വൻസാമ്പത്തിക ബാദ്ധ്യത വരുത്തുകയും ചെയ്യുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഡിസൈൻ വിഭാഗത്തിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്താറുണ്ട്.

പാലങ്ങളുടെ ഡിസൈൻ യൂണിറ്റിൽ 2016-2017-ൽ 58 പാലങ്ങളുടെയും 2017-2018 സാമ്പത്തിക വർഷത്തിൽ 174 പാലങ്ങളുടെയും ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഒക്ടോബർ മാസാവസാനംവരെ 70 പാലങ്ങളുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ 2017-2018, 2018-19 കാലയളവിൽ 1290.09 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 377.942 കി.മീ. റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

ഹൈവേ ഡിസൈൻ യൂണിറ്റിൽ ഈ സാമ്പത്തിക വർഷം ഇതുവരെ 188.41 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 267 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റിൽ ഏകദേശം 75 ഡിസൈൻ പ്രവൃത്തികളിൽ 20 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഡിസൈനിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) ഡിസൈൻ വിഭാഗത്തിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഓരോ മാസവും വിലയിരുത്തുന്നതിൽനിന്നും ഈ വിഭാഗം കാര്യക്ഷമമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) മഞ്ചേരി ജസീല ജംഗ്ഷനിലെ ഫ്ളൈഓവർ നിർമ്മിക്കുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ (നിരത്തുകളും, പാലങ്ങളും) കത്ത് 9-12-2013-ൽ ഡിസൈൻ ഓഫീസിൽ ലഭിക്കുകയുണ്ടായി.

(ഡി) ചീഫ് എഞ്ചിനീയർ (നിരത്തുകളും, പാലങ്ങളും) ഈ പാലത്തിന്റെ ഡിസൈനുവേണ്ടി നൽകിയിരുന്ന ഇൻവെസ്റ്റിഗേഷൻ വിശദാംശങ്ങൾ അപൂർണ്ണമായിരുന്നതിനാൽ 23-12-2013-ന് ഡിസൈൻ ആവശ്യമായ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ (ഡിസൈൻ) കത്ത് നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മഞ്ചേരി എം.എൽ.എ. ശ്രീ. എം. ഉമ്മർ 31-10-2013-ന് ആവശ്യപ്പെട്ടതുപ്രകാരം പ്രസ്തുത പാലം ഡിസൈൻ ടെൻഡർ വഴി നടപ്പാക്കാൻ 5-9-2014-ന് സർക്കാർ ഉത്തരവുണ്ടായി. ഡിസൈൻ ടെൻഡർ അനുസരിച്ച് ഡിസൈൻ പ്രവൃത്തികൾ പൂർണ്ണമായും കരാറുകാരിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവൃത്തികളുടെ തുടർനടപടികൾ ഡിസൈൻ ഓഫീസിൽ നിർത്തിവയ്ക്കുകയായിരുന്നു.

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ഡിസൈൻ ഓഫീസിൽ നടത്തിയിട്ടുള്ളത് 9-12-2013 മുതൽ 5-9-2014 വരെയുള്ള കാലയളവിലാണ്. ഈ കാലയളവിൽ ഈ പ്രവൃത്തിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചീഫ് എഞ്ചിനീയർ (ഡിസൈൻ)

1. ശ്രീമതി ലീന. ജെ.എസ്.

2. ശ്രീ. ഹുമയൂൺ. എസ്.

ഡയറക്ടർ - ശ്രീ. സന്തോഷ് കുമാർ. റ്റി.

ജോയിന്റ് ഡയറക്ടർ - ശ്രീമതി നദീറ. എം.

ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നമ്പർ 1264/2014/ പി.ഡബ്ല്യൂ.ഡി. തീയതി 5-9-2014 പ്രകാരം ഈ പ്രവൃത്തിയുടെ ഡിസൈൻ കരാറുകാരനിൽ നിക്ഷിപ്തമായതിനാൽ ഇതുമായി ബന്ധപ്പെട്ട ഡിസൈൻ ഫയൽ 5-9-2014-ൽ തീർപ്പായിട്ടുള്ളതാകുന്നു.

(ഇ) ഡിസൈൻ ചെയ്യുവാൻ ആവശ്യമുള്ള ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ പൂർണ്ണമായും ഡിസൈൻ ഓഫീസിൽ ലഭ്യമായാൽ മാത്രമെ പാലത്തിന്റെ ഡിസൈൻ ഐ.ആർ.സി. കോഡുകൾ പ്രകാരം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഈ പാലം ഡിസൈൻ ടെൻഡർ പ്രകാരം നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവുള്ളതിനാൽ ഡിസൈൻ പ്രവൃത്തികൾ പൂർണ്ണമായും കരാറുകാരനിൽ നിക്ഷിപ്തമാണ്. ആയതിനാൽ പുതിയ സർക്കാർ ഉത്തരവുണ്ടാകുന്നതുവരെ ചീഫ് എഞ്ചിനീയറുടെ (ഡിസൈൻ) ഓഫീസിൽ ഈ പാലത്തിന്റെ ഡിസൈൻ പ്രവൃത്തികൾ തുടങ്ങാൻ നിർവ്വാഹമില്ല. ഈ കാരണങ്ങൾ കൊണ്ടല്ലാതെ, പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവൃത്തികൾ ഡിസൈൻ ഓഫീസിൽ നിർവ്വഹിക്കുന്നതിൽ യാതൊരു കാലതാമസമോ അലംഭാവമോ ഉണ്ടായിട്ടില്ല.

## കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട ആർബിട്രേഷൻ ട്രൈബ്യൂണൽ വിധി

5(1161) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിൽ സർക്കാരിനുണ്ടായ വീഴ്ചയുമായി ബന്ധപ്പെട്ട് മലേഷ്യൻ കമ്പനിയായ പതിബെല്ലിന് എന്ത് തുക നഷ്ടപരിഹാരം നൽകുവാനാണ് 2015 നവംബറിൽ ആർബിട്രേഷൻ ട്രൈബ്യൂണൽ വിധിച്ചിരുന്നത്;

(ബി) പ്രസ്തുത തുകയുടെ പലിശക്കൂടി നൽകുന്നതിന് വിധിയുണ്ടോ; ഈ പലിശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പലിശ നൽകാത്തതിനാൽ കെ.എസ്.ടി.പി.-യുടെ ഏതെങ്കിലും ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) 15-5-2015-ൽ ബഹുമാനപ്പെട്ട ആർബിട്രേഷൻ ട്രൈബ്യൂണൽ 12,87,32,146 രൂപ മൊത്തം നൽകണമെന്നും പ്രസ്തുത തുക മൂന്ന് മാസത്തേയ്ക്ക് 12% പലിശയും അതിനുശേഷം 18% പലിശയും നൽകാൻ അവാർഡ് പാസ്സാക്കുകയും ചെയ്തു. എന്നാൽ മേൽപ്പറഞ്ഞ തുക ട്രൈബ്യൂണൽ കണക്ക് കൂട്ടിയതിൽ തെറ്റുണ്ടെന്ന് "പതിബെൽ" പരാതിപ്പെടുകയും വാദം കേട്ടതിനുശേഷം 3-11-2015-ലെ ഉത്തരവ് പ്രകാരം 12,87,32,146-നുപകരം 16,13,27,463 ആയിരുന്നുവെന്നും വിധിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ 16,13,27,463 രൂപ 29-1-2018-ൽ നൽകുകയും ചെയ്തു. എന്നാൽ മുഴുവൻ പലിശയും നൽകിയിട്ടില്ലെന്ന കാരണത്താൽ "പതിബെൽ" നൽകിയ എക്സിക്യൂഷൻ പെറ്റീഷൻ നമ്പർ ഇപി-453/2016-ലെ വിധിയിൽ എറണാകുളം ജില്ലാകോടതി കെ.എസ്.ടി.പി.-യുടെ അക്കൗണ്ടിൽനിന്നും 8,03,98,928 രൂപ അറ്റാച്ച് ചെയ്യുന്നതിന് 8-7-2018-ൽ ഉത്തരവായിട്ടുണ്ട്. വിധിപ്രകാരം നൽകാനുള്ള 5,68,46,000 രൂപ നൽകുന്നതിന് G.O.(Rt.) No. 9308/2018/FIN Dated 9-11-2018 പ്രകാരം ഉത്തരവായിട്ടുണ്ട്.കെ.എസ്.ടി.പി.-യുടെ അക്കൗണ്ടുകളൊന്നും മരവിപ്പിച്ചിട്ടില്ല.

**റോഡ് നിർമ്മാണത്തിൽ ജർമ്മൻ സാങ്കേതികവിദ്യ**

6(1162) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാങ്കേതിക വിദ്യയെ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് പരിസ്ഥിതി സൗഹൃദമാണോ എന്നും സാമ്പത്തിക ലാഭമാണോ എന്നും അറിയിക്കുമോ;

(സി) ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം പൊതുമരാമത്ത് വകുപ്പ് നേരിട്ടാണോ അല്ലെങ്കിൽ ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖേനയാണോ നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി റോഡ് ഉണ്ടാക്കുമ്പോൾ ആയതിന്റെ ഈട് ഉറപ്പാക്കുന്നതിനോടൊപ്പം നിർമ്മാണത്തിൽ പ്ലാസ്റ്റിക് വേസ്റ്റ് ഉൾപ്പെടുത്താനാകുമോ എന്ന് കൂടി പരിശോധിക്കുമോ?

ഉത്തരം

(എ&ബി) പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ഡിവിഷന്റെ പരിധിയിലുള്ളതും അടൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ ആനയടി-പഴകുളം-കുരമ്പാല-കീരുകുഴി-ചന്ദനപ്പള്ളി-കൂടൽ റോഡ് 5.9 കി.മീ. ദൂരം നൂതന ജർമ്മൻ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് ദൗർലഭ്യം നേരിടുകയും അവയുടെ ഖനനംമൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ നിലവിലുള്ള വസ്തുക്കൾ റീ-സൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ട് പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ സാധിക്കും. ഇതിന് വേണ്ടിവരുന്ന നിർമ്മാണച്ചെലവ് നിലവിലെ നിർമ്മാണ രീതിയെക്കാൾ അധികമല്ല. നിർമ്മാണ വസ്തുക്കളുടെ സേവിംഗ്സിൽ കൂടിയുണ്ടാകുന്ന സാമൂഹികമായ ലാഭം വളരെ വലുതാണ്. കൂടാതെ ടി സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡിന്റെ ബെയ്സ്, സബ് ബെയ്സ് എന്നിവ പത്ത് വർഷത്തിൽ കൂടുതൽ നിലനിൽക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(സി) ഈ സാങ്കേതികവിദ്യ ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണം കിഫ്ബിയുടെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പാണ് നടത്തിയത്.

(ഡി) ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി റോഡ് നിർമ്മിക്കുമ്പോൾ പ്ലാസ്റ്റിക്ക്കൂടി ഉൾപ്പെടുത്തി ബി. സി. ചെയ്യുന്നത് പരിശോധിക്കുന്നതാണ്.

**പ്രളയംമൂലം റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടം**

7(1163) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിലും മണ്ണിടിച്ചിലിലും ഉരുൾ പൊട്ടലിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും തകർന്ന് എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളും പാലങ്ങളും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗത്തിന്റെ കീഴിൽ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും പാലങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 44.35 കോടി രൂപയും ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

KSTP-യുടെ കീഴിൽ ഏകദേശം 13.10 കോടിയുടെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

KRFB-യുടെ കീഴിൽ ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ബി) മണ്ണിടിച്ചിലുകൾ എല്ലാം മാറ്റി റോഡുകൾ ഗതാഗതയോഗ്യമാക്കി. എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. മണ്ണിടിച്ചിലുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം നടത്തിവരുന്നു. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലം നിർമ്മിച്ച് ഗതാഗതം പുനഃസ്ഥാപിച്ചു. മാത്രമല്ല, പാലങ്ങളിലുണ്ടായ തകരാറുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുതുടങ്ങി.

**ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് നവീകരണങ്ങൾ**

8(1164) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് നവീകരണങ്ങളിൽ കൺസൾട്ടന്റുമാർ ഒത്തുകളിക്കുന്നതുമൂലം പദ്ധതിക്ക് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കാതെ പോകുന്നുവെന്നത് വസ്തുതയാണോ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുമ്പോൾ മുതൽ നടത്തുന്ന ഒത്തുകളി അവസാനിപ്പിക്കുന്നതിനും പദ്ധതിസമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് നവീകരണങ്ങളിൽ ലോകബാങ്ക് മാനദണ്ഡമനുസരിച്ചാണ് കൺസൾട്ടന്റുമാരെ നിയമിക്കുന്നത്. ഇതുമൂലം പദ്ധതിക്ക് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കാതെ പോയിട്ടില്ല. പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരെ ഏൽപ്പിക്കുന്നത് ടെണ്ടർ വിളിച്ച് സുതാര്യമായിട്ടാണ്. പദ്ധതികൾ സമയബന്ധിതമായിട്ടാണ് പൂർത്തീകരിച്ചുവരുന്നത്.

## ചാലക്കുടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണം

9(1165) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഒറ്റത്തവണ ഫണ്ട് അനുവദിച്ച് പ്രധാന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ മഹാ പ്രളയത്തിൽ നശിച്ച പ്രധാനപ്പെട്ട ഗ്രാമീണറോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം പ്രധാന ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിൽ ഗ്രാമീണ റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

## റോഡുകൾ പരിപാലിക്കാൻ നടപടി

10(1166) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാതകളും ഉൾനാടൻ പാതകളും പരിതാപകരമായ സ്ഥിതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷംതോറും കോടിക്കണക്കിന് രൂപ ചെലവാക്കി നിർമ്മിക്കുന്ന റോഡുകൾ ഒരു മഴക്കാലം കഴിയുമ്പോൾ തകർന്നടിയുന്ന സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള ഓടകൾ കൃത്യമായി പരിരക്ഷിക്കുന്നതിനും പുതിയതായി നിർമ്മിക്കുന്ന റോഡുകളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് സംവിധാനം ഒരുക്കുന്നതിനും വെട്ടിപ്പൊളിക്കുന്ന റോഡുകൾസമയബന്ധിതമായി റിപ്പയർ ചെയ്യുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ചില റോഡുകളിൽ കേടുപാടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ അവ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) ചില റോഡുകളിൽ ചില ഭാഗങ്ങളിൽ വിവിധ കാരണങ്ങൾകൊണ്ട് കേടുപാടുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചിട്ടുണ്ട്.

(സി) പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് ഓടകൾ നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വരുമ്പോൾ പാലിക്കേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് G.O.(Rt)No. 30/2018/PWD dated 5-1-2018, G.O.(Rt.) No. 1321/ 2018/PWD dated 24-8-2018 എന്നിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കുന്നതുവഴി റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി കുഴിക്കുകയും അവ പൂർവ്വസ്ഥിതിയിലാക്കുന്നതും സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൽ നിലവിലുള്ള ഓടകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്.

ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH - 33044/29/2015/S&R(R) തീയതി 22-11-2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കേണ്ടതാണ്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ കണക്കുകൾ

11(1167) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം കേരളത്തിൽ തകർന്ന റോഡുകളുടെ കണക്കുകൾ വ്യക്തമാക്കാമോ; ഇതുമൂലം എത്ര നഷ്ടമാണുണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പുനരുദ്ധാരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിരത്തുവിഭാഗത്തിന് കീഴിൽ പ്രളയംമൂലം 20145 കി.മീ. റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി 6591 കോടി രൂപയും ഡിസൈൻ റോഡിന്റെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രളയവുമായി ബന്ധപ്പെട്ട് 580.51 കി.മീ. ദൈർഘ്യമുള്ള റോഡുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പുനർ നിർമ്മാണത്തിനായി 911.75 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

KSTP-യുടെ കീഴിൽ ഏകദേശം 13.10 കോടിയുടെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

KRFB-യുടെ കീഴിൽ ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(ബി) G.O.(Rt.) No.1309/2018/PWD dtd 21-8-2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി 106 പ്രവൃത്തികൾക്ക് 239.69 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ നോൺപ്ലാൻ ഫണ്ടുപയോഗിച്ച് റോഡ് അറ്റകുറ്റപ്പണികൾക്കായി 482 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

12(1168) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ മിക്കവാറും റോഡുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തകർന്ന പാതകളിൽ കൂടിയുള്ള യാത്ര അപകടസാധ്യത വർദ്ധിപ്പിക്കുന്നതും അപകട നിരക്ക് കൂട്ടുന്നതും വിലയിരുത്തിയിട്ടുണ്ടോ;

(സി) റോഡുകളിലെ കുഴികളടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) റോഡ് പുനർനിർമ്മാണത്തിന് വായ്പ അനുവദിക്കാൻ ലോക ബാങ്ക് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തകർന്ന പാതകളിൽ കൂടിയുള്ള യാത്ര അപകടകരമാണെങ്കിലും അടിയന്തരമായി കുഴികൾ അടയ്ക്കുന്നതിനും മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിലെ മണ്ണ്

നീക്കംചെയ്ത് റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തകർന്ന റോഡുകളിലെ കുഴികളടയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ ഫണ്ടിൽനിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ Non-Plan ഇനത്തിൽ ലഭ്യമായ 882 കോടി രൂപയിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾക്കായി റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 21.4 കോടി രൂപ Flood Damage repair 2018-19-ൽ അനുവദിച്ചുനൽകിയിട്ടുണ്ട്. KSTP, KRFB റോഡുകളെല്ലാം കുഴികളടച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(ഡി) G.O. (Rt) No. 1309/2018/PWD dtd 21-8-2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ റോഡുകളുടെ പുനർനിർമ്മാണം ചുവടെ വിവരിക്കുംപ്രകാരം പുരോഗമിച്ചുവരികയാണ്.

(i) പൊതുമരാമത്ത് (നിരത്ത്) വിഭാഗം അടിയന്തരമായി നടപ്പാക്കേണ്ട അറ്റകുറ്റപ്പണി നടപ്പാക്കിവരുന്നു. ദുരന്തനിവാരണ ഫണ്ടുപയോഗിച്ച് മണ്ണിടിച്ചിൽ മാറ്റി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു. പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട 347 കോടി രൂപയുടെ 171 പ്രവൃത്തികൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ii) ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടങ്ങളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ

പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(iii) കെ.ആർ.എഫ്.ബി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(iv) കെ.എസ്.ടി.പി.

ഇരിട്ടി-നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിലായതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

തലശ്ശേരി-വളവുപാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നതിനാൽ സംരക്ഷണഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെയും തിരുവല്ല മാവേലിക്കര റോഡിന്റെയും പുനരുദ്ധാരണം പുരോഗമിക്കുന്നു. ബാക്കി രണ്ട് പണികൾക്കും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) പ്രളയവുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനും പുനർ നിർമ്മാണത്തിനുമായി ലോകബാങ്കിൽനിന്നും വായ്പ ലഭ്യമാക്കാനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയും സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ പുനർ നിർമ്മിക്കുന്നതിനുവേണ്ടി 7647.40 കോടി രൂപ മൂലധന നിക്ഷേപത്തിന്റെ ഫ്രെയിം വർക്ക് താൽക്കാലികമായി കണക്കാക്കി സ.ഉ(പി)നമ്പർ 161/2018/ധന തീയതി 12-10-2018 പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നോ ലോകബാങ്ക് അധികാരികളിൽ നിന്നോ ഇതുസംബന്ധിച്ച തീരുമാനം ലഭിച്ചിട്ടില്ല.

## പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും

13(1169) ശ്രീ. കെ. സി. ജോസഫ്
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും പുനർനിർമ്മിക്കാനായി സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ചു വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർണയിച്ചിട്ടുണ്ടോ;

(സി) പ്രളയത്തിൽ തകർന്നതും പുനർനിർമ്മാണം ആവശ്യമെന്ന് കണ്ടെത്തിയതുമായ പാലങ്ങളുടെയും കലുങ്കുകളുടെയും റോഡുകളുടെയും നിർമ്മാണംസമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനും സുതാര്യത ഉറപ്പാക്കാനും എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ദുരന്തനിവാരണ ഫണ്ടിൽനിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. G.O.(Rt.) No. 1309/2018/PWD dtd 21-8-2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനായി 1000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ 106 പ്രവൃത്തികൾക്ക് 239.69 കോടി രൂപയ്ക്ക് G.O.(Rt.) No. 1842/ 2018/PWD dtd 27-11-2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിന്റെ പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടില്ല.

(സി) റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണിക്കായി 955.15 കോടി രൂപയും പാലങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 44.35 കോടി രൂപയും ആവശ്യമാണെന്ന് കണ്ടെത്തുകയും നിലവിൽ നോൺ പ്ലാൻ ഇനത്തിൽ ലഭ്യമായ 882 കോടി രൂപയിൽനിന്ന് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു. പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

ദേശീയപാത 185-ൽ വരുന്ന ചെറുതോണി ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത 66-ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744-ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നീ പാലങ്ങൾക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും പദ്ധതി വിഹിതം അനുവദിച്ചിട്ടില്ല. കൂടാതെ ചെറുതും വലുതുമായ 12 പാലങ്ങളുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കായി 23.85 കോടി രൂപയുടെ അനുവാദം ലഭിച്ചിട്ടുണ്ട്. ആയതിന് സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

കെട്ടിട വിഭാഗത്തിന് കീഴിൽ വിവിധ വകുപ്പുകളുടേതായ സർക്കാർ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും റിപ്പയറിംഗിനുമായി 21,13,59,000 രൂപ വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ട്.

KSTP-യുടെ കീഴിൽ ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് (10.65 കോടി), തിരുവല്ല മാവേലിക്കര റോഡ് (1.92 കോടി) എന്നിവയുടെ മെയിന്റനൻസ് പണികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ഈ പണികൾ പുരോഗമിച്ചുവരുന്നു. മുത്തോലി കൊഴുവനാൽ റോഡിൽ മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും നടത്തേണ്ടതുണ്ട്. ഇതിന് ഏകദേശം 45 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പാലാ ഈരാറ്റുപേട്ട റോഡിൽ അബട്ട്മെന്റ് നവീകരണത്തിനും സംരക്ഷണഭിത്തി നിർമ്മാണത്തിനുമായി 4.5 ലക്ഷം രൂപ കണക്കാക്കുന്നു. ടി പണികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ഇരിട്ടി-നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിൽ ആയതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തലശ്ശേരി-വളവുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി.ഡബ്ല്യു.ഡി. മാന്വലിലും ക്വാളിറ്റി കൺട്രോൾ മാന്വലിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പൊതുമരാമത്ത്

പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. പൊതുമരാമത്ത് വകുപ്പിൽ മുഖ്യമായും രണ്ട് ഘട്ടങ്ങളായാണ് ഗുണനിലവാര പരിശോധനകൾ നടപ്പിലാക്കുന്നത്. നിർമ്മാണ വസ്തുക്കളുടെ പ്രാഥമിക ഗുണനിലവാര പരിശോധന, പ്രവൃത്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ കരാറുകാരൻതന്നെ അംഗീകൃത ലബോറട്ടറികളിൽ നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽത്തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുംവേണ്ടി G.O(Ms.) No. 01/2018/PWD dtd 5-1-2018 പ്രകാരം വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി എൻ.ആർ.എം.ബി വേസ്റ്റ്, പ്ലാസ്റ്റിക് തുടങ്ങിയ പ്രാദേശിക അസംസ്കൃത വസ്തുക്കൾ, കയർ, ജിയോടെക്സ്റ്റൈൽസ് എന്നിവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. പ്രവൃത്തികളിൽ നൂതന രീതികളും ആധുനിക സാങ്കേതിക വിദ്യകളും യന്ത്രങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അവലംബിച്ച് ഗുണമേന്മയും ഈടുറ്റതുമായ നിർമ്മിതികൾ ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും

14(1170) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ണിടിച്ചിൽമൂലം ഗതാഗതം തടസ്സപ്പെട്ട ഇടങ്ങളിലെല്ലാംതന്നെ അവ മാറ്റി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നിലവിൽ Non-Plan ഇനത്തിൽ ലഭ്യമായ 482 കോടി രൂപയിൽനിന്ന് മുൻഗണനാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു. തകർന്ന റോഡുകളെല്ലാംതന്നെ പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെയും പാലങ്ങളുടെയും പണികൾ പൂർത്തിയാക്കുന്നത് അന്തിമ ഘട്ടത്തിലാണ്.

(ബി) നിരത്തുവിഭാഗത്തിനുകീഴിൽ അനുവദിച്ചതും പ്രൊപ്പോസ് ചെയ്തതുമായ തുക അനുബന്ധം-I ആയും ദേശീയപാത വിഭാഗത്തിനുകീഴിൽ അനുവദിച്ച തുക അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.*

## പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും

15(1171) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ സംസ്ഥാനത്ത് റോഡുകളും പാലങ്ങളും തകർന്നത് വഴി എത്ര കോടി രൂപയുടെ നഷ്ടമാണ് പൊതുമരാമത്ത് വകുപ്പിന് വന്നിട്ടുള്ളത്;

(ബി) എത്ര റോഡുകളും പാലങ്ങളുമാണ് മഴവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയത്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവയുടെ പുനർനിർമ്മിതിയ്ക്കായി വേണ്ടിവരുന്ന കാലതാമസം എത്രയെന്നും ഇതിലേയ്ക്കായി വരുന്ന ചെലവ് എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിലെ റോഡുകൾക്ക് 13521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ 911.75 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. വിവിധ ഭാഗങ്ങളിലായി 580.51 കി.മീ. റോഡുകൾക്കും ദേശീയപാത 185-ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66-ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744-ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും ഭാഗികമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുമുഖം ബീച്ച് റോഡിലെ നാശനഷ്ടം ഏകദേശം 42.62 ലക്ഷം രൂപയും കെ.എസ്.ടി.പി.-യുടെ കീഴിൽവരുന്ന റോഡുകൾക്ക് ഏകദേശം 13.10 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിന് കീഴിലുള്ളവയുടെ വിശദാംശം അനുബന്ധം-I ആയും ദേശീയപാത വിഭാഗത്തിന് കീഴിലുള്ളവയുടെ വിശദാംശം അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

KRFB-യുടെ പരിധിയിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിന്റെ 300 മീറ്റർ ഭാഗികമായി തകർന്നിട്ടുണ്ട്.

(സി) റോഡ് വിഭാഗത്തിനുകീഴിൽ അടിയന്തര അറ്റകുറ്റപ്പണികളെല്ലാം നടപ്പിലാക്കിവരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം നടത്തേണ്ടതുമായ റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾസമയബന്ധിതമായി പൂർത്തിയാക്കിവരുന്നു.

ദേശീയപാത വിഭാഗത്തിൽ 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme)2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

KRFB-യുടെ കീഴിൽ 42.62 ലക്ഷം രൂപയുടെ ചെലവ് വരുമെന്നും ഭരണാനുമതി ലഭിച്ചാൽ ഏകദേശം 30 ദിവസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും കണക്കാക്കുന്നു.

**പ്രളയത്തിൽ തകർന്ന റോഡുകൾ**

16(1172) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ പുനർനിർമ്മിക്കാനായി പ്രത്യേകമായി ഏതെങ്കിലും ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ തയ്യാറാക്കിയോ എന്ന വിവരം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ദുരന്തനിവാരണ ഫണ്ടിൽനിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. G.O.(Rt.) No. 1309/2018/PWD dtd 21-8-2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് പ്രത്യേകാനുമതിയായി 1000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 106 റോഡ് പ്രവൃത്തികൾക്ക് 239.69 കോടി രൂപയുടെ ഭരണാനുമതി G.O.(Rt.) No. 1842/2018/PWD dtd 27-11-2018 പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ Non-Plan ശീർഷകത്തിൽ 482 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രളയത്തെത്തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺപ്ലാൻ ഹെഡ്ഡിലും ദുരന്തനിവാരണ വകുപ്പിൽനിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിവരുന്നു. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാപ്രകാരം പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ട റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം

17(1173) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം സംസ്ഥാനത്തെ റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടാക്കിയ കേടുപാടുകൾ സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഈ മേഖലയിൽ ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ;

(സി) തകർന്ന റോഡുകളും പാലങ്ങളുംസമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി വ്യക്തമാക്കുമോ;

(ഡി) റോഡുകൾ പുനർനിർമ്മിക്കുമ്പോൾ തീവ്ര മഴയിൽ നശിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രക്രിയകൾ അവലംബിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) നിരത്തുവിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന 54 പാലങ്ങളുടെയും പുനർനിർമ്മാണം ആവശ്യമുള്ള 46 പാലങ്ങളുടെയും നിർമ്മാണത്തിനായി 524 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതവും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ

വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡ് ഭാഗികമായി ഏകദേശം 300 മീറ്റർ തകർന്നിട്ടുണ്ട്. ആയത് പുനഃസ്ഥാപിക്കുന്നതിനുള്ള ചെലവ് 42.62 ലക്ഷം രൂപയാണ്. ടി റോഡ് കൺസെഷണർ മുഖാന്തമാണ് നടപ്പിലാക്കുന്നത്.

KSTP റോഡുകൾക്ക് ഏകദേശം 13.10 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെയും പാലങ്ങളുടെയും കണക്കുകൾ ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺപ്ലാൻ ഹെഡ്ഡിലും ദുരന്തനിവാരണ വകുപ്പിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് നടപ്പാക്കിവരുന്നു. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാപ്രകാരം പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ട റോഡുകളുടെയും പാലങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതാണ്.

(ഡി) മഴക്കാലത്ത് റോഡ് തകരുന്നതിന് പ്രധാനപ്പെട്ട കാരണമായിട്ടുള്ളത് ഡ്രെയിനേജുകളുടെ അഭാവമാണ്. മഴ പെയ്തുകഴിഞ്ഞാൽ ഡ്രെയിനേജുകളിലൂടെ വെള്ളം ഒഴുകിപ്പോകുന്നതിനുപകരം അവ റോഡിലേയ്ക്ക് കുത്തിയൊലിച്ച് റോഡിനെ ഇളക്കിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളിലും ഡ്രെയിനേജ് സംവിധാനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാലാവസ്ഥ കണക്കിലെടുത്ത് റോഡുകളുടെ ഉപരിതലം കൂടുതൽ കാലം ഈട് നിൽക്കുന്നതിന് BM&BC ഉപയോഗിച്ച് നിർമ്മിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് നിരത്തുവിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിലുപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധതരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതിക വിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും.

സംസ്ഥാന സർക്കാർ ഉത്തരവ് നമ്പർ G.O.(Rt.)527/18/PWD തീയതി 26.03.18 പ്രകാരം പൊതുമരാമത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ പ്ലാസ്റ്റിക്, NRMB, ജിയോടെക്സ്റ്റൈൽസ്, സോയിൽ സ്റ്റെബിലൈസേഷൻ മെത്തേഡ്സ് ഇവ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക രീതികൾ അവലംബിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

18(1174) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയം സംസ്ഥാനത്തെ റോഡുകളെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കാമോ;

(ബി) തകർന്ന റോഡുകൾ നന്നാക്കുന്നതിന് എന്ത് തുക ചെലവാകും എന്നാണ് കണക്കാക്കുന്നത്;

(സി) തകർന്ന ദേശീയ പാതകൾ പുനർനിർമ്മിക്കുന്നതിന് കേന്ദ്രം പണം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കേന്ദ്ര സർക്കാർ പണം അനുവദിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ പണം ഉപയോഗിച്ച് ദേശീയ പാതകൾ പുനരുദ്ധീകരിക്കുന്നതിന് പദ്ധതി ഉണ്ടോ;

(ഇ) സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എഫ്) തകർന്ന റോഡുകൾ എന്നത്തേക്ക് പൂർവ്വസ്ഥിതിയിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ ഏകദേശം 20145 കി.മീ. റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ശക്തമായ മഴയിലുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കുത്തൊഴുക്ക്, വെള്ളക്കെട്ട് എന്നിവമൂലം മലയോരപ്രദേശങ്ങളിൽ റോഡ് ഇടിയുകയും മണ്ണ് ഇടിഞ്ഞ് റോഡിലേയ്ക്ക് വീഴുകയും റോഡുകൾക്ക് തകർച്ച സംഭവിക്കുകയും സംരക്ഷണഭിത്തികൾ, കലുങ്ക് എന്നിവയ്ക്ക് കേടുപാട് സംഭവിക്കുകയും ചെയ്തു. ചെങ്ങന്നൂർ, കുട്ടനാട്, തിരുവല്ല, പറവൂർ തുടങ്ങിയ ഭാഗങ്ങൾ ദിവസങ്ങളോളം വെള്ളം കയറി മുങ്ങിയ അവസ്ഥയിലായിരുന്നു. വയനാട്, കോഴിക്കോട്, ഇടുക്കി, കണ്ണൂർ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം ഒട്ടനവധി റോഡുകൾക്ക് തകർച്ച സംഭവിച്ചു. സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിലെ ശക്തമായ മഴയെത്തുടർന്ന് റോഡിന്റെ ഉപരിതലം തകർന്ന് കുഴികൾ രൂപപ്പെടുകയും റോഡിന്റെ ഭാഗങ്ങൾ മുഴുവനായോ ഭാഗികമായോ ഒലിച്ചുപോയ അവസ്ഥയും ഉണ്ടായിട്ടുണ്ട്. ഇടുക്കി, പാലക്കാട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ പാലങ്ങൾക്ക് തകർച്ച ഉണ്ടായിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൻകീഴിൽ വിവിധ ഭാഗങ്ങളിലായി 580.51 കി.മീ. റോഡുകൾക്കും ദേശീയപാത 185-ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66-ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744-ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും ഭാഗികമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി.-യുടെ കീഴിൽവരുന്ന ഇരിട്ടി-നെടുംപോയിൽ റോഡ് - 0/00-നും 20/460-നും ഇടയിൽ വിവിധ സ്ഥലങ്ങളിൽ കേടുപാടുകൾ സംഭവിച്ചു. തലശ്ശേരി-വളവുപാറ റോഡ് കി.മീ. 32/875-നും 51/350-നും ഇടയിൽ 8 സ്ഥലങ്ങളിലായി മണ്ണിടിച്ചിലുണ്ടായി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല-മാവേലിക്കര റോഡ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

മുത്തോലി-കൊഴുവനാൽ റോഡിൽ മുത്തോലി പാലത്തിന്റെ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലാ-ഈരാറ്റുപേട്ട റോഡിൽ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിൽ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും ദേശീയപാതകൾക്കായി 911.75 കോടി രൂപയും ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. KSTP-യുടെ കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് - 10.65 കോടി, തിരുവല്ല മാവേലിക്കര റോഡ് - 1.92 കോടി, മുത്തോലി-കൊഴുവനാൽ റോഡ് - 45 ലക്ഷം രൂപ, പാലാ-ഈരാറ്റുപേട്ട റോഡ് - 4.5 ലക്ഷം രൂപ, ഇരിട്ടി-നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിൽ ആയതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തലശ്ശേരി-വളവുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തകർന്ന ദേശീയപാതകൾ പുനർനിർമ്മിക്കുന്നതിന് വാർഷിക പദ്ധതി (Annual Plan)2018-19-ൾ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന് പ്രസ്തുത ഉദ്ദേശ്യത്തിന് ലഭ്യമായ പണം ഉപയോഗിച്ച് ദേശീയപാതകൾ പുനരുദ്ധരിക്കുന്നതിനുള്ള അടിയന്തര നടപടികൾ തുടർന്നുവരികയാണ്.

(ഇ) നിരത്ത് വിഭാഗത്തിനുകീഴിൽ സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ്

നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിലുപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

(എഫ്) ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുത്തി റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതാണ്. പുനർനിർമ്മാണത്തിന്റെ ഭാഗമായി ഉപരിതലം പുതുക്കുന്നതിന് 106 റോഡ് പ്രവൃത്തികൾക്ക് 239.69 കോടി രൂപയുടെ ഭരണാനുമതി G.O.(Rt.) No. 1842/2018/PWD dtd 27-11-2018 പ്രകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടുള്ളത് ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതുമാണ്. കൂടാതെ G.O.(Rt.) No. 1309/2018/PWD dtd 21-8-2018 പ്രകാരം 1000 കോടി രൂപ പ്രളയ പുനർ നിർമ്മാണത്തിനായി നീക്കിവച്ചിട്ടുണ്ട്. അപ്രകാരം ഉൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ ലിസ്റ്റിൻമേൽ അടിയന്തര തുടർനടപടി സ്വീകരിച്ചുവരികയാണ്. പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരുന്നു. രണ്ട് വർഷത്തിനുള്ളിൽ എല്ലാ റോഡുകളും പൂർവ്വ സ്ഥിതിയിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽനിന്ന് സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്.

KSTP-ക്ക് കീഴിലുള്ള പ്രവൃത്തികൾ 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രളയത്തിൽ പൊതുമരാമത്തിനുണ്ടായ നാശനഷ്ടങ്ങൾ

19(1175) ശ്രീ. സി. ദിവാകരൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ പൊതുമരാമത്തിന് ഉണ്ടായ നഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) ഭൂരിഭാഗം റോഡുകളും ഗണ്യമായ പാലങ്ങളും തകർന്നതും ബലക്ഷയം സംഭവിച്ചതും വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ തകർന്നടിഞ്ഞ സംവിധാനങ്ങൾ പുനർ നിർമ്മിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രളയ ദുരന്തത്തിന് ശേഷം ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് അടിയന്തരമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രളയത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിലെ റോഡുകൾക്ക് 13521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ വിവിധ ഭാഗങ്ങളിലായി 580.51 കി.മീ. റോഡുകൾക്കും ദേശീയപാത 185-ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66-ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744-ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും ഭാഗികമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡിലെ ഏകദേശം 300 മീറ്റർ റോഡ് തകർന്നിട്ടുണ്ട്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

കെ.എസ്.ടി.പി.-യുടെ കീഴിൽവരുന്ന ഇരിട്ടി-നെടുംപോയിൽ റോഡ്- 0/00-നും 20/460-നുമിടയിൽ വിവിധ സ്ഥലങ്ങളിൽ കേടുപാടുകൾ സംഭവിച്ചു. തലശ്ശേരി-വളവുപാറ റോഡ് കി.മീ. 32/875-നും 51/350-നും ഇടയിൽ 8 സ്ഥലങ്ങളിലായി മണ്ണിടിച്ചിലുണ്ടായി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല-മാവേലിക്കര റോഡ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലാ-ഈരാറ്റുപേട്ട റോഡിൽ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേട് സംഭവിച്ചിട്ടുണ്ട്. മുത്തോലി പാലത്തിന്റെ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(സി) പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ടവ എന്ന്

തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരം എല്ലാ റോഡുകളും മണ്ണിടിച്ചിൽ, മാലിന്യം നീക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് ആദ്യ മുൻഗണനയും റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കാനും ഇതോടൊപ്പം പുനർനിർമ്മിക്കാനുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. പുനർ നിർമ്മിക്കാനുള്ള റോഡുകളിൽ 10% ദീർഘകാലത്തേയ്ക്ക് ഡിസൈൻ ചെയ്ത് നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. രണ്ട് വർഷംകൊണ്ട് പുനർനിർമ്മാണ പ്രവൃത്തികളെല്ലാം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയപാത വിഭാഗത്തിൽ 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan)2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡിന്റെ പുനർസ്ഥാപനത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിരത്തുകളുടെയും പാലങ്ങളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ നടപ്പാക്കിവരുന്നു. റോഡുകളിൽ അടിഞ്ഞുകൂടിയ മണ്ണ്, മാലിന്യങ്ങൾ, പാറ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുകയും സംരക്ഷണഭിത്തികൾ, കലുങ്കുകൾ എന്നിവ പുനർനിർമ്മിക്കുകയും ഉപരിതലത്തിലുള്ള കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പാക്കിവരുന്നു. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ വിവിധ ഭാഗങ്ങളിലായി മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതും അത് അടിയന്തരമായി നീക്കം ചെയ്തിട്ടുള്ളതുമാണ്. കുഴികൾ അടച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര

റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് 21.4 കോടി രൂപ Flood Damage Repair (FDR) 2018-19-ൽപ്പെടുത്തി ലഭിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.പി. വിഭാഗത്തിന് കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് (10.65 കോടി), തിരുവല്ല-മാവേലിക്കര റോഡ് (1.92 കോടി) എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ടി പണികൾ പുരോഗമിച്ചു വരുന്നു. മുത്തോലി-കൊഴുവനാൽ റോഡിൽ മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണഭിത്തിയുടെ നിർമ്മാണവും നടത്തേണ്ടതുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുമുഖം ബീച്ച് റോഡിലെ 300 മീറ്റർ റോഡിന്റെ ഭാഗം ബാരിക്കേഡ് സ്ഥാപിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്.

**പ്രളയത്തിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് വകുപ്പിനുണ്ടായ നഷ്ടം**

20(1176) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് വകുപ്പിനുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രളയത്തിൽ എത്ര കിലോമീറ്റർ റോഡാണ് തകർന്നതെന്നും എത്ര പാലങ്ങൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഇവയുടെ പുനർനിർമ്മാണത്തിനായി എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഇ) നിലവിലുള്ള റോഡ് വികസന പദ്ധതികളെ ബാധിക്കാത്ത വിധത്തിൽ ഇവയുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തേണ്ടതിനാൽ സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി കൂടുതൽ തുക അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് വകുപ്പിനുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ഏകദേശം 20145 കി.മീ. റോഡുകളും 54 പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതായും ദേശീയപാത വിഭാഗത്തിൻകീഴിൽ 580.51 കി.മീ. റോഡും ദേശീയപാത 185-ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66-ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744-ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 57.58 കി.മീ. കെ.എസ്.ടി.പി. റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(സി) ദുരന്തനിവാരണ ഫണ്ടിൽനിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായും ഉപയോഗിക്കുന്നു. നിലവിൽ നോൺ-പ്ലാൻ ഇനത്തിൽ ലഭ്യമായ 882 കോടി രൂപയിൽനിന്ന് മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തകർന്ന പാലങ്ങൾക്കുപകരം താൽക്കാലിക പാലങ്ങൾ നിർമ്മിച്ചു.

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ വിവിധ ഭാഗങ്ങളിലായി മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതും അത് അടിയന്തരമായി നീക്കം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പലയിടങ്ങളിലും റോഡുകൾ ഭാഗികമായി ഇടിഞ്ഞുപോയിട്ടുള്ളതും ആയവ ഗതാഗതയോഗ്യമാക്കിയിട്ടുള്ളതുമാണ്. കൂടാതെ പ്രളയംമൂലമുണ്ടായിട്ടുള്ള കുഴികൾ അടച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് 21.4 കോടി രൂപ Flood Damage Repair (FDR) 2018-19-ൽപ്പെടുത്തി ലഭിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme)2018-19-ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു.

എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽനിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

KSTP-യുടെ കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് - 10.65 കോടി, തിരുവല്ല – മാവേലിക്കര റോഡ് - 1.92 കോടി, മുത്തോലി-കൊഴുവനാൽ റോഡ് - 45 ലക്ഷം രൂപ, പാലാ-ഈരാറ്റുപേട്ട റോഡ് - 4.5 ലക്ഷം രൂപ, ഇരിട്ടി-നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിൽ ആയതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തലശ്ശേരി-വളവുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണിക്കായി 955.15 കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിന് 6591 കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് 5975 കോടി രൂപയും പാലങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 44.35 കോടി രൂപയും പ്രളയത്തിൽ തകർന്ന 54 പാലങ്ങളുടെയും പുനരുദ്ധാരണം ആവശ്യമായ 46 പാലങ്ങളുടെയും പുനർനിർമ്മാണത്തിന് 524 കോടി രൂപയും ആവശ്യമെന്ന് കണക്കാക്കിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിൽ 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

കെട്ടിട വിഭാഗത്തിന് കീഴിൽ വിവിധ വകുപ്പുകളുടേതായ സർക്കാർ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും റിപ്പയറിംഗിനുമായി 21,13,59,000 രൂപ വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡിലെ 300 മീറ്റർ തകർന്ന നിലയിലാണ്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

KSTP-യുടെ കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് - 10.65 കോടി, തിരുവല്ല-മാവേലിക്കര റോഡ് - 1.92 കോടി, മുത്തോലി-കൊഴുവനാൽ റോഡ് - 45 ലക്ഷം രൂപ, പാലാ-ഈരാറ്റുപേട്ട റോഡ് - 4.5 ലക്ഷം രൂപ, ഇരിട്ടി-നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിൽ ആയതിനാൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

തലശ്ശേരി-വളവുപാറ റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ദേശീയപാത വിഭാഗത്തിന് കീഴിൽ 312.1 കി.മീ. നീളത്തിലുള്ള 27 റോഡുകൾക്കും ചാലിയാർ പുഴയ്ക്ക് കുറുകെ എളമരക്കടവിൽ നിർമ്മിക്കുന്ന പാലത്തിനുമായി 351 കോടി രൂപയുടെ ഭരണാനുമതി സി.ആർ.എഫ്. പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി RW/NH-28014/03/2016-KL/Zone-III, dtd 8-10-2018 പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 390.60 കി.മീ. ദൈർഘ്യമുള്ള 27 റോഡുകൾക്കും ഒരു പാലത്തിനുമായി 450 കോടി രൂപയുടെ അധിക അനുമതി നൽകുന്നതിനായി കത്ത് നമ്പർ CE/NH1D2/5491/81 dtd 27-11-2018 പ്രകാരം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ

21(1177) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം എത്ര ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; റോഡുകളുടെ പേര് സഹിതം വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും പുതിയ റോഡുകൾ നിലവിൽ വകുപ്പ് ഏറ്റെടുത്ത് വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണോ റോഡുകൾ ഏറ്റെടുക്കുന്നത്; എങ്കിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഏറ്റെടുത്ത് വരുന്നില്ലെങ്കിൽ ഭാവിയിൽ ഇത്തരം റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ സർക്കാർതലത്തിൽ നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒന്നുംതന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്നാണ് നിലവിലുള്ള മന്ത്രിസഭായോഗ തീരുമാനം.

(സി&ഡി) മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ ബംഗ്ലാവ് കടവ് പാലം

22(T* 1178) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുട്ടമ്പുഴ-വടാട്ടുപാറ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന് വേണ്ടി 2018-19 വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പഞ്ചായത്തിലെ രണ്ട് പ്രധാന പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലം 2018-19 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ 18 കോടി രൂപ അടങ്കലും 100 രൂപ ടോക്കൺ പ്രൊവിഷനും സഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പാലത്തിന്റെ ഒരു കരയിൽ കുട്ടമ്പുഴയും മറുകരയിൽ വടാട്ടുപാറ പ്രദേശവുമാണ്. ഈ പാലം വന്നുചേരുന്ന വടാട്ടുപാറ ഭാഗം വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവ് വനത്തിൽ ഉൾപ്പെട്ട് വരുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

## കുറുങ്കോട്ട പാലം നിർമ്മാണം

23(1179) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ള, എറണാകുളം ജില്ലയിലെ കുറുങ്കോട്ട ദ്വീപിൽനിന്നും വടുതലഭാഗത്ത് നിലവിലുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന കുറുങ്കോട്ട പാലത്തിന്റെ ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ച അലൈൻമെന്റിന് അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകരിച്ച അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കുറുങ്കോട്ട പാലത്തിന് ആവശ്യമുള്ള Horizontal Clearance-ഉം Vertical Clerarance-ഉം ജലസേചന വകുപ്പിൽനിന്നുമാണ് ലഭ്യമാക്കേണ്ടത്. ആയത് ലഭ്യമാകാനുള്ള കാലതാമസമാണ് അലൈൻമെന്റിന് അംഗീകാരം നൽകുന്നതിൽ താമസമുണ്ടാകുന്നത്.

**കാലടി പൊതുമരാമത്ത് റെസ്റ്റ് ഹൗസ്**

24(1180) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി പൊതുമരാമത്ത് റെസ്റ്റ് ഹൗസ് അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) എത്ര മാസമായി ഇത് അടച്ചിട്ടിരിക്കുകയാണെന്നും ഈ കാലയളവിൽ അവിടുത്തെ ജീവനക്കാരെ എന്ത് ഡ്യൂട്ടിയിലാണ് നിയോഗിച്ചതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റെസ്റ്റ് ഹൗസിൽ ആകെ എത്ര മുറികളാണ് ഉപയോഗത്തിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റെസ്റ്റ് ഹൗസിലെ മുറികൾ ഉപയോഗശൂന്യമായത് പ്രളയത്തിൽപ്പെട്ടാണെങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയതെന്നും ഇതിനായി പരിഗണിച്ച സാധനങ്ങളുടെ പട്ടികയും അവയ്ക്കു കണക്കാക്കിയ നഷ്ടത്തിന്റെ തുകയും ഇനം തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി റസ്റ്റ് ഹൗസ് പൂർണ്ണമായി അടച്ചിട്ടില്ല. അടുത്ത കാലത്തായുണ്ടായ മഹാപ്രളയത്തെ തുടർന്ന് ടി കെട്ടിടത്തിന്റെ സൺഷെയ്ഡ് വരെ വെള്ളം കെട്ടിനിന്നതിനാൽ

കെട്ടിടത്തിനുവന്ന കേടുപാടുകളാലും ഫർണിച്ചറും ഇലക്ട്രിക്കൽ വയറിംഗും നശിച്ചതും കാരണം റസ്റ്റ് ഹൗസിലെ മുറികൾ താമസയോഗ്യമല്ലാതായിരുന്നു.

(ബി) പ്രളയത്തെ തുടർന്ന് 2018 ആഗസ്റ്റ് മാസം 16-ാം തീയതി മുതൽ മുറികൾ താമസയോഗ്യമല്ലായിരുന്നു. നിലവിലെ ജീവനക്കാരായ ഒരു വാച്ചറും കെയർടേക്കറും റിസപ്ഷനിലും ഫ്രണ്ട് ഓഫീസിലുമുള്ള സൗകര്യങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാൽ, നിലവിലെ ജീവനക്കാർക്ക് വേറെ ഡ്യൂട്ടി നൽകിയിട്ടില്ല.

(സി) ഒരു വി.ഐ.പി. റൂം ഉൾപ്പെടെ നാല് മുറികളാണ് ടി കെട്ടിടത്തിൽ ഉള്ളത്.

(ഡി) 10 ലക്ഷം രൂപയുടെ നാശനഷ്ടമാണ് പ്രളയത്തെ തുടർന്ന് ടി കെട്ടിടത്തിൽ കണക്കാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| കെട്ടിടത്തിനു വന്ന കേടുപാടുകൾ | - | 3 ലക്ഷം |
| ഫർണിച്ചറുകളുടെ നഷ്ടം | - | 3 ലക്ഷം |
| ഇലക്ട്രിക്കൽ വയറിംഗ് ഫിറ്റിംഗ്സ് | - | 4 ലക്ഷം |

## ഇ-ഫയലിംഗ് സിസ്റ്റം

25(1181) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ജില്ലാ ഓഫീസ്, സർക്കിൾ ഓഫീസ്, ചീഫ് എൻജിനീയർ ഓഫീസ് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ;

(ബി) പ്രസ്തുത വിഷയം പഠിക്കുന്നതിന് ഒരു സംവിധാനം രൂപീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ആദ്യഘട്ടമായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ കാര്യാലയങ്ങളിൽ ഈ ധനകാര്യ വർഷത്തിൽത്തന്നെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കും. തുടർന്ന് ജില്ലാതല ഡിവിഷൻ ഓഫീസുകളിലേയ്ക്കും സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കും.

## പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക്പരിശീലനം

26(1182) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ എൻജിനീയർമാർക്ക് ആധുനിക പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ പരിശീലന പരിപാടികളും ശില്പശാലകളും നടത്തിവരുന്നു. നിർമ്മാണ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശീലന പരിപാടികളും ശില്പശാലകളും നടത്തിവരുന്നുണ്ട്. ഓരോ വർഷത്തെയും പരിശീലന പരിപാടികൾ 3 മേഖലകളിലായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. എഞ്ചിനീയർമാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പല നവീന വിഷയങ്ങളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. പുതുതായി പ്രസിദ്ധീകരിച്ച ക്വാളിറ്റി കൺട്രോൾ മാന്വലിനെക്കുറിച്ചുള്ള പരിശീലനം എല്ലാ ജില്ലകളിലുമുള്ള എഞ്ചിനീയർമാർക്കും ജില്ലാ കേന്ദ്രങ്ങളിൽവച്ച് നടത്തുന്നുണ്ട്. നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഈ പരിശീലന പരിപാടി ഏറെ ഗുണം ചെയ്യും.

ഇതുകൂടാതെ തിരുവനന്തപുരത്തെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലന പരിപാടികളും ശില്പശാലകളും നടത്തിവരുന്നു. ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആൾട്ടർനേറ്റ് മേത്തേഡ്സ് ഓഫ് റീറ്റെയിനിംഗ് വാൾ കൺസ്ട്രക്ഷൻ, അഡ്വാൻസ്ഡ് കോൺക്രീറ്റിംഗ് മെത്തേഡ്സ്, അഡ്വാൻസ്ഡ് ബിറ്റുമിൻ വെയറിംഗ് കോഴ്സസ്, റോഡ് സേഫ്റ്റി അസസ്മെന്റ്സ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിയിരുന്നു. ഡൽഹിയിലുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ.), നാഷണൽ കൗൺസിൽ ഫോർ സിമന്റ്&ബിൽഡിംഗ് മെറ്റീരിയൽസ് (എൻ.സി.ബി.) തുടങ്ങിയ സ്ഥാപനങ്ങളിൽ

പൊതുമരാമത്തിലെ എഞ്ചിനീയർമാരെ നൂതന സാങ്കേതിക വിദ്യ പരിശീലിപ്പിക്കുന്നതിനായി പതിവായി അയയ്ക്കാറുണ്ട്. കൂടാതെ ഓരോ വർഷവും ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (ഐ.ആർ.സി.)-ന്റെ വാർഷിക ശില്പശാലയിൽ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ പങ്കെടുക്കുകയും റോഡ് നിർമ്മാണത്തിലെ പുതിയ ടെക്നോളജിയെക്കുറിച്ച് അറിവ് നേടുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ 27-7-2018-ന് സൂര്യകാന്തി & നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് എഞ്ചിനിയേഴ്സ് കോൺഗ്രസ്സിന്റെ 3-ാം സമ്മേളനം നടത്തുകയും ഇതിൽ 'കോൺക്രീറ്റ് പാലങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നിലവിലെ മികച്ച മാർഗ്ഗങ്ങളും ഉപയോഗിക്കുന്ന നിർമ്മാണ ഘടകങ്ങളും' എന്ന വിഷയവും മറ്റ് ആധുനിക വിഷയങ്ങളുടെ സെമിനാറും സംഘടിപ്പിച്ചിരുന്നു. പുതിയ നിർമ്മാണ സാമഗ്രികളുടെ ഉപയോഗത്തെക്കുറിച്ച് വിവിധ ഏജൻസികൾ എഞ്ചിനീയർമാർക്കുവേണ്ടി ശില്പശാലകൾ സംഘടിപ്പിക്കാറുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തുന്ന കോൺഫറൻസുകളിലും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരെ പങ്കെടുപ്പിക്കാറുണ്ട്. ഈ വർഷം ഐ.എം.ജി. കലണ്ടറിൽ പൊതുമരാമത്ത് വകുപ്പിനെ ഉൾപ്പെടുത്തുകയും 15 പരിശീലന പരിപാടികൾ ഉദ്യോഗസ്ഥർക്കുവേണ്ടി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയർമാരുടെ പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എം.എസ്. പ്രോജക്ട് മാനേജ്മെന്റ് പരിശീലനം, കേരള ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നടത്തിവരുന്നു. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ.), നാഷണൽ കൗൺസിൽ ഫോർ സിമന്റ് & ബിൽഡിംഗ് മെറ്റീരിയൽസ് (എൻ.സി.ബി.), ഇന്ത്യൻ അക്കാഡമി ഫോർ ഹൈവേ എഞ്ചിനീയേഴ്സ് (ഐ.എ.എച്ച്.ഇ.) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് പരിശീലനം നടത്തുന്നതിനുള്ള നടപടികൾ ഈ വർഷം സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി NRMB (Natural Rubber Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക് (ഷ്രെഡഡ് പ്ലാസ്റ്റിക്), കയർ, ജിയോ ടെക്സ്റ്റൈൽ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പാക്കിവരുന്നു. ഈ സാമ്പത്തിക വർഷം ഇതിനകം 82.77 കി.മീ. റോഡുകൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചുകഴിഞ്ഞു. 545.628 കി.മീ. റോഡുകൾ NRMB-യും ഉപയോഗിച്ച് നിർമ്മിച്ചുകഴിഞ്ഞു.

പരിസ്ഥിതിക്ക് ഇണങ്ങുന്നതും ചാരുതയാർന്നതുമായ കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി ഒരു

ഹരിതനിർമ്മാണച്ചട്ടം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഹരിത നിർമ്മാണ തത്വങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. വാസ്തു ശില്പവിഭാഗത്തിലെ 8 ആർക്കിടെക്ടുമാർ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ 'ഗൃഹ' (GRIHA)-യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടുകയും ഹരിത തത്വങ്ങൾക്കനുസൃതമായി കെട്ടിട രൂപകല്പന ചെയ്യാൻ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. ഒരു സീനിയർ ആർക്കിടെക്ട് 'ഗൃഹ'-യുടെ ഇവാല്യൂവേറ്റർ യോഗ്യത നേടുകയും കെട്ടിടങ്ങളെ ഹരിത തത്വങ്ങൾക്കനുസൃതമായി വിലയിരുത്താൻ അർഹതയും നേടിയിട്ടുണ്ട്. ഇദ്ദേഹത്തെ ബിൽഡിംഗ് നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് നേമത്ത് പണിയാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ സമുച്ചയത്തിനും പത്തനംതിട്ട കളക്ടറുടെ ഔദ്യോഗിക വസതിക്കും ഗൃഹയുടെ റേറ്റിംഗ് ലഭിക്കുന്നതിലേയ്ക്കായി പ്രാരംഭ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞു.

ഇപ്പോൾ രൂപകൽപ്പന ചെയ്തുവരുന്ന കെട്ടിടങ്ങൾ കാലാനുസൃതമായ രൂപഭംഗിയുള്ളതും നിർമ്മാണ വേളകളിൽ കൃത്യമായ മേൽനോട്ടം വഹിക്കുന്നതുമൂലം ഗുണനിലവാരം പുലർത്തുന്നവയുമാണ്.

**ചേലക്കാട് - വില്ല്യാപ്പള്ളി - വടകര റോഡ് നിർമ്മാണം**

27(1183) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽനിന്നും ആരംഭിക്കുന്ന ചേലക്കാട്-വില്ല്യാപ്പള്ളി-വടകര റോഡിന്റെ ഡി.പി.ആർ.തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഡി.പി.ആർ. എന്ന് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഡി. പി. ആർ. തയ്യാറാക്കിവരുന്നു.

(ബി&സി) വിശദമായ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കേണ്ടതിനാലാണ് കാലതാമസം നേരിട്ടത്. അടിയന്തരമായി സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

### കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ

28(1184) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മലയോരഹൈവേയിൽ എത്ര കിലോമീറ്റർ റോഡാണ് പുതുതായി അനുവദിച്ചതെന്നും ഇതിനായി ജില്ലയിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

(ബി) എത്ര റീച്ചുകളായാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതെന്നും ഈ പ്രവൃത്തികളുടെ ടെണ്ടർ പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 125.952 കി.മീ. ഇതിനായി 298.95 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(ബി) നാല് റീച്ചുകളിലായാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിൽ രണ്ടുറീച്ചുകൾ ടെണ്ടർ ചെയ്ത് പണി തുടങ്ങിക്കഴിഞ്ഞു. ബാക്കിയുള്ള രണ്ട് റീച്ചുകൾക്ക് സാങ്കേതികാനുമതി നൽകാനുള്ള സൂക്ഷ്മപരിശോധനയിലാണ്.

### എം. സി. റോഡിന്റെ നവീകരണത്തിനുള്ള പദ്ധതി

29(1185) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിന്റെ നവീകരണത്തിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പാതയിൽ ഏറ്റവും താണ പ്രദേശങ്ങൾ ഉയർത്തി റോഡിൽ വെള്ളം കയറുന്നത് തടയുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)( i) എം.സി. റോഡിൽ ചെങ്ങന്നൂർ മുതൽ മൂവാറ്റുപ്പുഴ വരെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ii) തൈക്കോട് മുതൽ അടൂർ വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികളും റോഡ് സുരക്ഷാ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

(ബി) എം.സി. റോഡിൽ കെ.എസ്.റ്റി.പി. നടത്തിയിട്ടുള്ള പ്രവൃത്തികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ആവശ്യത്തിന് ഓടകളും കൾവർട്ടുകളും നൽകിയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

(സി) കരാർ തുക

(i) ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് - 293.58 കോടി രൂപ (പണി പൂർത്തീകരിച്ചു.)

(ii) ഏറ്റുമാനൂർ - മൂവാറ്റുപ്പുഴ റോഡ് - 171.49 കോടി രൂപ (പണി പൂർത്തീകരിച്ചു.)

(iii) സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം - അടൂർ)- 146.67 കോടിരൂപ (27.04.2019-ഓടുകൂടി പൂർത്തീകരിക്കും.)

**കരമന - വെള്ളറട റോഡ് വികസനം**

30(1186) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന -വെള്ളറട റോഡ് വികസനത്തിനായുള്ള നടപടികൾ എന്തായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായി; ഇതിനായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരമന-വെള്ളറട റോഡിന്റെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. റിക്വിസിഷൻ ഫോം തയ്യാറാക്കിവരുന്നു. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായി കഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ആദ്യത്തെ 5.5 കി.മീറ്ററിൽ റവന്യൂ അധികാരികളുമായി സംയുക്ത സ്ഥലപരിശോധന നടത്തിക്കഴിഞ്ഞു. ബാക്കിയുള്ള 12 കി.മീറ്ററിന് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. 17.5 കി.മീറ്റർ മുതൽ 35.5 കി.മീറ്റർവരെ റിക്വിസിഷൻ ഫോം തയ്യാറാക്കിവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികളും ടെൻഡർ നടപടികളും പൂർത്തിയായശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാകും.

**ആർ.ഐ.ഡി.എഫ്. പദ്ധതിയിൽപ്പെടുത്തിയ കോഴിക്കോട്ടെ റോഡുകൾ**

31(1187) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്.പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ച കോഴിക്കോട് ജില്ലയിലെ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) "കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ - കൂട്ടാലിട റോഡ് കി.മീ. 0/000 & 4/625 -ന്റെ പുനരുദ്ധാരണം" എന്ന ഒരു റോഡ് പ്രവൃത്തി മാത്രമാണ് നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാഞ്ചേ XXIV-ൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്.

(ബി) ടി പദ്ധതിക്ക്, 15-11-2018 - ലെ G.O.(Rt.) No.1777/2018/ PWD പ്രകാരം 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

32(1188) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തിൽപ്പെട്ട് തകർന്ന എറണാകുളം, മൂവാറ്റുപ്പുഴ ഡിവിഷനുകളിൽ വരുന്ന പിറവം നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് പുനർനിർമ്മാണം ആവശ്യമായി വരുന്നതെന്ന് പ്രസ്തുത ഡിവിഷനുകൾ കണ്ടെത്തിയത് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണത്തിന് അനുമതി നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അനുമതി അടിയന്തിരമായി നല്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പിറവം നിയോജകമണ്ഡലത്തിലെ പുനർനിർമ്മാണം ആവശ്യമായി വരുന്ന റോഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

- രാമമംഗലം - തൊടുപുഴ റോഡ്
- തൊടുപുഴ - പിറവം റോഡ്
- കുമരകം നെടുമ്പാശ്ശേരി റോഡ് (നിയുക്ത സംസ്ഥാന പാത) പെരുവ മുതൽ പെരുവംമൂഴി വരെ

(ബി & സി) ഇല്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിൽ പുതിയതായി ഭരണാനുമതി ലഭിച്ച റോഡുകൾ**

33(1189) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പുതിയതായി ഭരണാനുമതി ലഭിച്ച റോഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ വർഷം എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട " നെന്മാറ നെല്ലിയാമ്പതി റോഡ് കി.മീ. 8/000 മുതൽ 26/000 വരെ വിവിധ ഭാഗങ്ങളിൽ തകർന്ന Retaining wall പുനർനിർമ്മാണവും breast wall നിർമ്മാണവും" എന്ന പ്രവൃത്തിക്ക് സ.ഉ(സാധാ) നമ്പർ 1842/2018/പൊ.മ.വ. തീയതി 27-11-2018 പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 513.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)* എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെട്ട 286.35 ലക്ഷം രൂപയുടെ മറ്റ് 4 പ്രവൃത്തികൾ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന്റെ സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഞ്ചേരി ഔട്ടർ റിംഗ് റോഡ്

34(1190) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്ലാൻ പ്രകാരം എത്ര ഭൂമിയാണ് റോഡ് നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കേണ്ട ഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് 11-8-2016-ന് ശേഷം ചർച്ചകൾ നടത്തുകയുണ്ടായോ;വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;വിശദമാക്കാമോ?

ഉത്തരം

(എ&ബി) മഞ്ചേരി ഔട്ടർ റിംഗ് റോഡിന്റെ അംഗീകരിച്ച അലൈൻമെന്റ് പ്ലാൻ പ്രകാരം $145500m^2$ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയത് സ്വകാര്യവ്യക്തികളിൽനിന്നുമാണ് ഏറ്റെടുക്കേണ്ടത്.

(സി&ഡി) ഇല്ല.

## ഇടുക്കി ജില്ലയിലെ പ്രളയത്തിൽ തകർന്ന റോഡുകൾ

35(1191) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ റോഡുകൾ നന്നാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഓരോ നിയോജകമണ്ഡലത്തിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്ന റോഡുകൾ നന്നാക്കുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും അനുമതിക്കായി തത്വത്തിൽ അംഗീകരിച്ച തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഇടുക്കി | - | 50 കോടി രൂപ |
| ഉടുമ്പൻചോല | - | 50 കോടി രൂപ |
| ദേവികുളം | - | 50 കോടി രൂപ |
| പീരുമേട് | - | 30 കോടി രൂപ |
| തൊടുപുഴ | - | 30 കോടി രൂപ. |

## ഇടുക്കി ജില്ലയിൽ തകർന്ന പൊതുമരാമത്ത് റോഡുകൾ

36(1192) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ 2018-ലെ പേമാരിയിലും ഉരുൾപൊട്ടലിലും തകർന്ന പൊതുമരാമത്ത് റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡുകളാണ് ഈകാലയളവിൽ ജില്ലയിൽ തകർന്നത്;

(ബി) ഇപ്രകാരം ജില്ലയിൽ തകർന്ന റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇപ്രകാരം ഇടുക്കി നിയോജകമണ്ഡലത്തിൽ മാത്രം തകർന്ന റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി ജില്ലയിലാകെ എത്ര തുകയുടെ ഭരണാനുമതി നൽകി; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇടുക്കി നിയോജകമണ്ഡലത്തിൽ ഇപ്രകാരം തകർന്ന എത്ര റോഡുകളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകി; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 1282.15 കി.മീറ്റർ

(ബി) ലിസ്റ്റ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ലിസ്റ്റ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. *

(ഡി) SLTF-ൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലാകെ 38.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇടുക്കി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം III ആയും റോഡുകളുടെ ലിസ്റ്റ് അനുബന്ധം IV ആയും ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

37(1193) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ മേൽനോട്ടത്തിൽ മണലൂർ മണ്ഡലത്തിൽ നിർമ്മാണം പുരോഗമിച്ച് വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ആശ്രാമം ലിങ്ക് റോഡ് നാലാംഘട്ടം

38(1194) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ആശ്രാമം ലിങ്ക് റോഡിന്റെ നാലാംഘട്ട പ്രവർത്തനങ്ങളുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള ആശ്രാമം ലിങ്ക് റോഡിന്റെ നാലാംഘട്ട പ്രവർത്തനങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

## ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണം

39(1195) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൻെറ പുനരുദ്ധാരണത്തിന് ഉദ്ദേശിക്കുന്ന ജോലികളും കണക്കാക്കിയിരിക്കുന്ന ചെലവും വ്യക്തമാക്കുമോ;

(ബി) റോഡിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള പാലങ്ങൾ അപകടങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലങ്ങൾ പൊളിച്ച് പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) റോഡിൻെറ ഏതൊക്കെ ഭാഗമാണ് ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) റോഡിൻെറ കിഴക്കേ അറ്റത്ത് മനക്കേച്ചിറ ഭാഗത്ത് ആവണി കലുങ്കിൽകൂടി സുഗമമായി വെള്ളം ഒഴുകാത്തതിനാൽ മഴസമയത്ത് വെള്ളപ്പൊക്കമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ കലുങ്ക് പൊളിച്ച് പണിയാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടുണ്ടായ കേടുപാടുകൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വർക്കിൽ കാലവർഷത്തിൽ താഴ്ന്നുപോയ 1860 മീറ്റർ റോഡ് ഭാഗം GSB, WMM, DBM എന്നിവ ഉപയോഗിച്ച് ഉയർത്തുന്നതിനും ആലപ്പുഴ കൈതവന ജംഗ്ഷൻ മുതൽ ചങ്ങനാശ്ശേരി വരെയുള്ള 23.6 കി.മീ. റോഡിലെ 7.5 മീറ്റർ വീതിയിലുള്ള കാര്യേജ് വേ ഭാഗം 3 സെ.മീ. കനത്തിൽ ഒരു പാളി ബിറ്റുമിൻ കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആവശ്യമായ തെർമോപ്ലാസ്റ്റിക് റോഡ് മാർക്കിംഗുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 10.65 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്ന ചെലവ്.

(ബി) ഇല്ല.

(സി) മങ്കൊമ്പിൽ രണ്ട് ഭാഗങ്ങളിലായി 540 മീറ്ററും നെടുമുടിയിൽ 480 മീറ്ററും പൊങ്ങയിൽ 2 ഭാഗങ്ങളിലായി 370 മീറ്ററും കൈനകരിയിൽ 370 മീറ്ററും പള്ളാത്തുരുത്തിയിൽ 100 മീറ്ററും ഉൾപ്പെട്ട മൊത്തം 1860 മീറ്റർ റോഡ് ഭാഗങ്ങളാണ് ഉയർത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) കലുങ്ക് പുതുക്കിപണിയുന്നതിനുള്ള 60 ലക്ഷം രൂപയുടെ പ്രവൃത്തി 2 തവണ ടെണ്ടർ ചെയ്യുകയും അതിനുശേഷം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടും കരാറുകാരൊന്നും തന്നെ ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. ടി കലുങ്കിന്റെ പുനർനിർമ്മാണവും ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പ്രളയത്തെ അതിജീവിക്കുന്ന തരത്തിലുള്ള പുനർനിർമ്മാണത്തിൽപ്പെടുത്തി പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### എകരൂർ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരണം

40(1196) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഡാം സൈറ്റിലേക്കുള്ള പ്രധാന റോഡായ എകരൂർ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) എകരൂർ-കക്കയം-ഡാം സൈറ്റ് റോഡിന്റെ നവീകരണത്തിനായി ഇപ്പോൾ സെക്രട്ടേറിയേറ്റിലുള്ള ഫയലിൽ (PWD-PS2-78/2018) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) കക്കയത്തേക്കുള്ള പ്രധാന പാതയായ ഇ.കെ.ഡി. റോഡ് നവീകരിക്കുന്നതിന് എത്ര കോടി രൂപയാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) എകരൂർ-കക്കയം-ഡാം സൈറ്റ് റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന പ്രൊപ്പോസൽ PWD-PS2-78/2018 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവന്നതും പിന്നീട് പരിഗണിക്കാവുന്നതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നതുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ ഒരു പ്രവൃത്തിക്ക് പകരമായി എകരൂർ-കക്കയം-ഡാം സൈറ്റ് റോഡ് നവീകരണം ഉൾപ്പെടുത്തുന്നതിനുള്ള മറ്റൊരു പ്രൊപ്പോസൽ നിലവിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് നവീകരണത്തിനായി 100 കോടി രൂപയോളം ആവശ്യമുണ്ട്.

### തലശ്ശേരി - വളവുപാറ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണം

41(1197) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി -വളവുപാറ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണം ഏത് ഘട്ടത്തിൽ ആണ്; എരുഞ്ഞോളി, ഇരിട്ടി, കൂട്ടുപുഴ പാലങ്ങളുടെ നിർമ്മാണ തടസ്സങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി-വളവുപാറ റോഡ് രണ്ട് പാക്കേജുകളായിട്ടാണ് കെ.എസ്.റ്റി.പി. നടപ്പിലാക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജായ തലശ്ശേരി-കളറോഡ് റോഡിന്റെ പ്രവൃത്തി പുരോഗതി 50 ശതമാനവും രണ്ടാമത്തെ പാക്കേജായ കളറോഡ്-വളവുപാറ റോഡിന്റെ പ്രവൃത്തി പുരോഗതി 72 ശതമാനവുമാണ്. എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തിക്കുള്ള തടസ്സങ്ങളെല്ലാം നീങ്ങി. പുതുക്കിയ ഡിസൈൻ അനുസരിച്ച് പണി ആരംഭിക്കാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂട്ടുപുഴ പാലത്തിന്റെ കേരള ഭാഗത്തിന്റെ രണ്ട് സ്പാനുകളുടെ പണി പൂർത്തിയായി. കർണ്ണാടക ഭാഗത്തെ പണികൾക്ക് കർണ്ണാടക ഫോറസ്റ്റ് വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിനായി ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇരിട്ടി പാലം പണിക്ക് തടസ്സമൊന്നുമില്ല.

(ബി) (i) തലശ്ശേരി - കളറോട് റോഡിന്റെ നിർമ്മാണം (എരഞ്ഞോളി പാലം ഒഴികെ) 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ii) കളറോഡ് - വളവുപാറ റോഡിന്റെ നിർമ്മാണം (ഇരിട്ടി, കൂട്ടുപുഴ പാലങ്ങൾ ഒഴികെ) 2019 ജനുവരിയോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## അങ്കമാലി ബൈപ്പാസ്

42(1198) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പട്ടണത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാണ്; വിശദമാക്കാമോ;

(ബി) 2-6-2017 -ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതിയും 2017-ൽ തന്നെ കിഫ്ബി അംഗീകാരം നല്കിയതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായും ഭൂമി ഏറ്റെടുക്കുന്നതിനായും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ യോഗം ഈ സർക്കാർ എപ്പോഴെങ്കിലും വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും ഇതിന്മേൽ വകുപ്പ് സ്വീകരിച്ച തുടർനടപടികളും ലഭ്യമാക്കാമോ;

(ഡി) അങ്കമാലി ബൈപ്പാസ് ഡിവിഷൻ വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-6-2018 ന് ചേരാനിരുന്ന യോഗം മാറ്റിവച്ചത് പിന്നീട് ചേർന്നിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ യോഗ തീയതി അറിയിക്കാമോ;

(ഇ) അങ്കമാലി ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് എന്ത് നടപടിയാണ് വകുപ്പ് തുടർന്ന് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗതാഗതക്കുരുക്കിന് പരിഹാരമായി അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് (ഫേസ്-1) കരയാമ്പറമ്പ് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷൻ വരെയുള്ള പ്രവൃത്തിക്ക് 190.16 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്.പി.വി.-യായി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 2-6-2017-ലെ സ.ഉ.(സാധാ) 771/2017/പൊമവ. പ്രകാരം 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 25 മീറ്റർ നാലുവരിപ്പാതയ്ക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്. പ്രസ്തുത പാതയുടെ അലൈൻമെന്റ് എൻ.എച്ച്. 544-ൽ കരയാമ്പറമ്പ് ജംഗ്ഷനിൽനിന്ന് ആരംഭിച്ച് എൻ.എച്ച്. 544-ലെതന്നെ അങ്കമാലി റെയിൽവേ സ്റ്റേഷനടുത്ത് അവസാനിക്കുന്നു. ഈ അലൈൻമെന്റ് മങ്ങാട്ടുകര അമ്പലത്തിനും അതിന്റെ കടവിനും മധ്യേയാണ് കടന്നുപോകുന്നത്. ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ. ശ്രീ. റോജി ജോൺ, അമ്പലംവക സ്ഥലം ഒഴിവാക്കി മാറ്റിക്കൊണ്ടുള്ള അലൈൻമെന്റാണ് നിർദ്ദേശിച്ചിട്ടുള്ളത്. അമ്പലം വക സ്ഥലം ഒഴിവാക്കുമ്പോൾ പ്രസ്തുത അലൈൻമെന്റ് ഈ പോയിന്റിൽനിന്നും മാഞ്ഞാലി തോടിനു മുകളിലൂടെ കൊണ്ടുപോകുന്നതിനാൽ 120 മീറ്റർ നീളമുള്ള പാലം നിർമ്മിക്കേണ്ടിവരുന്നു. കൂടാതെ 2018 ആഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് എംബാക്ക്മെന്റോടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തനം ചെയ്യേണ്ട ആവശ്യകതയുള്ളതായി കാണുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കിയ കൺസൾട്ടന്റായ കിറ്റ്കോയോട് ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടതുള്ളതുകൊണ്ടാണ് പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങാൻ സാധിക്കാത്തത്.

(സി & ഡി) സ്ഥലമെട്ടപ്പ് നടപടികൾ തുടങ്ങാൻ കഴിയാത്തതിനാൽ ഭൂമി ഏറ്റെടുക്കാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ നടപടികൾ വേഗത്തിലാക്കാൻ 21-6-2018-ന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെയും ആർ.ബി.ഡി.സി.കെ., കിറ്റ്കോ ഉദ്യോഗസ്ഥരുടെയും അങ്കമാലി നഗരസഭ അദ്ധ്യക്ഷ, കറുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെയും യോഗം ചേരാൻ തീരുമാനിച്ചിരുന്നെങ്കിലും മാറ്റിവയ്ക്കുകയാണുണ്ടായത്.

(ഇ) അലൈൻമെന്റിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതിനാലും 2018 ആഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് എംബാക്ക്മെന്റോടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തനം ചെയ്യേണ്ട ആവശ്യകതയുള്ളതിനാലും പദ്ധതി രൂപരേഖ തയ്യാറാക്കിയ കൺസൾട്ടന്റായ കിറ്റ്കോയോട് ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകളുടെ നവീകരണം**

43(T* 1199) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെസമയബന്ധിത പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ(കൈ)നം. 74/2017/പൊ.മ.വ. പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ടതും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയതുമായ 4 റോഡുകൾ നാലുവരിപ്പാതയായി നിർമ്മിക്കുന്നതിന്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കാലതാമസം നേരിടുമെന്നതിനാൽ രണ്ട് ഘട്ടമായി (ആദ്യഘട്ടത്തിൽ രണ്ടുവരിപ്പാതയായും അടുത്ത ഘട്ടത്തിൽ നാലുവരിപ്പാതയായും) വികസിപ്പിക്കുന്നതിന് 25-6-2018-ലെ സ.ഉ(കൈ)നമ്പർ 23/2018/പൊ.മ.വ. പ്രകാരവും അംഗീകാരം നൽകുകയുണ്ടായി. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെട്ട 6 റോഡുകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വൈലോങ്ങര-ഓരോടം പാലം ബൈപ്പാസ്**

44(1200) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിലെ വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആക്ഷൻ പ്ലാൻ, ആക്ടിവിറ്റി കലണ്ടർ തുടങ്ങിയ കാര്യങ്ങൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ അലൈൻമെന്റ് പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി ആർ.ബി.ഡി.സി.കെ. കിഫ്ബിക്ക് സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തി കിഫ്ബി അംഗീകരിക്കുകയും അതിൻപ്രകാരം എൽ.എ. റിക്വിസിഷൻ മലപ്പുറം കളക്ടർക്ക് കൊടുക്കുകയും ചെയ്തു. അലൈൻമെന്റിനെ സംബന്ധിച്ച് സമർപ്പിച്ച കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പെറ്റീഷണറുടെ പരാതികളിൽ തീർപ്പുകൽപ്പിക്കാൻ നിർദ്ദേശിക്കുകയും തുടർന്ന് ആർ.ബി.ഡി.സി.കെ. ജനറൽ മാനേജർ (ഇൻ-ചാർജ്ജ്) ഹിയറിംഗ് നടത്തി കക്ഷികൾക്ക് മറുപടി നൽകിയിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കാനുള്ള സാഹചര്യം സംജാതമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതുമാണ്.

സി) നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നടക്കാവ്-ഓലിപ്പുറം സംസ്ഥാനപാത

45(1201) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടക്കാവ് ഓലിപ്പുറം സംസ്ഥാനപാതയിൽ മുളഞ്ഞുരുത്തി - പുളിക്കമാലി ഭാഗത്ത് അപകടകരമായ രീതിയിൽ കുഴികൾ രൂപപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ കാരിക്കോട് സ്കൂളിനുസമീപമുള്ള കുഴിയിൽ വീണ് ഉണ്ടായ ബൈക്ക് അപകടത്തിൽ എൽവിൻ ജയിംസ് എന്നയാൾ മരിക്കുകയും ബൈക്കിന് പിന്നിൽ യാത്രചെയ്ത ആൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവം, റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നതായി കരുതുന്നുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ ടെൻഡർ/ക്വട്ടേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് റോഡ് എത്രയും വേഗം ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത റോഡിൽ കാരിക്കോട് സ്കൂളിന് സമീപമുള്ള കുഴി വൈറ്റ് മിക്സ് മെക്കാഡം ഉപയോഗിച്ച് താൽക്കാലികമായി അടച്ചിരുന്നു. റോഡിലെ വലിയ കുഴികൾ 36 എം.എം. മെറ്റൽ ഉപയോഗിച്ച് അടച്ച് തുടങ്ങി. ടി റോഡിൽ മുളഞ്ഞുരുത്തി മുതൽ പുളിക്കമാലി വരെയുള്ള ഭാഗം ബഡ്ജറ്റ് വർക്കിൽപ്പെടുത്തി റീ-ടാർ ചെയ്യുന്നതിനായി ടെണ്ടർ ചെയ്തിരുന്നു. എന്നാൽ 22-10-2018 തീയതിയിൽ തുറന്ന പ്രസ്തുത ടെണ്ടറിലും 16-11-2018 തീയതിയിലെ റീ-ടെണ്ടറിലും അനുകൂലമായ പ്രതികരണം ലഭിക്കാത്തതിനാൽ ടി വർക്ക് ക്വട്ടേഷൻ അടിസ്ഥാനത്തിൽ അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള സത്വരനടപടികൾ പുരോഗമിക്കുന്നു.

## പാലക്കാട് മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ

46(1202) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലൂടെ മലയോര ഹൈവേ എത്ര കിലോമീറ്റർ ദൂരമാണ് കടന്നുപോകുന്നതെന്നും ഏതെല്ലാം നിയോജക മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും വിശദമാക്കുമോ;

(സി) മലയോര ഹൈവേയുടെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) (1) ഒന്നാം ഘട്ടം - വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് 0/000 മുതൽ 28/500 വരെ വടക്കാഞ്ചേരി തങ്കം ജംഗ്ഷൻ മുതൽ കൊല്ലങ്കോട് വരെ -2 പാലങ്ങൾ ഉൾപ്പെടെ-65 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ടി.എ.ആർ. ലഭ്യമായിട്ടുണ്ട്. 1/3/2018-ന് ടെക്നിക്കൽ ഇൻസ്പെക്ഷൻ ടീം സ്ഥലം സന്ദർശിച്ചു.

(2) കൊല്ലങ്കോട് മുതൽ - കൂട്ടുപാത വരെ 27.900 കി.മീ. - 2nd Reach - ഇതിൽ 37.7 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ടി.എ.ആർ. ലഭ്യമായിട്ടില്ല. നിലവിൽ 12 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമല്ല. സ്ഥലം ഉടമകളുമായി സൗജന്യമായി സ്ഥലം ലഭ്യമാകുന്നതിനുവേണ്ടി ചർച്ച നടത്തിയിട്ടുണ്ട്.

(3) രണ്ടാം ഘട്ടം - കുമരംപുത്തൂർ മുതൽ പൊൻപാറ വരെ 27 കി.മീ., - 3rd Reach-ൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി 4 പാലങ്ങൾക്കുള്ള ഡിസൈൻ ഡ്രിക് ബോർഡിൽനിന്നും ലഭിക്കാനുണ്ട്.

(ബി) 83.4 കി.മീറ്റർ നെന്മാറ, തരൂർ, ആലത്തൂർ, ചിറ്റൂർ, പാലക്കാട്, മലമ്പുഴ, മണ്ണാർക്കാട് എന്നീ നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

(സി) 12 മീറ്റർ വീതിയിൽ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ മാത്രമെ കിഫ്ബിയിൽനിന്നും പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളൂ.

**വൈപ്പിൻ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ**

47(1203) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ

ഏതെല്ലാം പി.ഡബ്ല്യൂ.ഡി. റോഡുകൾക്കാണ് ബജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ റോഡിന് അനുവദിച്ച തുകയും റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

**ചേർത്തല അരൂക്കുറ്റി റോഡ് മേജർ മെയിന്റനൻസ്**

48(1204) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല -അരൂക്കുറ്റി റോഡ് മേജർ മെയിന്റനൻസ് നടത്തിയിട്ട് ഇപ്പോൾ എത്ര വർഷമായി; അരൂക്കുറ്റി മുതൽ പൂച്ചാക്കൽ വരെയുള്ള റോഡിന്റെ മേജർ മെയിന്റനൻസിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ആയതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എന്ന് പുനരുദ്ധാരണം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പൂച്ചാക്കൽ മുതൽ ചേർത്തല വരെയുള്ള റോഡ് ഇപ്രകാരം പുനരുദ്ധരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ന് അനുമതി നല്കും;

(സി) അരൂർ മണ്ഡലത്തിൽ പ്രളയക്കെടുതിയിൽപ്പെട്ട റോഡുകൾ പുനരുദ്ധരിക്കുന്നതിനായി ആകെ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേർത്തല-അരൂക്കുറ്റി റോഡ് മേജർ മെയിന്റനൻസ് നടത്തിയിട്ട് 11 വർഷമായി. ഓടമ്പള്ളി വളവ് മുതൽ അരൂക്കുറ്റി വരെ (16/000 മുതൽ 24/592)-യുള്ള റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. പൂച്ചാക്കൽ മുതൽ ഓടമ്പള്ളി വളവ് വരെ (13/500 മുതൽ 16/000)-യുള്ള ഭാഗത്തിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 190.50 ലക്ഷം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് റോഡ്

49(1205) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തങ്കളം-കാക്കനാട് റോഡ് ch: 22/600 to 24/600 വരെ സ്ഥലം ഏറ്റെടുക്കൽ 30 കോടി രൂപ, 2017-18-ൽ തങ്കളം-കാക്കനാട് ch: 20/000 to 22/600 വരെ സ്ഥലം ഏറ്റെടുക്കൽ 37 കോടി രൂപ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ രണ്ട് പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഏത് ഏജൻസിയേയാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസി ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്നും നിലവിലെ സ്ഥിതിയും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ;

(ഡി) ഇൻവെസ്റ്റിഗേഷൻ നടപടി വേഗത്തിൽ പൂർത്തീകരിച്ച് തുടർനടപടി വേഗത്തിലാക്കി പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) സർവ്വേ ചെയ്ത് കല്ലിടുന്നതിനുള്ള നടപടിക്രമങ്ങൾ നാട്ടുകാർ തടസ്സപ്പെടുത്തിയതിനാൽ ചെയിനേജ് 20/00 മുതൽ 22/00 വരെയുള്ള ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ബാക്കി ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

(ബി) സിനാർജി ആർക്കിടെക്റ്റ് ആന്റ് എഞ്ചിനീയേഴ്സ്, എം.എൻ.ആർ.എ. 162 എ, മാവേലി നഗർ, ചങ്ങമ്പുഴ നഗർ പി.ഒ., കളമശ്ശേരി, കൊച്ചി-682033 എന്ന ഏജൻസിയെയാണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഉണ്ട്. 23-7-2018-ൽ ആരംഭിച്ചു. തർക്കങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. 2019 ജനുവരി 31-നകം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ഡി) ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കുന്നമുറയ്ക്ക് DPR തയ്യാറാക്കി KIIFB-ക്ക് സമർപ്പിച്ച് DPR-ന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ റോഡുകളുടെ പുനർനിർമ്മാണം

50(1206) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി കോമ്പൗണ്ടിലെ റോഡുകൾ തകർന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റോഡുകൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബീച്ച് ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള മാസ്റ്റർപ്ലാൻ ആരോഗ്യവകുപ്പിൽനിന്നും ലഭ്യമാകുമ്പോൾ റോഡുകളുടെ പ്രവൃത്തിയും ചെയ്യുന്നതാണ്.

## ഒറ്റപ്പാലം ബൈപ്പാസ്

51(1207) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും അതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരം 15 മീറ്റർ വീതിയും 1.814 കി.മീ. നീളവുമുള്ള ബൈപ്പാസ് ലക്ഷ്മി തിയേറ്റർ ജംഗ്ഷനിൽനിന്ന് ആരംഭിച്ച് പാലക്കാട് - പൊന്നാനി റോഡിലുള്ള ഈസ്റ്റ് ഒറ്റപ്പാലം ജംഗ്ഷനിൽ അവസാനിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) 3-5-2018-ലെ സ.ഉ(സാധാ)നം. 792/2018/പൊ.മ.വ. പ്രകാരം 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഒറ്റപ്പാലം ബൈപ്പാസിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ നിയമിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ) 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

52(1208) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ വിശദാംശവും അതിനനുവദിച്ച തുകയും പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ആകെ 822 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെയും ബഡ്ജറ്റ് പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## വാണിയംകുളം-വല്ലപ്പുഴ റോഡ് നവീകരണം

53(1209) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-വല്ലപ്പുഴ റോഡ് നവീകരണത്തിനായി കേന്ദ്ര റോഡ് ഫണ്ട് (സി.ആർ.എഫ്) അനുവദിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയാങ്കുളം - വല്ലപ്പുഴ റോഡ് നവീകരണത്തിനായി കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കും സാമ്പത്തിക അനുമതിക്കും വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**എറണാകുളത്തെ തമ്മനം-പുല്ലേപ്പടി റോഡ്**

54(T* 1210) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം എം. ജി. റോഡിൽ തുടങ്ങി പുല്ലേപ്പടി-തമ്മനം-ബൈപ്പാസ്-ചക്കരപ്പറമ്പ്-അറക്കക്കടവ്-പാലച്ചുവട്-ഇതിയൂർ-ചിറ്റേറ്റുകര സീപോർട്ട് എയർപോർട്ട് റോഡ് ക്രോസ്സ് ചെയ്ത്-ഇൻഫോപാർക്ക് റോഡ് വഴി ഇടച്ചിറ വഴി എച്ച്.എം.റ്റി, മെഡിക്കൽ കോളേജ് റോഡിൽ എത്തിച്ചേരാൻ കഴിയുന്ന റോഡിന് സ്ഥലം ഏറ്റെടുക്കാൻ വേണ്ടി അനുവദിച്ച 300 കോടി രൂപ ഈ സാമ്പത്തികവർഷം തന്നെ ഉപയോഗപ്പെടുത്താൻ കർശന നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തമ്മനം പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്റ്റ്സ് (DFIP)-ൽ ഉൾപ്പെടുത്തി 300 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഈ ഉത്തരവിനെത്തുടർന്ന് ഇതുസംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുകയും അലൈൻമെന്റിന് 15-12-2016-ൽ അനുമതി നൽകുകയും ചെയ്തു. തുടർന്ന് കിഫ്ബിയിൽ ഉൾപ്പെടുത്തി 10.00 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. സ്ഥലം കോർപ്പറേഷൻ കൈമാറിയിട്ടില്ല. ഈ റോഡിന്റെ വികസനത്തിനായി ഏകദേശം 4.0163 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. 1.1934 ഹെക്ടർ ഭൂമി ഫ്രീ സറണ്ടറായി ലഭിച്ചിട്ടുണ്ട്. എങ്കിലും ഫ്രീ സറണ്ടർ ഭൂമി Single Stretch അല്ലാത്തതിനാൽ മുഴുവനായി അക്വിസിഷൻ നടത്തിയാൽ മാത്രമെ ടി റോഡ് വികസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മാത്രവുമല്ല കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ള ടി റോഡ് നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. കൈമാറി കിട്ടിയാൽ മാത്രമെ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡ്

55(1211) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ-തൃശ്ശൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്- കണ്ണോത്ത്-പുല്ല റോഡിൽ അവശേഷിക്കുന്ന 3 .5 കി. മീറ്റർ ടാർ ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭാഗം (6/500 മുതൽ 10/000 വരെ)ടാർ ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ റോഡിൽ അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന്റെ അവശേഷിക്കുന്ന 3.50 കി.മീറ്റർ ടാർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുമതി നൽകുന്നതാണ്.

## രാമനാട്ടുകര-മീഞ്ചന്ത പഴയ നാഷണൽ ഹൈവേ

56(1212) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര-തൊണ്ടയാട് ബൈപ്പാസ് നിലവിൽ വന്നശേഷം രാമനാട്ടുകരയിൽനിന്നും മീഞ്ചന്ത വരെയുള്ള പഴയ നാഷണൽ ഹൈവേ നാഷണൽ ഹൈവേ അല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേയായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആക്കി മാറ്റാത്തതു കാരണം മരാമത്ത് പ്രവൃത്തികൾ നടക്കാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പി.ഡബ്ല്യു.ഡി. ദേശീയപാതാ വിഭാഗം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിലവിൽ പ്രസ്തുത റോഡിന്റെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്.

### വടക്കഞ്ചേരി-പൊള്ളാച്ചി പാത

57(1213) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി-പൊള്ളാച്ചി സംസ്ഥാന പാതയെ ദേശിയ പാതയായി ഉയർത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ദേശീയ പാതയായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വടക്കഞ്ചേരി-പൊള്ളാച്ചി സംസ്ഥാന പാതയെ ദേശീയപാതയായി ഉയർത്തുന്നതിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം കത്ത് നമ്പർ NH-14014/80/2015-P&M, dated 24-3-2018 പ്രകാരം സാധ്യത പഠനത്തിന്റെയും വിശദമായ പദ്ധതി രൂപരേഖയുടെയും പരിണിതഫലത്തിന് വിധേയമായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് M/s KITCO Ltd., Kochi എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്.

### പ്രളയത്തിൽ തകർന്ന ദേവികുളം നിയോജകമണ്ഡലത്തിലെ റോഡുകൾ

58(1214) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ തകർന്നതായി കണക്കാക്കിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇപ്രകാരം തകർന്ന റോഡുകൾ ശരിയാക്കുന്നതിന് അനുവദിച്ച തുകയും തുകയുടെ വിനിയോഗവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രളയത്തിൽ തകർന്നതായി കണക്കാക്കിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി SLTF ഇനത്തിൽ 845 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് റോഡിലെ കുഴികൾ അടയ്ക്കാനും സംരക്ഷണഭിത്തി നിർമ്മിക്കാനും തകർന്ന പെരിയവാര പാലത്തിന്റെ ഡീവിയേഷൻ റോഡ് നിർമ്മിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ ഹെഡ്ഡിൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ സർക്കാരിന്റെ പരിഗണനയിലാണ്.

## പ്രളയത്തിൽ തകർന്ന കരുനാഗപ്പള്ളിയിലെ റോഡുകൾ

59(1215) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ വിശദീകരിക്കുമോ;

(സി) പ്രളയാനന്തര റോഡ് പുനർനിർമ്മാണ പാക്കേജ് തയാറാക്കിയിട്ടുണ്ടോ; ഇതിൽ കരുനാഗപ്പള്ളി താലൂക്കിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ 87.475 കി.മീ. ദൂരം പൊതുമരാമത്ത് വകുപ്പ് റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത റോഡുകളിൽ 12.751 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളുടെ നവീകരണത്തിനായി സ്പെഷ്യൽ സാങ്ഷനിൽനിന്നും 200 ലക്ഷവും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എസ്.എൽ.റ്റി.എഫ്-ൽനിന്നും ആകെ 74.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* (ആകെ 274.50 ലക്ഷം)*

## കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ

60(1216) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം സബ്‌രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുറ്റിപ്പുറം സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം ടെണ്ടർ ചെയ്തിരുന്നു. ആയതിന് ടെണ്ടർ കമ്മിറ്റിയിൽനിന്നും അംഗീകാരം കിട്ടുകയും കരാറുകാരന് 21-11-2018-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 5-12-2018-നുള്ളിൽ എഗ്രിമെന്റ് വച്ച്, കിഫ്ബിയുടെ ഗൈഡ് ലൈൻസ് അനുസരിച്ച്സമയബന്ധിതമായി 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## അങ്ങാടിപ്പുറം റെയിൽവേ ഓവർബ്രിഡ്ജിന്റെ ശോചനീയാവസ്ഥ

61(1217) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ അങ്ങാടിപ്പുറം റെയിൽവേ ഓവർബ്രിഡ്ജിന്റെ ഉപരിതലം നിമ്നോന്നതമായിക്കി ടക്കുന്നതുമൂലവും പാലത്തിന്റെ അപ്രോച്ച് റോഡ് പതിവായി പൊട്ടിപ്പൊളിയാറുള്ളതുമൂലവും ഇതുവഴിയുള്ള യാത്ര പലപ്പോഴും ദുഷ്കരമാവുകയും ദീർഘനേരം ഗതാഗതക്കുരുക്കിനിടയാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോപ്പറേഷൻ യഥാസമയം നടപടി സ്വീകരിയ്ക്കാറില്ലായെന്നതാണ് ഈ ശോചനീയാവസ്ഥയ്ക്ക് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് കഴിഞ്ഞ ആറ് മാസത്തിനിടയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന് ശേഷവും ഈ ശോചനീയാവസ്ഥ തുടരുന്നതിന്റെ കാരണമെന്താണ്; വ്യക്തമാക്കുമോ;

(ഡി) ഈ പാലത്തിന്റെ ഉപരിതലവും അപ്രോച്ച് റോഡും ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പാലത്തിന്റെ ടാറിംഗിൽ രൂപപ്പെടുന്ന ഉയർച്ചതാഴ്ചകൾ യഥാസമയം നീക്കം ചെയ്യാറുണ്ട്.

(സി&ഡി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി കരാറുകാരന്റെ സ്വന്തം ചെലവിൽ പാലത്തിന്റെ നിർമ്മാണ കരാറുകാരായ ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനിക്ക് നിലവിലുള്ള ടാറിംഗ് നീക്കം ചെയ്ത് പുതിയ ടാറിംഗ് ചെയ്യുന്നതിന് ആർ.ബി.ഡി.സി.കെ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മഴയ്ക്കുശേഷം മാത്രമെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കിറ്റ്കോ മുഖേന കരാറുകാരൻ അറിയിക്കുകയുണ്ടായി. നിലവിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ട്രാഫിക് ഡൈവേർഷൻ പ്ലാൻ അംഗീകാരത്തിനായി കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ എസ്.എൻ.ജംഗ്ഷൻ - പൂത്തോട്ട റോഡിന്റെ വികസന പ്രവർത്തനം

62(1218) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ എസ്.എൻ. ജംഗ്ഷൻ - പൂത്തോട്ട റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയ്ക്ക് സമർപ്പിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) എസ്.എൻ. ജംഗ്ഷൻ - പൂന്തോട്ട റോഡിന്റെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും മണ്ണ് പരിശോധനയും പുരോഗമിക്കുന്നു. റോഡ് വീതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പണി ഉടനെ ആരംഭിക്കുന്നതാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകൾ**

63(1219) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളായ കുന്നുവഴി ചെമ്പറയ്ക്ക് റോഡ്, ചെമ്പറയ്ക്ക് പൂക്കാട്ടുപടി റോഡ് എന്നീ റോഡുകൾ ബി.എം.& ബി.സി. ടാറിംഗ് നിലവാരത്തിൽ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കുന്നുവഴി കിഴക്കമ്പലം റോഡ് (കുന്നുവഴി ചെമ്പറക്കി) ചെയിനേജ് 0/000 മുതൽ 3/250 വരെ ബി.എം. & ബി.സി. പ്രവൃത്തികൾ ചെയ്യാനായി 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചെമ്പറക്കി പൂക്കാട്ടുപടി റോഡിൽ 0/000 മുതൽ 4/000 വരെ ചെയിനേജിൽ ബി.എം. & ബി.സി. പ്രവൃത്തികൾക്കായി Flood 2018-19-ൽ 2.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതേ റോഡിന്റെ ചെയിനേജ് 4/000 മുതൽ 5/270 വരെയുള്ള ഭാഗം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 99 ലക്ഷം രൂപയ്ക്ക് ബി.എം. & ബി.സി. പ്രവൃത്തികൾ ചെയ്യാൻ ഭരണാനുമതി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

**കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാതയുടെ പുനരുദ്ധാരണം**

64(1220) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയായ കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡിലെ തൃശ്ശൂർ മുതൽ അത്താണി വരെയുള്ള ഭാഗം ബി.എം.ബി.സി മോഡൽ ടാറിംഗ് നടത്തുന്നതിന് സാങ്കേതിതാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ റോഡിലെ പാർളിക്കാട് മുതൽ റെയിൽവേ സ്റ്റേഷൻ വരെയുള്ള ഭാഗം റീടാറിംഗ് നടത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ റോഡിലെ റെയിൽവേ സ്റ്റേഷൻ മുതൽ അകമല വരെയുള്ള ഭാഗം ബി.എം.ബി.സി മാതൃകയിൽ ടാറിംഗ് നടത്തുന്നതിന് തുക അനുവദിക്കുന്ന കാര്യം ഈ സാമ്പത്തിക വർഷം പരിഗണിക്കുമോ;

(ഡി) ഈ റോഡിലെ വടക്കാഞ്ചേരി ടൗണിലെ പഴയ ഇരുമ്പുപാലം പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് തുക അനുവദിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. പാർളിക്കാട് മുതൽ റെയിവേസ്റ്റേഷൻ വരെയുള്ള ഭാഗം റീ-ടാറിംഗ് നടത്തുന്നതിനുവേണ്ടി ഡെപ്പോസിറ്റ് തുക ഉപയോഗിച്ച് ബി.സി. ഓവർലേ ചെയ്യുന്നതിന് 28-11-2018-ലെ സ.ഉ.(സാധാ)നമ്പർ 1846/2018/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ മുതൽ പരുത്തിക്കാട് വരെയുള്ള ഭാഗം ബി.എം. & ബി.സി. ചെയ്യുന്നതിനുവേണ്ടി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ കേടുപാട് സംഭവിച്ച കെട്ടിടങ്ങളും റോഡുകളും

65(1221) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പ്രളയത്തിൽ പെരിന്തൽമണ്ണ മണ്ഡലത്തിൽ എത്ര സർക്കാർ കെട്ടിടങ്ങൾക്കും പൊതുമരാമത്ത് റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്; സാരമായ കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളുടെയും റോഡുകളുടെയും പട്ടിക ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം കേടുപാടുണ്ടായ കെട്ടിടങ്ങളും റോഡുകളും പുതുക്കി പണിയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ വർഷത്തെ പ്രളയത്തിൽ പെരിന്തൽമണ്ണ മണ്ഡലത്തിൽ 14 റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ടി മണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടില്ല.

(ബി) കേടുപാടുകൾ സംഭവിച്ച റോഡുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആനമങ്ങാട്-ചെറുകര റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പെരുമ്പിലാവ്-നിലമ്പൂർ റോഡ് പ്രവൃത്തി അടിയന്തരമായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരികയാണ്.

പെരിന്തൽമണ്ണ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 966-ന്റെ ഉപരിതലത്തിൽ പ്രളയംമൂലമുണ്ടായ കേടുപാടുകൾ പരിഹരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

**കുണ്ടന്നൂർ ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

66(1222) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടന്നൂർ ഫ്ളൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ ;

(ബി) എന്നത്തേക്ക് ഈ നിർമ്മാണം പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എൻ.എച്ച്.-66-ലുള്ള കുണ്ടന്നൂർ ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി 88.77 കോടി രൂപയുടെ ഭരണാനുമതി 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 1059/2017/പൊ.മ.വ. പ്രകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച M/s മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി 74.45 കോടി രൂപയ്ക്ക് പദ്ധതിയുടെ നിർമ്മാണത്തിന് കരാർ ഏറ്റെടുത്തിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ആരംഭിച്ച നിർമ്മാണ പ്രവൃത്തി 24 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആറുവരിപ്പാതയോടുകൂടി 750 മീറ്റർ നീളത്തിലും 24.1 മീറ്റർ വീതിയിലുമാണ് ഫ്ലൈഓവർ വിഭാവനം ചെയ്തിട്ടുള്ളത്. മേൽപ്പാലത്തിന് ഇരുവശത്തും സർവ്വീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. എസ്.പി.വി. (SPV) ആയി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നത് പി.ഡബ്ല്യു.ഡി. നാഷണൽ ഹൈവേ വിഭാഗമാണ്. വൈറ്റില ഭാഗത്തുള്ള സർവ്വീസ് റോഡിലൂടെ വാഹനങ്ങൾ കടത്തിവിട്ടുകൊണ്ട് പൈലുകളുടെ നിർമ്മാണം നടത്തിവരുന്നു. 30 മീറ്റർ നീളത്തിൽ 15 സ്പാനുകളുള്ള ഫ്ലൈഓവറിന്റെ ആകെയുള്ള 196 പൈലുകളിൽ 105 പൈലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 30 പൈൽ ക്യാപ്പുകളിൽ 12 എണ്ണത്തിന്റെ നിർമ്മാണവും 32 പിയറുകളിൽ 13 എണ്ണത്തിന്റെ നിർമ്മാണവും 16 പിയർ ക്യാപ്പുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ആരൂർ ഭാഗത്ത് വലതുവശത്തുള്ള സ്ലിപ് റോഡിന്റെ നിർമ്മാണം ഏകദേശം 65 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിയുടെ 28 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മാർച്ച് 2020-ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## കുമ്പിച്ചൽകടവ്, കുടുവീട്ടുകടവ് പാലങ്ങളുടെ നിർമ്മാണം

67(1223) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബിവഴി നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതുമായ കുമ്പിച്ചൽകടവ്, കുടുവീട്ടുകടവ് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണ്; ഇനി പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സ്വീകരിക്കേണ്ട തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും; ആയതിലേക്കായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച്സമയ സംബന്ധിതമായി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ലെ കിഫ്ബി പദ്ധതികളായ കുമ്പിച്ചൽകടവ് പാലത്തിനും കുടുവീട്ടുകടവ് പാലത്തിനും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

കുമ്പിച്ചൽകടവ് പാലം ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള നെയ്യാർ റിസർവോയറിന് കുറുകെയാണ് നിർമ്മിക്കേണ്ടത്. ഇത് Wild Life Sanctuary-യുടെ ഭാഗമായതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് വനം- വന്യജീവി വകുപ്പിൽനിന്നുമുള്ള ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ചെയർമാനായുള്ള State Wild Life Board-ന്റെ യോഗം 12-11-2018-ൽ ചേരുകയും തുടർനടപടികൾ നടന്നുവരികയുമാണ്. ടി പദ്ധതിക്ക് ഇറിഗേഷൻ വകുപ്പിന്റെയും Kerala Dam Safety Authority-യുടെയും അംഗീകാരം ലഭിച്ചുകഴിഞ്ഞു. വനം-വന്യജീവി വകുപ്പിന്റെ അനുമതിയുംകൂടി ലഭ്യമായാൽ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും.

കുടുവീട്ടിൽക്കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ടെണ്ടർ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) ടി പദ്ധതികൾ ആരംഭിക്കുന്നതിനുംസമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പേട്ട-തൃപ്പൂണിത്തുറ പാലം**

68(1224) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ പേട്ടയേയും തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പാലം ആധുനിക രീതിയിൽ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) MoRTH (Ministry of Road and Transport Highways)-ൽ

നിന്നുള്ള നിർദ്ദേശപ്രകാരം TPF Engineers എന്ന Team ദേശീയപാതയുടെ കീഴിലുള്ള വിവിധ പാലങ്ങളുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പേട്ട പാലം അപകടാവസ്ഥയിലാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ പാലം പുതുക്കി പണിയുന്നതിന് നിലവിൽ പദ്ധതികളില്ല.

**വക്കം-കായിക്കര കടവ് പാലം നിർമ്മാണം**

69(1225) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം-കായിക്കര കടവ് പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം-കായിക്കര കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പാലത്തിനുള്ള ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൻപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടുവരികയും ജി.ഒ.(ആർ.റ്റി)നമ്പർ 942/2017/പൊമവ, തീയതി 10-7-2017 പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി വർക്കിനുള്ള ഡി.പി.ആർ. പൂർത്തിയായതിനുശേഷം കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

**വടവന്നൂർ പാലം പുനർനിർമ്മാണം**

70(1226) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടികയിൽപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടികയിലുൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലത്തിന്റെ 499.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ 12-09-2018-ലെ CE/R&B/KNR/ 2017/3799/PRICE നമ്പർ കത്തുപ്രകാരം ഭരണാനുമതിക്കായി ഗവൺമെന്റിൽ ലഭ്യമാക്കുകയും വിശദമായ പരിശോധനയ്ക്കുശേഷം ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ടി പ്രവൃത്തി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള 1000 കോടി രൂപയുടെ പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങളുടെ പുനർനിർമ്മാണം

71(1227) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിനോടനുബന്ധിച്ചുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലവും കണ്ണിയംപുറം പാലവും കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 31-10-2016-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1496/2016/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവുപ്രകാരം ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെയും കണ്ണിയംപുറം പാലത്തിന്റെയും നിർമ്മാണത്തിന് കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുകൂടാതെ 26-04-2018-ലെ ജി.ഒ.(ആർ.ടി.)നമ്പർ 766/2018/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവുപ്രകാരം കണ്ണിയംപുറം പാലത്തിന്റെ സമാന്തര പാലത്തിന് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ (ബ്രിഡ്ജസ്) ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

## തുരുത്തി-കരിയാട് പാലം നിർമ്മാണം

72(1228) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016-17-ൽ കിഫ്ബി അംഗീകാരം നൽകിയ തുരുത്തി-കരിയാട് പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഇതിന്റെ ഡിസൈൻ പൂർത്തികരിച്ചിട്ടുണ്ടോ ;

(സി) പാലം പണി ആരംഭിക്കാൻ നേരിടുന്ന പ്രയാസങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിക്കുവേണ്ടി ലഭിച്ച 1230 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻതന്നെ കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിക്കുവേണ്ടി ലഭിച്ച 1230 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻതന്നെ കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽനിന്നും അംഗീകാരം കിട്ടുന്നമുറയ്ക്ക് സാങ്കേതികാനുമതിക്ക് സമർപ്പിക്കുന്നതിനും അത് ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാനും കഴിയും.

## മൂഴാപ്പാലം ബ്രിഡ്ജ് പുനർനിർമ്മാണം

73(1229) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൂഴാപ്പാലം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ഡി 1/258/2018 നമ്പർ ഫയലിൽ പുതിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ മൂഴാപ്പാലം ബ്രിഡ്ജ് പുനർനിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് (20-10-2018-ലെ സി.ഇ./ആർ&ബി/ജി.എൽ-ബ്രിഡ്ജസ്/18-19 കത്ത് പ്രകാരം) പുനർനിർമ്മിക്കേണ്ട 9 പാലങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം സർക്കാരിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.പ്രസ്തുത പ്രൊപ്പോസൽ Major Infrastructure Development Projects കൾക്കുവേണ്ടിയുള്ള High Power Committee-യുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

**പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണം**

74(T*1230) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലെത്തിയ പെരുമ്പുഴ കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പുനർനിർമ്മാണത്തിനുണ്ടായ കാലതാമസത്തിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാകാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനായി 350 ലക്ഷം രൂപയുടെ ഭരണാനുമതി 2015-ൽ നൽകിയിരുന്നു. എന്നാൽ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തുക 395 ലക്ഷം രൂപ ആയതിനാലും 23-3-2017-ൽ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാലും പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൈറ്റ്

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സന്ദർശനത്തിൽ നടത്തിയ ചില നിരീക്ഷണങ്ങൾക്ക് വിധേയമായി ഡിസൈനിൽ ഭേദഗതികൾ വരുത്തേണ്ടിവന്നതിനാൽ വീണ്ടും ഐ.ഡി.ആർ.ബി. ഡിസൈൻ രൂപകല്പന നടത്തുകയും പൂർണ്ണമായും ലാന്റ് സ്പാനായ ഡിസൈൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി പുതുക്കി നൽകുന്നതിന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം**

75(1231) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിൽ കൂവള്ളൂർ-പൈമറ്റം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂവള്ളൂർ മണിക്കിണർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇലക്ഷൻ പെരുമാറ്റ ചട്ടത്തിന്റെ ഭാഗമായി താല്ക്കാലികമായി തീർപ്പാക്കിയ 365/D1/PWD/16 എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 2018-19 വർഷത്തെ ബജറ്റിൽ 14 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബജറ്റ് പ്രൊപ്പോസലിൽ ഭരണാനുമതി ലഭ്യമാക്കി പാലം നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പി.ഡബ്ല്യു.ഡി.1/365/പി.ഡബ്ല്യു.ഡി./2016 നമ്പർ ഫയലിൽ കൈകാര്യം ചെയ്തിരുന്ന കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ 2016-ൽ ഇലക്ഷൻ പെരുമാറ്റ ചട്ടത്തിന്റെ ഭാഗമായി താൽക്കാലികമായി തീർപ്പാക്കുകയും ആവശ്യമെങ്കിൽ പിന്നീട് പ്രൊപ്പോസൽ നൽകാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പുതുതായി പ്രൊപ്പോസൽ ഒന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. 2011-12 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) അതിനോടനുബന്ധിച്ച് Order No. CE/R&B/G1/Invest/9891/14 dated 12-9-2014 പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തുകയും 7-8-2015-ൽ പ്രാഥമിക ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) ഈ പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ 2018-19 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ Vol II Sl. No. 819 Page No.32 പ്രകാരം 14 കോടി രൂപ അടങ്കൽ തുകയായും 100 രൂപ 2018-19 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായും ഉൾപ്പെടുത്തിയിട്ടുണ്ട്.

## മുള്ളറവിള-ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണം

76(1232) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലേക്ക് 2016-17 പൊതുബജറ്റിൽ അനുവദിച്ച മുള്ളറവിള-ആയയിൽ പാലം, കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തികരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2019-മാർച്ചിന് മുൻപ് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ 2016-17 കിഫ്ബി പദ്ധതിയായ ആയയിൽ മുള്ളറവിള പാലത്തിനുള്ള റിവൈസ്ഡ് ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

കന്നിപ്പുറം പാലത്തിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചു. ടി പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) ടി പദ്ധതികളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. ഇതുമായി

ബന്ധപ്പെട്ട നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. കൂടാതെ കന്നിപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ കോടതിയുടെ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലം

77(1233) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ-കുണ്ടന്നൂർ സമാന്തരപാലം പണി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;

(ബി) ഈ പണിസമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗം തീരുമാനമെടുത്തിരുന്നോ;

(സി) ആ തീരുമാനപ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പാലത്തിന്റെ അപ്രോച്ച് റോഡ് പൂർത്തിയാക്കുന്നതിലേക്കായി ജെ.എൻ.എൻ.യു.ആർ.എം.-ന്റെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക ഒടുക്കുന്നതിനുള്ള കാലതാമസം എന്തെന്ന് അറിയിക്കുമോ;

(ഇ) ഇതു സംബന്ധിച്ച ചീഫ് എഞ്ചിനീയറുടെ കത്തെന്ന് സെക്രട്ടേറിയറ്റിലെ പൊതുമരാമത്ത് വിഭാഗത്തിന് ലഭിച്ചു എന്നും അതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തായി എന്നും തീയതി സഹിതം അറിയിക്കുമോ;

(എഫ്) അടിയന്തിരമായി ഈ തുക ഒടുക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ എന്നത്തേക്ക് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കുണ്ടന്നൂർ ഭാഗത്ത് അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടെ സമീപത്തായി ജനറം കുടിവെള്ള പൈപ്പിന്റെ ചോർച്ചമൂലം പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

(ബി) തീരുമാനം എടുത്തിരുന്നു.

(സി-ഇ) കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് ലഭിക്കുന്നതിനുവേണ്ടി കേരള ജല അതോറിറ്റി നൽകിയ 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസലും തുടർനടപടികൾക്കായി ചീഫ് എഞ്ചിനീയറുടെ 14-8-2018-ലെ എഫ്.ആർ.5/9673/2018 നമ്പർ കത്തുപ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പി.ഡബ്ല്യു.ഡി.ഡി1/ 593/2018-പി.ഡബ്ല്യു.ഡി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി ഒരു കോടി രൂപയുടെള്ള എസ്റ്റിമേറ്റാണ് കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടുള്ളത്.

എസ്റ്റിമേറ്റിന്റെ പകർപ്പ് 22-11-2018-ലെ കത്തുപ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) പരിശോധനകൾക്കുശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

**പേരണ്ടൂർ-വടുതല പാലത്തിന്റെ നിർമ്മാണം**

78(1234) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് മാസത്തിൽ 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ള പേരണ്ടൂർ-വടുതല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; അറിയിക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനായി കെട്ടിവെക്കേണ്ട മുപ്പതുശതമാനം തുക കെട്ടിവെച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കെട്ടിവെക്കുന്നതിൽ നേരിടുന്ന കാലതാമസം വ്യക്തമാക്കാമോ;

(ഇ) അംഗീകാരം ലഭിച്ച അലൈൻമെന്റിന്റെയും ഡിസൈനിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൂർത്തീകരിച്ചിട്ടില്ല.

(സി) ചേരാനല്ലൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽനിന്നും ഒരേക്കർ 23 സെന്റും ഇടപ്പള്ളി സൗത്ത് വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽനിന്നും 56 സെന്റും ഉൾപ്പെടെ മൊത്തം ഒരേക്കർ 79 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി മുപ്പത് ശതമാനം തുക മുൻകൂറായി കെട്ടിവയ്ക്കാറില്ല.

(ഇ) പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## ചെർക്കാരം പാലം നിർമ്മാണം

79(1235) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ ചെർക്കാരം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ ചെർക്കാരം പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ 29-5-2018-ന് CE/R&B/2018/1993/PRICE നമ്പർ കത്തുപ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കാലവർഷക്കെടുതി പുനർ നിർമ്മാണ പ്രവൃത്തികളിൽ ഒന്നായി മേൽ പ്രവൃത്തി പരിഗണിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് 19-9-2018-ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പെരുമ്പയിലെ പുതിയ പാലം നിർമ്മാണം

80(1236) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബജറ്റിൽ (പേജ് നമ്പർ -785) തുക വകയിരുത്തിയ, ദേശീയ പാതയേയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പയിലെ പുതിയ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ദേശീയ പാതയേയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പയിലെ പുതിയ പാലം നിർമ്മാണത്തിന് ദേശീയ പാതകളുടെ നവീകരണത്തിനും സ്ട്രെങ്ത്തനിംഗിനുമായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്ന വാർഷിക പദ്ധതി 2018-19-ന്റെ രണ്ടാംഘട്ടത്തിൽ (Annual Plan 2018-19 Phase II)15 കോടി രൂപ എസ്റ്റിമേറ്റ് തുകയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് സാങ്കേതികാനുമതി നേടുന്നതായിരിക്കും.

**കളിയാമ്പള്ളി പാലം**

81(T*1237) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ പ്രധാന റോഡായ മുട്ടുങ്ങൾ -നാദാപുരം റോഡ് വീതികൂട്ടുന്ന പ്രവൃത്തി പുരോഗമിക്കുമ്പോൾ, വടകര-മാഹി ജലപാതയുടെ കുറുകെ പോകുന്നതും വീതി കുറഞ്ഞതും കാലപ്പഴക്കം സംഭവിച്ചതുമായ കളിയാമ്പള്ളി പാലം പുതുക്കി പണിയാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കളിയാമ്പള്ളി പാലം പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കുമ്മല്ലൂർ പാലം നിർമ്മാണം**

82(1238) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട കുമ്മല്ലൂർ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കോവിൽക്കടവ്-കുലശേഖരം, പുന്നാവൂർ പാലങ്ങളുടെ നിർമ്മാണം

83(1239) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കോവിൽക്കടവ്- കുലശേഖരം പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുൾപ്പെടെയുള്ള തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ വിശദമാക്കുമോ; പാലത്തിന്റെ പുനർനിർമ്മാണം എന്ന് ആരംഭിക്കാനാകും; ഇതിനായുള്ള തുടർനടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) കാട്ടാക്കട-വട്ടിയൂർക്കാവ് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോവിൽക്കടവ്-കുലശേഖരം പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ G.O.(Rt)No.313/2013/PWD dated 2-3-2013 പ്രകാരം 1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ 90 ശതമാനവും പൂർത്തീകരിക്കപ്പെട്ടു. ആയതിനാൽ ടി പദ്ധതിക്കുള്ള സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. 1894-ലെ എൽ.എ. ആക്ട് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഡിനോവ ആയ സാഹചര്യത്തിൽ പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട SIA Study നടത്തുന്നതിനുള്ള കണ്ടിജൻസി ചാർജ് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് കൈമാറി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്.

## ഒതുക്കുങ്ങൽ-പറപ്പൂർ തൂക്കുപാലം

84(1240) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ, പറപ്പൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന തൂക്കുപാലം പ്രളയത്തിൽ ഗുരുതരമായ കേടുപാടുകൾ സംഭവിച്ച് ഉപയോഗ്യശൂന്യമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണം പൂർത്തിയാക്കിയതെന്നാണെന്നും കരാർ പ്രകാരം നിർവ്വഹണ ഏജൻസി ആരായിരുന്നുവെന്നും വാറന്റി കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കുമോ ;

(സി) വാറന്റി കാലാവധി നിലവിൽ അവസാനിച്ചിട്ടില്ലെങ്കിൽ കേടുപാടുകൾ തീർത്തുതരുന്നതിന് ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തി 11-10-2015-ലാണ് പൂർത്തിയായത്. മെസ്സേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, തൃശ്ശൂർ ആണ് ഏജൻസി. ഇതിന്റെ വാറണ്ടി കാലാവധി 3 വർഷമാണ്. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## കരമന-കളിയിക്കാവിള ആറുവരിപ്പാത നിർമ്മാണം

85(1241) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന -കളിയിക്കാവിള പാത വികസനത്തിന്റെ ഭാഗമായുള്ള പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള ആറുവരി പാത നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും നിശ്ചയിച്ചതിനേക്കാൾ അധികമായി എത്രകോടി രൂപയ്ക്കാണ് ടെൻഡർ നൽകിയതെന്നും അറിയിക്കുമോ;

(സി) നേരത്തെ കരാർ എടുത്ത കമ്പനി എസ്റ്റിമേറ്റ് തുക ഉയർത്തി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എത്ര കോടി രൂപ നൽകണമെന്നാണ് കമ്പനി ആവശ്യപ്പെട്ടത്; അറിയിക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പ്രാവച്ചമ്പലം വരെയുള്ള പണികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങളിൽ കഴിഞ്ഞ രണ്ടരവർഷമായി ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ മാറ്റി അടിയന്തരമായി പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഭാഗമായുള്ള പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾക്കായുള്ള റീ-ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രോജക്ട് ഡയറക്ടർ, പി.എം.യു., കെ.ആർ.എഫ്.ബി.-യുടെ ഓഫീസിലാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തുന്നത്. ഈ പ്രവൃത്തി റീടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് തുകയെക്കാൾ 14.89% അധിക തുകയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ആയതിൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച തുക ഇതിനേക്കാൾ കുറവായതിനാൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ സമ്മതമല്ല എന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കാനുള്ള നടപടി കെ.ആർ.എഫ്.ബി. പ്രോജക്ട് മാനേജ്മെന്റ് വിഭാഗം സ്വീകരിച്ചുവരുന്നു.

(ബി) റീ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. 3 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ്. എസ്റ്റിമേറ്റ് തുകയെക്കാൾ 14.89% അധിക തുകയായ 114,53,28,538 രൂപയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തിക്ക് നേരത്തെ കരാർ എടുത്ത കമ്പനി എസ്റ്റിമേറ്റ് തുക ഉയർത്തി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഡീസൽ, പെട്രോൾ, ടാർ തുടങ്ങിയവയിലുണ്ടായ വിലവർദ്ധനവ് കാരണം നേരത്തെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനി ആ തുകയിൽ പ്രവൃത്തി ചെയ്യാൻ സാധ്യമല്ലെന്ന് അറിയിച്ചുകൊണ്ട് കരാർ വയ്ക്കാതെ പിന്മാറുകയായിരുന്നു.

(ഡി) അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറം ഫ്ലൈഓവർ നിർമ്മാണം

86(1242) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേതല ചെത്തുപാലം വരെ ദേശീയപാതയിൽ നിർമ്മിക്കുന്ന മലപ്പുറം ഫ്ലൈഓവർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ എസ്.പി.വി.-യായ ആർ.ബി.ഡി.സി.കെ. പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ നിരാക്ഷേപപത്രത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ഫ്ലൈഓവർ നിർമ്മാണം കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി 10-7-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ942/2017/പി.ഡബ്ല്യു.ഡി. ഉത്തരവുപ്രകാരം ഇൻ പ്രിൻസിപ്പിൾ എ.എസ്. നൽകി എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായ EI Technologies Pvt. Ltd-നെ ഏൽപ്പിച്ചിട്ടുള്ളതാണ്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഏജൻസി 7-8-2018-ന് കോൺസപ്റ്റ് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ട്രാഫിക് ടോപ്പോഗ്രാഫിക് സർവ്വേകൾ പൂർത്തിയാക്കി 11-10-2018-ന് അലൈൻമെന്റ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്.

(സി) ഇല്ല.

**ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ്**

87(1243) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ, ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ് നിർമ്മാണം മാസങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാതെ അപകടാവസ്ഥയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ നടന്നുവരുന്ന വെഹിക്കുലാർ അണ്ടർ പാസ്സേജ് നിർമ്മാണത്തിന്റെ വേഗത കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയപാത അതോറിറ്റിയാണ്. സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ല. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി ആവശ്യപ്പെട്ടതനുസരിച്ച് ദേശീയപാത അതോറിറ്റിയുടെ ഉദ്യോഗസ്ഥരെയും കരാർ കമ്പനിയെയും വിളിച്ചുചേർത്ത് പ്രവൃത്തി വേഗത്തിൽ തീർക്കണമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇപ്പോൾ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബന്ധപ്പെട്ട നിർമ്മാണ കമ്പനി അണ്ടർ പാസ്സേജിന്റെ നിർമ്മാണത്തിനായുള്ള പരിഷ്കരിച്ച പ്രോഗ്രാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം 2019 മേയ് മാസം 31-ാം തീയതി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## കല്ലമ്പലം ജംഗ്ഷനിലെ ദേശീയപാത നിർമ്മാണം

88(1244) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-കഴക്കൂട്ടം ദേശീയപാതയിൽ കല്ലമ്പലം ജംഗ്ഷനിൽ എലിവേറ്റഡ് ഹൈവേയ്ക്ക് പകരം ഫ്ലൈഓവർ നിർമ്മിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ തീർത്ഥാടന കേന്ദ്രമായ ശിവഗിരി, പാപനാശം എന്നിവിടങ്ങളിലേക്കുള്ള ദേശീയ പാതയിലെ പ്രധാന പ്രവേശന കവാടം എന്ന നിലയിൽ ഈ ഭാഗത്തുള്ള തിരക്ക് വിലയിരുത്തിയിട്ടുണ്ടോ; ആയത്കൂടി പരിഗണിച്ചാണോ റോഡ് നിർമ്മാണത്തിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്;വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേർത്തല-കഴക്കൂട്ടം ദേശീയപാത നാലുവരിയാക്കുന്നതിനുള്ള നിലവിലുള്ള പ്രൊപ്പോസൽ അനുസരിച്ച് കല്ലമ്പലം ജംഗ്ഷനിൽ 715 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലുമുള്ള ഫ്ലൈഓവറിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഡി.പി.ആർ. കൺസൾട്ടന്റായ M/S SMEC India Pvt. Ltd., New Delhi പ്രൊപ്പോസ് ചെയ്തിട്ടുണ്ട്.

## തൃപ്പൂണിത്തുറ ബൈപ്പാസ് റോഡ്

89(1245) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മധുര ദേശീയപാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6-2-2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതി പ്രകാരം ഭൂവുടമകൾക്ക് 604 ലക്ഷം രൂപ വിതരണം ചെയ്തിട്ടും സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കേന്ദ്രാനുമതി ലഭ്യമാക്കി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ -സി) കൊച്ചി-മധുര ദേശീയപാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിന്റെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലമേറ്റെടുപ്പിനായി 6-2-2004-ൽ 657 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ ഒന്നാംഘട്ടമായ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള 3.75 കിലോമീറ്ററിനുവേണ്ടി 16.172 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഈ ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 558.82 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 26-4-2017-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിരുന്നു. മന്ത്രാലയത്തിന്റെ 12-12-2017-ലെ കത്തിൻ പ്രകാരം സ്ഥലം ഏറ്റെടുപ്പിനാവശ്യമായ തുക പ്രഥമ ഭരണാനുമതിയെക്കാൾ വളരെ കൂടുതലായതിനാൽ ഈ തുക സംസ്ഥാന സർക്കാർ വഹിച്ചാൽ ബൈപ്പാസ് നിർമ്മാണ പ്രവൃത്തി കേന്ദ്രം നിർവ്വഹിച്ചുകൊള്ളാം എന്ന് അറിയിച്ചിരുന്നു. ആയതിൻ പ്രകാരം ഒന്നാംഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുപ്പിനായി 214.2 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചത് ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിക്കണമെന്ന് പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിൽ കിഫ്ബിയിൽനിന്ന് ഭരണാനുമതി ലഭിച്ച റോഡുകൾ

90(1247) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കിഫ്ബിയിൽനിന്ന് ഭരണാനുമതി ലഭിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; ഈ പ്രവൃത്തികളിൽ ഏതൊക്കെ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഏതെങ്കിലും പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയിൽ കാലതാമസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽനിന്ന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. വെഞ്ഞാറമൂട് റിംഗ് റോഡ്
2. വാമനപുരം ചിറ്റാർ റോഡ്
3. പാലോട് ബ്രൈറ്റർ റോഡ്
4. മലയോര പാത - കള്ളിക്കാട് മുതൽ കൊല്ലായിൽ വരെ

ഇതിൽ ആദ്യ മൂന്ന് പ്രവൃത്തികൾ ആരംഭിച്ചു.

(ബി) ഉണ്ട്. പുറമ്പോക്ക് അതിർത്തി നിർണ്ണയിക്കുന്നതിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി തുക അനുവദിച്ചതിലും ഇടവിട്ടിടവിട്ടുള്ള മഴമൂലവും ആദ്യ മൂന്ന് പ്രവൃത്തികളുടെ പുരോഗതിയിൽ കാലതാമസം വന്നിട്ടുണ്ട്.

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

91(1248) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാവിൻമൂനമ്പ് പാലം

92(1249) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കാവിൻമൂനമ്പ് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കാവിൻമൂനമ്പ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസ് 25-6-2018-ൽ ചീഫ് എഞ്ചിനീയർ ഡിസൈനിലേയ്ക്ക് നൽകുകയും തുടർന്ന് 7-9-2018-ൽ ചീഫ് എഞ്ചിനീയർ ഡിസൈനിൽനിന്നും സാമൂഹിക പാരിസ്ഥിതികാഘാത പഠനം നടത്തി കണ്ടൽകാടുകൾക്ക് ആഘാതം സംഭവിക്കാത്ത രീതിയിൽ അലൈൻമെന്റ് പുനഃപരിശോധിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് പാരിസ്ഥിതിക യൂണിറ്റ് പഠനം നടത്തി നൽകിയ നിർദ്ദേശപ്രകാരം കണ്ടൽക്കാടുകൾക്ക് ഒരു തരത്തിലുള്ള ആഘാതവും സംഭവിക്കാത്ത രീതിയിൽ അലൈൻമെന്റിൽ മാറ്റംവരുത്തി ലഭ്യമായിട്ടുണ്ട്. ആയതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇൻലാന്റ് നാവിഗേഷൻ 40m Horizontal Dimension & 6m Vertical Dimension ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ടി അലൈൻമെന്റ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് ഡിസൈൻ പരിശോധനയ്ക്കായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമായാലുടൻ തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

**നേമം ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം**

93(1250) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ നേമം ഗവൺമെന്റ് യു.പി. സ്കൂളിന്റെ കെട്ടിടത്തിന് പകരമായി പുതിയ കെട്ടിടം നിർമ്മിച്ച് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) സ്കൂൾ കെട്ടിടം നിർമ്മിച്ച് പൂർത്തീകരിക്കേണ്ട ഉത്തരവാദിത്തം ആർക്കാണെന്നും ഇതിനായി സ്വീകരിച്ച നടപടി എന്തെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം പൂർത്തീകരിക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കെട്ടിടനിർമ്മാണം എത്രനാൾ കൊണ്ട് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നേമം യു.പി. സ്കൂൾ പുതിയ കെട്ടിടത്തിന്റെ 80% പ്രവൃത്തികളും പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പണികൾക്കും പുതിയ ടോയ്‌ലറ്റ് ബ്ലോക്കിനുമുള്ള പ്രവൃത്തികൾക്കായുള്ള 25 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭരണാനുമതി ലഭിച്ചാൽ 4 മാസത്തിനകം പൂർത്തീകരിക്കാവുന്നതാണ്.

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം

94(1251) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരിലുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന സ്കീമിൽനിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും 17-2-2016-ന് ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടും പൊതുമരാമത്ത് (കെട്ടിട വിഭാഗം) യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഭരണാനുമതി ലഭിച്ചതിനുശേഷം മണ്ണ് പരിശോധന നടത്തുന്നതിനായി ഭാഗിക സാങ്കേതികാനുമതി നൽകി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി വിശദമായ മണ്ണ് പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ഘട്ടത്തിൽ ഒരു നില മാത്രമുള്ള ഒരു കെട്ടിടമാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല അധികൃതർ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ മണ്ണ് പരിശോധിക്കുന്നസമയത്ത് ഈ സ്ഥലത്ത് 3 നിലകളുള്ള ബഹുനില മന്ദിരം നിർമ്മിക്കാനുള്ള ഫൗണ്ടേഷനോടുകൂടിയുള്ള പദ്ധതിയാണ് നടപ്പാക്കേണ്ടതെന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു. വ്യക്തതയില്ലാത്ത പ്ലാനും സ്ട്രക്ചറൽ ഡ്രോയിംഗും സാധാരണ ഐസൊലേറ്റഡ് ഫൂട്ടിംഗ് ഫൗണ്ടേഷനും ഉൾപ്പെടെ 41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് യൂണിവേഴ്സിറ്റി അധികൃതർ ലഭ്യമാക്കിയത്. 3 നില കെട്ടിടത്തിന് പൈൽ ഫൗണ്ടേഷനോടുകൂടി കെട്ടിടനിർമ്മാണം നടത്തുന്നതിന് ഇപ്പോൾ

ലഭ്യമായിരിക്കുന്ന 30 ലക്ഷം രൂപ തികയില്ല. എന്നാൽ പിന്നീട് ഒരു നില മാത്രം ചെയ്താൽ മതിയെന്നറിയാൻ കഴിഞ്ഞതിനാൽ വ്യക്തമായ ഫങ്ഷണൽ റിക്രൂട്ട്മെന്റ്സ് ഉൾപ്പെടെ പദ്ധതി സമർപ്പിക്കാൻ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്.

**റാന്നി-ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം**

95(1252) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി -ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും പദ്ധതി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ;

(ബി) ഇതുവരെ പൂർത്തീകരിച്ചിട്ടുള്ള നിർമ്മാണങ്ങൾ എന്തൊക്കെയെന്നും നിർമ്മാണത്തിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണം ത്വരിതഗതിയിലാക്കി കെട്ടിടം പണി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം ആരംഭിച്ചത് - 10-10-2014-ൽ.

പദ്ധതിക്കായി അനുവദിച്ച തുക - 15,45,62,654

പൂർത്തീകരിക്കേണ്ട തീയതി - 9-10-2016

ആദ്യത്തെ നിർമ്മാണ കാലയളവ് നീട്ടിനൽകിയത് - 8-3-2018 വരെ

രണ്ടാമത്തെ നിർമ്മാണ കാലയളവ് നീട്ടിനൽകിയത് - 31-10-2018 വരെ

(ബി) സ്ഥലം നികത്തുന്നതിനുള്ള മണ്ണുപണിയുടെ 80 ശതമാനവും പൈലിംഗ് ജോലികളുടെ 48 ശതമാനവുമാണ് ഇതുവരെ പൂർത്തീകരിച്ചത്. റാന്നി പിൽഗ്രിം സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ലഭ്യമാക്കുന്നതിന് കരാറുകാരനുണ്ടായ വീഴ്ചയാണ് നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കിയത്.

(സി) 14-11-2018-ൽ ബഹുമാനപ്പെട്ട റാന്നി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനപ്രകാരം പ്രവൃത്തിയുടെ പുരോഗതി 15 ദിവസംകൂടി നിരീക്ഷിച്ചശേഷം പണിയിൽ പുരോഗതിയില്ലെങ്കിൽ കരാറുകാരനെതിരെ നടപടിയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## റാന്നി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

96(1253) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി മിനി സിവിൽസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

റാന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നബാർഡ് RIDF ധനസഹായം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 14.70 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## റാന്നി സർക്കാർ ഐ.ടി.ഐ., കോർട്ട് കോംപ്ലക്സ് എന്നിവയുടെ കെട്ടിട നിർമ്മാണം

97(1254) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് പ്രഖ്യാപനമായ റാന്നി സർക്കാർ ഐ.ടി.ഐ, റാന്നി കോർട്ട് കോംപ്ലക്സ് എന്നിവയുടെ കെട്ടിട നിർമ്മാണത്തിനുള്ള ഡിസൈൻ, ഡ്രോയിംഗ് എന്നിവ ലഭ്യമാക്കുന്നതിലേക്കായി എന്നാണ് പ്രൊപ്പോസൽ ലഭിച്ചത്; അറിയിക്കുമോ;

(ബി) ഇവ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഇത് പൂർത്തീകരിച്ചുനൽകുവാൻ കഴിയുമെന്നും ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി സർക്കാർ ഐ.ടി.ഐ. കെട്ടിടത്തിന്റെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് 27-11-2018-ലാണ് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത്. മണ്ണ് പരിശോധനാ റിപ്പോർട്ട് സഹിതം

സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനായി ഡിസൈൻ വിഭാഗത്തിലേയ്ക്ക് ഉടൻ സമർപ്പിക്കുന്നതാണ്. റാന്നി കോർട്ട് കോംപ്ലക്സ് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച പ്ലാനിൽ ഭേദഗതികൾ വരുത്തുന്നതിനായി പത്തനംതിട്ട ജില്ലാ ജഡ്ജി അറിയിച്ചതനുസരിച്ച് ഭേദഗതികൾ വരുത്തി ബഹു. ഹൈക്കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് ഫൈനൽ ഡ്രോയിംഗ് 10 ദിവസത്തിനകം തയ്യാറാക്കി നൽകുന്നതാണ്.

(ബി) ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി ഡിസൈൻ ലഭിച്ചതിനുശേഷം ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിട നിർമ്മാണം

98(1255) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ഫണ്ടിൽനിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡിൽനിന്ന് ജി.ഒ.(ആർ.റ്റി.)നമ്പർ 196/2017/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. തീയതി 27-01-2017 പ്രകാരം 4030 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി.

(ബി) ടി പ്രവൃത്തിയുടെ 22 കോടി രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടെണ്ടർ നടപടികൾ പൂർത്തിയായി. രണ്ട് മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം

99(1256) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർ നിർദ്ദേശിച്ച അധിക ഇനം പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അനുമതി ലഭ്യമാക്കാനായി സമർപ്പിച്ചിട്ടുണ്ടോയെന്നും ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ ഏകദേശം 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് 8-11-2018-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണത്തിന് നിലവിൽ തടസ്സമൊന്നുമില്ല. പ്രസ്തുത പ്രവൃത്തി 31-12-2018-ൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## കായംകുളം മണ്ഡലത്തിൽ വിശ്രമമുറികളും ടോയ്‌ലെറ്റ് ബ്ലോക്കുകളും

100(1257) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും തുക അനുവദിച്ച് നടപ്പാക്കുന്ന സ്ത്രീ സൗഹൃദ വിശ്രമമുറികളും ടോയ്‌ലെറ്റ് ബ്ലോക്കുകളും ഏതൊക്കെയാണെന്നും നിലവിൽ ഓരോപ്രവൃത്തികളുടേയും പുരോഗതി എന്തെന്നും പ്രസ്തുത കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ 13 സ്ത്രീ സൗഹൃദ വിശ്രമമുറികളും ടോയ്‌ലെറ്റുകളുമാണ് നിർമ്മിച്ചുവരുന്നത്. ഇവയുടെ പേരും പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായുള്ള വിശ്രമമുറിയും ടോയ്‌ലെറ്റുമാണ് നിർമ്മിക്കുന്നത്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

101(1258) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം, തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**ദേവികുളം നിയോജകമണ്ഡലത്തിലെ പെരിയവാറ പാലം നിർമ്മാണം**

102(1259) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ പ്രളയസമയത്ത് തകർന്ന ദേവികുളം നിയോജകമണ്ഡലത്തിലെ പെരിയവാറ പാലത്തിന് പകരമായി നിർമ്മിച്ചിരുന്ന താത്കാലിക പാലം 16-11-2018-ന് ഉണ്ടായ മഴയിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പാലത്തിന് പകരം ഒരു സംവിധാനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പെരിയവാറ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താൽക്കാലിക പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയായിട്ടുണ്ട്.

## പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

103(1260) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-5-2016 ൽ 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ;

(സി) സ്ഥലം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി എന്നാണ് തീർന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കാലാവധി നീട്ടിക്കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(സി) ഭരണാനുമതി കിട്ടിയതുമുതൽ പലതവണ തഹസീൽദാരെയും ജില്ലാ കളക്ടറെയും സമീപിക്കുകയും കളക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. രാമേശ്വരം വില്ലേജ് സർവ്വേ നമ്പർ 1022-ൽ ഉൾപ്പെട്ട രാമേശ്വരം വില്ലേജ് ഓഫീസ് കോമ്പൗണ്ടും അതിന്റെ കിഴക്കുഭാഗത്തായി ചേർന്നുകിടക്കുന്ന ഇ. കെ. നാരായണൻ നായർ മെമ്മോറിയൽ സ്ക്വയറും ഉൾപ്പെടുത്തി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി 26-5-2018-ൽ അവസാനിച്ചു.

(ഇ) ഭരണാനുമതി പുതുക്കിക്കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ ഫിനാൻസ് നോഡൽ ഓഫീസറുടെ കാര്യാലയത്തിലാണ് ചെയ്യേണ്ടതെന്നറിയിച്ച് രേഖകൾ തിരികെ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി**

104(T*1261) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമാക്കുമോ ;

(ബി) സാങ്കേതികാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏത് വകുപ്പിൽ ഏത് സെക്ഷനിൽ ഏത് ഉദ്യോഗസ്ഥനാണ് നിലവിൽ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ- സി) പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഭരണാനുമതി 28-3-2018-ലെ ജി.ഒ.(ആർ.ടി.)നമ്പർ 890/2018/ഹോം. ഉത്തരവുപ്രകാരം 14 കോടി രൂപയ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ AR Drawing തയ്യാറാക്കി ഹൈക്കോടതിയിൽനിന്നും അനുമതി വാങ്ങുകയും Structural design തയ്യാറാക്കി മണ്ണുപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. ആയത് ഒരു മാസത്തിനകം പൂർത്തിയാക്കി 2019 ജനുവരി മാസത്തോടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) ഒരു മാസത്തിനകം നൽകാൻ കഴിയുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## പയ്യന്നൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

105(T*1262) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ ;

(ബി) സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പയ്യന്നൂർ സബ് ട്രഷറി കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല.

## മുളന്തുരുത്തി സാന്ത്വന ഭവനം അങ്കണവാടി കെട്ടിട നിർമ്മാണം

106(1263) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി സമർപ്പിച്ച പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി സാന്ത്വന ഭവനം അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി സാന്ത്വന ഭവനം അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

107(1264) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; റോഡ്സ്, ബിൽഡിംഗ് എന്നീ വിഭാഗത്തിലെ ഒഴിവുകൾ പ്രത്യേകം വെളിപ്പെടുത്താമോ;

(ബി) പാലക്കാട് ജില്ലയിൽ റോഡ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർമാർ ഇല്ലാത്തെത്ര സെക്ഷനുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം മണ്ഡലത്തിലെ റോഡ് നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ 60 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുണ്ട്. റോഡ്സ് വിഭാഗത്തിൽ രണ്ടും ബിൽഡിംഗ് വിഭാഗത്തിൽ ഏഴും വീതം ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഒന്ന്. പാലക്കാട് ജില്ലയിൽ റോഡ്സ് വിഭാഗത്തിൽ ഒറ്റപ്പാലം റോഡ്സ് വിഭാഗം കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലം ഉൾപ്പെടുന്ന ഒറ്റപ്പാലം റോഡ്സ് വിഭാഗം കാര്യാലയത്തിലെ ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് എഞ്ചിനിയർ തസ്തിക നികത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇലക്ട്രിക്കൽ വിഭാഗം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

108(1265) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ചീഫ് എഞ്ചിനീയർ തസ്തികയും കണ്ണൂർ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗത്തിന് ചീഫ് എഞ്ചിനീയർ തസ്തികയും കണ്ണൂർ ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗത്തിന് ആകെ 425 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയിന്മേലുള്ള നടപടികളുടെ ആദ്യപടിയായി സെക്രട്ടേറിയറ്റ് അനക്സ് അഡീഷണൽ ബ്ലോക്കിൽ മൂന്ന് ഒന്നാംതരം ഓവർസിയറുടെയും ഒരു രണ്ടാംതരം ഓവർസിയറുടെയും 4 ലൈൻമാന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

109(1266) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടം, ദേശീയപാത വിഭാഗങ്ങൾവഴി നടത്തിവരുന്നതുമായ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സിനിമ ഷൂട്ടിംഗുകൾക്ക് അനുവദിക്കുന്ന റോഡുകൾ**

110(T*1267) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രത്യേകിച്ച് തലസ്ഥാന നഗരിയുടെ ഏതൊക്കെ ഗതാഗതയോഗ്യമായ റോഡുകൾ വിവിധ സിനിമ/സീരിയൽ/പരസ്യ ഷൂട്ടിംഗുകൾക്ക് അനുവദിച്ച് നൽകാറുണ്ട്; അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിനുള്ള അനുമതി നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; സർക്കാർ റോഡുകൾ/നിരത്തുകൾ/ഇടങ്ങൾ എന്നിവ ഇത്തരം ഷൂട്ടിംഗുകൾക്ക് നൽകുമ്പോൾ അവരിൽനിന്ന് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ ഫീസിന്റെ ഘടനയും അതിനുള്ള മാനദണ്ഡങ്ങളും അറിയിക്കാമോ;ഈ ഇനത്തിൽ 1-6-2016 മുതൽ നാളിതുവരെയായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ട്;

(സി) അനുമതിയോടെയോ അല്ലാതെയോ റോഡ് അടച്ച് ഷൂട്ടിംഗ് നടത്തുന്നത് നിയമവിധേയമായിട്ടാണോ; തലസ്ഥാന നഗത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും തിരക്കേറിയതുമായ നിയമസഭയിലേക്കുള്ള ഫ്ലൈ ഓവർ അടച്ചിട്ട് അത്തരമൊരു ഷൂട്ടിംഗ് അടുത്തിടെ നടത്തിയിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; അത്തരത്തിൽ റോഡ് യാത്ര തടസ്സപ്പെടുത്തി ഒരു പകൽ ദിനം ആകെ നഗരയാത്രികരെ വലച്ചത്തിന്റെ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ സ്വീകരിച്ച നടപടികൾ വിവരിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തലസ്ഥാന നഗരിയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള 42 കിലോമീറ്റർ റോഡുകളിൽ കാൽനടയാത്രക്കാർക്കോ വാഹനങ്ങൾക്കോ തടസ്സമില്ലാത്ത രീതിയിലും ജില്ലാ പോലീസ് മേധാവിയുടെ സുരക്ഷാ നിബന്ധനകളോടെ ഷൂട്ടിംഗുകൾക്ക് അനുവദിച്ചുനൽകാറുണ്ട്.

(ബി) ജില്ലാ പോലീസ് മേധാവിയുടെ നിബന്ധനകൾക്ക് വിധേയമായി കെ.ആർ.എഫ്.ബി.-യുടെ പരിധിയിൽ വരുന്ന റോഡുകളിൽ അനുവാദം നൽകുന്നത് കെ.ആർ.എഫ്.ബി.-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.

കെ.ആർ.എഫ്.ബി.-യുടെ പരിധിയിൽവരുന്ന റോഡുകളിൽ ഷൂട്ടിംഗിനായി അനുവദിക്കുമ്പോൾ ഫീസ് ഈടാക്കാറുണ്ട്. ടി.വി. സീരിയലിനായി ഫീസിനത്തിൽ 5,000 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 10,000 രൂപയും ആകെ 15,000 രൂപയും സിനിമ ഷൂട്ടിംഗിനായി ഫീസിനത്തിൽ 10,000 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 15,000 രൂപയും ആകെ 25,000 രൂപയുമാണ് ഈടാക്കുന്നത്.

1-6-2016 മുതൽ നാളിതുവരെ ഫീസ് ഇനത്തിൽ കെ.ആർ.എഫ്.ബി.-ക്ക് 65,000 രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

സിനിമ/സീരിയൽ/പരസ്യ ഷൂട്ടിംഗിന് അനുവാദം നൽകുന്നതിനായി നിരത്ത് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഇതിന് അനുമതി നൽകാൻ അധികാരമുണ്ട്. ഇത്തരത്തിൽ ഷൂട്ടിംഗിന് അനുവാദം

നൽകുമ്പോൾ ഫീസ് ഈടാക്കാറുണ്ട്. ഷൂട്ടിംഗ് ഇനത്തിൽ 1-6-2016 മുതൽ നാളിതുവരെ നിരത്ത് വിഭാഗത്തിൽനിന്നും 75,000 രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത ഫ്ലൈഓവറിൽ ഷൂട്ടിംഗിനായി നിരത്തു വിഭാഗത്തിൽനിന്നും അനുമതി നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

**ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡ് പുനരുദ്ധാരണം**

111(1268) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിലെ ചെങ്കള ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് ഏറ്റെടുത്തതെന്നാണെന്നും അതിന്റെ നീളവും വീതിയും എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) റോഡ് ഏറ്റെടുത്ത ശേഷം അതിന്റെ പുനരുദ്ധാരണത്തതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയത് ശോചനീയാവസ്ഥയിലാണെങ്കിൽ ഗതാഗതയോഗ്യമാക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) അതെ. 7-1-2012-ലെ സ.ഉ.(കൈ)നമ്പർ 5/2012/പൊ.മ.വ. പ്രകാരം ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡിനെ പ്രധാന ജില്ലാ റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ റോഡിന്റെ നീളം 3.760 കി.മീ.യും വീതി പരമാവധി 10 മീറ്റർ മുതൽ ഏറ്റവും കുറഞ്ഞത് 3.60 മീറ്റർ വരെയാണ്. ടാർ വീതി 3.80 മീറ്റർ മുതൽ 2.80 മീറ്റർ വരെയാണ്. 500 മീറ്റർ നീളത്തിൽ 3.60 മീറ്റർ വീതിയിൽ മണ്ണ് റോഡ് ഭാഗവും ഉണ്ട്. ജില്ലാ റോഡായി പ്രഖ്യാപിച്ചതിന് ശേഷം പുനരുദ്ധാരണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രസ്തുത റോഡിന്റെ മിക്ക സ്ഥലങ്ങളിലും നിലവിലുള്ള വീതി 6 മീറ്ററിൽ താഴെയാണ്. കുറഞ്ഞത് 8 മീറ്റർ വീതിയെങ്കിലും ലഭ്യമായാൽ മാത്രമെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ സാദ്ധ്യമാകുകയുള്ളൂ.

## കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾക്ക് ഭരണാനുമതി

112(1269) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബജറ്റ് വർക്കുകളിൽനിന്നും കോങ്ങാട് മണ്ഡലത്തിലെ എത്ര പദ്ധതികൾക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ?

ഉത്തരം

2018-19 വർഷത്തെ ബഡ്ജറ്റ് വർക്കുകളിൽ നിരത്തുവിഭാഗത്തിൻ കീഴിൽ തുപ്പനാട് മീൻവല്ലൻ റോഡ് (0/000 മുതൽ 2/000 വരെ) BM&BC പ്രവൃത്തിക്കായി 200 ലക്ഷം രൂപയുടെ പ്രോപ്പോസലിൽ നടപടി സ്വീകരിച്ചുവരുന്നു. കെട്ടിട വിഭാഗത്തിൻകീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## വർക്കല മണ്ഡലത്തിലെ പ്രവൃത്തികളിലെ കരാർ ലംഘനം

113(1270) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ കരാർ തീയതി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തെത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ ദേശീയപാതാ വിഭാഗത്തിൻ കീഴിൽ 2016-17-ലെ സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നരിക്കല്ല്-തച്ചോട്-പനയറ-ചാവറോഡ്-ഞെക്കാട് റോഡിന്റെ മെച്ചപ്പെടുത്തൽ നിർമ്മാണം നടന്നുവരുന്നു. കെ.എസ്.റ്റി.പി.-ക്കുകീഴിൽ കല്ലമ്പലം മുതൽ വർക്കല വരെയുള്ള Riding Quality Improvement & Management Works for Package 1 എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും, കെട്ടിടം വിഭാഗങ്ങളിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയപാത, കെട്ടിടവിഭാഗങ്ങളിൽ ഓരോ കരാറുകൾ വീതവും നിരത്ത് വിഭാഗത്തിൽ മൂന്ന് കരാറുകാരും കരാർ തീയതി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തവരായിട്ടുണ്ട്.

(സി) കെട്ടിട വിഭാഗത്തിൻകീഴിൽ കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. നിരത്തുകളും പാലങ്ങളും ദേശീയപാതാ വിഭാഗങ്ങളുടെ കീഴിൽ കരാർ ലംഘനം നടത്തിയിട്ടുള്ള കരാറുകാർക്കെതിരെ കരാർ വ്യവസ്ഥകൾ അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

114(1271) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം കോങ്ങാട് മണ്ഡലത്തിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് എത്ര രൂപയുടെ എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്; പദ്ധതിയുടെ പേര് സഹിതം വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2018-19 വർഷം കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻകീഴിൽ 85 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൻകീഴിൽ 2018-19-ൽ ഒരു പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എസ്.എൽ.റ്റി.എഫ്. 2018-19-ൽ 36 പ്രവൃത്തികൾക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

## കോതമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

115(1272) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോതമംഗലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തിയാക്കുവാനുള്ളവ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ -സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ**

116(1273) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലും തുടർന്ന് മറുപടി പ്രസംഗത്തിലും ആലത്തൂർ നിയോജകമണ്ഡലത്തിലേക്ക് 2016-17, 2017-18 വർഷങ്ങളിൽ നിർദ്ദേശിച്ച റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിലേയ്ക്ക് 2016-17, 2017-18 വർഷങ്ങളിൽ നിർദ്ദേശിച്ച റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണങ്ങളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

117(1274) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും തുകയും നിലവിലെ അവസ്ഥയും വിശദമാക്കാമോ; ഭരണാനുമതി ലഭിച്ചത്, പണിപൂർത്തീകരിച്ചത്,പാലം, റോഡ്, കെട്ടിടങ്ങൾ മുതലായവ വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്;

(സി) റോഡുകൾ ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഒറ്റത്തവണ റോഡ് നന്നാക്കൽ/തീർപ്പാക്കൽ പദ്ധതി രൂപീകരിച്ച് ഇത്തരം റോഡുകളുടെ പ്രവൃത്തി നിർവ്വഹിക്കാനാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ തുകയും നിലവിലെ അവസ്ഥ, ഭരണാനുമതി ലഭിച്ചത്, പൂർത്തീകരിച്ചത്, പാലം, റോഡ് മുതലായവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും**

118(1275) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ മരാമത്ത് പണികളുടെ വിശദവിവരങ്ങളിൽ 5546-ാം ക്രമനമ്പരായി ഉൾപ്പെട്ടിട്ടുള്ള 'വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും' എന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വാണിയംകുളം പഞ്ചായത്തിൽ 'സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും' എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തെ ഏൽപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കേലാട്ട്കുന്ന് പ്രദേശത്തെ സ്ഥലം

119(1276) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ ഇരുപത്തഞ്ചാം വാർഡിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ കേലാട്ട്കുന്ന് പ്രദേശത്തെത്ര സെന്റ് സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലത്തെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കോഴിക്കോട് കോർപ്പറേഷനിൽ ഇരുപത്തിയഞ്ചാം വാർഡിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ കേലാട്ട്കുന്ന് പ്രദേശത്ത് 1.2 ഏക്കർ ഭൂമിയുണ്ട്. പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ ബിറ്റുമിൻ യാർഡായി പരിഗണിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

## നേര്യമംഗലത്തെ ക്വാളിറ്റി കൺട്രോൾ റീജിയണൽഓഫീസും ലാബും

120(1277) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണികഴിപ്പിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ എഞ്ചിനീയറിങ്ങ് ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും ഇതുവരെയായിട്ടും പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രെയിനിംഗ് സെന്റർ പ്രവർത്തനമാരംഭിക്കുന്നതനുസരിച്ച് ആവശ്യമായ സ്റ്റാഫിനെ വിന്യസിക്കുന്നതാണ്.

(സി) ട്രെയിനിംഗ് സെന്ററിന്റെ പൂർത്തീകരണത്തോടെ ക്വാളിറ്റി കൺട്രോൾ റീജിയണൽ ഓഫീസും ലാബും പ്രവർത്തനം ആരംഭിക്കുന്നതാണ്.

## രജിസ്ട്രേഷൻ ഓഫീസുകളിലെ സേവനങ്ങളുടെ പൗരാവകാശരേഖ

121(1278) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രാർ ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളുടെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 26-7-2018-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 703/2008/റ്റി.ഡി. ഉത്തരവിൻ പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത രേഖ അനുബന്ധമായി നൽകുന്നു*.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിലേയ്ക്കായി അതത് ഓഫീസ് മേലാധികാരി കൺവീനറും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ ചെയർമാനായും ജനപ്രതിനിധികളെയും സാമൂഹിക പ്രവർത്തകരെയും ജീവനക്കാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി പൗരാവകാശ രേഖ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 2012-ലെ സേവനാവകാശ നിയമപ്രകാരം രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾ നൽകുന്നതിനുള്ളസമയക്രമം നിശ്ചയിച്ചും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വർക്കല സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

122(1279) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പഴയ കെട്ടിടം പൊളിക്കുന്നതിലേയ്ക്കായി ഓഫീസ്, വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുകയും നിർദ്ദിഷ്ട സൈറ്റിലെ മരങ്ങൾ മുറിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുള്ളതുമാണ്. നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) നിർമ്മാണ സ്ഥലത്തെ റോഡ് വൈഡനിംഗ് നിർദ്ദേശവും സോണിംഗ് റെഗുലേഷനും നിർമ്മാണത്തിന് വിഘാതം നിൽക്കുന്നതിനാൽ ഡി.റ്റി.പി. സ്കീം പ്രകാരം കെട്ടിടനിർമ്മാണത്തിന് മുനിസിപ്പാലിറ്റിയുടെ അനുവാദം ലഭിച്ചിട്ടില്ല. റോഡ് വൈഡനിംഗിന് ആവശ്യമായ സ്ഥലം വിട്ടിട്ടുള്ള പരിഷ്കരിച്ച സൈറ്റ് പ്ലാൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് കെട്ടിടം

123(1280) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ ഏതുഘട്ടംവരെയായെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള രജിസ്ട്രാർ ഓഫീസ് താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് സ്ഥലസൗകര്യം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) രജിസ്ട്രാർ ഓഫീസിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തമംഗലം രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാനുള്ള ഭരണാനുമതിപ്രകാരം 1,05,50,000 രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

(ബി) 100 വർഷത്തിലേറെ പഴക്കമുള്ള നിലവിലെ കെട്ടിടം പൊളിച്ചുമാറ്റിയാൽ മാത്രമെ ടി ഓഫീസിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കാനാകൂ. എന്നാൽ കെട്ടിടം പൊളിക്കുന്നതിനുള്ള സർവ്വേ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. പഴയ കെട്ടിടം പൊളിച്ചാൽ മാത്രമെ പുതിയ കെട്ടിടത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാനാകുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) സർവ്വേ റിപ്പോർട്ട് ലഭ്യമായാൽ മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

124(1281) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസും മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സും ഉൾപ്പെടെ 52 കെട്ടിടനിർമ്മാണ പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിന് 0.593 കോടി രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 50.64 ലക്ഷം രൂപയ്ക്ക് പ്രവൃത്തി കരാർ ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) കെട്ടിട നിർമ്മാണം ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കണമെന്നാണ് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുള്ളത്.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം**

125(1282) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

(കെ.ആർ.ഡി.സി.എൽ.)-ന്റെ ഭരണ നിർവ്വഹണ സമിതിയുടെ ഘടന വിശദമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള ഡയറക്ടർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ആർ.ഡി.സി.എൽ. നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ നിയമനരീതി സംബന്ധിച്ച് വ്യക്തമാക്കുമോ; അവിടെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ നിലവിലെ ഉദ്യോഗസ്ഥരെ നിയമിച്ച രീതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. സംയുക്ത സംരംഭക കരാർ അനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ 51% ഓഹരി കേരള സർക്കാരിന്റെയും 49% ഓഹരി കേന്ദ്ര സർക്കാരിന്റെയും ആണ്.

സംസ്ഥാനത്തെ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഭരണസമിതിയുടെ ഘടന ചുവടെ ചേർക്കുന്നു:

1. ചീഫ് സെക്രട്ടറി - ചെയർമാൻ
2. കേരള സർക്കാരും റെയിൽവേയും സംയുക്തമായി തെരഞ്ഞെടുത്ത മാനേജിംഗ് ഡയറക്ടർ
3. കേരള സർക്കാർ നിയമിക്കുന്ന മുഴുവൻസമയ ഡയറക്ടർ (ഫിനാൻസ് & ബിസിനസ് ഡെവലപ്മെന്റ്)
4. റെയിൽവേ നിർമ്മിക്കുന്ന മുഴുവൻസമയ ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്)
5. കേരള സർക്കാർ നിയമിക്കുന്ന രണ്ട് ഡയറക്ടർമാർ
6. റെയിൽവേ നിയമിക്കുന്ന രണ്ട് ഡയറക്ടർമാർ
7. കേരള സർക്കാർ നിയമിക്കുന്ന ഒരു സ്വതന്ത്ര ഡയറക്ടർ
8. റെയിൽവേ നിയമിക്കുന്ന ഒരു സ്വതന്ത്ര ഡയറക്ടർ.

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിലവിലുള്ള ഡയറക്ടർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. ടോം ജോസ് (ഐ.എ.എസ്.)- ചെയർമാൻ
2. ശ്രീ. വി. അജിത് കുമാർ (ഐ.ആർ.എസ്.ഇ.) - മാനേജിംഗ് ഡയറക്ടർ
3. ശ്രീ. പി. റ്റി. ബെന്നി (ഐ.ആർ.എസ്.ഇ.) - മുഴുവൻസമയ ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്)
4. ശ്രീ. അനിൽ കുമാർ ജി. - മുഴുവൻസമയ ഡയറക്ടർ (ഫിനാൻസ് & ബിസിനസ് ഡെവലപ്മെന്റ്)
5. ശ്രീ. കെ. ആർ. ജ്യോതിലാൽ (ഐ.എ.എസ്.) - ഭാഗികസമയ ഡയറക്ടർ (കേരള സർക്കാർ)
6. ശ്രീ. മനോജ് ജോഷി (ഐ.എ.എസ്.) - ഭാഗികസമയ ഡയറക്ടർ (കേരള സർക്കാർ)
7. ശ്രീ. ഷാജി സക്കറിയ (ഐ.ആർ.എസ്.ഇ.) - ഭാഗികസമയ ഡയറക്ടർ (റെയിൽവേ)
8. ശ്രീ. വിജയ് ഗർഗ് (ഐ.ആർ.എസ്.ഇ.) - ഭാഗികസമയ ഡയറക്ടർ (റെയിൽവേ).

(ബി) സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. കെ.ആർ.ഡി.സി.എൽ. നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നതും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടെ നിയമനരീതി സുതാര്യമായ രീതിയിലാണ് നടത്തിയിട്ടുള്ളത്. ഒഴിവുകൾ മലയാള പത്രത്തിലും ഒരു ഇംഗ്ലീഷ് പത്രത്തിലും കെ.ആർ.ഡി.സി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റിലും പരസ്യപ്പെടുത്തുകയും ലഭിക്കുന്ന അപേക്ഷകൾ ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുകയും തികച്ചും യോഗ്യരാണെന്ന് കാണുന്ന ഉദ്യോഗാർത്ഥികളെ മാത്രം ഇന്റർവ്യൂ നടത്തി നിയമനം നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഡെപ്യൂട്ടേഷൻ</u>

1. മാനേജിംഗ് ഡയറക്ടർ - 1
2. ഡയറക്ടർ (പ്രോജക്ട് & പ്ലാനിംഗ്) - 1
3. ഡയറക്ടർ (ഫിനാൻസ്) - 1
4. ഡെപ്യൂട്ടി ജനറൽ മാനേജർ (എച്ച്.ആർ.) - 1

<u>കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഭരണ നിർവ്വഹണ സമിതിവഴി നിയമിക്കപ്പെട്ടവർ</u>

ജോയിന്റ് ജനറൽ മാനേജർ/കമ്പനി സെക്രട്ടറി - 1

<u>കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ</u>

1. അഡീഷണൽ ജനറൽ മാനേജർ - 1
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/നിയമ അസിസ്റ്റന്റ് - 1
3. ഫിനാൻസ് അസിസ്റ്റന്റ് - 1
4. ഓഫീസ് സൂപ്രണ്ട് - 3
5. പേഴ്സണൽ അസിസ്റ്റന്റ് - 2
6. അസിസ്റ്റന്റ് മാനേജർ - 3
7. സീനിയർ സെക്ഷൻ എഞ്ചിനീയർ - 1
8. സെക്ഷൻ എഞ്ചിനീയർ - 1.

<u>പുറം കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ</u>

1. ടെക്നിക്കൽ അസിസ്റ്റന്റ് - 4
2. ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 2
3. അക്കൗണ്ടന്റ് - 1
4. ജൂനിയർ അസിസ്റ്റന്റ് /ക്ലർക്ക് - 2
5. റിസപ്ഷനിസ്റ്റ് - 1
6. സ്റ്റെനോ - 1
7. വാച്ച്മാൻ - 1
8. പ്യൂൺ - 4.

## അതിവേഗ റെയിൽവേ ഇടനാഴി

126(1283) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിവേഗ റെയിൽവേ ഇടനാഴിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് റെയിൽ ബോർഡിന്റെ അനുമതി ലഭ്യമായോ; നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് മുകളിലൂടെയാണോ പ്രസ്തുത പാത കടന്നുപോകുന്നത്; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് സ്ഥലമെടുപ്പ് ആവശ്യമുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ-സി) പദ്ധതി സംബന്ധിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടില്ല.

## അങ്കമാലി-എരുമേലി റെയിൽവേ ലൈൻ നിർമ്മാണം

127(1284) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരിമല റെയിൽവേ ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഭൂമി എറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശബരി റെയിൽ സാധ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതിന് എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) എരുമേലിയിൽനിന്നും പുനലൂർ വഴി കൊല്ലത്തേക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. പ്രസ്തുത ഏറ്റെടുക്കൽ നടപടികൾസമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 30-5-2017-ലെ സ.ഉ.(സാധാ)2457/2017/ ആർ.ഡി. പ്രകാരം 2 സ്പെഷ്യൽ തഹസീൽദാർ ഉൾപ്പെട്ട 2 എൽ.എ. യൂണിറ്റുകൾ തുടങ്ങി ഉത്തരവായിട്ടുണ്ട്.

അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടി എറണാകുളം ജില്ലയിൽ എരമല്ലൂർ, കോതമംഗലം, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, മഞ്ചല്ലൂർ വില്ലേജുകളിൽനിന്നായി 87.23 ഹെക്ടർ ഭൂമിയും ചേലമറ്റം, പെരുമ്പാവൂർ, കൂവപ്പടി വില്ലേജുകളിൽ നിന്നായി 87.23 ഹെക്ടർ ഭൂമിയും, പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, റായമംഗലം വില്ലേജുകളിൽ നിന്നായി 18.37.28 ഹെക്ടർ ഭൂമിയും ഉൾപ്പെടെ മൊത്തം 131.62 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. ഈ ഭൂമി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും 17-1-2018-ലെ ജി.ഒ.(പി)നമ്പർ 6/2018/ആർ.ഡി. പ്രകാരം പ്രസ്തുത ഏറ്റെടുക്കലിന്റെ സാമൂഹികാഘാത പഠനം നടത്തുന്നതിനായി M/s. ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24-7-2018-ൽ കൂടിയ SLEC യോഗത്തിൽ അങ്കമാലി-ശബരി റെയിൽവേയ്ക്കുവേണ്ടിയുള്ള മുഴുവൻ ഭൂമിയും റെയിൽവേ ആക്ട് മുഖേന ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. റെയിൽവേ അധികാരികൾ നാളിതുവരെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 22-11-2018-ന് M/s ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ്, കണ്ണൂർ പെരുമ്പാവൂർ അടിസ്ഥാനമാക്കിയുള്ള സാമൂഹികാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റെയിൽവേ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സമാന്തരമായി എൽ.എ.ആർ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ കടന്നുപോകുന്നതിൽ രാമപുരം, കടനാട്, വെള്ളിലാപ്പിള്ളി വില്ലേജുകളിൽപ്പെട്ട 22.19.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഫണ്ടിനായി റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

(സി) എരുമേലിയിൽനിന്നും പുനലൂർ വഴി കൊല്ലത്തേയ്ക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നത് സംബന്ധിച്ച ശിപാർശ തൽക്കാലം പരിഗണനയിലില്ല.

## റെയിൽവേ വികസനം

128(1285) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനം സ്തംഭനാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇഴഞ്ഞുനീങ്ങുന്ന പദ്ധതികളാലും പുതിയ പാതകളുടെ കുറവുമൂലവും കേരളത്തിൽ റെയിൽവേ വികസനം മുരടിച്ചുവെന്നത് വസ്തുതയല്ലേ എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിലെ മെല്ലെപ്പോക്ക് നയമാണ് റെയിൽവേ വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്നതെന്ന ആക്ഷേപത്തിന്മേലുള്ള വസ്തുത വെളിപ്പെടുത്താമോ;

(ഡി) റെയിൽവേ സ്വന്തം പണം മുടക്കി ചെയ്യുവാൻ മുന്നോട്ടുവന്നിട്ടുള്ള കോട്ടയം പാത ഇരട്ടിപ്പിക്കൽ, നേമം ടെർമിനൽ പദ്ധതി, ഗുരുവായൂർ-തിരുനാവായ പാതെന്നിവയ്ക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇൻഡ്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും റെയിൽപ്പാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതിവൽക്കരണം, സിഗ്നൽ പരിഷ്കരണം തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

റെയിൽവേ അർത്ഥന ലഭ്യമാക്കിയിട്ടുള്ള ഭൂമികൾക്ക് DLFC/SLEC അനുമതി വാങ്ങി യഥാസമയം ഭൂമി റെയിൽവേയ്ക്ക് കൈമാറാനും LARR കേസുകളിൽ വിധി വന്ന് 15 ദിവസങ്ങൾക്കകം അനുബന്ധ വിവരങ്ങൾ

റെയിൽവേയ്ക്ക് നൽകാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ റെയിൽവേ പാതകളുടെ അലൈൻമെന്റ് സംബന്ധിച്ച എതിർപ്പുകളും പ്രക്ഷോഭങ്ങളും ഭൂമി ഏറ്റെടുക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം നഷ്ടപരിഹാരം സംബന്ധിച്ച് പരാതികളും കോടതി വ്യവഹാരങ്ങളും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിന് പ്രതിബന്ധമാകാറുണ്ട്. വ്യവഹാരങ്ങൾ നിമിത്തമുള്ള കാലതാമസം ഭൂമി വിലയിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യം സംജാതമാക്കുന്നു. തൻനിമിത്തം ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയിൽ ഭീമമായ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഇതും ഭൂമി ഏറ്റെടുക്കുന്നതിനാൽ വിഘാതം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്. എങ്കിലുംസമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ഡി) കോട്ടയം പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി മുളന്തുരുത്തി മുതൽ കുറുപ്പന്തറ വരെയുള്ള ആദ്യ റീച്ചിലെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. കുറുപ്പന്തറ മുതൽ ചിങ്ങവനം വരെയുള്ള രണ്ടാം റീച്ചിലെ അവശേഷിക്കുന്ന 4.3214 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിങ്ങവനം മുതൽ ചങ്ങനാശ്ശേരി വരെയുള്ള മൂന്നാം റീച്ചിലെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

നേമത്തെ പുതിയ കോച്ചിംഗ് ടെർമിനലിനും തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി 27-6-2018-ലെ സ.ഉ. (സാധാ)നം. 2408/2018/റവ. ഉത്തരവുപ്രകാരം ഒരു എൽ.എ. യൂണിറ്റ് തുടങ്ങി ഉത്തരവായിട്ടുണ്ട്. നേമത്തെ പുതിയ കോച്ചിംഗ് ടെർമിനലിനും നേമം വരെയുള്ള ആദ്യഘട്ട പാത ഇരട്ടിപ്പിക്കലിനും ആവശ്യമായ 15 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 7-11-2018-ലെ സ.ഉ.(സാധാ)നമ്പർ 495/2018/ഗതാ. ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.എ. പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

30.8 കി.മീ. ദൈർഘ്യമുള്ള നിർദ്ദിഷ്ട ഗുരുവായൂർ-തിരുനാവായ റെയിൽവേപാത മലപ്പുറം-തൃശ്ശൂർ ജില്ലകളിൽകൂടി കടന്നുപോകുന്നു. മലപ്പുറം ജില്ലയിൽ പൊതുജനങ്ങളുടെ എതിർപ്പ് കാരണം ആദ്യം നിശ്ചയിച്ച അലൈൻമെന്റിൽനിന്നും വ്യതിചലിക്കുകയുണ്ടായി. സർവ്വേ നമ്പർ സഹിതമുള്ള ഫൈനൽ അലൈൻമെന്റ് സ്കെച്ചും അർത്ഥനയും റെയിൽവേയിൽനിന്നും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ അന്തിമ ലൊക്കേഷൻ സർവ്വേ പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## നാഗമ്പടം, ചിങ്ങവനം റെയിൽവേ മേൽപ്പാലങ്ങൾ

129(1286) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എം. സി. റോഡിൽ നാഗമ്പടത്ത് പുതിയതായി നിർമ്മിച്ച റെയിൽവേ മേൽപ്പാലത്തിന് വേണ്ടി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; പ്രസ്തുത പ്രവൃത്തിക്കായി ഇതേ വരെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ട നിശ്ചിത കാലാവധി അറിയിക്കാമോ; ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയ തീയതിയും ഉത്തരവ് നമ്പറും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത തീയതിയും തുകയും അറിയിക്കാമോ;

(സി) ചിങ്ങവനം റെയിൽവേ മേൽപ്പാലത്തിന് (പനച്ചിക്കാട് റോഡിൽ ഉള്ളത്) എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഇതേവരെ എത്ര രൂപ ചെലവഴിച്ചു; പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാവുമെന്നും നിലവിലെ അവസ്ഥയും അറിയിക്കുമോ; അനുമതി ഉത്തരവുകളുടെ നമ്പരും തീയതിയും തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിലെ നാഗമ്പടം റെയിൽവേ മേൽപ്പാലവും അനുബന്ധ അപ്രോച്ച് റോഡും റെയിൽവേ നേരിട്ട് ചെയ്യുന്ന പ്രവൃത്തിയാണ്. ഇതിലേയ്ക്കായി കെ.എസ്.റ്റി.പി.-യുടെ വിഹിതമായി 17.71 കോടി രൂപ റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്.

(സി&ഡി) ചിങ്ങവനം റെയിൽവേ മേൽപ്പാല നിർമ്മാണം റെയിൽവേ നേരിട്ടാണ് നടത്തുന്നത്.

## പാവങ്ങാട് റെയിൽവേ മേൽപ്പാലം നിർമ്മാണം

130(1287) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാവങ്ങാട് റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാവങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി എല്ലാ ഭൂവുടമകളും ഭൂമിവില അംഗീകരിക്കുകയും പ്രസ്തുത തുകയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുമുണ്ട്. എസ്.എൽ.ഇ.സി. അംഗീകരിച്ച സ്ഥലവില അടിസ്ഥാനമാക്കി സ്ഥലമുടമകൾക്ക് നൽകേണ്ട നഷ്ട പരിഹാരത്തുകയായ 3,00,08,060 രൂപ (മൂന്ന് കോടി എണ്ണായിരത്തി അറുപത് രൂപ) 14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 1768/2018/പൊ.മ.വ. പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിശദമായ സർവ്വേ നടപടികൾ കോഴിക്കോട് എൽ.എ. സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സർവ്വേ കഴിയുന്ന മുറയ്ക്ക് മാത്രമെ ഏറ്റെടുക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം സാധാരണ ഗതിയിൽ രണ്ട് മാസത്തിനകം ടെണ്ടർ നടപടിയോടുകൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## കൃഷ്ണപുരം-മാമ്പ്രകന്നേൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

131(1288) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കൃഷ്ണപുരം-മാമ്പ്രകന്നേൽ റെയിൽവേ ഓവർബ്രിഡ്ജിന്റെ ഡി.പി.ആർ.-ഉം ആവശ്യമായ ടെക്നിക്കൽ ക്ലാരിഫിക്കേഷനും കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഔദ്യോഗികമായി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വാത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണം

132(1289) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയതും കൊച്ചിൻ പോർട്ട് ട്രസ്റ്റ് എൻ.ഒ.സി. നൽകിയതുമായ അലൈൻമെന്റ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അലൈൻമെന്റിന്മേലുള്ള നേവിയുടെ എതിർപ്പ് കണക്കിലെടുത്ത്, സിവിൽ ഏവിയേഷൻ നിയമങ്ങൾ അനുസരിച്ചുള്ള പുതുക്കിയ അലൈൻമെന്റ് നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും റെയിൽവേയുടേയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(സി) അതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മേൽപ്പാലത്തിന് പകരമായി അണ്ടർപാസിന്റെ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) മട്ടാഞ്ചേരി ഹാൾട്ടിന്റെ സമീപത്തുള്ള റൺവേയിൽനിന്നും 45 മീറ്റർ മാറി ബ്രിസ്റ്റോ റോഡിലൂടെ ആരംഭിച്ച് CIFT Junction-ന് അടുത്തുള്ള ഹ്യുണ്ടായി ഷോറൂമിൽ അവസാനിക്കുന്ന അലൈൻമെന്റ് നമ്പർ I-ഉം നേവി റൺവേയുടെ സെന്റർ ലൈനിൽനിന്നും ഏകദേശം 90 മീറ്റർ മാറി തുടങ്ങുന്ന അലൈൻമെന്റ് II-ഉം ആണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അംഗീകരിച്ച അലൈൻമെന്റുകൾ.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. നിലവിൽ പ്രസ്തുത റെയിൽവേ ക്രോസിന്റെ ലെവൽ MSL-ൽനിന്നും +2 മീറ്റർ ആണ്. MoRTH-ന്റെ മാനദണ്ഡമനുസരിച്ച് അണ്ടർപ്പാസിന് മിനിമം 5.5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് ആവശ്യമാണ്. ആയതിനാൽ നിലവിലുള്ള ഭൂനിരപ്പിൽനിന്ന് ഏകദേശം 7.5 മീറ്റർ താഴെയായിരിക്കും അണ്ടർപ്പാസിന്റെ ബോട്ടം ലെവൽ (-5.5 m From MSL). പദ്ധതി പ്രദേശത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ സ്വാഭാവിക ഡ്രെയിനേജ് സാധ്യമല്ല. Automatic Pumping System ഉപയോഗിക്കാൻ കഴിയുമോ എന്നുള്ളതിന്റെ സാങ്കേതിക സാധ്യത പരിശോധിച്ചുവരികയാണ്.

**കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി**

133(1290) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതുമായ കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഡി.പി.ആർ. സമർപ്പിക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏജൻസി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കുണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഈ പദ്ധതിക്ക് അന്തിമാനുമതി എന്നത്തേയ്ക്ക് ലഭിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ചതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതുമായ കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.-യായി നിയമിച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഡി.പി.ആർ. സമർപ്പിക്കാൻ ആർ.ബി.ഡി.സി.കെ.-യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൺസൾട്ടന്റ് ഡി.പി.ആർ. ആർ.ബി.ഡി.സി.കെ.-യിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ., ആർ.ബി.ഡി.സി.കെ ഓഫീസിൽ വിശകലനം ചെയ്തു വരികയാണ്.

## ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ നടപടി

134(1291) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 8-9-2016-ലെ സ.ഉ.(എം.എസ്) നമ്പർ 67/2016 പൊ.മ.വ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിലെ ഐറ്റം നമ്പർ 3 പ്രകാരം തിരുവനന്തപുരത്തെ ഫ്ളൈ ഓവറുകൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക ജോലികൾക്ക് കൺസൾട്ടന്റായി നിലവിൽ ആരെയാണ് നിയമിച്ചിരിക്കുന്നതെന്നും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉത്തരവ് നിലനിൽക്കുന്നുണ്ട്.

(ബി) ഉത്തരവിലെ ഐറ്റം നമ്പർ 3 പ്രകാരം മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ കൺസൾട്ടന്റിനെ നിയമിച്ചിട്ടില്ല.

മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ

1. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണത്തിനുള്ള രൂപരേഖ ഡി.എം.ആർ.സി. മുഖാന്തരം തയ്യാറാക്കി.
2. പ്രസ്തുത മേൽപ്പാല പദ്ധതികൾക്കും അതിനാവശ്യമായ സ്ഥലമെടുപ്പിനും ഭരണാനുമതി നൽകി.
3. കിഫ്ബിയിൽനിന്ന് മേൽപ്പാല നിർമ്മാണത്തിനുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു.
4. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## രാജ്യറാണി എക്സ്പ്രസ് ട്രെയിൻ

135(1292) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച് റെയിൽവെ ബോർഡിൽനിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുമെന്ന പ്രഖ്യാപനം നടത്തി ഇത്രയും നാളായിട്ടും തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നറിയുമോ;വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ റെയിൽവെ ബോർഡുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ വേഗത്തിലാക്കി മലബാറിലെ യാത്രക്കാർക്ക് ഏറെ ആശ്വാസമായ രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ട്രെയിനായി ഓടിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. കോച്ചുകൾ ലഭ്യമാകുന്നമുറയ്ക്ക് ഈ ട്രെയിൻ സർവ്വീസ് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. കാലതാമസം സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല.

## പുള്ളിക്കട കോളനി സ്ഥിതിചെയ്യുന്ന റെയിൽവേ ഭൂമി

136(1293) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഈസ്റ്റ് വില്ലേജിൽ പുള്ളിക്കട കോളനി സ്ഥിതിചെയ്യുന്ന റെയിൽവേ വക ഭൂമി കോളനി നിവാസികളുടെ പുനരധിവാസത്തിനായി കൊല്ലം കോർപ്പറേഷന് വിട്ടുനൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം പുള്ളിക്കടയിലെ ചേരി പുനരധിവാസത്തിലേയ്ക്കായി റെയിൽവേയുടെ കൈവശമുള്ള 4.068 ഏക്കർ ഭൂമി കൊല്ലം കോർപ്പറേഷന് കൈമാറുന്നത് സംബന്ധിച്ച ഒരു യോഗം 10-10-2018-ന് റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റെയിൽവേ ബോർഡ് അധികാരികളുമായി ചർച്ച ചെയ്യുന്നതിലേയ്ക്കാവശ്യമായ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് റെയിൽവേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. റെയിൽവേ അധികൃതരിൽനിന്നും മറുപടി ലഭ്യമാക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ട്രെയിനുകൾ റദ്ദാക്കുന്നത് തടയാൻ നടപടി

137(1294) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കോപൈലറ്റുമാരുടെ കുറവുമൂലം സംസ്ഥാനത്ത് പാസഞ്ചർ ട്രെയിനുകൾ അടക്കമുള്ള ട്രെയിനുകൾ ട്രിപ്പുകൾ റദ്ദാക്കുന്നു എന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിൻ യാത്രക്കാരെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രെയിൻ യാത്രക്കാരെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത അവസാനിപ്പിക്കണമെന്നും ആവശ്യമായ ലോക്കോപൈലറ്റിനെ നിയമിക്കണമെന്നും ഒഴിവുകൾ നികത്തണമെന്നും ലോക്കോ പൈലറ്റുമാരുടെ കുറവുമൂലം സംസ്ഥാനത്ത് റദ്ദാക്കിയ പാസഞ്ചർ ട്രെയിനുകളടക്കമുള്ള ട്രെയിനുകൾ പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 4-9-2018-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കത്ത് നൽകിയിട്ടുണ്ട്.

**ക്ലാസ്സ് മുറികൾ സ്മാർട്ടാക്കാൻ സഹായം**

138(1295) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ എത്ര എയ്ഡഡ് സ്കൂൾ ക്ലാസ്സ് മുറികൾക്ക് സ്മാർട്ടാക്കാൻ സഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇനി മലപ്പുറം ജില്ലയിൽ എയ്ഡഡിലും സർക്കാർ മേഖലയിലും എത്ര ക്ലാസ്സ് മുറികളാണ് സ്മാർട്ടാക്കാൻ ബാക്കിയുള്ളതെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ ക്ലാസ് മുറികൾ സജ്ജമായ എല്ലാ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിൽ ആകെയുള്ള 180 എയ്ഡഡ് സ്കൂളുകളിൽ 176 സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ജില്ലയിൽ ക്ലാസ് മുറികൾ സജ്ജമായ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ് മുറികളിലും ഉപകരണങ്ങൾ ലഭ്യമാക്കി. ജില്ലയിലെ 745 എയ്ഡഡ് സ്കൂൾ ക്ലാസ്

മുറികളിലും 257 സർക്കാർ സ്കൂൾ ക്ലാസ് മുറികളിലും വേണ്ടത്ര സജ്ജീകരണമില്ലാത്തതിനാൽ നിലവിൽ മൗണ്ടിംഗ് നടത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകളുടെ സൗകര്യങ്ങളും ആവശ്യകതയും കണക്കാക്കി സജ്ജമാകാത്ത ക്ലാസ് മുറികളിലെ ഹൈടെക് പഠനവും സാദ്ധ്യമാക്കുന്നതിന് സ്കൂളുകൾക്ക് അർഹതപ്പെട്ട ഉപകരണങ്ങളിൽ നിശ്ചിതയെണ്ണം പൊതുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ

139(1296) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ബാബു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി നിലനിൽപ്പുള്ളവയല്ലാതിരുന്ന (അൺ ഇക്കണോമിക്) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുംവിധം മികവുറ്റതാക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മതനിരപേക്ഷ ജനാധിപത്യമൂല്യം ഉയർത്തിപ്പിടിക്കുന്നതിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനം ഫലപ്രദമാക്കാൻ പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 'അൺ ഇക്കണോമിക് (അനാദായകരം)' എന്ന വിശേഷണം നിലവിൽ ഉപയോഗിക്കുന്നില്ല. അതിനുപകരം ഒരു ക്ലാസിൽ ശരാശരി 15-ൽ കുറവാണ് കുട്ടികളുടെ എണ്ണമെങ്കിൽ അത്തരം വിദ്യാലയം ഇനിമുതൽ 'മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം' എന്നാണ് അറിയപ്പെടുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേയ്ക്കായി ഹൈടെക് ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സർക്കാർ/എയ്ഡഡ് മേഖലകളിൽ നടപ്പിലാക്കിവരുന്നു. സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-സ്കൂൾ സംവിധാനമുൾപ്പെടെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രത്യേകമായി പരിഗണിച്ച് അക്കാദമിക മികവ് ഉറപ്പാക്കുന്നതിനും അതുവഴി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും കേരള എഡ്യൂക്കേഷൻ മിഷൻ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ പുതിയ തലമുറയിലെത്തിക്കുന്നതിന് സഹായകരമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി ദേശീയ പ്രസ്ഥാനത്തെക്കുറിച്ചും നവോത്ഥാന മുന്നേറ്റങ്ങളെക്കുറിച്ചുമുള്ള പാഠഭാഗങ്ങൾ, സാമൂഹ്യ പരിഷ്കർത്താക്കളെയും നവോത്ഥാന നായകരെക്കുറിച്ചും അവർ അവതരിപ്പിച്ച ദർശനങ്ങളെക്കുറിച്ചും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നൂതനമായ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും ആരോഗ്യകരമായ മനോഭാവം വളർത്തുന്നതിനും സഹായകരമായ വിധത്തിൽ പഠനം ശക്തിപ്പെടുത്താൻ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നിതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## കെ.ഇ.ആർ. പരിഷ്കരണം

140(1297) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവസാനമായി കെ.ഇ.ആർ. സമഗ്ര ഭേദഗതി വരുത്തിയതെപ്പോഴാണ്;

(ബി) കെ.ഇ.ആർ. കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പരിഷ്കരണത്തിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേന്ദ്ര വിദ്യാഭ്യാസ ആക്ട് നിലവിൽവരികയും അതിനെ പിന്തുടർന്ന് കേരള വിദ്യാഭ്യാസ അവകാശ ചട്ടം 2011-ൽ പുറപ്പെടുവിക്കുകയും ചെയ്തു. എന്നിരുന്നാലും സമഗ്രമായും പൂർണ്ണതയോടെയും പ്രസ്തുത ആക്ട് നടപ്പിലാക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ.ഇ.ആർ.) എന്നിവരുമായി താരതമ്യപഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. എം. എ. ഖാദർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. കെ.ഇ.ആർ.-ൽ കാലോചിതമായ മാറ്റങ്ങൾ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ വരുത്തുന്നുണ്ട്. ഏറ്റവും ഒടുവിലായി ഭേദഗതി വരുത്തിയത് 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരമാണ്.

## പ്രീ-സ്കൂളുകളുടെ പ്രവർത്തനം

141(1298) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രീ-സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അതിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിലുള്ള പ്രീ-സ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അതത് സ്കൂളുകളുടെ സാഹചര്യത്തെ അടിസ്ഥാനമാക്കി വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി ഈ വർഷം എത്ര സ്കൂളുകളിൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് ശാസ്ത്രീയമായ പഠനരീതികൾ പരിചയപ്പെടുത്തുന്നതിന് ഒരു കൈപുസ്തകം വികസിപ്പിച്ചു. കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് വർക്കുബുക്കുകളായി പ്രവർത്തന കാർഡുകൾ തയ്യാറാക്കി അദ്ധ്യാപക പരിശീലനം ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഒരു ജില്ലയിൽ 30 സ്കൂളുകളെന്ന കണക്കിന് 420 സ്കൂളുകളിലാണ് ഈ വർഷം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

## മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന രണ്ടാംഘട്ട സ്കൂളുകൾ

142(1299) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് രണ്ടാംഘട്ട സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) മങ്കട നിയോജകമണ്ഡലത്തിലെ കുറുവയിലെ പാങ്ങ് ജി.എച്ച്.എസ്.എസ്., മങ്കട ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് നൽകിയ ശിപാർശ കത്തിന്മേൽ (113/mankada/18) സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ടാംഘട്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിന്റെ തുടർച്ച 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അത്തരം സ്കൂളുകൾക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 113/mankada/18 നമ്പർ ശിപാർശ കത്ത് ഈ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല.

**ആലത്തൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജൈവവൈവിദ്ധ്യ പാർക്ക്**

143(1300) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ആലത്തൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജൈവ വൈവിദ്ധ്യ പാർക്ക് നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണെന്ന് വിശദീകരിക്കാമോ;

(സി) അതിനായി ചെലവഴിക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഓരോ സ്കൂളിനും 10,000 (പതിനായിരം) രൂപ വീതം ആകെ 1,20,000 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 30 സ്കൂളുകൾക്ക് 10,000 (പതിനായിരം) രൂപവീതം 3,00,000 (മൂന്ന് ലക്ഷം) രൂപയും ജൈവവൈവിദ്ധ്യ ഉദ്യാനം പദ്ധതിക്കായി ആലത്തൂർ മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ**

144(1301) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളും വകയിരുത്തിയ തുകയും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിട നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ വിദ്യാലയങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) 75 വർഷം പിന്നിട്ട സ്കൂളുകളുടെ ഭൗതികസൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലമ്പൂർ മണ്ഡലത്തിൽ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കിഫ്ബി 5 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | തുക |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്. പൂക്കോട്ടുംപാടം | 2.99 കോടി രൂപ |
| 2 | ജി.എച്ച്.എസ്.എസ്. ഇടക്കര | 2.73 കോടി രൂപ |
| 3 | ജി.എച്ച്.എസ്.എസ്. മൂത്തേടത്ത് | 3 കോടി രൂപ |
| 4 | ജി.എച്ച്.എസ്.എസ്. പുലങ്ങോട് | 3 കോടി രൂപ |

ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗവൺമെന്റ് യു.പി.എസ്. പള്ളിക്കുത്ത്, മലപ്പുറം എന്ന സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് വിദ്യാലയങ്ങളുടെ അപേക്ഷകൾ ലഭ്യമായതായി കാണുന്നില്ല.

(ഡി) 1000 കുട്ടികളിൽക്കൂടുതൽ പഠിക്കുന്ന സ്കൂളുകൾ, 150 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്കൂളുകൾ, ഹരിത വിദ്യാലയമായി തെരഞ്ഞെടുത്തവ, 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എന്നിവയാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2018-19 ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുള്ളത്.

## സർക്കാർ/എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകർ

145(1302) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര അധ്യാപക-അനധ്യാപകർ ഉണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരിൽ എത്ര പേരുടെ മക്കൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നു; എത്ര പേരുടെ മക്കൾ അൺ എയ്ഡഡ് മേഖലയിൽ പഠിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അധ്യാപകരുടെ മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പൊതു വിദ്യാഭ്യാസം സംരക്ഷിക്കുവാൻ ബാധ്യതയുള്ള സർക്കാർ വകുപ്പിനു കീഴിലുള്ള ഉദ്യോഗസ്ഥരുടെ മക്കൾ സർക്കാർ സ്കൂളിൽ തന്നെ വിദ്യാഭ്യാസം നടത്തുന്നതിനായി ബോധവത്കരണം ഉൾപ്പെടെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന എത്ര ശതമാനം അധ്യാപരും-അനധ്യാപകരുമാണ് പ്രളയാനന്തര പുനർനിർമ്മാണത്തിന് കേരളത്തെ സഹായിക്കാൻ സർക്കാർ നടപ്പിലാക്കിയ സാലറി ചലഞ്ചിൽ സമ്മതപത്രം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) അത്തരത്തിലുള്ള പഠനം നടത്തിയിട്ടില്ല.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അദ്ധ്യാപകരുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശങ്ങളൊന്നുംതന്നെ നൽകിയിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

146(1303) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി എത്ര സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ അനുമതിയാണ് കിഫ്ബി വഴി ഇതിനായി അനുവദിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ;

(സി) എത്ര സ്കൂളുകളുടെ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കാൻ ഒരു നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെ വീതം തെരഞ്ഞെടുത്ത് കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ പദ്ധതിയിൽ 141 സ്കൂളുകളും ഭൗതിക സാഹചര്യ വികസനത്തിന് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ പദ്ധതിയിൽ 229 സ്കൂളുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 5 കോടി രൂപ കിഫ്ബി ധനസഹായ പദ്ധതിയിൽ 115 സ്കൂളുകളുടെയും 3 കോടി രൂപയിലുൾപ്പെട്ട 70 സ്കൂളുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) കിഫ്ബി ബോർഡ് അംഗീകരിച്ച സ്കൂളുകൾക്ക് ആകെ 1237.67 കോടി രൂപയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്.

(സി) പണികൾ പൂർത്തീകരിച്ചിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

147(1304) ശ്രീ. ജെയിംസ് മാത്യു:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ തയ്യാറാക്കി വരുന്ന മാസ്റ്റർപ്ലാനുകളുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ വർഷം തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരണം നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും 5 പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പഠനപിന്തുണ ആവശ്യമുള്ളവർക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്തുകൊണ്ട് വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർ സെക്കണ്ടറി തലത്തിൽ തയ്യാറാക്കിവരുന്നു. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം 'ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലും നടപ്പിലാക്കിവരുന്നു. ശാസ്ത്രപാർക്കുകൾ, 'സുരീലി ഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'കുഞ്ഞുവായന' 'കുഞ്ഞെഴുത്ത്', 'ടാലന്റ് ലാബ്', ജൈവവൈവിദ്ധ്യ ഉദ്യാന പാർക്കുകൾ, വായനക്കാർഡുകൾ, പ്രീ പ്രൈമറി സ്കൂളുകളുടെ ഏകോപനം, സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി, സാങ്കേതിക പദാവലി, ദേശീയ തൊഴിൽ നൈപുണി യോഗ്യതാ ചട്ടക്കൂട്, യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള 'ഉൾച്ചേർക്കുന്ന

വിദ്യാഭ്യാസം' (Inclusive Education), കാഴ്ചപ്പാട് രേഖ തയ്യാറാക്കൽ, ഓട്ടിസം പാർക്ക് എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സ്റ്റുഡന്റ് സെൻട്രിക് പ്രോഗ്രാം, ഹൈടെക് ക്ലാസ് മുറികൾ, അദ്ധ്യാപക പരിവർത്തന പരിപാടി എന്നിവയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിഭവങ്ങളും ആസൂത്രണ രേഖകളും വികസിപ്പിക്കുന്നതിന് 'കൈറ്റി'-ന്റെ സഹകരണത്തോടെ സമഗ്ര വിദ്യാഭ്യാസ പോർട്ടലിന് രൂപംനൽകി. പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഗവേഷണ പഠനങ്ങൾ സംഘടിപ്പിച്ചു. പ്രളയവുമായി ബന്ധപ്പെട്ട് ദുരന്തനിവാരണത്തിനുള്ള സന്നദ്ധത വികസിപ്പിക്കുന്നതിന് യൂണിസെഫിന്റെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു.

(ബി) പൊതുവിദ്യാലയങ്ങളുടെ അടസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം 141 സ്കൂളുകളെയും 3 കോടി രൂപയുടെ ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 1000 കുട്ടികളിൽക്കൂടുതൽ പഠിക്കുന്ന 229 സ്കൂളുകളെയും തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 1237.67 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 149 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക പദ്ധതികൾ എന്നിവ മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനും കാലഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും വികസിപ്പിക്കുന്നതിനായി അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന കൃത്യമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. എല്ലാ സ്കൂളുകളും അക്കാദമിക മാസ്റ്റർപ്ലാൻ തദ്ദേശഭരണ പ്രതിനിധികൾ, ജനപ്രതിനിധികൾ,

രക്ഷാകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.റ്റി.എ. തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾതല റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 2018 ജനുവരി മാസത്തോടെ തയ്യാറാക്കുകയും ഫെബ്രുവരിയിൽ പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടനുബന്ധിച്ച് സമീപനരേഖ വികസനം, സ്കൂൾതല ആക്ഷൻ പ്ലാൻ രൂപീകരണം, ജില്ലാതല അവലോകനം, അക്കാദമിക പ്രവർത്തനങ്ങളുടെ ഉദ്ഗ്രഥനം, സംസ്ഥാനതല ശില്പശാല, ജില്ലാതല ഉദ്യോഗസ്ഥ അവലോകനം എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി സ്കൂൾതല, പഞ്ചായത്തുതല പൂർത്തീകരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഓരോ സ്കൂളുകളും 5 അക്കാദമിക പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## പ്രീ-സ്കൂൾ പഠനം ശാസ്ത്രീയമായി പരിഷ്കരിക്കാൻ നടപടി

148(1305) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-സ്കൂളുകളെ അങ്കണവാടികളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) പ്രീ-സ്കൂൾ പഠനം ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന അശാസ്ത്രീയ പഠന സാമഗ്രികൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി അങ്കണവാടികളെ പ്രീ-സ്കൂളുകളുമായി ബന്ധിപ്പിക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയും ലീഡ് സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ (ജില്ലയിൽ 30 വീതം) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ക്ലസ്റ്റർ സ്കൂളുകളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർ, ആയമാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, വകുപ്പുദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കിയിട്ടുമുണ്ട്.

(ബി) എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠ്യപദ്ധതിയും പഠന സാമഗ്രികളും ഉപയോഗിച്ച് മാതൃഭാഷാ മാധ്യമത്തിൽ പ്രീ-സ്കൂൾ കുട്ടികളുടെ സമഗ്ര വികാസത്തിന് സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

149(1306) ശ്രീ. സി. കെ. നാണു.:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകരുടെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക ഒഴിവുകൾ വരുന്നമുറയ്ക്ക് അവ താത്ക്കാലികമായി നികത്തിവരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ 11977 ഒഴിവുകളും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 1487 അദ്ധ്യാപകരുടെ ഒഴിവുകളും നിലവിലുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)

| | | |
|---|---|---|
| ഫിസിക്സ് | - | 7 |
| കെമിസ്ട്രി | - | 6 |
| കണക്ക് | - | 7 |
| ഇംഗ്ലീഷ് | - | 3 |
| ജോഗ്രഫി | - | 1 |
| ബയോളജി | - | 1 |
| ഇക്കണോമിക്സ് | - | 1 |
| ഹിസ്റ്ററി | - | 1 |

ജനറൽ ഫൗണ്ടേഷൻ കോഴ്സ് (ജി.എഫ്.സി.) - 6.

2. നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)

| | | |
|---|---|---|
| ഇംഗ്ലീഷ് | - | 12 |
| ഫിസിക്സ് | - | 17 |
| കെമിസ്ട്രി | - | 11 |
| കണക്ക് | - | 5 |
| ബയോളജി | - | 1 |
| കോമേഴ്സ് | - | 18. |

3. വൊക്കേഷണൽ ടീച്ചർ

| | | |
|---|---|---|
| ഡയറിയിംഗ് മിൽക്ക് പ്രോഡക്ട് (ഡി.എ.പി. | - | 4 |
| ക്രഷ് &പ്രീ സ്കൂൾ മാനേജ്മെന്റ് (സി.പി.എസ്.എം.) | - | 1 |
| ജനറൽ ഇൻഷ്വറൻസ് (ജി.ഐ.) | - | 2 |
| ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (എൽ.എസ്.എം.) | - | 14 |
| സിവിൽ കൺസ്ട്രക്ഷൻ & മെയിന്റനൻസ് (സി.സി.എം.) | - | 2 |
| മെയിന്റനൻസ് & റിപ്പയർ ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ് (എം.ആർ.ഡി.എ.) | - | 12 |
| മെയിന്റനൻസ് & റിപ്പയർ ഓഫ് റേഡിയോ & ടെലിവിഷൻ (എം.ആർ.ആർ.റ്റി.വി.) | - | 4 |
| അക്കൗണ്ടൻസ് & ഓഡിറ്റിംഗ് (എ & എ.) | - | 6 |

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി സ്പെഷ്യൽ റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പുകളുടെ ലയനവുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ടീച്ചർമാരുടെ നിയമനങ്ങൾ നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ വൊക്കേഷണൽ ടീച്ചർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നിയമനങ്ങൾ നിർത്തിവയ്ക്കാൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## മലയാള ഭാഷാപഠനം സ്കൂളുകളിൽ നിർബന്ധമാക്കുന്നതിന് നടപടി

150(1307) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷാപഠനം സംസ്ഥാനത്തെ സ്കൂളുകളിൽ നിർബന്ധമാക്കിയ നിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയത് പരിശോധിക്കുന്നതിനായി ജില്ലകളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം സ്കൂളുകളിലാണ് പരിശോധന നടത്തിയിട്ടുള്ളത് ; പ്രസ്തുത സ്കൂളുകളിൽ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാം; പ്രസ്തുത ന്യൂനതകൾക്ക് നിയമത്തിൽ പറഞ്ഞിരിക്കുന്ന പിഴ പ്രസ്തുത സ്കൂളുകൾക്ക് ഈടാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെത്ര സ്കൂളുകൾക്ക് ഇത്തരത്തിൽ പിഴ ചുമത്തിയിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ;

(ഇ) ഇപ്രകാരം മൂന്നുതവണ പിഴ അടച്ച സ്കൂളുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(എഫ്) മലയാളത്തിന് കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കന്നടയും മലയാളവും അദ്ധ്യയന മാധ്യമമായുള്ള സ്കൂളുകളിൽ കന്നട മാധ്യമത്തിൽ പഠിക്കുന്ന കുട്ടികൾ മലയാളം പഠിക്കാൻ തയ്യാറാകുന്നില്ലെന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ആരെയും നിർബന്ധിച്ച് ഭാഷ പഠിപ്പിക്കാൻ മലയാള ഭാഷാ നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥകളില്ലാത്തതിനാൽ താല്പര്യമുള്ള കുട്ടികളെ മാത്രമെ ഇപ്പോൾ മലയാളം പഠിപ്പിക്കുന്നുള്ളൂ. പിഴ ചുമത്താവുന്ന ന്യൂനതകളൊന്നും പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. സ്കൂൾ പരിശോധന 31-12-2018 വരെ തുടരാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ സ്കൂളുകളിലെ പരിശോധനകൾ തുടരുന്നുണ്ട്.

(ഡി) പിഴ ചുമത്തിയിട്ടുള്ള റിപ്പോർട്ടുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. സ്കൂൾ പരിശോധനകൾ ഡിസംബർ 31 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല. മലയാള ഭാഷാ പഠന ചട്ടങ്ങൾ, 2018 ജൂൺ 2-നാണ് നിലവിൽവന്നത്. സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പത്താം തരത്തിൽ മലയാളത്തിന് മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾ തുടർന്നുള്ള രണ്ട് വർഷക്കാലം മലയാളം ഒരു വിഷയമായി പഠിക്കുന്നപക്ഷം സാഹിത്യത്തിലെ മികച്ച കൃതികൾ വാങ്ങി വായിക്കാനും അതിന്റെ വെളിച്ചത്തിൽ സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച അവബോധം വളർത്താനുംവേണ്ടി ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്താൻ പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം

151(1308) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അദ്ധ്യാപക തസ്തിക സൃഷിടിക്കുന്നതിനായി കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം കാണിച്ചതായി സൂപ്പർ ചെക്ക് സ്ക്വാഡിന്റെ ഈ അദ്ധ്യായന വർഷത്തെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൃത്രിമത്വം കാണിച്ച സ്കൂളിന്റെ പ്രഥമാധ്യാപകർ, മാനേജ്മെന്റ് എന്നിവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമത്വം കാട്ടുന്നത് തടയുന്നതിനായി ആധാർ അധിഷ്ഠിതെൻറോൾമെൻറ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ അദ്ധ്യയന വർഷത്തിൽ സൂപ്പർ ചെക്ക് സെൽ മൊത്തം 16 സ്കൂൾ പരിശോധനകളാണ് നടത്തിയത്. (തിരുവനന്തപുരം മേഖല -12, കോഴിക്കോട്-4) തുടർപരിശോധനകൾ നടത്തി നടപടികൾ പൂർത്തീകരിച്ചാൽ മാത്രമെ കൃത്രിമത്വം നടത്തി അധിക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാകൂ. ആലപ്പുഴ ജില്ലയിലെ ലിയോ XIII സ്കൂളിലേയ്ക്ക് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ 40 കുട്ടികളെ അനുമതിയില്ലാതെ സമ്പൂർണ്ണ സോഫ്റ്റ് വെയർ വഴി മാറ്റി അധിക തസ്തിക സൃഷ്ടിക്കാൻ ശ്രമം നടത്തിയതായി സൂപ്പർ ചെക്ക് സെല്ലിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ 40 കുട്ടികളെ സമ്പൂർണ്ണ സോഫ്റ്റ്വെയർ വഴി തന്റെ സ്കൂളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന് ആലപ്പുഴ ലിയോ XIII ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ പ്രവേശന നടപടികൾ നിലവിൽ ആധാർ അധിഷ്ഠിതമായാണ് ചെയ്തുവരുന്നത്.

## കൈത്തറി യൂണിഫോം തുണി വിതരണം

152(1309) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയന വർഷത്തിലും സ്കൂൾ വിദ്യാർത്ഥികൾക്ക് നേരിട്ട് കൈത്തറി യൂണിഫോം തുണി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഓരോ സ്കൂളിനും മുൻവർഷത്തിൽ വിതരണം ചെയ്ത അതേ യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഇതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. 2019-20 അദ്ധ്യയന വർഷത്തിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നടപ്പ് അദ്ധ്യയന വർഷത്തിൽ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് വിതരണം ചെയ്തതിനുപുറമെ അടുത്ത വർഷം 1 മുതൽ 4 വരെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽക്കൂടി കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള തുണിയുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

(ബി) സ്വീകരിച്ചുവരുന്നു. യൂണിഫോം പാറ്റേൺ 3 വർഷത്തിനുള്ളിൽ മാറ്റുന്നതല്ല. 2017-18 മുതലാണ് കൈത്തറി യൂണിഫോം വിതരണം തുടങ്ങിയത്. അതുകൊണ്ട് 2018-19-ൽ നൽകിയ അതേ യൂണിഫോം തന്നെയായിരിക്കും 2019-20-ലും നൽകുക.

(സി) ഉണ്ട്. അടുത്ത അദ്ധ്യനവർഷം 845943 കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള കൈത്തറി തുണിയുടെ ഉല്പാദനം കൈത്തറി വകുപ്പിനുകീഴിൽ നടന്നുവരുന്നു. സ്കൂൾ തുറക്കുന്നതിനുമുമ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**മാതൃഭാഷ പഠിക്കാനുള്ള അവകാശം**

153(1310) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അതിർത്തി താലൂക്കുകളിൽ മലയാളി കുട്ടികൾക്ക് മാതൃഭാഷ പഠിക്കാനുള്ള അവകാശം നിഷേധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ദ്വിഭാഷ സ്കൂളുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്കൂളുകളിൽ കന്നഡയോടൊപ്പം മലയാളവും പഠിപ്പിക്കാൻ സംവിധാനമില്ലാത്തെത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഒന്നാം ക്ലാസ്സിൽ മലയാളം പഠിപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പുസ്തകങ്ങൾ എടുക്കാൻ തയ്യാറാകാതെ നിഷേധനിലപാടുകൾ ഏതെങ്കിലും സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരത്തിലുള്ള സ്കൂളുകൾ ഏതാണെന്നും നിഷേധ നിലപാടിനെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ കന്നട മീഡിയം സ്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായിരുന്നതെങ്കിലും എസ്.എസ്.എ.-യുടെ 'മലയാളത്തിളക്കം' പോലുള്ള പദ്ധതികളിലൂടെ ഈ പോരായ്മ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

(ബി) 106.

(സി) ഇത്തരത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നുണ്ട്. എന്നാൽ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ 101 സ്കൂളുകൾ കന്നട മീഡിയത്തിൽ മാത്രം അദ്ധ്യയനം നടത്തുന്നവയാണ്. ഈ 101 സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ലെങ്കിലും അതത് സ്കൂളുകൾക്ക് മലയാളം പഠിപ്പിക്കാൻവേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

## മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാൻ നടപടി

154(1311) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോചനീയാവസ്ഥയിലുള്ള മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നത് സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് മതിയായ സൗകര്യം സിവിൽ സ്റ്റേഷനിൽ ലഭ്യമല്ലെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിന് ആവശ്യമായ സ്ഥലം എത്രയാണെന്ന് അറിയിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അളന്ന് തിട്ടപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## സ്കൂൾ കുട്ടികൾ വീട്ടുവളപ്പിൽ വൃക്ഷത്തെ നടാൻ പദ്ധതി

155(1312) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾ വീട്ടുവളപ്പിൽ വൃക്ഷത്തെ നടുന്നതിന് 6 മാസം കൂടുമ്പോൾ 50 രൂപയുടെ സമ്മാനം നൽകുന്ന പദ്ധതി ഹരിയാന സർക്കാർ നടപ്പിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാനപദ്ധതി ഇവിടെയും ആവിഷ്കരിച്ച് സംസ്ഥാനം ഹരിതാഭമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ 'എന്റെ മരം' പദ്ധതി നിലവിലുള്ളതിനാൽ മറ്റ് പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

## സംസ്ഥാനത്തെ എല്ലാ സി.ബി.എസ്.സി., കെ. വി. സ്കൂളുകളിലും മലയാള ഭാഷ പഠനം

156(1313) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ബി.എസ്.സി., കെ. വി. സ്കൂളുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സ്വകാര്യ സ്കൂളുകളുടെ സമ്മർദ്ദത്തിന് വഴങ്ങാതെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സഹായകരമായ നടപടികൾ സ്വീകരിക്കുമോ ;

(സി) അയൽ സംസ്ഥാനങ്ങളിൽ കെ. വി. സ്കൂളുകളിലുൾപ്പെടെ മാതൃഭാഷ നിർബന്ധമായും പഠിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മലയാളഭാഷ പഠനം ഇത്തരം സ്കൂളുകളിൽ മാത്രം യാത്ഥാർത്ഥ്യമാകാതെ പോകുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കാൻ തയ്യാറാകുമോ ;

(ഇ) ഈ അധ്യയന വർഷംതന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും മലയാളം മറ്റ് ഭാഷകളോടൊപ്പം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ ഏതെങ്കിലും സ്കൂളുകൾക്ക് ഇളവ് നൽകുന്നതിന് ആലോചനയുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ?

### ഉത്തരം

(എ) മലയാള ഭാഷ പഠനചട്ടങ്ങൾ - 2018, ചട്ടം 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെടുത്തി യിരിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറെയാണ്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിശദമായ പരിശോധനാ സംവിധാനം ചട്ടങ്ങളിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ താഴെപ്പറയുന്നു.

സംസ്ഥാനത്തെല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോധകരുടെ പാനൽ രൂപവത്കരിച്ചിട്ടുണ്ട്. (ചട്ടം-3) വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽനിന്നുള്ള അഞ്ച് (5) ഹൈസ്കൂൾ ടീച്ചർമാർ (മലയാളം) അടങ്ങുന്ന പാനലാണ് രൂപവത്കരിച്ചിട്ടുള്ളത്. ഉപജില്ലകളിലെ പ്രൈമറി സ്കൂളുകളിൽക്കൂടി പരിശോധന നടത്തേണ്ടതുള്ളതിനാൽ വിദ്യാഭ്യാസ ജില്ലാ തലത്തിൽ പ്രസ്തുത വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽനിന്നുള്ള ഏഴ് (7) ഹൈസ്കൂൾ ടീച്ചർമാരുടെ (മലയാളം) പാനലിനാണ് രൂപംനൽകിയിട്ടുള്ളത്.

ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ മലയാള ഭാഷാ പഠനം വിലയിരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതല പാനലിൽനിന്നുള്ള ഒരദ്ധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. അദ്ധ്യയന വർഷം ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പ്രസ്തുത പരിശോധന പൂർത്തിയാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഫാറം-1-ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. (ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രളയക്കെടുതികൾമൂലം ഈ വർഷം ഡിസംബർ 31 വരെ സ്കൂൾ പരിശോധനകൾ പൂർത്തിയാക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.) പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മലയാള ഭാഷാ പഠനം വിലയിരുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതലത്തിൽ പാനലിൽനിന്നുള്ള ഒരദ്ധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. ഈ പരിശോധനയുടെ റിപ്പോർട്ടും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫാറം - 1-ൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ വർഷം മേൽ ഖണ്ഡികകൾ പ്രകാരമുള്ള സ്കൂൾ പരിശോധനകൾ നടത്തി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കും.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ ഫാറം-2-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, റവന്യൂ ജില്ലാതല പാനലിലെ ഒരു അദ്ധ്യാപകൻ എന്നിവരാണ് വിദ്യാഭ്യാസ ഉപഡയറക്ടർതല പരിശോധനയ്ക്കായി സ്കൂളുകൾ സന്ദർശിക്കേണ്ടത്.

മലയാളം ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നുംസമയക്രമമനുസരിച്ച് പഠന നിലവാരം മൂല്യനിർണ്ണയം നടത്തുന്നുണ്ടെന്നും പരിശോധക സംഘം ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യമായി എത്തിക്കുന്നതിനായി ജില്ലാ/ഉപജില്ലാ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും ശ്രദ്ധ പുലർത്തണമെന്നും അറിയിച്ചിട്ടുണ്ട്.

2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വകുപ്പിന്റെതന്നെ 3-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിനോ മറ്റേതെങ്കിലും ഭാഷ മാത്രമെ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചാൽ സ്കൂളിന്റെ പ്രഥമാദ്ധ്യാപകനിൽനിന്ന് 5000 രൂപ പിഴ ഈടാക്കാൻ മലയാള ഭാഷാപഠന ചട്ടങ്ങൾ 2018, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശോധനയിൽ ടി വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും അൺ എയ്ഡഡ് സ്കൂളുകളും മേൽപ്പറഞ്ഞ നിയമലംഘനം 3 തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി നടത്തുവാൻ വിശദമായ അറിയിപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) മലയാള ഭാഷാ പഠന ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കുന്ന കാര്യത്തിൽ ആരിൽനിന്നും സമ്മർദ്ദമൊന്നും ഉണ്ടാകുന്നതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. നിർബന്ധിച്ച് ഭാഷ പഠിപ്പിക്കാനുള്ള വ്യവസ്ഥകളൊന്നും ചട്ടങ്ങളിലില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം സാദ്ധ്യമാക്കാൻവേണ്ടിത്തന്നെയാണ് 2018-ലെ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽവന്നിരിക്കുന്നത്. അതിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളും ഉൾപ്പെടും.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

## സ്കൂളുകളിലെ ഓട്ടിസം പാർക്ക്

157(1314) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്നും അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുത്ത 14 നിയോജകമണ്ഡലങ്ങളിലെ ഓരോ സർക്കാർ സ്കൂളുകളിൽ (ആകെ 14 സ്കൂളുകളിൽ) ഓട്ടിസം പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ പുനർ നിർമ്മാണം

158(1315) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ ; അവയുടെ പുനർനിർമ്മാണത്തിനായി പ്രത്യേകം പാക്കേജ് നടപ്പിലാക്കുമോ; വിശദമാക്കുമോ;

(ബി) പ്രളയത്തിൽ നശിച്ച സ്കൂൾതല രേഖകൾ, അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രളയത്തിൽ പൂർണ്ണമായും തകർന്ന സ്കൂളുകളിലെ വിദ്യാർത്ഥികളുടെ തുടർപഠനത്തിന് താല്ക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 5 സ്കൂളുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പുനർനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പ്രളയത്തിൽ നശിച്ച സ്കൂൾതല രേഖകൾ, അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വയനാട് ജില്ലയിലെ കുറിച്ചിയാർമല ഗവൺമെന്റ് എൽ.പി.എസ്. മേൽമുറിയിലെ ഫിയാത്തുൽ ഇസ്ലാം മദ്രസ്സ കെട്ടിടത്തിലും മക്കിമല ഗവൺമെന്റ് എൽ.പി. സ്കൂളിലെ 2 ക്ലാസ് മുറികൾ സിറാജിൻ സുന്നി മദ്രസ്സ കെട്ടിടത്തിലും മറ്റ് രണ്ട് ക്ലാസ് മുറികൾ വനം വകുപ്പിന്റെ വനം സംരക്ഷണ സമിതി കെട്ടിടത്തിലും ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി.എസ്. പൂപ്പൻപാറ യാക്കോബാ പള്ളിയുടെ പ്രത്യാശാ ഭവൻ എന്ന കെട്ടിടത്തിലും കാസർഗോഡ് ജില്ലയിലെ ഭാവിക്കര ഗവൺമെന്റ് എൽ.പി.എസ്. മുഖിനിൽ ഇസ്ലാം മദ്രസ്സ കെട്ടിടത്തിലും താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ പെരുവമ്പ ഗവൺമെന്റ് എൽ.പി.എസ്. 29-8-2018 മുതൽ 25-11-2018 വരെ തൊട്ടടുത്ത സി.എ.എച്ച്.എസ്. പെരുവമ്പ

എയ്ഡഡ് സ്കൂളിൽ താൽക്കാലികമായി പ്രവർത്തിക്കുകയും 26-11-2018 മുതൽ ടി സ്കൂളിന്റെ പഴയ സ്ഥലത്തുതന്നെ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരികയും ചെയ്തുവരുന്നു.

**പ്രളയത്തിൽ പൊതുവിദ്യാലയങ്ങൾക്കുണ്ടായ നഷ്ടം**

159(1316) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ൽ സംസ്ഥാനത്തുണ്ടായ പ്രളയം വിദ്യാഭ്യാസ മേഖലയെ എത്തരത്തിൽ ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പൊതു വിദ്യാലയങ്ങൾക്ക് ഉണ്ടായ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങൾ, ലാബുകൾ, ലൈബ്രറി, ചുറ്റുമതിൽ ശൗചാലയങ്ങൾ, ഉദ്യാനങ്ങൾ, കിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് സംബന്ധിച്ച നാശനഷ്ടങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹൈടെക് പദ്ധതിയിൽപ്പെടുത്തി നല്കിയ ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇവ തകരാറ് മാറ്റി ഉപയോഗപ്രദമാക്കുന്നതിന് സാധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയം കുട്ടികളുടെ അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്താനിടയാക്കുകയും പഠനോപകരണങ്ങൾക്കും സ്കൂൾ കെട്ടിടങ്ങൾക്കും ശൗചാലയങ്ങൾക്കും ലൈബ്രറികൾക്കും സ്കൂൾ ലാബുകൾക്കും വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾക്കും പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ പൊതുവിദ്യാലയങ്ങളിൽ പ്രളയംമൂലം 37,69,58,754 (മുപ്പത്തിയേഴ് കോടി അറുപത്തിയൊമ്പത് ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി എഴുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 712 സ്കൂൾ കെട്ടിടങ്ങൾക്കും 228 ലാബുകൾക്കും/ ലൈബ്രറികൾക്കും 12279 ചുറ്റുമതിലുകൾക്കും 470 ശൗചാലയങ്ങൾക്കും

81 ഉദ്യാനങ്ങൾക്കും 105 കിണറുകൾക്കും 61 പമ്പ് സെറ്റുകൾക്കും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഹൈടെക് പദ്ധതിയിലുൾപ്പെടുത്തി സ്കൂളുകൾക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ നൽകിയിട്ടില്ല. ഹൈടെക് പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത 185 ലാപ്ടോപ്പുകൾക്കും 44 പ്രോജക്ടറുകൾക്കും 2018-ലെ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കുകയും പ്രസ്തുത ഉപകരണങ്ങൾക്കുപകരം പുതിയ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിൽ ഹരിത ചട്ടം

160(1317) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഹരിത ചട്ടം നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഇവ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന തുടർ നടപടികളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിശിഷ്യാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ ആവശ്യമായ ശുചിമുറികൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഹരിതചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കേരള സംസ്ഥാന ശുചിത്വ മിഷനും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ ഓഫീസുകളിലും കർശനമായി നടപ്പിലാക്കാനും വിദ്യാഭ്യാസ ഓഫീസുകളിലും വിദ്യാലയങ്ങളിലും സംഘടിപ്പിക്കുന്ന പരിപാടികളിൽ ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഹൈസ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പൂർണ്ണസജ്ജമായ ശുചിമുറികളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രളയത്തിൽ തകർന്ന സ്കൂളുകളിലെ ശുചിമുറികൾ പുനർനിർമ്മിക്കുന്നതിന് കേരള സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പൂർണ്ണസജ്ജമായ ശുചിമുറികളുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം തടയുന്നതിന് പരിശീലനം

161(1318) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം തടയുന്നതിന് സ്ക്കൂളുകളിൽ വ്യക്തിസുരക്ഷ പരിശീലനത്തിന് ക്ലാസ് പീരിയഡുകൾ സജ്ജമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരം പരിശീലന സംവിധാനം മാതാപിതാക്കൾ, അധ്യാപകർ, അനധ്യാപകർ എന്നിവർക്കു കൂടി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലൈംഗികാതിക്രമം തടയുന്നതിന് നിലവിൽ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. എങ്കിലും പ്രസ്തുത വിഷയത്തിനായി ക്ലാസ് പീരിയഡുകൾ സജ്ജമാക്കുന്നത് പ്രായോഗികമായി കഴിയുകയില്ല.

ഹയർ സെക്കണ്ടറിയിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ശാരീരിക-മാനസികാരോഗ്യം ശക്തിപ്പെടുത്തു ന്നതിനുമായി കരുത്തെന്ന പേരിൽ കരാട്ടെ, കളരിപ്പയറ്റ്, തായ്ക്കൊണ്ടേ തുടങ്ങിയ ഏതെങ്കിലുമൊരു ആയോധനകലയിൽ 30 വിദ്യാർത്ഥികൾക്കുവീതം പരിശീലനം നൽകിവരുന്നു. സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ലൈംഗികാരോഗ്യം, മാനസികാരോഗ്യം, ബാലാവകാശം (പോക്സോ) തുടങ്ങിയവയിൽ വിദഗ്ധരുടെ ക്ലാസുകൾ നടത്തപ്പെടുന്നുണ്ട്.

ഈ വർഷം ബാലാവകാശം, പോക്സോ, സൈബർ ക്രൈം എന്നീ മേഖലകളിൽ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളിലെയും സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും മേൽ അദ്ധ്യാപകർ സ്കൂളിലെ മറ്റ് അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് ഈ മേഖലയിൽ ശരിയായ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗിന്റെ ഭാഗമായി പെൺകുട്ടികളുടെ സുരക്ഷ മുൻനിർത്തി 'ഷി ക്യാമ്പ്' എന്ന പ്രോഗ്രാം നടത്താറുണ്ട്.

(ബി) സെക്കണ്ടറി തലത്തിലുള്ള കുട്ടികൾക്ക് പോക്സോ നിയമം സംബന്ധിച്ച് അവധി ദിവസങ്ങളിൽ വിപുലമായ പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ അനദ്ധ്യാപകർക്കും മാതാപിതാക്കൾക്കുംകൂടി പങ്കെടുക്കാൻ അവസരമുണ്ട്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ മക്കളെ അറിയാൻ എന്ന പേരിൽ കൗമാരക്കാരുടെ ഇഫക്ടീവ് പാരന്റിംഗുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ നൽകിവരുന്നുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗിന്റെ ഭാഗമായി 'Positive Parenting' എന്ന പരിപാടികൾ ടി വിഷയങ്ങളിൽ ക്ലാസുകൾ നടത്താറുണ്ട്.

## കൈറ്റ് ഓഡിറ്റ്

162(1319) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ലഭ്യമാക്കിയ കമ്പ്യൂട്ടറുകളുടെയും മറ്റ് ഉപകരണങ്ങളുടെയും ഉപയോഗം പരിശോധിക്കുവാൻ കൈറ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടോ;

(ബി) എത്ര സ്കൂളുകളിലാണ് പ്രസ്തുത ആഡിറ്റിംഗ് നടത്തിയത്; ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഗുണപരമായ പരിശോധന നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നടന്നുവരുന്നു.

(ബി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്ന 4752 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള അന്തിമറിപ്പോർട്ട് തയ്യാറായിട്ടില്ല.

(സി) സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനോടൊപ്പം ഉപകരണങ്ങളുടെ ഉപയോഗവും 'സമഗ്ര' വിഭവ പോർട്ടൽ ഉൾപ്പെടെയുള്ള സൗകര്യങ്ങളുടെ ഉപയോഗവും പ്രയോഗവും പ്രാഥമികമായി വിലയിരുത്തുന്നതിന് കഴിയുന്ന

വിധത്തിലുള്ള സ്കൂൾ ഓഡിറ്റാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. ഗുണപരമായ പരിശോധനയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള രണ്ടാംഘട്ട പരിശോധന പ്രത്യേകമായി പിന്നീട് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഹൈടെക് ക്ലാസ്സ് മുറികൾ

163(1320) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ഏതെല്ലാം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളാണ് ഹൈടെക് ക്ലാസ്റൂമുകൾ നിർമ്മിക്കുന്നതിനായി പരിഗണിയ്ക്കപ്പെട്ടിട്ടുള്ളത്; ഏതെല്ലാം സ്കൂളുകളിൽ ഇത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇനി ഏതെല്ലാം സ്കൂളുകളാണ് പൂർത്തീകരിക്കാനായിട്ടുള്ളത്; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പദ്ധതി നടപ്പിലാക്കുന്ന കാട്ടാക്കട നിയോജകമണ്ഡലത്തിലെ എല്ലാ (25) സ്കൂളുകളിലേയ്ക്കും ഉപകരണ വിതരണം നടത്തിയിട്ടുണ്ട്. ആകെയുള്ള 236 ക്ലാസ് മുറികളിൽ സജ്ജമായ 228 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയാക്കി.

## അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സ്കൂളുകൾ

164(1321) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5 കോടി രൂപ ചെലവിൽ സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര സ്കൂളുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(സി) ഈ സ്കൂളുകളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ഒരു മണ്ഡലത്തിലെ ഒരു സ്കൂൾ വീതം മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്ത് 141 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 115 സ്കൂളുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) 2019 ജൂൺ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## നെന്മാറ നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ്സ് മുറികൾ

165(1322) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഹൈടെക് ക്ലാസ്സ് മുറികൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ സ്കൂളിലും എത്ര ക്ലാസ്സ് മുറികളാണ് ഹൈടെക് ആയി ഉയർത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## നെന്മാറ നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ട സ്കൂളുകൾ

166(1323) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട സ്കൂളുകളുടെ പ്രവൃത്തി സംബന്ധിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളുടെ പ്രവൃത്തിയാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) എല്ലാ സ്കൂളുകളിലെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നെന്മാറ ജി.ബി.എച്ച്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനം 5 കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കൊടുവായൂർ, ജി.എച്ച്.എസ്.എസ്. മുതലമട എന്നീ സ്കൂളുകളും നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നെന്മാറ ജി.ബി.എച്ച്.എസ്.-ന് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം പുരോഗമിച്ചുവരുകയും ചെയ്യുന്നു. ജി.എച്ച്.എസ്.എസ്. കൊടുവായൂരിന് ഭരണാനുമതി നൽകുകയും കിഫ്ബിയുടെ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്. മുതലമട സ്കൂളിന്റെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കീഴൂർ ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രഡേഷൻ**

167(1324) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കീഴൂർ ഗവണ്മെന്റ് യു. പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ 326/സി2/2017/പൊ.വി.വ. നമ്പർ കത്ത് മുഖേന പൊതുവിദ്യാഭ്യാസ (സി) വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഒരു യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത്കൊണ്ട് ഉത്തരവാകുന്നതിന് മുന്നോടിയായി വിവിധ തലങ്ങളിൽ നടക്കേണ്ടുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ആർ.എം.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 7-5-2018-ലെ റിപ്പോർട്ട് പ്രകാരം കീഴൂർ ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രഡേഷൻ

പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ UDISE ഡാറ്റ പ്രകാരം കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്നും പ്രസ്തുത സ്കൂളിന്റെ നാല് കിലോമീറ്റർ ചുറ്റളവിൽ പയ്യോളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്നതിനാൽ ഈ പ്രദേശം വിദ്യാഭ്യാസ വിദൂര പ്രദേശമല്ലെന്നും വിദ്യാഭ്യാസ വിദൂര പ്രദേശം സംബന്ധിച്ച് അന്തിമ വിജ്ഞാപനത്തിന് അനുസൃതമായിട്ടല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണനാർഹമല്ലെന്നുമാണ് പൊതുവിലുള്ള സർക്കാർ നിലപാട്. ടി വിഷയം പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് 326/D2/17/പൊ.വി. ഫയലിൽ കൈകാര്യം ചെയ്യുന്നു.

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഒരു യു.പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് പാരൻസ് ടീച്ചേഴ്സ് അസോസിയേഷൻ/സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി/സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റി/ ജനപ്രതിനിധികൾ തുടങ്ങിയവരുടെ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശിപാർശയോടെ ആർ.എം.എസ്.എ. സംസ്ഥാന ഓഫീസിൽ സമർപ്പിക്കണം. പ്രസ്തുത അപേക്ഷ സംസ്ഥാന ഓഫീസിൽ പ്രോജക്ട് അപ്രൈസൽ നടത്തി മാനവവിഭവശേഷി മന്ത്രാലയം മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിക്കണം. പ്രസ്തുത റിപ്പോർട്ട് മാനവവിഭവശേഷി മന്ത്രാലയം അംഗീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന് യു.പി. സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവിറക്കാവുന്നതാണ്.

സാധാരണ നിലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഗസ്റ്റ് വിജ്ഞാപന പ്രകാരം വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിലെ സ്കൂളുകൾ മാത്രമെ അപ്ഗ്രേഡേഷന് പരിഗണിക്കുകയുള്ളൂ. വിജ്ഞാപന തീയതി മുതൽ ഒരു മാസത്തിനകം ഫാറം നമ്പർ 1-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച് വിശദ പരിശോധനയ്ക്കുശേഷം അന്തിമ തീരുമാനമെടുത്ത് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുമാണ് അപ്ഗ്രഡേഷൻ നടപടിക്രമങ്ങൾ.

**സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതി**

168(1325) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബജറ്റിൽ പ്രഖ്യാപിച്ച സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതിയിൽ വൈപിൻ മണ്ഡലത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളുടെ വിശദവിവരം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു മണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെയാണ് മികവിന്റെ കേന്ദ്രമാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. വൈപ്പിൻ മണ്ഡലത്തിൽനിന്നും ഞാറയ്ക്കൽ ഹയർ സെക്കണ്ടറി സ്കൂളിനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സ്കൂളിന് ഭരണാനുമതി നൽകി കിഫ്ബിയിൽനിന്നും 5 കോടി രൂപ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ സംരക്ഷണയജ്ഞം

169(1326) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്കൂളുകളെ ഹൈടെക് ആക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്; ഓരോന്നിന്റെയും വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ 5 കോടി ധനസഹായത്തിലുൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ പുലാപ്പെറ്റ എം.എൻ.കെ.എം. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 4.21 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രസ്തുത നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലം ജി.എച്ച്.എസ്.എസ്.-ന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

170(1327) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇനി എത്ര സ്കൂളുകളുടെ പ്രോജക്ടിന് കിഫ്ബി സാമ്പത്തികാനുമതി നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വീതം കിഫ്ബി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് |
|---|---|
| 1 | മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ചേശ്വരം |
| 2 | തളങ്കര ഗവൺമെന്റ് മുസ്ലീം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് |
| 3 | പെരിയ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉദുമ |
| 4 | കക്കാട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കാഞ്ഞങ്ങാട് |
| 5 | പിലിക്കോട് സി. കെ. എൻ.എസ്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൃക്കരിപ്പൂർ |

കൂടാതെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിച്ചിട്ടുണ്ട്:

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | തുക |
|---|---|---|
| 1 | കുമ്പള ജി.എച്ച്.എസ്.എസ്. | 3 കോടി രൂപ |
| 2 | ചേർക്കള സെൻട്രൽ ജി.എച്ച്.എസ്.എസ് | 3 കോടി രൂപ |
| 3 | മൊഗ്രാൽ പുത്തൂർ ജി.എച്ച്.എസ്.എസ് | 3 കോടി രൂപ |
| 4 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ബന്തടുക്ക | 3 കോടി രൂപ |
| 5 | ജി.എച്ച്.എസ്.എസ്. അടൂർ, കാസർഗോഡ് | 3 കോടി രൂപ |
| 6 | ബല്ലിക്കോത്ത് എം.പി.എസ്. ജി.വി.എച്ച്.എസ്. എസ് | 3 കോടി രൂപ |
| 7 | ജി.എച്ച്.എസ്.എസ്. ചായോത്ത്, കാസർഗോഡ് | 2.86 കോടി രൂപ |
| 8 | ജി.എച്ച്.എസ്.എസ്., ബലാന്തോട് | 3 കോടി രൂപ |
| 9 | ജി.വി.എച്ച്.എസ്. എസ്, കാഞ്ഞങ്ങാട് | 3 കോടി രൂപ |
| 10 | ജി.എച്ച്.എസ്.എസ്, മാലോത്ത് കസബ | 3 കോടി രൂപ |
| 11 | ജി.എച്ച്.എസ്.എസ്, കുട്ടമത്ത് | 3 കോടി രൂപ |

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സ്കൂളുകൾ.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് |
|---|---|
| 1 | മൊഗ്രാൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ചേശ്വരം |
| 2 | തളങ്കര ഗവൺമെന്റ് മുസ്ലീം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് |
| 3 | പെരിയ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉദുമ |
| 4 | കക്കാട്ട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കാഞ്ഞങ്ങാട് |
| 5 | പിലിക്കോട് സി.കെ.എൻ.എസ്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൃക്കരിപ്പൂർ |
| 6 | ചേർക്കള സെൻട്രൽ ജി.എച്ച്.എസ്.എസ്. |
| 7 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ബന്തടുക്ക |
| 8 | ബല്ലിക്കോത്ത് എം.പി.എസ്.ജി.വി.എച്ച്.എസ്.എസ്. |
| 9 | ജി.എച്ച്.എസ്.എസ്. ചായോത്ത്, കാസർഗോഡ് |
| 10 | ജി.എച്ച്.എസ്.എസ്. ബലാന്തോട് |
| 11 | ജി.എച്ച്.എസ്.എസ്. കുട്ടമത്ത്. |

(സി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഉദ്ദമ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കുണ്ടംകുഴി എന്നീ സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലയാളം പള്ളിക്കൂടം**

171(1328) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫ. വി. മധുസൂദനൻ നായർ അദ്ധ്യക്ഷനായ മലയാളം പള്ളിക്കൂടത്തിൽ ഏതൊക്കെ ക്ലാസ്സുകളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) നിലവിൽ ഓരോ ക്ലാസ്സിലും എത്ര വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്;

(സി) മലയാള ഭാഷയോട് താല്പര്യം ജനിപ്പിക്കുന്നതിന് ആരംഭിച്ച പ്രസ്തുത ക്ലാസ്സുകളോടുള്ള ജനങ്ങളുടെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) അക്ഷരക്കളരി (5 മുതൽ 6 വയസ്സുവരെ), ഭാഷാപഠനക്കളരി-1 (7 മുതൽ 9 വയസ്സുവരെ), ഭാഷാപഠനക്കളരി - 2 (10 മുതൽ 15 വയസ്സുവരെ), സാഹിത്യക്കളരി എന്നിങ്ങനെ മൂന്ന് ക്ലാസുകളാണുള്ളത്. ഓരോ ക്ലാസിലും 45-നും 55-നും ഇടയിൽ കുട്ടികൾ പഠിക്കുന്നുണ്ട്. തൈക്കാട് ഗവൺമെന്റ് മോഡൽ എച്ച.എസ്.എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്ന പള്ളിക്കൂടത്തിലും ടെക്നോപാർക്ക് ബ്രാഞ്ചിലുമായി ആകെ 280 കുട്ടികൾ പഠിക്കുന്നുണ്ട്.

(സി) അനുഭവത്തിലൂടെ ഭാഷയേയും സാഹിത്യത്തെയും കേരളീയ സംസ്കാരത്തെയും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലുള്ള പാഠ്യപദ്ധതി പിന്തുടർന്നുവരുന്ന മലയാളം പള്ളിക്കൂടം വളരെ പെട്ടെന്നുതന്നെ ജനശ്രദ്ധ നേടുകയുണ്ടായി. ഓരോ വർഷത്തിലും കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിൽനിന്നും മലയാളം പള്ളിക്കൂടത്തിന് ജനപ്രീതി വർദ്ധിക്കുന്നതിന്റെ തെളിവായി കരുതുന്നു.

**ദേവികുളം മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകൾ**

172(1329) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്ക്കുളുകളെയാണ് മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുതത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; ഓരോ സ്കൂളിലെയും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കുഞ്ചിത്തണ്ണി ജി.എച്ച്.എസ്.എസ്.-ന് 5 കോടി രൂപയും അടിമാലി ജി.എച്ച്.എസ്.എസ്.-ന് 3 കോടി രൂപയും കിഫ്ബി ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കുഞ്ചിത്തണ്ണി ജി.എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ തൂണുകളുടെയും ബീമുകളുടെയും സൺഷേഡിന്റെയും പണികൾ പൂർത്തീകരിച്ചു. ഡൈനിംഗ്, കിച്ചൺ, ക്ലാസ് റൂം ബ്ലോക്കിന്റെ സെറ്റ് ഔട്ട് കഴിഞ്ഞിട്ടുണ്ട്.

ദേവികുളം മണ്ഡലത്തിലെ അടിമാലി ജി.എച്ച്.എസ്. സ്കൂളിലെ ടെണ്ടർ നടപടി പൂർത്തിയാക്കി ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ പണികൾക്കായി പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന പണികൾ തീർന്ന് സെറ്റ് ഔട്ട് ചെയ്യുന്നു.

## ടാലന്റ് ലാബ് പദ്ധതി

173(1330) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ടാലന്റ് ലാബ് പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൈമറി തലത്തിൽ കുട്ടികളുടെ സവിശേഷമായ കഴിവുകളുടെ വികസനത്തിനാണ് ടാലന്റ് ലാബ് ലക്ഷ്യമിടുന്നത്. കഴിവുകൾ കണ്ടെത്തി വിദഗ്ധ പരിശീലനം അതത് വിദ്യാലയങ്ങൾ നൽകും. ഇതിനായുള്ള കൈപുസ്തകം സമഗ്ര ശിക്ഷ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മുഴുവൻ പ്രൈമറി സ്കൂളുകളിലും.

## ചലഞ്ച് ഫണ്ട് സ്കീം

174(1331) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലഞ്ച് ഫണ്ട് സ്കീമിൽ അപേക്ഷ നൽകി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം

175(1332) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലുമാണ് സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം പൂർത്തിയാക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പദ്ധതി നടപ്പിലാക്കുന്ന വർക്കല നിയോജകമണ്ഡലത്തിലെ എല്ലാ (26) സ്കൂളുകളിലേയ്ക്കും ഉപകരണ വിതരണം നടത്തിയിട്ടുണ്ട്. ആകെയുള്ള 245 ക്ലാസ് മുറികളിൽ സജ്ജമായ 230 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ആലത്തൂർ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ

176(1333) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന് ആലത്തൂർ മണ്ഡലത്തിലെ കിഴക്കാഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-നെ തെരഞ്ഞെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി രൂപ കിഫ്ബി ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ആലത്തൂർ നിയോജകമണ്ഡലത്തിലെ എരുമയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ DPR തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

177(T*1334) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഏതൊക്കെ വിദ്യാലയങ്ങളിലാണ് വ്യാപിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 145 സർക്കാർ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇതിൽ 120 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയും 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പദ്ധതി നടപ്പിലാക്കി 120 സ്കൂളുകളുടെ പട്ടിക അനുബന്ധം (1)* ആയും നടപ്പിലാക്കാനുള്ള സ്കൂളുകളുടെ പട്ടിക അനുബന്ധം (2) ആയും ചേർക്കുന്നു.*

അനുബന്ധം (2)-ൽ പറഞ്ഞിരിക്കുന്ന 28 സ്കൂളുകളിൽ പെരളശ്ശേരി എ.കെ.ജി. മെമ്മോറിയൽ ജി.എച്ച്.എസ്.എസ്., വല്ലപ്പാട് ജി.വി.എച്ച്.എസ്.എസ്., കൊടുങ്ങല്ലൂർ ജി.ജി.എച്ച്.എസ്.എസ്. എന്നീ മൂന്ന് സ്കൂളുകളിൽ മുൻ വർഷങ്ങളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതിനാൽ പട്ടികയിലുൾപ്പെട്ട മറ്റ് 25 സ്കൂളുകളിൽ പുതിയതായി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

178(1335) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ അവിടനല്ലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 1000 കുട്ടികൾ ഉണ്ടായിട്ടും 3 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ബജറ്റ് പ്രസംഗത്തിൽ ടി സ്കൂൾ ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏങ്കിൽ പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള 3 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 229 സ്കൂളുകളെ കിഫ്ബിയുടെ 3 കോടി രൂപയുടെ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുകയുണ്ടായി. അതിൽ 186 സ്കൂളുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും 70 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 5 കോടി രൂപ കിഫ്ബി ധനസഹായത്തിലുൾപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ 141 സ്കൂളുകളെ തെരഞ്ഞെടുത്ത് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 138 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 137 സ്കൂളുകളുടെ വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതലുള്ളതും 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെടുത്താൻ കഴിയാതെപോയതുമായ സ്കൂളുകളെ തുടർന്നുള്ള വർഷത്തിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണ്.

## ശാസ്ത്രീയവും ആധുനികവുമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം

179(1336) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് മുതൽ അഞ്ച് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ശാസ്ത്രീയവും

ആധുനികവുമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ആദ്യഘട്ടത്തിൽ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാണോയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിനായി പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് ശാസ്ത്രീയമായ പഠനരീതികൾ പരിചയപ്പെടുത്തുന്നതിന് ഒരു കൈപുസ്തകം വികസിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് പഠന പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് വർക്ക് ബുക്കുകളായി പ്രവർത്തന കാർഡുകൾ തയ്യാറാക്കുകയും അദ്ധ്യാപക പരിശീലനം ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി)(1) പ്രീ-സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ, അക്കാദമിക അന്തരീക്ഷം എന്നിവ മെച്ചപ്പെടുത്തുക.

(2) കുട്ടികളുടെ വിവിധ വികാസ മേഖലകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക.

(3) പ്രീ-സ്കൂൾ അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരിക്കുകയും പരിശീലനകേന്ദ്രങ്ങൾക്ക് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യുക.

(സി) ഒരു ജില്ലയിൽ 30 സ്കൂളുകളെന്ന കണക്കിൽ 420 സ്കൂളുകളിൽ കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നു.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട്

180(1337) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നും എത്ര എയ്ഡഡ് സ്കൂളുകൾ ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഓരോ സ്കൂളിലും അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(സി) പ്രസ്തുത എയ്ഡഡ് സ്കൂളുകളിൽ, ഏതെല്ലാം സ്കൂളുകൾ ഇതിനകം സർക്കാർ വിഹിതത്തിന് തുല്യമായ തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽനിന്നും താഴെപ്പറയുന്ന 10 എയ്ഡഡ് സ്കൂളുകൾ മാസ്റ്റർപ്ലാൻ സമർപ്പിച്ചിട്ടുണ്ട്:

1. ചെമ്പകശ്ശേരി എച്ച്.എസ്.എസ്., ഭ്രതക്കുളം, കൊല്ലം
2. കെ.കെ.പി.എം.യു.പി.എസ്., വരിഞ്ഞം, കൊല്ലം
3. മീനാട് എൽ.പി. സ്കൂൾ, കൊല്ലം
4. ചെമ്പകശ്ശേരി യു.പി.എസ്., പൂതക്കുളം, കൊല്ലം
5. തഴുത്തല മുസ്ലീം യു.പി.എസ്., കൊട്ടിയം, കൊല്ലം
6. സെന്റ് ജോർജ് യു.പി.എസ്. ചാത്തന്നൂർ, കൊല്ലം
7. എൽ.എം.എസ്.എൽ.പി.എസ്., ചാത്തന്നൂർ, കൊല്ലം
8. സി.എഫ്.റ്റി.റ്റി.ഐ. & എൽ.പി.എസ്., കൊട്ടിയം, ആദിച്ചനല്ലൂർ, കൊല്ലം
9. നിത്യസഹായമാതാ ഗേൾസ് ഹൈസ്കൂൾ, കൊട്ടിയം, ചാത്തന്നൂർ, കൊല്ലം
10. ക്ഷേത്രപ്രവേശന വിളംബരം സ്മാരക വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മൈലോട്, കൊല്ലം.

(ബി) ഉണ്ട്. ഓരോ സ്കൂളും സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ആനുപാതികമായി 50 ശതമാനം തുക (പരമാവധി ഒരു കോടി രൂപ വരെ) സർക്കാർ നൽകുന്നതാണ്. ഭരണാനുമതി പുറപ്പെടുവിച്ചശേഷം നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒരു സ്കൂളും തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല.

## സ്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി

181(1338) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളുള്ള മുഴുവൻ സ്കൂളുകളിലും ഹൈടെക് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) കൈറ്റ് ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്ക് ആവശ്യമായി വരുന്നത്; ഇതിനായി കിഫ്ബിയിൽനിന്നും എന്ത് സാമ്പത്തികസഹായം ലഭ്യമായിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തരം കമ്പ്യൂട്ടർലാബ് സജ്ജമാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൈറ്റ് ഇതുസംബന്ധിച്ച് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിന്റെ തുടർച്ചയായി പ്രൈമറി വിഭാഗം സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബി ഫണ്ടിൽനിന്നും 300 കോടി രൂപ ചെലവഴിക്കുമെന്ന് 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

## വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തന പുരോഗതി

182(1339) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി 5 കോടി രൂപ ധനസഹായത്തോടെ ഒരു മണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 141 സ്കൂളുകൾക്കും കിഫ്ബി ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 137 സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 115 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2019 ജൂൺ മാസത്തിൽ നിർമ്മാണം പൂർത്തിയാക്കാനാ കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പാഠപുസ്തകങ്ങളിൽ വരുത്തുന്ന മാറ്റം**

183(1340) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള പാഠപുസ്തകങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നതെന്ന് അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച ഉന്നതതല സമിതിയുടെ ശിപാർശ സ്കൂൾ കരിക്കുലം കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ;

(ഡി) സ്കൂളുകളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനും ഇതുപ്രകാരമെല്ലാം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഐ. ടി. അധിഷ്ഠിത പഠനം സാദ്ധ്യമാകുന്ന വിധത്തിലുള്ള മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുന്നതിനുമുമ്പ് അടിയന്തരമായി വരുത്തേണ്ട മെച്ചപ്പെടുത്തലുകളാണ് വരുത്തുന്നത്. സമഗ്ര പോർട്ടലിലൂടെ ഐ. ടി. അധിഷ്ഠിത പഠനം നടത്തുന്നതിന് ഈ മാറ്റങ്ങൾ അനിവാര്യമാണ്.

## എൽ.പി. സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനം

184(1341) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പലകപ്പറമ്പ്, പൂഴിക്കുന്ന്, പുത്തനങ്ങാടി എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ. പി സ്കൂളുകളിൽ പൊതു വിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി ആവശ്യമായ അടിസ്ഥാനസൗകര്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ കത്തിൽ (114/മങ്കട/18) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) വിശദമായ പ്രോജക്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

## പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകൾ

185(1342) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് മേഖലയിലായി ആകെ എത്ര സ്കൂളുകളുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ സ്കൂളുകളുടെ പേര് സഹിതം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര സ്കൂളുകളിൽ ഹൈടെക് ക്ലാസ് മുറികൾ ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഹൈടെക് ക്ലാസ് മുറികൾ ലഭ്യമല്ലാത്ത എൽ.പി., യു. പി. സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മണ്ഡലത്തിൽ സർക്കാർ മേഖലയിൽ 31 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 48 സ്കൂളുകളും ഉൾപ്പെടെ ആകെ 79 സ്കൂളുകളുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കി പദ്ധതി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. പാറശ്ശാല നിയോജക മണ്ഡലത്തിലെ അനുബന്ധം (1) പ്രകാരമുള്ള എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുമുള്ള 339 ക്ലാസ്സ് മുറികളിൽ സജ്ജമായ 328 മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയായി.

(സി) ഹൈടെക് ക്ലാസ് മുറികൾ ലഭ്യമല്ലാത്ത എൽ.പി., യു.പി. സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

## മണാശ്ശേരി യു.പി. സ്കൂളിന് കെട്ടിട നിർമ്മാണം

186(1343) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന വ്യത്യസ്ത മാനദണ്ഡങ്ങളിൽപ്പെട്ട സ്കൂളുകളുടെ പട്ടിക വിശദമാക്കുമോ; 1. ഹരിത വിദ്യാലയം റിയാലിറ്റി ഷോ ഫൈനൽ റൗണ്ടിൽ മത്സരിച്ച സ്കൂളുകൾ; 2. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ; 3. 100 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള സ്കൂളുകൾ;

(ബി) മൂന്നുവിഭാഗങ്ങളിലും ഉൾപ്പെട്ട മണാശ്ശേരി സർക്കാർ യു. പി. സ്കൂളിന് മതിയായ കെട്ടിട സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്കൂളിന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വ്യത്യസ്ത മാനദണ്ഡങ്ങളിലുൾപ്പെട്ട സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. 14 സ്കൂളുകൾ
2. 436 സ്കൂളുകൾ
3. 1254 സ്കൂളുകൾ.

(ബി&സി) വ്യക്തമായ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോക്കൽ മാനേജർ

187(1344) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോക്കൽ മാനേജർമാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ആയതിനായി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ജില്ലാ പഞ്ചായത്ത് മെമ്പർമാരെ അവരുടെ ഡിവിഷനുകളിൽ ഉള്ള സർക്കാർ സ്കൂളുകളിൽ ലോക്കൽ മാനേജർമാരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോക്കൽ മാനേജർമാരായി ആരെയും നിയമിച്ചിട്ടില്ല.

## ലാബ് അസിസ്റ്റന്റുമാർക്ക് അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

188(1345) ശ്രീ. സി. കെ. നാണു.:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് അധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച തീരുമാനം നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ലാബ് അസിസ്റ്റന്റ് തസ്തികയിൽനിന്ന് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് 1-1-2016 മുതലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും പ്രസ്തുത ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം**

189(1346) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അധ്യാപകരുടെ സ്ഥലം മാറ്റം നടത്തിയപ്പോൾ മൂന്ന് വർഷം സർവ്വീസ് തികയാത്തതിനാൽ അപേക്ഷ സമർപ്പിക്കാൻ അവസരം നഷ്ടപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേര്, വിഷയം, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ, സർവ്വീസിൽ പ്രവേശിച്ച തിയതി, ഹോംസ്റ്റേഷൻ തുടങ്ങിയ വിവരങ്ങൾ നൽകുമോ;

(സി) മേൽ സൂചിപ്പിച്ച അധ്യാപകരുടെ താൽപ്പര്യം പരിഗണിക്കാതെ അവരെക്കാൾ ജൂനിയറായി കണ്ടീഷണൽ പോസ്റ്റിംഗിലുണ്ടായിരുന്നവരെ ഹോംസ്റ്റേഷനിലേക്ക് സ്ഥലംമാറ്റിയതിലൂടെ ഉണ്ടായ സ്വാഭാവിക നീതിയുടെ ലംഘനം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എച്ച്.എസ്.എസ്.ടി. സീനിയർ വിഭാഗത്തിൽ ഓരോ വിഷയത്തിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ ഏതുതരം നിയമന രീതിയിലൂടെയാണ് നികത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) Conditional Status-ൽ നിയമിതരായവരുടെ സ്കൂളിലേയ്ക്ക് സ്ഥലംമാറ്റത്തിൽ കൂടുതൽ യോഗ്യതയുള്ള മറ്റൊരു അദ്ധ്യാപകൻ/അദ്ധ്യാപിക നിയമിക്കപ്പെടുന്നപക്ഷം ടിയാളുകൾ നിലവിലെ സ്കൂളിൽനിന്ന് മാറ്റപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ conditional ആയി നിയമനം നൽകിയിരുന്ന അദ്ധ്യാപകരോട് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും അവരുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓപ്ഷൻ സ്കൂളുകൾ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. അർഹമായ അദ്ധ്യാപകരാരും ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ഇവർക്ക് ഹോം സ്റ്റേഷനിൽ നിയമനം ലഭിക്കാനിടയായത്. ടി അദ്ധ്യാപകരെ conditional ആയിട്ടുതന്നെയാണ് നിയമിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്വാഭാവിക നീതിയുടെ ലംഘനമുണ്ടായിട്ടില്ല.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ പുതിയ തസ്തികകൾ**

190(1347) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ 2014-15, 2015-16 അക്കാദമിക വർഷങ്ങളിൽ പുതിയതായി സ്കൂളുകളും ബാച്ചുകളും അനുവദിച്ച ഇടങ്ങളിൽ 2015-16 വർഷത്തെ ബാച്ചുകളിൽ സർക്കാർ മേഖലയിൽ മാത്രമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതേസമയത്ത് അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്താണ് തടസ്സമെന്നും, ഇല്ലെങ്കിൽ വേഗത്തിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് അദ്ധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) 2015-16 അക്കാദമിക വർഷത്തിൽ അനുവദിക്കപ്പെട്ട എത്ര എയ്ഡഡ് സ്കൂളുകളുണ്ട്; ഇവയിൽ എത്ര സ്കൂളുകളിൽ എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പ്രൊപ്പോസൽ തയ്യാറായിട്ടുള്ളത്;

(ഡി) ചെങ്ങന്നൂർ ആർ.ഡി.ഡി.-ക്കു കീഴിൽ ഏതെല്ലാം എയ്ഡഡ് സ്കൂളുകളുടെ പ്രൊപ്പോസൽ ആണ് ലഭിച്ചിട്ടുള്ളത്; ഓരോ തസ്തികയുടെ എണ്ണം ഉൾപ്പെടെ വെളിപ്പെടുത്തുമോ;

(ഇ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ടു ഏതെല്ലാം സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്; അവയെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഇവർക്ക് അപ്ഗ്രേഡേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ - 126

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) - 68

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (അപ്ഗ്രഡേഷൻ)- 42

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 165 എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. 117 സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ലഭ്യമായ ശിപാർശ പരിശോധിച്ചുവരുന്നു.

(ഡി) 23 സ്കൂളുകളുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഇ) 112 സ്കൂളുകളിൽ തസ്തിക അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു.* ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്**

191(1348) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി.-ക്ക് പകരമായി പുതിയ കേന്ദ്രാവിഷ്കൃത തൊഴിൽ പഠന പദ്ധതിയായ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പഠന പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വി.എച്ച്.എസ്.സി.-യിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും ജോലി സംരക്ഷിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒറ്റത്തവണയായി നടപ്പിലാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആദ്യഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിൽ 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസിൽ 30 വിദ്യാർത്ഥികൾ വീതമടങ്ങുന്ന 147 ബാച്ചുകളിൽ NSQF (National Skill Qualification Framework) അധിഷ്ഠിത പാഠ്യപദ്ധതി 2018-19 അദ്ധ്യയന വർഷം മുതൽ തുടങ്ങാൻ 9-5-2018-ലെ സ.ഉ.(കൈ) നമ്പർ 56/2018/പൊ.വി.വ. ഉത്തരവ് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വി.എച്ച്.എസ്.സി.-യിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചിറക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നവീകരണം

192(1349) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചിറക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നവീകരണത്തിന് 2018-19 വർഷത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 54 ലക്ഷം രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യകത്മാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ ആവുമെന്നാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ചിറക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 54 ലക്ഷം രൂപയുടെ ഭരണാനുമതി 23-7-2018-ലെ ജി. ഒ.(ആർ.ടി.) നമ്പർ 2781/2018/പൊ.വി.വ. പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി പ്രസ്തുത സ്കൂളിന്റെ പ്രിൻസിപ്പലിനും ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസി നിർമ്മിതി കേന്ദ്രയാണ്. ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും നിർമ്മിതി കേന്ദ്രയാണ്.

[1350-ാം നമ്പർ ചോദ്യം ഒഴിവാക്കിയിരിക്കുന്നു.]

## ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും

193(1351) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പരീക്ഷാ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനും നീറ്റ് പരീക്ഷ മലയാളത്തിൽ എഴുതുന്നതിനുമായി ഹയർ സെക്കണ്ടറി കോർ വിഷയ പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള ഹയർ സെക്കണ്ടറി പരീക്ഷാ മാന്വൽ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതിയിലെ അംഗങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 20 പുസ്തകങ്ങളുടെ ഭാഗം-1 മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി അച്ചടിക്കായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഭാഗത്തിന്റെ പരിഭാഷ പൂർത്തിയായിവരുന്നു.

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ പ്രൊമോഷനിലുണ്ടായിരിക്കുന്ന അവ്യക്തത

194(1352) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്കണോമിക്സ് പോലുള്ള ചില വിഷയങ്ങളിൽ എച്ച്. എസ്സ്.എസ്സ്.ടി. ജൂനിയർ രണ്ടോ മൂന്നോ വർഷംകൊണ്ട് സീനിയറായി പ്രൊമോഷനാകുമ്പോൾ ബോട്ടണി, സുവോളജി തുടങ്ങിയ വിഷയങ്ങൾക്ക് പഠിപ്പിക്കുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് 10 ഉം 12 ഉം വർഷം എടുക്കുന്നതുമൂലം പ്രിൻസിപ്പൽ പ്രമോഷൻ ലഭിക്കാതെ വരുന്ന സ്ഥിതി വിശേഷം ഗൗരവമായി പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-ലെ ശമ്പള പരിഷ്കരണത്തിൽ 5 വർഷം പൂർത്തിയാകുന്ന എച്ച് എസ്സ്.എസ്.ടി. ജൂനിയർ അധ്യാപകരെ സീനിയർ ആക്കി പ്രൊമോഷൻ നൽകണമെന്ന ശിപാർശ പ്രകാരം എത്ര പേർക്ക് പ്രൊമോഷൻ നൽകി എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എച്ച്.എസ്സ്.എ.- യിൽനിന്നും എച്ച്. എസ്.എസ്.ടി.-യിലേക്ക് ബൈ ട്രാൻസഫർ പ്രൊമോഷൻ നൽകുന്നവർക്ക് സാലറി ഫിക്സേഷൻ നടത്തുവാൻ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എച്ച്.എസ്.എ. മാർക്ക് ഗ്രേഡ് നൽകുന്നകാര്യം പരിഗണിക്കുമോ; ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ;

(ഡി) പൊതു സ്ഥലമാറ്റ ഉത്തരവ് ഇറങ്ങിയിട്ടും പല സ്കൂളുകളിലും ഒഴിവുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എക്കണോമിക്സ് പോലുള്ള ആഴ്ചയിൽ 8 പിരീഡുള്ള വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തിക കൂടുതലുള്ളതിനാൽ, എച്ച്.എസ്.എസ്.റ്റി. സീനിയറായി രണ്ടുമൂന്ന വർഷംകൊണ്ട് പ്രൊമോഷൻ ലഭിക്കുന്നു. എന്നാൽ ആഴ്ചയിൽ 4 പിരീഡ് മാത്രമുള്ള ബോട്ടണി, സുവോളജി വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ പോസ്റ്റിനെ അപേക്ഷിച്ച് എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തിക വളരെ കുറവാണ്. ആയതിനാലാണ് പ്രൊമോഷന് കാലതാമസമുണ്ടാകുന്നത്.

(ബി) 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ ഇത്തരമൊരു ശിപാർശ ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) എച്ച്.എസ്.എ. തസ്തികയിൽനിന്നും എച്ച്.എസ്.എസ്.റ്റി. തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്നവർക്ക് 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ 41, 42, 43 ഖണ്ഡികകൾ പ്രകാരമുള്ള സാലറി ഫിക്സേഷൻ അനുവദനീയമാണ്.

(ഡി) പൊതു സ്ഥലംമാറ്റത്തെത്തുടർന്ന് ചില സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരില്ലെങ്കിലും ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്.

## ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന നടപടി

195(1353) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ അനുവദിച്ച എല്ലാ സ്കൂളുകൾക്കും പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇനിയും ഭരണാനുമതി നൽകാനുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-18-ലെ ബഡ്ജറ്റിൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ 27 സ്കൂളുകളുടെ ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്ന് കോടി രൂപ കിഫ്ബി പദ്ധതി നിർമ്മാണത്തിലുൾപ്പെട്ട 229 (ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി) സ്കൂളുകളിൽ 186 സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അനുമതിയും ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 16 സ്കൂളുകളിൽ 12 സ്കൂളുകൾ 5 കോടി രൂപ കിഫ്ബി നിർമ്മാണത്തിലുൾപ്പെട്ടതായതിനാൽ പകരം സ്കൂൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 3 സ്കൂളുകൾക്ക് നിർമ്മാണത്തിന് സ്ഥലമില്ലാത്ത സാഹചര്യവും ആറന്മുള നിയോജകമണ്ഡലത്തിൽ പകരം സ്കൂൾ കണ്ടെത്താത്ത സാഹചര്യവും നിലവിലുണ്ട്.

## സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

196(1354) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ വീണ്ടും പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് മാനുവലിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

## ആലപ്പുഴയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവം

197(1355) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം ചെലവ് വെട്ടിച്ചുരുക്കി ആഡംബരരഹിതമായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം എത്ര ദിവസങ്ങളിലായിട്ടാണ് കലോത്സവം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ചെലവ് ചുരുക്കി മേള നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) 'പ്രളയാനന്തരം ആലപ്പുഴയെ വീണ്ടെടുക്കാം 'എന്ന ആശയംകൂടി ആലപ്പുഴയിൽ സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി സ്കൂൾ കലോത്സവം 2018-19 നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാന കലോത്സവം മൂന്ന് ദിവസവും ജില്ലാ കലോത്സവം രണ്ട് ദിവസവും സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി നടത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(സി) ചെലവ് ചുരുക്കുന്നതിന് സ്വീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- കലോത്സവങ്ങൾ പരമാവധി ചെലവ് ചുരുക്കിയും കലോത്സവത്തിൽ ഗ്രേഡിന് അർഹരാകുന്ന 9, 10, പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പൊതുപരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയും നടത്തുന്നതാണ്.
- 'എ ഗ്രേഡ്' ലഭിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന 1,000 രൂപയുടെ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് ഒഴിവാക്കിയിട്ടുണ്ട്.

- സംസ്ഥാന കലോത്സവം മൂന്ന് ദിവസവും ജില്ലാ കലോത്സവം രണ്ട് ദിവസവും സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
- 7-ാം തരം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മത്സരങ്ങൾ ഈ വർഷം സ്കൂൾ തലത്തിൽ മാത്രം നടത്തുന്നതാണ്.
- സബ് കമ്മിറ്റികളുടെ എണ്ണം പരമാവധി ചുരുക്കിയിട്ടുണ്ട്.
- ഉദ്ഘാടന - സമാപന സമ്മേളനങ്ങൾ, സ്വർണ്ണക്കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ട്.
- കഥാരചന, കവിതാരചന തുടങ്ങിയുള്ള 51 ഇനം ഓഫ് സ്റ്റേജ് മത്സരങ്ങൾ ജില്ലാതലത്തിൽ ഏകീകൃത വിഷത്തിന്മേൽ ഒരേ ദിവസം ഒരേസമയത്ത് റവന്യൂ ജില്ലകളിൽ നടത്തി 'എ' ഗ്രേഡോടുകൂടി ഏറ്റവും സ്കോർ നേടിയ സ്ക്രിപ്റ്റ്/രചനകൾ സംസ്ഥാന തലത്തിലെത്തിച്ച് സംസ്ഥാനതല വിധിനിർണ്ണയം നടത്തുന്നതാണ്.
- സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കുക.

(ഡി) പ്രളയം ബാധിച്ചതിലൂടെ ജനങ്ങൾക്കുണ്ടായ മാനസിക സംഘർഷം കുറയ്ക്കാൻ സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നതിലൂടെ സാധിക്കുന്നതാണ്.

**കലോത്സവങ്ങൾക്കും കായിക മേളകൾക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

198(1356) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തര സാഹചര്യത്തിൽ സംഘടിപ്പിക്കുന്ന കലോത്സവങ്ങൾക്കും കായിക മേളകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. ഡിസംബർ 7, 8, 9 എന്നീ തീയതികളിൽ ആലപ്പുഴയിൽ വച്ച് നടത്തുന്ന 2018-19 സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 20-10-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.154/2018/ പൊ.വി.വ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി 4-9-2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.195/2018/ പൊ.വി.വ. പ്രകാരം കലോത്സവം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരുന്നെങ്കിലും അക്കാദമിക് പ്രവർത്തനങ്ങളുടെ ഭാഗമായി 9, 10, പ്ലസ്സ് 1, പ്ലസ്സ് 2 വിദ്യാർത്ഥികൾക്ക് ഗ്രേസ്

മാർക്ക് നൽകുന്നതിന് സംസ്ഥാന സ്കൂൾ കലോത്സവം നടത്തേണ്ടത് അനിവാര്യമാകയാൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി കലോത്സവ മാന്വലിലെ III, IV കാറ്റഗറിയിൽ ഉൾപ്പെടുന്ന 8, 9, 10, പ്ലസ് 1, പ്ലസ്സ് 2 വിദ്യാർത്ഥികളെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കലോത്സവങ്ങൾ പരമാവധി ചെലവ് ചുരുക്കിയും കലോത്സവത്തിൽ ഗ്രേഡിന് അർഹരാകുന്ന 9, 10, പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പൊതുപരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയും നടത്തുന്നതാണ്.
- 'എ ഗ്രേഡ്' ലഭിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന 1000 രൂപയുടെ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് ഒഴിവാക്കിയിട്ടുണ്ട്.
- സംസ്ഥാന കലോത്സവം മൂന്ന് ദിവസവും ജില്ലാ കലോത്സവം രണ്ട് ദിവസവും സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
- 7-ാം തരം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മത്സരങ്ങൾ ഈ വർഷം സ്കൂൾതലത്തിൽ മാത്രം നടത്തുന്നതാണ്.
- സബ്കമ്മിറ്റികളുടെ എണ്ണം പരമാവധി ചുരുക്കിയിട്ടുണ്ട്.
- ഉദ്ഘാടന-സമാപന സമ്മേളനങ്ങൾ, സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ട്.
- കഥാരചന, കവിതാരചന, ചിത്രരചന തുടങ്ങിയുള്ള 51 ഇനം ഓഫ് സ്റ്റേജ് മത്സരങ്ങൾ ജില്ലാതലത്തിൽ ഏകീകൃത വിഷയത്തിന്മേൽ ഒരേ ദിവസം ഒരേസമയത്ത് റവന്യൂ ജില്ലകളിൽ നടത്തി 'എ' ഗ്രേഡോടുകൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയ സ്ക്രിപ്റ്റ്/രചനകൾ സംസ്ഥാനതലത്തിലെത്തിച്ച് സംസ്ഥാനതല വിധിനിർണ്ണയം നടത്തുന്നതാണ്.
- ഉദ്ഘാടന-സമാപന സമ്മേളനങ്ങൾ, സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കാൻ തീരുമാനിച്ചു.
- സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കുക.

പ്രളയാനന്തര സാഹചര്യം കണക്കിലെടുത്ത് 2018-19 വർഷത്തെ സോണൽതല മത്സരങ്ങൾക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് 2018-19 വർഷം മാത്രം സംസ്ഥാനതല മത്സരങ്ങൾക്കുള്ള തുല്യപദവി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ്കൂൾ കായിക മത്സരങ്ങൾ പുതുക്കിയ മാന്വൽ അനുസരിച്ച് പരമാവധി ചെലവ് കുറച്ച് നടത്തുന്നതിനും ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ വരുത്തി പരമാവധി ചെലവ് കുറച്ച് സംസ്ഥാന സ്കൂൾ കായിക മത്സരങ്ങൾ പൂർത്തിയാക്കിവരുന്നു.

- എല്ലാ മത്സരങ്ങൾക്കും ആഘോഷങ്ങളും ഉദ്ഘാടന സമാപന ചടങ്ങുകളും ഒഴിവാക്കുകയുണ്ടായി.
- വിജയികൾക്ക് നൽകി വന്നിരുന്ന മെഡൽ, പ്രൈസ് മണി, ട്രോഫികൾ, സ്വർണ്ണപ്പതക്കം എന്നിവ ഒഴിവാക്കുകയുണ്ടായി.
- മത്സരങ്ങളുടെ നടത്തിപ്പുകാരായ ഒഫിഷ്യൽസിന് നൽകി വന്നിരുന്ന പ്രതിഫല തുക ഈ വർഷം നൽകുകയുണ്ടായില്ല.
- സംസ്ഥാനതല മത്സരങ്ങളിൽ ജില്ലയിൽനിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം മൂന്നിൽനിന്നും രണ്ടായി ചുരുക്കുകയുണ്ടായി.

## സമഗ്ര ശിക്ഷാ അഭിയാൻ

199(1357) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും പദ്ധതി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്ന സർവ്വ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, ടീച്ചർ എഡ്യൂക്കേഷൻ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ' കേരളം എന്ന പുതിയ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി നിലവിലുണ്ടായിരുന്ന രണ്ട് സൊസൈറ്റികൾ പിരിച്ചുവിടുകയും പുതിയ പദ്ധതിക്കായി സ്കൂൾ എഡ്യൂക്കേഷൻ ഡെവലപ്മെന്റ്

സൊസൈറ്റി എന്ന പേരിലുള്ള ഒരു പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ പുതിയ സൊസൈറ്റിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ ഗവേണിംഗ് കൗൺസിലിലേയ്ക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടുമുണ്ട്.

(ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ അടുത്ത നടപടിയെന്ന നിലയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഗവേണിംഗ് കൗൺസിൽ യോഗം ചേർന്ന് സമഗ്ര ശിക്ഷ-കേരളം പദ്ധതിയുടെ സംസ്ഥാന, ജില്ലാ, ബി.ആർ.സി., സി.ആർ.സി. തലങ്ങളുടെ ഘടനയും തുടർപ്രവർത്തനങ്ങളും തീരുമാനിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

### അങ്കണവാടികളെ പ്രീ-സ്കൂളുകളുമായി ബന്ധിപ്പിക്കാൻ നടപടി

200(1358) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-സ്കൂളുകളുമായി ബന്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമഗ്ര ശിക്ഷാ കേരളം പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള പ്രവർത്തനങ്ങൾ വിഭാവം ചെയ്യുമ്പോൾ അങ്കണവാടികളുടെ ശാക്തീകരണത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രീ-സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് സമഗ്രമായ നയം രൂപീകരിക്കാൻ ആലോചിച്ചിട്ടുണ്ടോ; വിശദവിവരങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. 420 സ്കൂളുകളിൽ അങ്കണവാടികളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ പദ്ധതികൾ (Lead-feed pre-school) വനിതാ ശിശുവികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. ഈ വിഷയത്തിൽ ദേശീയ ശില്പശാല സംഘടിപ്പിച്ചു. വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള നിർദ്ദേശങ്ങൾ സ്വരൂപിച്ച് 'നാഷണൽ ലാ സ്കൂൾ ബാംഗ്ലൂർ' ആയും സഹകരിച്ച് എസ്.സി.ഇ.ആർ.ടി. നിയമ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## നെല്ലിക്കുഴി സർക്കാർ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം

201(1359) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. ഫണ്ടിൽനിന്നും രണ്ട് കോടി രൂപ അനുവദിച്ച് ജില്ല പഞ്ചായത്ത് വഴി തെരഞ്ഞെടുത്ത കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി സർക്കാർ സ്കൂളിൽ നാളിതുവരെ യാതൊരു നിർമ്മാണ പ്രവർത്തനവും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് നിശ്ചയിച്ച ഏജൻസിയായ ഹാബിറ്റാറ്റ് വിശദമായ ഡി.പി.ആർ. തയ്യാറാക്കുകയും ജില്ലാ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹാബിറ്റാറ്റുമായി എഗ്രിമെന്റ് വച്ചിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തി ഹാബിറ്റാറ്റിനെ തന്നെ ഏല്പിക്കണം എന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ D2/167/18 എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനു വേണ്ടി ഡി.പി.ആർ.സമർപ്പിച്ച് എഗ്രിമെന്റുംവച്ച സാഹചര്യത്തിൽ നിർമ്മാണ ചുമതല ഹാബിറ്റാറ്റിനെ ഏല്പിച്ച് വേഗത്തിൽ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-ഇ) ആർ.എം.എസ്.എ. അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല ജില്ലകളിലെ തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏല്പിച്ച് സ്കൂളൊന്നിന് 20 ലക്ഷം രൂപ വീതം രണ്ട് ഗഡുക്കളായി ആകെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് RIDF പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ പത്ത് ജില്ലകളിലായി 52 യു.പി. സ്കൂളുകളുടെ നവീകരണത്തിന് സ്കൂളൊന്നിന് ആർ.എം.എസ്.എ. വിഹിതമായി 58.12 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ്. വിഹിതമായി 2 കോടി രൂപയും ചേർന്ന് 2.5812 കോടി രൂപ കണക്കാക്കി 134.22 കോടി രൂപയ്ക്ക് 24-11-2017-ലെ 4559/2017/G.Edn. പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചു. സ്കൂളുകളുടെ നവീകരണത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കാനും നിർമ്മാണ പ്രവൃത്തിക്കും കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആയതിലേയ്ക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ലിക്കുഴി സർക്കാർ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഏജൻസിയായി ഹാബിറ്റാറ്റിനെ ജില്ലാ പഞ്ചായത്ത് നിശ്ചയിച്ചിരുന്നതായി ജില്ലാ പഞ്ചായത്തുവഴി നൽകിയ അപേക്ഷയിൽ ബഹു മാനപ്പെട്ട എം.എൽ.എ. വിശദമാക്കിയിരുന്നു. നിർമ്മാണ പ്രവൃത്തി ഹാബിറ്റാറ്റിനെ തന്നെ ഏല്പിക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

D2/167/18 എന്ന ഫയൽ സർവ്വശിക്ഷാ അഭിയാന്റെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, ജില്ലാ പ്രോജക്ട് ഓഫീസുകളിലെ ധനകാര്യ വകുപ്പ് നടത്തിയ പരിശോധന സംബന്ധിച്ചുള്ളതാണെന്നുകൂടി വ്യക്തമാക്കുന്നു.

## പുതുതായി എൽ.പി.സ്കൂളുകൾ

202(1360) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് പുതുതായി എൽ.പി. സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതായി എൽ.പി. സ്കൂളുകൾ ആരംഭിക്കുന്ന കാര്യത്തിലുള്ള നിലപാട് വിശദമാക്കാമോ;

(സി) പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനുവേണ്ടി സ്കൂൾ മാപ്പിംഗ് തയ്യാറാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മഞ്ചേരി മണ്ഡലത്തിൽ എലമ്പ്ര എന്ന പ്രദേശത്തെ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഷയത്തിൽ സർക്കാർനയമോ സ്കൂൾ മാപ്പിംഗ് പൂർത്തിയാകാത്ത സാഹചര്യമോ അല്ലാതെ മറ്റേതെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; വിശദമാക്കാമോ;

(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എലമ്പ്ര സ്കൂൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിന് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(സി) സ്കൂൾ മാപ്പിംഗ് മുതൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതു വരെയുള്ള മുഴുവൻ നടപടികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന റിട്ട് ഹർജികൾ പരിഗണിച്ച് അതാത് സമയത്ത് നൽകിയ ഉത്തരവുകൾക്ക് അനുസൃതമായാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) ഉപയോഗിച്ച് എസ്.എസ്.എ. കേരള ഘടകത്തിന്റെ സഹായത്തോടെയാണ് സ്കൂൾ മാപ്പിംഗിന്റെ ആദ്യഘട്ടം പൂർത്തിയാക്കിയത്. തുടർന്ന് 1 കിലോമീറ്റർ, 3 കിലോമീറ്റർ, 5 കിലോമീറ്റർ പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ GIS സാങ്കേതികവിദ്യയുടെ സഹായത്തോടെ കണ്ടെത്തിയശേഷം ഇവയ്ക്ക് പുറത്തുവരുന്ന പ്രദേശങ്ങളുൾപ്പെടുന്ന പട്ടിക തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പട്ടിക പൊതുവിദ്യാഭ്യാസ ഡയറക്ടർ ആദ്യ വിജ്ഞാപനമായി പുറത്തിറക്കുകയും ആയതിന്മേലുള്ള പരാതികൾ സ്വീകരിച്ച് പരിശോധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി.

(ഡി) സ്കൂൾ മാപ്പിംഗ് നടത്തിയപ്പോൾ എലമ്പ്ര എന്ന പ്രദേശത്തെ എൽ.പി. സ്കൂൾ സ്ഥാപിക്കാനുള്ള വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുകയുണ്ടായില്ല. അതിനാൽ അവിടെ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനാവില്ല.

(ഇ) സ്കൂൾ മാപ്പിംഗ് പ്രക്രിയ പൂർത്തീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചോദ്യം (ഡി) പിരിവിന് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

## പീലിക്കോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

203(1361) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്നും ഇതിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യം കിഫ്ബി അനുമതി നൽകിയത് 5.37 കോടി രൂപയുടെ എസ്റ്റിമേറ്റിനായിരുന്നു. ഇപ്പോൾ പുതുക്കിയ പ്ലാൻ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

204(1362) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് രാജാസ് ഹയർ സെക്കണ്ടറി, മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) ആരംഭിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് രാജാസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട അപേക്ഷ സർക്കാരിലെ ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടുള്ളതും എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്.

മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്ന അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് മലപ്പുറം പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരിക്കുന്ന റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എസ്.പി.സി. യൂണിറ്റുകൾ പുതുതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും തീരുമാനം എടുക്കുന്നതും പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എസ്.പി.സി. ഡയറക്ടറേറ്റിലാണ്. എല്ലാ മാനദണ്ഡങ്ങളും പാലിച്ച് അപേക്ഷകൾ എസ്.പി.സി. ഡയറക്ടറേറ്റിൽനിന്നും ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് നൽകുന്ന വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

205(1363) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അഞ്ച് കോടി രൂപ അനുവദിക്കുന്ന ഒന്നാമത്തെ സ്കീമിൽ ഉൾപ്പെടുത്തിയ എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട് ഗവ. എച്ച്.എസ്.എസ്., മൂന്ന് കോടി രൂപയുടെ രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസ്.-ന്റെ പേര് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പൊതുവിദ്യാഭ്യാസ വകുപ്പിലെയും (412/m2/2017) ധനകാര്യ വകുപ്പിലെയും (FIN-EDN A3/125/2017/Fin) ഫയലുകളിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) ഈ ഫയലുകളിൽ എന്നത്തേക്ക് തീരുമാനം എടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**1, 2 ക്ലാസ്സുകൾ അനുവദിക്കുന്നതിന് നടപടി**

206(1364) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നീണ്ടകരയിൽ പ്രവർത്തിക്കുന്ന പരിമണം ഗവൺമെന്റ് എൽ.പി.എസ് സ്കൂളിന് നിലവിൽ പ്രീ പ്രൈമറിയും 3, 4 എന്നീ ക്ലാസ്സുകളും മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ 1, 2 ക്ലാസ്സുകൾ അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നീണ്ടകര ഗവൺമെന്റ് എൽ.പി. സ്കൂളിൽ 1, 2 ക്ലാസ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച വിഷയത്തിൽ അധിക വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം**

207(1365) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം കേന്ദ്ര സർക്കാർ ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) ഈ വർഷം വേതനം എത്ര രൂപയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്; അതിൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എത്രവീതമാണ്;

(സി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേതനത്തിൽ കുറവ് വന്ന തുക സംസ്ഥാന വിഹിതമായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഈ വർഷം കേന്ദ്ര സർക്കാർ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 7,000 (ഏഴായിരം) രൂപയാണ് വേതനമായി നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 60 ശതമാനം തുകയായ 4,200 രൂപ കേന്ദ്ര വിഹിതവും 40 ശതമാനം തുകയായ 2,800 രൂപ സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനമായ 7,000 രൂപയ്ക്കുപുറമെ സംസ്ഥാന സർക്കാർ 7,000 രൂപകൂടി നൽകാൻ തീരുമാനിച്ചതിൻപ്രകാരം ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന് പ്രതിമാസ വേതനമായി 14,000 രൂപ (പതിനാലായിരം രൂപ) നൽകിവരുന്നുണ്ട്.

**ഡി.പി.ഐ. ഓഫീസിലെ ഫയൽ നടപടികൾ**

208(1366) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ ജി2/94316/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തോടെ നടപടി സ്വീകരിക്കാനായി ഡി.പി.ഐ. യിലേക്ക് അയച്ച പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കുവാൻ അനാവശ്യമായ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമായി പരിശോധിച്ച് വിവരങ്ങൾ നൽകാമോ;

(സി) ഫയലുകൾ മനഃപൂർവ്വം വെച്ചു താമസിപ്പിക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ജി2/94316/18 നമ്പർ ഫയലിൽ പരിശോധിച്ചുവരുന്ന വിഷയത്തിന്മേൽ 15-10-2018-ൽ ജി2/86722/18 നമ്പർ കത്ത് പ്രകാരം പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 28-11-2018-ന് ഇ-മെയിൽ മുഖാന്തരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. അനാവശ്യ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

(സി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## എൽ.പി., യു.പി. സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

209(1367) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.പി, യു.പി. സ്കൂൾ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഓരോ ജില്ലയിലും ഉള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഏതൊക്കെ ജില്ലകളിൽ പ്രസിദ്ധീകരിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ജില്ലകളിൽ ഒഴിവുള്ള തസ്തികകൾ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ എൽ.പി., യു.പി. സ്കൂൾ സ്ഥിരം അദ്ധ്യാപകരുടെ 6326 ഒഴിവുകളുണ്ട്. എങ്കിലും ഈ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ടി ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ (കന്നഡ), അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർ (കന്നഡ) എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) എല്ലാ ജില്ലകളിലും പി.എസ്.സി. നിയമനത്തിനായി മാറ്റിവച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## എൽ.പി.എസ്.എ. തസ്തിക

210(1368) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക വിദ്യാലയങ്ങളിലേയ്ക്കുള്ള എൽ.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) എൽ.പി.എസ്.എ. തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എൽ.പി.എസ്.എ. നിയമനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രാഥമിക വിദ്യാലയങ്ങളിലെ എല്ലാ ഒഴിവുകളും താൽക്കാലികാടിസ്ഥാനത്തിൽ നികത്തിയിട്ടുണ്ട്. എന്നാൽ സ്ഥിരം അദ്ധ്യാപകരുടെ താഴെ വിവരിച്ച രീതിയിലുള്ള ഒഴിവുകളുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 411 |
| കൊല്ലം | - | 440 |
| പത്തനംതിട്ട | - | 211 |
| ആലപ്പുഴ | - | 174 |
| കോട്ടയം | - | 107 |
| ഇടുക്കി | - | 119 |
| എറണാകുളം | - | 189 |
| തൃശ്ശൂർ | - | 179 |
| പാലക്കാട് | - | 324 |

| | | |
|---|---|---|
| മലപ്പുറം | - | 1061 |
| കോഴിക്കോട് | - | 351 |
| വയനാട് | - | 171 |
| കണ്ണൂർ | - | 216 |
| കാസർഗോഡ് | - | 457 |
| ആകെ ഒഴിവുകൾ | | 4410 |

(ബി) തൃശ്ശൂർ ജില്ലയിൽ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.ടി. കന്നഡയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം

211(1369) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം (General transfer) അവസാനമായി നടത്തിയതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി അടുത്ത പൊതുസ്ഥലംമാറ്റ ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മറ്റ് വകുപ്പുകളിൽ ഉള്ളതുപോലെ എല്ലാ വർഷവും ഹയർ സെക്കണ്ടറി വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നടന്നിട്ടില്ല.

(ബി&സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ നിയമനം ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിലാണ് നടത്തുന്നത്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഡയറക്ടറേറ്റും റീജിയണൽ ഓഫീസുകളും ഉൾപ്പെടെ ആകെ 8 ഓഫീസുകളും പരിമിതമായ എണ്ണം

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരും മാത്രമെയുള്ളൂ. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകളില്ല. ഹെഡ് ക്വാർട്ടേഴ്സ് തസ്തികകൾ മാത്രമെ നിലവിലുള്ളൂ. 2017-ൽ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ സാഹചര്യങ്ങളാൽ, പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റത്തിന് യോഗ്യതയുള്ളവർ (3 വർഷത്തിൽ കൂടുതൽ ഒരു സ്റ്റേഷനിൽ സർവ്വീസുള്ളവർ) അപേക്ഷകരിൽ വളരെ കുറവായതിനാൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. എന്നിരുന്നാലും ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരാകുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അവരുടെ അപേക്ഷ അനുസരിച്ച് സീനിയോറിറ്റി പ്രകാരം സ്ഥലംമാറ്റം നൽകിവരുന്നുണ്ട്.

## കോഴിക്കോട് ജില്ലയിലെ പ്രൈമറി അദ്ധ്യാപക ഒഴിവുകൾ

212(1370) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. അധ്യാപകരുടെ എത്ര ഒഴിവുകളുണ്ട്; ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഒഴിവുകളിലേക്ക് എപ്പോൾ നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. അദ്ധ്യാപക തസ്തികയിൽ നിലവിൽ (എൽ.പി. - 351 + യു.പി. 159) 510 ഒഴിവുകളുണ്ട്. ഒഴിവുകളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ ഒഴിവുകളിലും താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നൽകുന്നതാണ്.

## വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനം

213(1371) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി

വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഏകോപിപ്പിക്കാൻ ആലോചനയുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏകോപനത്തിന്റെ ഭാഗമായി അധ്യാപകർക്കും, ജീവനക്കാർക്കും ഉള്ള ആശങ്കകൾ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; പരിഹാര മാർഗ്ഗങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. മറ്റ് പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ മലയാളം അദ്ധ്യാപക നിയമനം

214(1372) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തലം വരെ മലയാളം പ്രത്യേക വിഷയമായി പഠിക്കാത്തവരെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ അദ്ധ്യാപകരായി നിയമിക്കുവാൻ കഴിയില്ലെന്ന 2002-ലെ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(സി) നിയമസഭ പാസ്സാക്കിയ 2017-ലെ മലയാള ഭാഷ പഠന നിയമത്തിന് വിരുദ്ധമാണ് പ്രസ്തുത ഭേദഗതിയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക യോഗ്യതകൾ 6-6-1980-ലെ സ.ഉ.(അ) നമ്പർ 76/80/പൊ.വി.വ. ഉത്തരവ്

പ്രകാരം ഏകീകരിക്കുകയുണ്ടായി. ഈ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി 19-3-2002-ലെ സ.ഉ.(സാധാ) നമ്പർ 534/02/ പൊ.വി.വ. പ്രകാരം എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. (മലയാളം മീഡിയം) നിയമനത്തിലുള്ള യോഗ്യത ഇപ്രകാരം ഭേദഗതി ചെയ്തിരുന്നു. " Candidates who have not studied the Regional Language Malayalam either under part I or part II or as medium of instruction of SSLC will not be eligible for appointment to the post." കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്കൂളുകളിൽ സെക്കണ്ടറി/ഹയർ സെക്കണ്ടറി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ് തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി അംഗീകൃത വിദ്യാലയങ്ങൾ നമുക്കുണ്ട്. മലയാളികളായ കുട്ടികൾ തന്നെയാണ് ഈ സ്കൂളുകളിൽ സിംഹഭാഗവും പഠിക്കുന്നത്. ഈ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുന്നില്ല എന്നതാണ് വസ്തുത. കേന്ദ്രീയ വിദ്യാലയങ്ങളും നവോദയ വിദ്യാലയങ്ങളും സൈനിക സ്കൂളുകളും ഒക്കെ ഇതിൽ ഉൾപ്പെടുന്നു. ഇവിടെ ബോധനമാധ്യമവും മലയാളമല്ല. ഇക്കാരണത്താൽ ഇത്തരം വിദ്യാലയങ്ങളിലെല്ലാം പഠിക്കുന്ന തനി മലയാളികളായ കുട്ടികൾക്കുപോലും സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ഡി.ഇ.എൽ.എഡ്. (റ്റി.റ്റി.സി./ ഡി.എഡ്.) ബി.എഡ്. തുടങ്ങിയ അദ്ധ്യാപക നിയമനത്തിലുള്ള ട്രെയിനിംഗ് യോഗ്യത നേടിയാൽ കേരളത്തിൽ എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി., തസ്തികകൾക്ക് അപേക്ഷിക്കാനാവില്ലെന്ന അവസ്ഥ 19-3-2002-ലെ ഉത്തരവിലൂടെ സംജാതമായി. പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്താത്ത ടി വിദ്യാലയങ്ങൾക്ക് കേരളത്തിൽ പ്രവർത്തിക്കാൻ അംഗീകാരവും അനുമതിയും നൽകുന്നത് കേരള സർക്കാർ തന്നെയാണ്. അവിടെനിന്ന് സെക്കണ്ടറിതലം കടന്നുവരുന്ന കുട്ടികൾക്ക് കേരളത്തിൽ ഡി.ഇ.എൽ.എഡ്. (റ്റി.റ്റി.സി./ഡി.എഡ്.), ബി.എഡ്. തുടങ്ങിയ നമ്മുടെ കോഴ്സുകളിൽ ചേർന്നു പഠിക്കാനും വിലക്കുകളില്ല. ഇത്തരത്തിൽ കേരളത്തിൽ നിന്നുതന്നെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ നേടിയതിനുശേഷം കേരളത്തിൽ എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. തസ്തികകളിലെ നിയമനങ്ങൾക്ക് അവ പരിഗണിക്കാൻ കഴിയില്ലെന്ന സവിശേഷ സാഹചര്യമാണ് ടി ഉത്തരവ് മൂലം

സൃഷ്ടിക്കപ്പെട്ടത്. സി.ബി.എസ്.ഇ. സി.ഐ.എസ്.സി.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിലും സൈനിക സ്കൂളുകളിലും മറ്റും പഠിച്ച മലയാളികളായ വിദ്യാർത്ഥികൾ സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ബിരുദ/ബിരുദാനന്തര/ ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലും ഒന്നിൽ കേരളത്തിലെ റെഗുലർ കോഴ്സ് വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുണ്ടെങ്കിൽ അവർക്ക് 19-3-2002-ലെ ഉത്തരവിന്റെ വ്യവസ്ഥയിൽനിന്നും ഇളവ് നൽകുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാരിന് ബോധ്യമായി. തുടർന്ന് 19-3-2002-ലെ സ.ഉ.(സാധാ) നമ്പർ 534/02/ പൊ.വി.വ. ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി പ്രസ്തുത ഉത്തരവ് പ്രകാരം പുതുതായി ചേർത്ത "note" -നുശേഷം താഴെ പറയും പ്രകാരം ചേർത്ത് ഉത്തരവാകുകയാണുണ്ടായത്:-

" സെക്കണ്ടറി/ഹയർ സെക്കണ്ടറി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി./ യു.പി.എസ്.റ്റി. നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(സി&ഡി) 2017-ലെ മലയാളം ഭാഷാ നിയമത്തിനോ 2018-ലെ മലയാള ഭാഷാ ചട്ടങ്ങൾക്കോ വിരുദ്ധമായ യാതൊന്നുംതന്നെ 22-5-2018-ലെ ഉത്തരവിൽ ഇല്ല.

**തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി**

215(1373) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ അധ്യാപകരുടെയും ജീവനക്കാരുടെയും വിവിധ ആവശ്യങ്ങൾ സംബന്ധിച്ച ഫയലുകൾ തീരുമാനമാകാതെ മാസങ്ങളോളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിലും ഫയൽ നീക്കം കൃത്യമായി നടക്കുന്നില്ല എന്ന കുറവ് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) ദീർഘകാലമായി തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് സംഘടിപ്പിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 2018 ഏപ്രിൽ 3 മുതൽ ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സംവിധാനം ഭാഗികമായി(21 സെക്ഷനുകളിൽ) നിലവിൽ വന്നു. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ബാക്കിയുള്ള സെക്ഷനുകളിൽകൂടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പ്രസ്തുത സംവിധാനത്തിൽ പ്രവർത്തിക്കുന്ന സെക്ഷനുകളിൽ കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാത്ത ജീവനക്കാർക്ക് തുടക്കത്തിൽ കുറച്ച് ബുദ്ധിമുട്ട് അനുഭവപ്പെട്ടെങ്കിലും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇ-ഓഫീസ് പ്രകാരം സെക്ഷനുകളിൽ നൽകേണ്ട തപാലുകളെല്ലാംതന്നെ നിലവിൽ കാലതാമസം കൂടാതെ നൽകിവരുന്നു. എല്ലാ മാസങ്ങളിലും ഐ.ടി. മിഷൻ തയ്യാറാക്കി അയച്ചുതരുന്ന ഇ-ഓഫീസ് പെർഫോർമൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തി പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഫയൽ അദാലത്തുകൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറുകളിലൂടെ ഡി.പി.ഐ. നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം**

216(1374) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽനിന്നും സംരക്ഷിതാദ്ധ്യാപകരായി ഈ വർഷം എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒൻപത്, പത്ത് എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതുമൂലം എത്ര അദ്ധ്യാപകരെ സംരക്ഷിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക ബാങ്കിൽനിന്നും സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് ഹൈക്കോടതിയുടെ വിലക്ക് നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത വിലക്ക് നീക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി. റാങ്ക് പട്ടിക ഇല്ലാത്ത വിഷയങ്ങളിലെ ഒഴിവുകളിലേക്ക് സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. റാങ്ക് പട്ടിക നിലവിൽവരുമ്പോൾ ഇത്തരം അദ്ധ്യാപകരെ പിൻവലിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19-ൽ ആകെയുള്ള സംരക്ഷിത ജീവനക്കാരുടെ എണ്ണം 3862 ആണ്. ഇതിൽ 3772 പേർ അദ്ധ്യാപകരും 90 പേർ അനദ്ധ്യാപകരുമാണ്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഹൈക്കോടതിയിൽ കേസ് നടത്തിപ്പിന് ആവശ്യമായ നടപടികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിക്കുന്നുണ്ട്. ഇത്തരം ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻതന്നെ പുനർവിന്യസിക്കപ്പെട്ട സംരക്ഷിത അദ്ധ്യാപകരെയെല്ലാം പ്രസ്തുത സ്കൂളിൽനിന്ന് മാറ്റുവാനും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടാൽ ജില്ലയിലെ ഒരു സർക്കാർ സ്കൂളിലും പ്രസ്തുത വിഷയത്തിൽ ഒരു സംരക്ഷിതാദ്ധ്യാപകരും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

217(1375) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി ഒ.(എം.എസ്.) നമ്പർ 164/2016/G.Edn. തീയതി 30-9-2016 പ്രകാരം ശ്രീമതി വി.ആർ. വിനോദിനിക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകാൻ ഉള്ള ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; ടി ഉത്തരവ് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലറിക്കൽ തസ്തികയിൽ നിയമനാനുമതി ഉത്തരവ് ലഭിച്ച് നിയമനത്തിനായി കാത്തിരിക്കുന്നവരുടെ സീനിയോരിറ്റി ലിസ്റ്റിൽ (തിരുവനന്തപുരം ജില്ല) പതിനൊന്നാമത്തെയാളാണ് ശ്രീമതി വിനോദിനി വി. ആർ. ജില്ലയിൽ ഒഴിവ് വരുന്നമുറയ്ക്ക് സീനിയോറിറ്റി ക്രമം പാലിച്ച് ടിയാൾക്ക് നിയമനം നൽകുന്നതാണ്.

**കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ**

218(1376) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, മീനിയൽ എന്നിവരുടെ തസ്തികകളില്ല. എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ മതിയായ തസ്തികകൾ സൃഷ്ടിച്ച് വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിദ്യാലയത്തിൽ ലാബ് അസിസ്റ്റന്റിന്റെ നിലവിലുള്ള ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ്, മീനിയൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

(സി) ലാബ് അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**അദ്ധ്യാപകർക്കുള്ള പരിശീലനം**

219(1377) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി സർവ്വീസിൽ കയറുന്ന എല്ലാ അദ്ധ്യാപകർക്കും പരിശീലനം നിർബന്ധമാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശാസ്ത്രത്തിന്റെയും വിവര സാങ്കേതിക വിദ്യയുടെയും വളർച്ചയ്ക്ക് അനുസരിച്ച് അധ്യാപകരെ കൂടുതൽ പ്രാപ്തരാക്കുന്നതിന് ഈ പരിശീലനം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പരിശീലന പരിപാടിയുടെ ഷെഡ്യൂൾ തയ്യാറാക്കുന്നതും അത് നടപ്പിലാക്കുന്നതും ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. അദ്ധ്യാപക വിദ്യാഭ്യാസ കോഴ്സുകൾ പഠിച്ച് വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും മറ്റും അദ്ധ്യാപകരായി നിയമിക്കപ്പെടുന്നത്. ഈ കാലയളവിൽ അഭ്യസിച്ച പല കാര്യങ്ങളും അവർ മറന്നിട്ടുണ്ടാകാം. ബോധന ശാസ്ത്രത്തിലും വൈജ്ഞാനിക രംഗത്തും ഉണ്ടാകുന്ന പല നൂതന വികാസങ്ങളും അവർ പഠിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടാതെയും വരാം. അതിനാൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകരെയും ശാസ്ത്രീയമായ പരിശീലനത്തിന് വിധേയരാക്കാൻ എസ്.സി.ഇ.ആർ.ടി.-യെയും മറ്റ് അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. എസ്.സി.ഇ.ആർ.ടി. നേരിട്ടും ഡയറ്റുകളുടെ സഹായത്തോടെയുമാണ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. പരിശീലന മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി.-യാണ് തയ്യാറാക്കുന്നത്. വിദ്യാഭ്യാസശാസ്ത്രം, വിഷയമേഖല, മനഃശാസ്ത്രം എന്നിവ പരിശീലന വിഷയങ്ങളിൽ പ്രധാനപ്പെട്ടവയാണ്. അദ്ധ്യാപകരുടെ അറിവിലും നൈപുണികളിലും മനോഭാവത്തിലും ഗുണപരമായ മാറ്റങ്ങൾ വരുത്താൻ പരിശീലനത്തിലൂടെ കഴിയും.

(സി) എസ്.സി.ഇ.ആർ.ടി.-യാണ് ഷെഡ്യൂൾ തയ്യാറാക്കുന്നത്. ഡയറ്റുകളുടെ സഹായത്തോടെയാണ് പരിശീലനം നടത്തുന്നത്.

## സ്വകാര്യ സ്കൂളുകളിലെ അമിത ഫീസ്

220(1378) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ.അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകൾ അമിത ഫീസ് ഈടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ സ്കൂളുകൾ അമിത ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമാകുന്നുണ്ട്.

(സി) സ്വകാര്യ സ്കൂളുകളിലെ ഫീസ് ഘടനയും മറ്റും സർക്കാർ തലത്തിൽ അല്ല നിശ്ചയിക്കപ്പെടുന്നത്. എന്നിരുന്നാലും പരാതികൾ ലഭ്യമാകുന്ന ഘട്ടത്തിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിവരുന്നു.

**ജി.എച്ച്.എസ്. മരുതയുടെ ഭൗതിക സൗകര്യ വികസനം**

221(1379) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിന് മൂന്ന് കോടി രൂപ ഭൗതിക സൗകര്യ വികസനത്തിനായി അനുവദിച്ചപ്പോൾ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലെ ജി.എച്ച്.എസ്. മരുതയെ ലിസ്റ്റിൽനിന്നും വിട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സൂചിപ്പിച്ച് 18-4-2018-ന് എം.എൽ.എ. നൽകിയ നിവേദനം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്നതും കഴിഞ്ഞ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയതുമായ സ്കൂളുകളെ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**കലാ-കായിക സാംസ്കാരിക പാർക്ക്**

222(1380) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലെയും സ്കൂളുകളിൽ കലാ-കായിക സാംസ്കാരിക പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 സാമ്പത്തിക വർത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ) വിനിയോഗിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലെയും ഒരു സർക്കാർ സ്കൂളിൽ വീതം കലാ-കായിക സാംസ്കാരിക പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ

223(1381) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ, തിരുത്തി ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. സേവനാവകാശ നിയമപ്രകാരംസമയ പരിധിക്കുള്ളിലും അടിയന്തര സ്വഭാവമുള്ള അപേക്ഷകൾ കാലതാമസം കൂടാതെയും തീർപ്പാക്കി നൽകാറുണ്ട്.

## എസ്. എസ്.എൽ.സി. ബുക്കിലെ പേരുമാറ്റം

224(1382) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതം മാറ്റമോ മറ്റുകാരണങ്ങളാലോ നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് പേരിൽ മാറ്റം വരുത്തിയവർക്ക് പഴയ പേരിൽ ലഭിച്ചിട്ടുള്ള എസ്.എസ്.എൽ.സി. ബുക്കിലെ പേര് മാറ്റി പുതിയ പേരിൽ എസ്.എസ്.എൽ.സി. ബുക്ക് ലഭിക്കുന്നതിന് സാദ്ധ്യമാണോ;

(ബി) ഇല്ലെങ്കിൽ മറ്റു രേഖകളിൽ എല്ലാം തന്നെ മാറ്റംവരുത്തിയ പേരുകൾ ആണെന്നിരിക്കെ എസ്.എസ്.എൽ.സി. ബുക്കിൽ മാത്രം പഴയ പേരായതിന്റെ ബുദ്ധിമുട്ട് പരിഗണിച്ച് പേര് മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ& ബി) പേര്, ജാതി, മതം എപ്പോൾ വേണമെങ്കിലും മാറ്റി സ്വീകരിക്കാൻ വ്യവസ്ഥയുള്ളതുകൊണ്ട് ഒരിക്കൽ നൽകിയ സർട്ടിഫിക്കറ്റിൽ കൂടെക്കൂടെ തിരുത്തലുകൾ വരുത്തി നൽകുന്നത് പല ക്രമക്കേടുകൾക്കും വഴിവച്ചേക്കാമെന്നതിനാൽ 14-3-1984-ലെ ജി.ഒ. (എം.എസ്.) നമ്പർ 80/84/ ജി.എ.ഡി. പ്രകാരം തിരുത്തലുകൾ ഗസറ്റ് വിജ്ഞാപനം നടത്തി എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിനൊപ്പം സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്.

### വർക്കല ഗവ. മോഡൽ ഹൈസ്കൂളിൽ എസ്.പി.സി.

225(T*1383) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിലെ വർക്കല ഗവ: മോഡൽ ഹൈസ്കൂളിൽ എസ്.പി.സി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വർക്കല ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ എസ്.പി.സി. അനുവദിക്കണമെന്ന അപേക്ഷ അനന്തര നടപടികൾക്കായി എസ്.പി.സി. ഡയറക്ടറേറ്റിലേയ്ക്ക് അയച്ചിട്ടുള്ളതായും ആയതിന്റെ സ്വീകാര്യത പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

### കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വിതരണം ചെയ്ത എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ അപാകതകൾ

226(1384) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലപ്പുറം ജില്ലകളിൽ ഈ വർഷം വിതരണം ചെയ്ത എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ അക്ഷരങ്ങളും, ഫോട്ടോയും മാസങ്ങൾക്കുള്ളിൽ മാഞ്ഞ് സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര പരാതികൾ ഇതിനകം ലഭിച്ചു; വിവരം ലഭ്യമാക്കാമോ;

(ബി) ഏത് സ്ഥാപനമാണ് പ്രസ്തുത എസ്.എസ്.എൽ.സി. ബുക്കുകൾ അച്ചടിച്ച് നൽകിയത്; അക്ഷരങ്ങൾ മാഞ്ഞുപോകുന്നതിനുണ്ടായ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഭാവിയിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഉപയോഗശൂന്യമായ സർട്ടിഫിക്കറ്റുകൾസമയബന്ധിതമായി വിദ്യാത്ഥികൾക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽനിന്നും ആദിനാഥ് എം. കെ., നിഹാൽ വി. റ്റി. എന്നിവരുടെ പരാതികളാണ് ലഭിച്ചിട്ടുള്ളത്. 26-11-2018 വരെ വിവിധ ജില്ലകളിൽനിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം ലഭിച്ച 34,550 സർട്ടിഫിക്കറ്റുകൾ റീപ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) കേരള പരീക്ഷാഭവനാണ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ അച്ചടിച്ച് നൽകിയത്. മൈക്രോലിംഗ്സ്, മുളവന, കുന്നുകുഴി പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത ടോണറുകൾ പ്രിന്റിംഗിനായി ഉപയോഗിച്ചതാണ് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഗുണനിലവാരമില്ലാത്ത ടോണറുകൾ വിതരണം ചെയ്ത മൈക്രോലിംഗ്സ്, മുളവന, കുന്നുകുഴി പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഡിജി ലോക്കർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും ഡിജിറ്റൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതും സംബന്ധിച്ച വിഷയവും പരിഗണനയിലുണ്ട്.

(ഡി) സർട്ടിഫിക്കറ്റ് വിതരണം കഴിഞ്ഞ് ഏകദേശം രണ്ടുമാസം കഴിഞ്ഞപ്പോൾതന്നെ സർട്ടിഫിക്കറ്റിലെ അക്ഷരങ്ങൾ മാഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെടുകയും ഉടൻതന്നെ അത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ പ്രഥമാദ്ധ്യാപകർ വഴി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കാനും ആയവ പരീക്ഷാഭവനിൽ എത്തിച്ച് റീപ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്ഷരങ്ങൾ മാഞ്ഞുപോകുന്ന സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുള്ള വിദ്യാഭ്യാസ ജില്ലകളിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ എത്തിക്കുകയും പകരം പുതിയ സർട്ടിഫിക്കറ്റുകൾ റീപ്രിന്റ് ചെയ്ത് നൽകുകയും ചെയ്തുകഴിഞ്ഞു.

ഇനിയും 2018-ൽ വിതരണംചെയ്ത അപാകതയുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ നിശ്ചിത ഫീസ് ഈടാക്കാതെയും ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെയും റീപ്രിന്റ് ചെയ്തുനൽകുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

227(T*1385) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി ഉൾപ്പെടുത്തിയ സ്കൂളുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി മൂന്ന് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്., കൊട്ടില.
2. ജി.എച്ച്.എസ്.എസ്., ചെറുതാഴം
3. ജി.എം.ആർ.എച്ച്.എസ്.എസ്. (ബോയ്സ്), പട്ടുവ.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ**

228(1386) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ പൂർണ്ണമായും പൂർത്തീകരിച്ച 8-ാം തരം മുതൽ 12-ാം തരം വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം ആണ്, സ്കൂളുകളുടെ പേരുവിവരവും ഓരോ സ്കൂളിലും എത്ര ക്ലാസ് റൂമുകളാണ് ഹൈടെക് ആക്കിയതെന്നും വ്യകതമാക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈടെക് ക്ലാസ് മുറികളിൽ സ്ഥാപിച്ച കമ്പ്യൂട്ടർ, പ്രൊജക്ടർ മറ്റ് അനുബന്ധ സാധനസാമഗ്രികൾ എന്നിവയ്ക്ക് ഓരോ സ്കൂളിലും ചെലവായ തുക പ്രത്യേകമായി വ്യക്തമാക്കാൻ കഴിയുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഹൈടെക് ക്ലാസ് റൂമുകൾ പൂർത്തീകരിക്കേണ്ട സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ പേരുവിവരവും പൂർത്തീകരിക്കേണ്ട ക്ലാസ് റൂമുകളുടെയും വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പൊതുവിദ്യാഭ്യാസത്തിന് ഒറ്റവകുപ്പ്

229(1387) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പൊതുവിദ്യാഭ്യാസം എന്നിവ സംയോജിപ്പിച്ച് ഒറ്റവകുപ്പ് ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. മറ്റ് പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## സാക്ഷരതാ മിഷൻ

230(1388) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി; വിശദമാക്കുമോ;

(ബി) സാക്ഷരതാ മിഷനിൽ എത്ര ഗവൺമെന്റ് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ വന്നിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സാക്ഷരതാ മിഷനിൽ എത്ര താത്ക്കാലിക ജീവനക്കാർ ഉണ്ട്; പ്രസ്തുത ജീവനക്കാരുടെ നിയമനം ഏത് രീതിയിലാണ് നടത്തിയതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട 9 പേരിൽ 4 പേർ ഇപ്പോഴും തുടരുന്നു.

| | | |
|---|---|---|
| ഡയറക്ടർ | - | ഡോ. പി. എസ്. ശ്രീകല |
| പ്രോഗ്രാം ഓഫീസർ | - | ശ്രീമതി രഞ്ചി എസ്. എസ്. |
| ഫിനാൻസ് ഓഫീസർ | - | ഡോ. എസ്. ഗോപീകൃഷ്ണ |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | - | ശ്രീമതി ഡാർളി ജോസഫ് |

(സി) സാക്ഷരതാ മിഷനിൽ താൽക്കാലിക ജീവനക്കാർ ഇല്ല.

**സാക്ഷരതാ മിഷനിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

231(1389) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ സാക്ഷരത നടപ്പിലാക്കണമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയ എഴുത്ത് പരീക്ഷയിൽ എത്ര പേർ വിജയിച്ചു; അറിയിക്കുമോ;

(സി) യുനെസ്കോ മാനദണ്ഡം അനുസരിച്ച് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമാണോ ;

(ഡി) ഇല്ലെങ്കിൽ നിരക്ഷരരായ ആളുകൾ മുഴുവൻ സാക്ഷരരാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 'അക്ഷരലക്ഷം' പരീക്ഷയിൽ 42933 പേരും അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതിയുടെ ഒന്നാം ഘട്ട പരീക്ഷയിൽ 1117 പേരും രണ്ടാം ഘട്ട പരീക്ഷയിൽ 2553 പേരും വയനാട് പ്രത്യേക സാക്ഷരതാ പദ്ധതിയിൽ 4309 പേരും വിജയിച്ചിട്ടുണ്ട്. സമഗ്ര, നവചേതന, ചങ്ങാതി, അക്ഷരസാഗരം എന്നീ കോഴ്സുകളിലെ മൂല്യനിർണ്ണയം നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) അതെ. എന്നിരുന്നാലും സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2011-ലെ കണക്കനുസരിച്ച് കേരളത്തിൽ പതിനെട്ട് ലക്ഷത്തിലധികം നിരക്ഷരരുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിലാണ് സാക്ഷരതാ മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

## ആദിവാസികൾക്കിടയിൽ സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ

232(1390) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ അക്ഷരവിപ്ലവം നടത്തുന്നതിന് ആദിവാസി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരെ നിയോഗിച്ചുള്ള സാക്ഷരതാ മിഷന്റെ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര ആദിവാസി അദ്ധ്യാപകരെയാണ് നിയോഗിച്ചിട്ടുള്ളത്;

(സി) സാക്ഷരതാമിഷന്റെ കീഴിൽ ആദിവാസികൾക്കിടയിൽ നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രാദേശികതലം മുതൽ ജില്ലാതലം വരെ സംഘാടക സമിതികളും സാക്ഷരതാ സമിതികളും അവലോകനം നടത്തുന്നത് കൂടാതെ സംസ്ഥാനതലത്തിലും അവലോകനം ചെയ്യുന്നുണ്ട്.

(ബി) 1482 പേരെ നിയോഗിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതി, ആരോഗ്യം തുടങ്ങിയ സാമൂഹ്യ സാക്ഷരതാ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ഗുരുപുരം പെട്രോൾ പമ്പിന് നൽകിയ എൻ.ഒ.സി.

233(1391) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പാണത്തൂർ സ്റ്റേറ്റ് ഹൈവേയിൽ ഗുരുപുരത്തിനടുത്ത് പുതിയ പെട്രോൾപമ്പ് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഈ എൻ.ഒ.സി. ഉത്തരവിൽ ഏതെങ്കിലും നിബന്ധന വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് പെട്രോൾപമ്പ് സ്ഥാപിക്കാൻ കണ്ടീഷണൽ എൻ.ഒ.സി. എന്ന അനുമതി നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ നൽകിയ എൻ.ഒ.സിക്കെതിരെ ഒരു സ്വകാര്യ വ്യക്തി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) അന്വേഷണത്തിൽ ചട്ടവിരുദ്ധമായ എന്തൊക്കെ നടപടികളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) റവന്യൂ വിജിലൻസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ക്രമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ക്യാൻസൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(എഫ്) റവന്യൂ വിജിലൻസിന്റെ കണ്ടെത്തൽ മറികടന്ന് ചട്ടവിരുദ്ധമായി നൽകിയ എൻ.ഒ.സി.-ക്ക് സാധൂകരണം വരുത്തുന്നതിന് കുറഞ്ഞ കാലവളവിലേക്ക് റോഡ് ആക്സസ് ആയി വരുന്ന റവന്യൂ ഭൂമി ലീസിന് വാങ്ങുന്നതിനുള്ള ഗൂഢപദ്ധതിയുമായി ബന്ധപ്പെട്ടവർ നീങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ജി) ചട്ടവിരുദ്ധമായി നൽകിയ ഈ എൻ.ഒ.സി ക്യാൻസൽ ചെയ്ത് ഇത് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;ഇല്ലെങ്കിൽ എൻ.ഒ.സി. ക്യാൻസൽ ചെയ്യാനും നടപടി എടുക്കാതിരിക്കാനുമുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലാ കളക്ടേറ്റിൽനിന്നും ഡി3-34389/17 ആയി 17-3-2018-ൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിരാക്ഷേപപത്രം അനുവദിച്ചിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്ന സ്വകാര്യ ഭൂമിയോട് ചേർന്നുകിടക്കുന്ന സർക്കാർ ഭൂമിക്ക് പാട്ടം അനുവദിച്ചശേഷം മാത്രം പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം എന്ന വ്യവസ്ഥയിലാണ് നിരാക്ഷേപപത്രം അനുവദിച്ചത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണം നടത്തി 10-8-2018-ൽ സി-328/2018-ാം നമ്പരായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉത്തരമേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. പട്ടയ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഭൂമിയിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നത്.
2. കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും വെള്ളരിക്കുണ്ട് തഹസിൽദാരുടെയും ശിപാർശകൾ മറികടന്ന് എ.ഡി.എം. നിരാക്ഷേപപത്രം അനുവദിച്ചു.
3. നിർദ്ദിഷ്ട സ്ഥലത്തേയ്ക്ക് ലീസ് മുഖേന എ.ഡബ്ല്യൂ. ഭൂമി ലഭിക്കാതെ തന്നെ പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സ്ഥിതി ഉണ്ടായി.
4. എ.ഡി.എം., എൻ.ഒ.സി. നൽകിയതുമൂലം വളരെയധികം വിലമതിക്കുന്ന സർക്കാർ എ.ഡബ്ല്യൂ. ഭൂമി സർക്കാരിന് നഷ്ടപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.
5. പെട്രോൾ ബങ്കിന്റെ നിർമ്മാണ പ്രവൃത്തികൾ, ലീസ് അനുവദിക്കുന്നതിനും മുമ്പുതന്നെ ആരംഭിക്കുകയും ടി വിഷയം പരാതിയായി എ.ഡി.എം.-ന് ലഭിച്ചിട്ടും അദ്ദേഹം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഉത്തരവ് നൽകിയില്ല.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും എൻ.ഒ.സി. റദ്ദുചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) നിരാക്ഷേപപത്രം റദ്ദുചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

## അനധികൃത മണൽ വാരൽ

234(1392) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽ വാരൽ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ അനധികൃത മണൽ കടത്ത് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) അനധികൃത മണൽ വാരൽ തടയുന്നതിനായി താലൂക്ക്, ജില്ലാതലങ്ങളിൽ റവന്യൂ വകുപ്പും പോലീസ് വകുപ്പും സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രകൃതി സംരക്ഷണം

235(1393) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലം നികത്തുന്നവർക്കും സർക്കാർഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കും സഹായകരമായ നിശബ്ദ നിലപാട് കലാകാലങ്ങളായി അധികൃതർ എടുക്കുന്നുവെന്ന ആക്ഷേപം സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ വെള്ളപ്പൊക്കത്തേക്കാൾ രൂക്ഷമായവ ഭാവിയിൽ ഉണ്ടാകാനുള്ള സാധ്യതാ മുന്നറിയിപ്പായി കരുതുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ഭാവിയും നിലനിൽപ്പും കണക്കിലെടുത്ത് പ്രകൃതിയെ തകർക്കുന്ന പ്രവൃത്തികൾക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനധികൃതമായി നിലം നികത്തുന്നവർക്കും സർക്കാർഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കുമെതിരെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരത്തിൽ പ്രകൃതിയെ തകർക്കുന്ന രീതിയിൽ അനധികൃത നിലം നികത്തലിനെതിരെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും സർക്കാർഭൂമി കയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വില്ലേജ് ഓഫീസർ തസ്തികയുടെ അപ്ഗ്രഡേഷൻ

236(1394) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം റവന്യൂ വകുപ്പിന് കീഴിലുള്ള (സ്പെഷ്യൽ പർപ്പസ്) ഓഫീസുകൾ നിർത്തിലാക്കിയതുമൂലം എത്ര തസ്തികകൾ പുനർവിന്യസിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന് സാമ്പത്തിക നഷ്ടമില്ലാതിരുന്നിട്ടും വില്ലേജ് ഓഫീസർ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ്ഗ്രേഡ് ചെയ്യണമെന്ന ശമ്പളകമ്മീഷൻ ശിപാർശ നടപ്പിലാക്കാത്തതിന് കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന് കീഴിലുള്ള ആഫീസുകൾ നിർത്തലാക്കിയതുമൂലം ആകെ 107 തസ്തികകൾ പുനർവിന്യാസം നടത്തിയിട്ടുണ്ട്. തസ്തിക സഹിതം വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | പുനർവിന്യസിക്കപ്പെട്ട എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 7 |
| 3 | സീനിയർ സൂപ്രണ്ട് | 1 |
| 4 | ജൂനിയർ സൂപ്രണ്ട് | 2 |
| 5 | വാല്വേഷൻ അസിസ്റ്റന്റ് | 10 |
| 6 | ഹെഡ് ക്ലാർക്ക് | 3 |
| 7 | യു.ഡി.സി. | 14 |
| 8 | ക്ലാർക്ക് | 16 |
| 9 | വില്ലേജ് അസിസ്റ്റന്റ് | 6 |
| 10 | റവന്യൂ ഇൻസ്പെക്ടർ | 17 |
| 11 | സർവേയർ | 10 |
| 12 | ടൈപ്പിസ്റ്റ് | 4 |
| 13 | ചെയിൻമാൻ | 3 |
| 14 | ഓഫീസ് അറ്റൻഡന്റ് | 6 |
| 15 | പി.റ്റി.എസ്. | 1 |
| 16 | ഡ്രാഫ്റ്റ്സ്മാൻ | 5 |
| 17 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 1 |
| | ആകെ | 107 |

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 20-1-2016-ലെ ജി.ഒ.(പി) 07/16/ഫിൻ നമ്പർ പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ വില്ലേജ് ഓഫീസർ തസ്തികയെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് താഴെയുള്ള 29200-62400 എന്ന ശമ്പള സ്കെയിലിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിൻപ്രകാരം വില്ലേജ് ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി**

237(1395) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരേ സർവ്വേ നമ്പരിലുള്ള പാതയോരത്തെ സ്ഥലത്തിനും വഴിയില്ലാത്ത സ്ഥലത്തിനും ഒരേ ന്യായവില നിശ്ചയിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് എന്ത് നിർദ്ദേശമാണ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്;

(സി) വിവിധ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പരാതി പരമാവധി ഒഴിവാക്കി ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 14-8-2018 തീയതിയിലെ സ.ഉ.(കൈ.) 302/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കാൻ ഉത്തരവായിട്ടുള്ളതും ന്യായവില പുനർനിർണ്ണയിക്കുന്നതിനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ന്യായവില വർദ്ധനവിനുള്ള അനുകൂല ഘടകങ്ങളിൽ ഗതാഗത സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗതാഗത സൗകര്യമുള്ള വസ്തുക്കൾക്കും ഇല്ലാത്ത വസ്തുക്കൾക്കും വ്യത്യസ്ത വിലയായിരിക്കും നൽകുന്നത്.

(സി) സ്വീകരിച്ചിട്ടുണ്ട്.

## കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

238(1396) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാലം കൊട്ടാരം നിലവിൽ കേരള സംസ്ഥാനത്തിന്റെ ഉടമസ്ഥാവകാശത്തിലാണോ; അല്ലെങ്കിൽ ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ രാജകുടുംബത്തിന് കുറ്റാലം കൊട്ടാരത്തിൻമേൽ ഇപ്പോഴുള്ള അവകാശം എന്താണ്; വിശദമാക്കുമോ;

(സി) മേൽകൊട്ടാരത്തിന്റെയും വസ്തുവിന്റെയും പട്ടയം ഇപ്പോൾ ആരുടെ പേരിലാണ്; കവനന്റ് പ്രകാരം മേൽ കൊട്ടാരം കേരള സർക്കാരിന് വിട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുറ്റാലം കൊട്ടാരം സംബന്ധിച്ച് ഏതെങ്കിലും കേസുകൾ ഏതെങ്കിലും കോടതിയിൽ നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) അതെ.

(ബി) നിലവിൽ തിരുവിതാംകൂർ രാജകുടുംബത്തിന് കുറ്റാലം കൊട്ടാരത്തിന്മേൽ അവകാശം ഇല്ലാത്തതാണ്.

(സി) കുറ്റാലം കൊട്ടാരത്തിന്റെയും വസ്തുവിന്റെയും തണ്ടപ്പേർ അവകാശം കേരള സർക്കാരിന്റെ പേരിലാണ്. കവനന്റ് പ്രകാരം കുറ്റാലം കൊട്ടാരം കേരള സർക്കാരിൽ നിക്ഷിപ്തമാണ്.

(ഡി) കുറ്റാലം കൊട്ടാരം സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയിൽ നിലവിലിരുന്ന W.P.(MD) 19737/13, 18108/15 എന്നീ കേസുകളിന്മേലുള്ള 21-7-2016-ാം നമ്പർ ഉത്തരവ് പ്രകാരം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസറുടെ കാര്യാലയത്തിൽ ഹിയറിംഗ് നടന്നുവരുന്നതുമാണ്.

## ഭൂരഹിതരായ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

239(1397) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം നൽകുമോ;

(ബി) ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി അനുസരിച്ച് ഇതുവരെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇനിയും ഭൂമി ലഭിക്കുവാനുള്ള കുടുംബങ്ങൾക്ക് അടിയന്തരമായി ഭൂമി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 55888 |
| കൊല്ലം | 28267 |
| പത്തനംതിട്ട | 6915 |
| ആലപ്പുഴ | 15164 |
| കോട്ടയം | 10125 |
| ഇടുക്കി | ഭൂരഹിതരുടെ കണക്ക് ശേഖരിച്ചിട്ടില്ല. |
| എറണാകുളം | 33775 |
| തൃശ്ശൂർ | 35413 |
| പാലക്കാട് | 23476 |
| മലപ്പുറം | 25425 |
| കോഴിക്കോട് | 17465 |
| വയനാട് | 4098 |
| കണ്ണൂർ | 8793 |
| കാസർഗോഡ് | ഭൂരഹിതരുടെ കണക്ക് ശേഖരിച്ചിട്ടില്ല. |

(ബി) ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം നിലവിൽ 46102 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്.

(സി) നിലവിലെ ഭൂമി പതിവ് ചട്ടപ്രകാരം അർഹരായ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് മുൻ കളക്ടർക്കെതിരെ ചുമത്തിയ പിഴ

240(1398) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുൻകളക്ടർക്കെതിരെ ധനകാര്യ പരിശോധന വിഭാഗം 19,00,000 രൂപ പിഴ ചുമത്തി റവന്യു വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ റവന്യു വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) ധനകാര്യ വകുപ്പ് നൽകുന്ന റിപ്പോർട്ട് പതിനാല് ദിവസങ്ങൾക്കകം നടപ്പിലാക്കണം എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മേൽ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് മുൻകളക്ടർക്കെതിരെ ധനകാര്യ പരിശോധന വിഭാഗം പിഴ ചുമത്തി റവന്യൂ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് അടങ്ങുന്ന ഫയൽ പരിശോധനയിലാണ്. ആയതിന്മേൽ ഉത്തരവാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ മണ്ഡലത്തിലെ നിലമ്പൂർ-കരുളായി റോഡ്

241(1399) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ-കരുളായി റോഡിന്റെ റവന്യൂ രേഖകളിൽ വീതി എത്രയാണ്; അറിയിക്കുമോ;

(ബി) ഈ റോഡ് മുക്കട്ട മുതൽ കരുളായി വരെ റീസർവ്വേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷത്തിലാണ് റീസർവ്വേ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പഴയ ബ്രിട്ടീഷ് രേഖകളിൽ തടി ഡിപ്പോകളിലേക്കുള്ള കൂപ്പ് റോഡായി ഉപയോഗിച്ചിരുന്ന നിലമ്പൂർ-കരുളായി-നെടുങ്കയം റോഡിന് എഴുപത് അടി റോഡ് എന്ന് രേഖകളിൽ പരാമർശിച്ചിട്ടുണ്ടോ; ഈ റോഡിന്റെ BTR രേഖകൾ ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ നിലമ്പൂർ, കരുളായി എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന നിലമ്പൂർ-കരുളായി റോഡിന്റെ വീതി ശരാശരി 8.8 മീറ്റർ മുതൽ 19 മീറ്റർ വരെയാണ്.

(ബി) നിലമ്പൂർ വില്ലേജ് 1-4-1995-ലും കരുളായി വില്ലേജ് 31-3-2006-ലും കേരളാ സർവ്വേ അതിരടയാള നിയമ പ്രകാരം റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഈ റോഡിന്റെ മുക്കട്ട മുതൽ കരുളായിവരെയുള്ള ഭാഗം 2005-2006 കാലഘട്ടത്തിൽ റീ-സർവ്വേ റിക്കാർഡുകൾ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ട്.

(സി) നിലമ്പൂർ-കരുളായി-നെടുങ്കയം റോഡിന്റെ പഴയ ബ്രിട്ടീഷ് രേഖകൾ, ബി.ടി.ആർ. എന്നിവ നിലമ്പൂർ താലൂക്ക് ഓഫീസിലോ സർവ്വേ ഡയറക്ടറുടെ കാര്യാലയത്തിലോ ലഭ്യമല്ല.

**പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശംവച്ചിരിക്കുന്ന സർക്കാർ ഭൂമി**

242(1400) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർഭൂമി കൈവശം വെച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശംവച്ചിരിക്കുന്ന സർക്കാർഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എല്ലാ തഹസിൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പാട്ടക്കുടിശ്ശിക ഒടുക്കുവരുത്താത്ത കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ കേസുകൾ പരിശോധിച്ച്

ശിപാർശ സമർപ്പിക്കുന്നതിനായി ഒരു സമിതി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി മാസംതോറും യോഗം ചേരുകയും ഓരോ കേസുകളും പ്രത്യേകം പരിശോധിച്ച് സ്വീകരിക്കേണ്ട നടപടികൾ ശിപാർശ ചെയ്യുന്നുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിനായി കമ്മീഷണറേറ്റ് തലത്തിലും ഒരു സെൽ പ്രവർത്തിക്കുന്നുണ്ട്.

**സ്ഥലം കയ്യേറിയതിനെതിരെ നടപടി**

243(1401) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിലെ കനോലി കനാലിന്റെ തീരത്ത് സ്വകാര്യ വ്യക്തികൾ കയ്യേറിയ സ്ഥലങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കോഴിക്കോട് നഗരത്തിലെ കനോലി കനാലിനോട് ചേർന്നുള്ള സർക്കാർഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തി അതിർത്തിക്കല്ല് പുനഃസ്ഥാപിക്കുന്നതിനും സർവ്വേ സ്കെച്ച് തയ്യാറാക്കുന്നതിനുമായി മൂന്ന് ലക്ഷം രൂപ ജലസേചന വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. കനോലി കനാലിന്റെ അതിർത്തി കോഴിക്കോട് താലൂക്ക് സ്പെഷ്യൽ സർവ്വേയർ സർവ്വേ ചെയ്യുകയും 32.5 സെന്റ് കയ്യേറ്റമുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു. കയ്യേറ്റം തിട്ടപ്പെടുത്തി അതിന്റെ സ്കെച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കനാലിന്റെ ചുമതലയുള്ള ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ട്.

**സർക്കാർഭൂമി കയ്യേറ്റം തടയുന്നതിന് നടപടി**

244(1402) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. ഉണ്ണി:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് ഇത് സംബന്ധിച്ച് പ്രസ്തുത മോണിറ്ററിംഗ് സെല്ലിന് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികളും ആക്ഷേപങ്ങളും കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 എന്നിവ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) 10-9-2018-ലെ സ.ഉ.(സാധാ) നമ്പർ 3778/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. (അനുബന്ധം - 1)* 26.11.2018-ലെ സ.ഉ.(സാധാ) 4903/2018/റവ. നമ്പർ ഉത്തരവ് പ്രകാരം ടി മോണിട്ടറിംഗ് സെല്ലിന് അധിക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (അനുബന്ധം - 2)*.

(സി) 10-9-2018-ലെ സ.ഉ.(സാധാ) 3778/2018/റവ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച സെല്ലിന്റെ അധികാരങ്ങളും ചുമതലകളും അനുബന്ധം -3 ആയും* തുടർന്ന് 26-11-2018-ലെ സ.ഉ. (സാധാ) 4903/2018/റവ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുബന്ധം-4 ആയും ചേർത്തിരിക്കുന്നു*.

(ഡി) ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് ഉണ്ടാകുന്ന പരാതികളും ആക്ഷേപങ്ങളും കാലതാമസം കൂടാതെ പരിഹരിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 എന്നിവ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## പാട്ടക്കാലാവധി കഴിഞ്ഞ പാട്ടഭൂമിയിലെ അനധികൃത നിർമ്മാണം

245(1403) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറിയ തോട്ടഭൂമി തിരികെപിടിക്കാനും അനധികൃത കയ്യേറ്റം തടയാനും റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് നിലവിലെ നിയമത്തിനുപരിയായി പുതിയ നിയമനിർമ്മാണം നടത്തുവാൻ തിരുമാനിച്ചിട്ടുണ്ടോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞതായ പാട്ടഭൂമിയിൽ അനധികൃത നിർമ്മാണം നടക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തോട്ടഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കേരള ഭൂപരിഷ്കരണ നിയമം, കേരള ഭൂസംരക്ഷണ നിയമം എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്.

(സി) ഉണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ ഒഴിപ്പിച്ച് ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള നടപടി**

246(1404) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നിയമാനുസരണം കൈവശംവയ്ക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം കൂടുതൽ ഭൂമി കൈവശമുള്ളവരിൽനിന്നും എത്ര ഏക്കർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം ഏറ്റെടുത്ത ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 264804 ഭൂരഹിതർ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 55888 |
| കൊല്ലം | 28267 |
| പത്തനംതിട്ട | 6915 |
| ആലപ്പുഴ | 15164 |
| കോട്ടയം | 10125 |
| ഇടുക്കി | ഭൂരഹിതരുടെകണക്ക് ശേഖരിച്ചിട്ടില്ല. |
| എറണാകുളം | 33775 |
| തൃശ്ശൂർ | 35413 |
| പാലക്കാട് | 23476 |
| മലപ്പുറം | 25425 |
| കോഴിക്കോട് | 17465 |
| വയനാട് | 4098 |
| കണ്ണൂർ | 8793 |
| കാസർഗോഡ് | ഭൂരഹിതരുടെ കണക്ക് ശേഖരിച്ചിട്ടില്ല. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 68492 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 688 |
| 2 | കൊല്ലം | 184 |
| 3 | പത്തനംതിട്ട | 288 |
| 4 | ആലപ്പുഴ | 628 |
| 5 | കോട്ടയം | 318 |
| 6 | ഇടുക്കി | 14354 |
| 7 | എറണാകുളം | 2001 |
| 8 | തൃശ്ശൂർ | 19056 |
| 9 | പാലക്കാട് | 6411 |

| | | |
|---|---|---|
| 10 | മലപ്പുറം | 11937 |
| 11 | കോഴിക്കോട് | 5997 |
| 12 | വയനാട് | 812 |
| 13 | കണ്ണൂർ | 2466 |
| 14 | കാസർഗോഡ് | 3352 |
| | ആകെ | 68492 |

(സി) ലാൻഡ് ബോർഡുകൾ മുഖാന്തരം കേരള ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വയ്ക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവർക്കെതിരെ സീലിംഗ് കേസെടുത്ത്, മിച്ചഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിയമാനുസരണം കൈവശംവയ്ക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽനിന്നും 455.3348 ഏക്കർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1 | തിരുവനന്തപുരം | ഏറ്റെടുത്തിട്ടില്ല |
| 2 | കൊല്ലം | ഏറ്റെടുത്തിട്ടില്ല |
| 3 | പത്തനംതിട്ട | ഏറ്റെടുത്തിട്ടില്ല |
| 4 | ആലപ്പുഴ | 0.9150 ഏക്കർ (അന്യ കൈവശത്തോടെ ഏറ്റെടുത്തു) |
| 5 | കോട്ടയം | ഏറ്റെടുത്തിട്ടില്ല. |
| 6 | ഇടുക്കി | ഏറ്റെടുത്തിട്ടില്ല. |
| 7 | എറണാകുളം | 3.51 ഏക്കർ |
| 8 | തൃശ്ശൂർ | 5.0222 ഏക്കർ |
| 9 | പാലക്കാട് | 63.6255 ഏക്കർ |
| 10 | മലപ്പുറം | 307.6429 ഏക്കർ |
| 11 | കോഴിക്കോട് | 1.59 ഏക്കർ |
| 12 | വയനാട് | ഏറ്റെടുത്തിട്ടില്ല. |
| 13 | കണ്ണൂർ | 72.1891 ഏക്കർ |
| 14 | കാസർഗോഡ് | 0.8401 ഏക്കർ |

(ഇ) ഇപ്രകാരം ഏറ്റെടുത്ത ഭൂമി 432 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | |
|---|---|---|
| 1 | തിരുവനന്തപുരം | വിതരണം ചെയ്തിട്ടില്ല. |
| 2 | കൊല്ലം | വിതരണം ചെയ്തിട്ടില്ല. |
| 3 | പത്തനംതിട്ട | വിതരണം ചെയ്തിട്ടില്ല. |
| 4 | ആലപ്പുഴ | വിതരണം ചെയ്തിട്ടില്ല. |
| 5 | കോട്ടയം | വിതരണം ചെയ്തിട്ടില്ല. |
| 6 | ഇടുക്കി | വിതരണം ചെയ്തിട്ടില്ല. |
| 7 | എറണാകുളം | 19 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | വിതരണം ചെയ്തിട്ടില്ല. |
| 9 | പാലക്കാട് | വിതരണം ചെയ്തിട്ടില്ല. |
| 10 | മലപ്പുറം | 389 വിതരണം ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | വിതരണം ചെയ്തിട്ടില്ല. |
| 12 | വയനാട് | വിതരണം ചെയ്തിട്ടില്ല. |
| 13 | കണ്ണൂർ | 24 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | വിതരണം ചെയ്തിട്ടില്ല (മുമ്പ് ഏറ്റെടുത്ത 2.1693 ഹെക്ടർ വിതരണം ചെയ്തിട്ടുണ്ട്.) |

### പാട്ടവ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെയുള്ള നടപടി

247(1405) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർഭൂമി എത്രയാണെന്നും അത് ആരുടെയെല്ലാം കൈവശമാണുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പാട്ടവ്യവസ്ഥകൾ പാലിക്കാത്തതിന്റെ പേരിൽ പാട്ടഭൂമി തിരിച്ചെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ പാട്ടക്കുടിശ്ശിക വരുത്തിയവരുടെ ഗണത്തിൽ വൻകിട കമ്പനികളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പാട്ടക്കുടിശ്ശിക വരുത്തിയ വൻകിട കമ്പനികളുമായി ബന്ധപ്പെട്ട ഓരോ കേസിലും ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഇ) പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട ആയിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ , പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും തിരിച്ചുപിടിച്ച് അത്തരത്തിൽ ഭൂരഹിതരായവർക്ക് വീട് നിർമ്മിച്ചു നല്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 24.2915 |
| 2 | കൊല്ലം | 54.3284 |
| 3 | പത്തനംതിട്ട | 13.9196 |
| 4 | ആലപ്പുഴ | 27.3596 |
| 5 | കോട്ടയം | 1.1280 |
| 6 | ഇടുക്കി | 227.1385 |
| 7 | എറണാകുളം | 85.7954 |
| 8 | തൃശ്ശൂർ | 88.6006 |
| 9 | പാലക്കാട് | 1.6474 |
| 10 | മലപ്പുറം | 1.2939 |
| 11 | കോഴിക്കോട് | 5.4291 |
| 12 | വയനാട് | 17.3001 |
| 13 | കണ്ണൂർ | 0.2401 |
| 14 | കാസർഗോഡ് | ഇല്ല |
| | ആകെ | 548.4722 |

മേൽ ഭൂമിയെ സംബന്ധിച്ച ജില്ല തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട് എന്നീ 4 ജില്ലകളിലായി പാട്ടവ്യവസ്ഥകൾ പാലിക്കാത്തതിന്റെ പേരിൽ ആകെ 15.8189 ഹെക്ടർ പാട്ടഭൂമി തിരിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

<u>കൊല്ലം:</u> കൊല്ലം താലൂക്ക് മുണ്ടയ്ക്കൽ വില്ലേജ്, ബ്ലോക്ക് നം. 149, റീസർവ്വേ നമ്പർ 14-ൽപ്പെട്ടതും മജീദിയ ഫ്രീനെറ്റ് സ്കൂളിന് പാട്ടത്തിന് നൽകിയിരുന്നതുമായ 0.1620 ഹെക്ടർ സ്ഥലം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പത്തനംതിട്ട: കോന്നി താലൂക്ക്, അരുവാപ്പലം വില്ലേജിൽ സർവ്വേ നമ്പർ 540/1-ൽപ്പെട്ട 1.9303 ഹെക്ടർ ഭൂമി.

എറണാകുളം: ആലുവ താലൂക്കിലെ 1.0151 ഹെക്ടർ, കോതമംഗലം താലൂക്കിലെ 2.5617 ഹെക്ടർ, കുന്നത്തുനാട് താലൂക്കിലെ 9.6088 ഹെക്ടർ, കൊച്ചി താലൂക്കിലെ 0.5221 ഹെക്ടർ എന്നിങ്ങനെ ജില്ലയിൽ ആകെ 13.7077 ഹെക്ടർ ഭൂമി.

വയനാട്: പാട്ടക്കാലാവധി പൂർത്തിയായ 0.0189 ഹെക്ടർ ഭൂമി.

മറ്റ് ജില്ലകളിലൊന്നും പാട്ടഭൂമി തിരിച്ചെടുത്തിട്ടില്ലാത്തതും എന്നാൽ ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്ന കേസുകൾ ഉള്ളതുമാണ്.

(സി) പാട്ടക്കുടിശ്ശിക വരുത്തിയതിൽ 7 ജില്ലകളിലെ വൻകിട കമ്പനികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം: | (1) ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ |
| | (2) ഭാരത് പെട്രോളിയം |
| ആലപ്പുഴ: | മക്ക്ഡവൽ ആന്റ് കമ്പനി, ചേർത്തല. |
| ഇടുക്കി: | (1) M/s. ഹാരിസൺ മലയാളം ലിമിറ്റഡ് |
| | (2) ഹെലിബറിയ എസ്റ്റേറ്റ്, ഏലപ്പാറ |
| എറണാകുളം: | (1) ട്രാവൻകൂർ റയോൺസ് |
| | (2) ആസ്പിൻവാൾ ആന്റ് കമ്പനി |
| | (3)M/s. ബൊസാങ്കിറ്റ് എക്സ്പോർട്സ് ലിമിറ്റഡ്. |
| | (4)മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനി |

(നിലവിൽ ഹിന്ദുസ്ഥാൻ യൂണിലിവർ കമ്പനി കൈവശം)

തൃശ്ശൂർ: വൈഗ ത്രെഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊരട്ടി.

പാലക്കാട്: ഉഷാ ബ്രേക്കോ ലിമിറ്റഡ്

കാസർഗോഡ്: പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള.

(ഡി) പാട്ടക്കുടിശ്ശിക വരുത്തിയ മേൽപരാമർശിച്ചിട്ടുള്ള വൻകിട കമ്പനികളുമായി ബന്ധപ്പെട്ട ഓരോ കേസിലും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം:</u> ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ കമ്പനിയുടെ പാട്ടക്കുടിശ്ശിക കണക്കാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതും ഭാരത് പെട്രോളിയം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നതുമാണ്.

<u>ആലപ്പുഴ:</u> മക്ക്ഡവൽ ആന്റ് കമ്പനി പാട്ടവ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് പാട്ടം റദ്ദുചെയ്തിട്ടുള്ളതും ടി വസ്തു സർക്കാർ കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള സർവ്വേ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

<u>ഇടുക്കി:</u> ഇടുക്കി ജില്ലയിലെ രണ്ട് കേസുകളിലും പാട്ടം റദ്ദുചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എറണാകുളം:</u> ട്രാവൻകൂർ റയോൺസിന് അനുവദിച്ച ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആസ്പിൻവാൾ കമ്പനിയുടെ കൈവശമുണ്ടായിരുന്ന 1.29 ഏക്കർ പാട്ടഭൂമി വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് സർക്കാരിലേയ്ക്ക് തിരിച്ചെടുത്തിട്ടുള്ളതും പാട്ടക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 16535/08 നമ്പർ കേസുള്ളതുമാണ്. കൂടാതെ M/s. ബൊസാങ്കിറ്റ് എക്സ്പോർട്ട്സ് ലിമിറ്റഡ്, മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ കമ്പനികളുടെ കൈവശത്തിലുള്ള പാട്ടഭൂമി ഏറ്റെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടിക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജികൾ നിലവിലുള്ളതാണ്.

<u>തൃശ്ശൂർ:</u> വൈഗ ത്രെഡ്സ് പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദുചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനായി ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണ്.

പാലക്കാട്: പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ്: പ്ലാന്റേഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം സർക്കാരിൽ വന്നുചേരുന്ന ഭൂമി സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അർഹതയ്ക്കനുസരിച്ച് ഭൂരഹിതർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടയ വിതരണം

248(1406) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് വർഷം പുതുതായി എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തത്/വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ വിതരണം ചെയ്തതും പുതുതായി വിതരണത്തിന് തയ്യാറാക്കിയതുമായ പട്ടയങ്ങൾ ഏതൊക്കെ വില്ലേജുകളിൽ ഉൾപ്പെടുന്നതാണെന്ന് വെളിപ്പെടുത്തുമോ;

(സി) കോട്ടയം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളിലെ പട്ടയവിതരണമാണ് കേസിൽ ഉൾപ്പെട്ടതുമൂലവും കേന്ദ്ര അനുമതി ലഭിക്കാത്തത് മൂലവും തടസ്സപ്പെട്ടിരിക്കുന്നത്;

(ഡി) ഇക്കാര്യത്തിൽ കോടതിയുടെ നിലപാട്, സർക്കാർ കോടതിയിൽ സ്വീകരിച്ച നിലപാട്, കേന്ദ്രത്തിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം ഇവ വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത തടസ്സം നീക്കി പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

| ജില്ല | വിതരണം ചെയ്തത് | വിതരണത്തിന് തീരുമാനമായത് |
|---|---|---|
| തിരുവനന്തപുരം | 360 | 729 |
| കൊല്ലം | 47 | 882 |
| പത്തനംതിട്ട | 113 | 327 |
| ആലപ്പുഴ | 356 | 65 |
| കോട്ടയം | 128 | 216 |
| ഇടുക്കി | 8820 | 6000 |
| എറണാകുളം | 157 | 347 |
| തൃശ്ശൂർ | 8370 | 8097 |
| പാലക്കാട് | 3070 | 1531 |
| മലപ്പുറം | 4923 | 4000 |
| കോഴിക്കോട് | 1505 | 8551 |
| വയനാട് | 333 | 450 |
| കണ്ണൂർ | 1550 | 1428 |
| കാസർഗോഡ് | 26 | 2000 |

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ കോന്നിത്താഴം, അരുവപ്പുലം, കലഞ്ഞൂർ, ചിറ്റാർ, സീതത്തോട്, തണ്ണിത്തോട് എന്നീ വില്ലേജുകളും മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജും റാന്നി താലൂക്കിലെ കൊല്ലംമുള, അത്തിക്കയം, പെരിനാട്, വടശ്ശേരിക്കര വില്ലേജുകളും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, മണിമല വില്ലേജുകളും കേന്ദ്രാനുമതി ലഭിക്കാത്തതുമൂലവും മലപ്പുറം ജില്ലയിലെ നിലമ്പൂർ, അകമ്പാടം വില്ലേജുകൾ കോടതി കേസിൽ ഉൾപ്പെട്ടതിനാലും പട്ടയം വിതരണം തടസ്സപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടയം നൽകുന്നതിന് നടപടി

249(1407) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ ഐക്കരനാട് നോർത്ത് വില്ലേജിൽ ശ്രീമതി ചിന്നമ്മ ജോർജ്, നോട്ടപ്പിള്ളിർ, പെരിങ്ങോൾ നൽകിയ ഭൂമി പതിവ് അപേക്ഷയിൽ ( File No. A3 135/2018) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ടിയാൾക്ക് പട്ടയം ലഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങൾ ആണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) കുന്നത്തുനാട് താലൂക്കിൽ ഐക്കരനാട് നോർത്ത് വില്ലേജിൽ ശ്രീമതി ചിന്നമ്മ ജോർജ്, തോട്ടപ്പിള്ളിൽ, പെരിങ്ങോൾ നൽകിയ ഭൂമി പതിവ് അപേക്ഷ നിരസിച്ചുകൊണ്ട് 30-11-2018-ലെ 135/എ 3/2018/റവ. നമ്പർ കത്ത് പ്രകാരം അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## വർക്കല മണ്ഡലത്തിൽ പട്ടയം

250(1408) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര പേർ പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമം ത്വരിതപ്പെടുത്താമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി 300 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ ഭൂമി പതിവ് നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. ടി നടപടികൾ പൂർത്തിയാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

251(1409) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ എത്രപേർക്ക് സർക്കാർ തീരുമാനപ്രകാരം പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകരിൽ ഇനി എത്രപേർക്ക് കൂടി പട്ടയം വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തികവർഷത്തിൽ വൈപ്പിൻ നിയോജക മണ്ഡലത്തിൽ 40 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. G.O.(Ms.) No. 371/2005/DMD. തീയതി 22-11-2005 പ്രകാരം 21 പട്ടയങ്ങൾ എടവനക്കാട് വില്ലേജിൽ വിതരണം ചെയ്തിട്ടുള്ളതാണ്. കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരം ബാക്കി 19 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | - | 15 |
| എടവനക്കാട് ഗ്രാമപഞ്ചായത്ത് | - | 21 |
| കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് | - | 01 |
| ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | - | 02 |
| നായരമ്പലം ഗ്രാമപഞ്ചായത്ത് | - | 01 |

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകരിൽ ഇനി 274 പേർക്ക് പട്ടയം വിതരണം ചെയ്യാനുണ്ട്.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

252(1410) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളങ്കുന്നത്തുകാവ്, അവണൂർ, കൈപ്പറമ്പ്, തോളൂർ, അടാട്ട്, കോലഴി എന്നീ ഗ്രാമപഞ്ചായത്തുകളിലെ പട്ടയത്തിന് അർഹരായവരുടെ പേരുവിവരം വിശദമാക്കുമോ;

(ബി) അടാട്ട് ഗ്രാമപഞ്ചായത്തിലെ ചിറ്റിലപ്പിള്ളി വില്ലേജിൽ പട്ടയം അനുവദിക്കുന്നതിന് ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശിപാർശ ചെയ്ത ഗുണഭോക്താക്കളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ചിറ്റിലപ്പിള്ളി വില്ലേജിൽ പട്ടയം അനുവദിച്ച ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇവർക്ക് എന്ന് പട്ടയം അനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പേരുവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) പേരുവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു*.

(സി) തൃശ്ശൂർ താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ശിപാർശ ചെയ്ത ചിറ്റിലപ്പിള്ളി വില്ലേജിലെ 14 ഗുണഭോക്താക്കൾക്കും 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരമുള്ള പട്ടയ നടപടികൾ നിയമാനുസൃതം പൂർത്തിയാക്കിയ ശേഷം ഒരു മാസത്തിനുള്ളിൽ പട്ടയം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്.

**നെടുമ്പ്രത്ത് കോളനിയിലെ മിച്ചഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

253(1411) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ നെടുമ്പ്രത്ത് കോളനിയിലെ മിച്ചഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് അവർ താമസിക്കുന്ന ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയത്തിനായി അപേക്ഷിച്ച എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഇവിടെയുള്ള ഇനിയും പട്ടയം ലഭിച്ചിട്ടില്ലാത്ത മുഴുവൻ താമസക്കാർക്കും പട്ടയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) നെടുമ്പ്രത്ത് കോളനിയിൽ 8 പേർക്കാണ് മിച്ചഭൂമി പട്ടയം അനുവദിച്ചിരുന്നത്. എന്നാൽ ടി സ്ഥലങ്ങളെല്ലാംതന്നെ പട്ടയ കക്ഷികൾ നിശ്ചിത കാലപരിധിക്കുമുമ്പ് കൈമാറ്റം ചെയ്തിട്ടുള്ളതും അപ്രകാരം കൈവശം കിട്ടിയ 10 കക്ഷികൾ മിച്ചഭൂമി കൈമാറ്റ സാധൂകരണത്തിന് അപേക്ഷ നൽകിയതിൽ 9 പേർക്ക് ഉത്തരവായിട്ടുള്ളതും ഒരെണ്ണം നിരസിച്ചിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അൺസർവേയ്ഡ് ഭൂമി സർവ്വേ ചെയ്യുന്നതിന് നടപടി

254(1412) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കായി എത്ര പേർ അപേക്ഷ സമർപ്പിച്ചു; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ സർവ്വേ റിപ്പോർട്ട് ആയിട്ടുള്ള അപേക്ഷകൾ എത്ര ;വില്ലേജ് ഓഫീസുകളിൽനിന്നും റിപ്പോർട്ട് കിട്ടാനുള്ള അപേക്ഷകൾ എത്ര ; താലൂക്കിൽനിന്നും കളക്ടറേറ്റിൽ അയയ്ക്കുവാൻ ഉള്ള അപേക്ഷകൾ എത്ര; കളക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത അപേക്ഷകൾ എത്ര;

(സി) കളക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ട് എത്ര കാലമായി;തീയതി വ്യക്തമാക്കാമോ;പ്രസ്തുത ഫയലുകളിന്മേൽ എന്നേയ്ക്ക് അനുമതി നൽകാനാകും;

(ഡി) കടലിൽനിന്നും 50 മീറ്ററിൽ കൂടുതൽ അകലത്തിൽ അൺസർവേയ്ഡ് ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിക്കുന്നതായ അപേക്ഷകർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) അൺസർവേയ്ഡ് ഭൂമി സർവ്വേ ചെയ്യുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) കോവളം നിയോജകമണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കായി ലഭിച്ച അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കരുംകുളം | - | 1501 |
| വിഴിഞ്ഞം | - | 250 |
| കോട്ടുകാൽ | - | 451 |
| പൂവ്വാർ | - | 426. |

(ബി)

| | കരുംകുളം | വിഴിഞ്ഞം | കോട്ടുകാൽ | പൂവ്വാർ |
|---|---|---|---|---|
| സർവ്വേയർ റിപ്പോർട്ട് ആയിട്ടുള്ളത് | 1068 | 241 | 431 | 84 |
| വില്ലേജാഫീസറിൽനിന്നും റിപ്പോർട്ട് കിട്ടാനുള്ളത് | 514 | 51 | 152 | 16 |
| താലൂക്കിൽനിന്നും കളക്ടറേറ്റിൽ അയയ്ക്കാനുള്ളത് | 9 | 161 | 18 | 2 |
| കളക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തവ | 301 | 4 | - | 16 |

(സി) കളക്ടറേറ്റിൽനിന്നും സർക്കാർ ഉത്തരവിനായി ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച തീയതി.

കരുംകുളം - 26-2-2016

പൂവ്വാർ - 16-2-2016

വിഴിഞ്ഞം - 23-8-2017

ടി കേസുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കടലിൽനിന്നും 50 മീറ്ററിൽ കൂടുതൽ അകലത്തിൽ അൺസർവേയ്ഡ് ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നതായി അപേക്ഷകരിൽ CRZ നിയമത്തിലെ വ്യവസ്ഥകളുംകൂടി പാലിച്ചുകൊണ്ട് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അൺസർവേയ്ഡ് ഭൂമി സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ പട്ടയം ലഭിക്കാനുള്ള കോളനികൾ**

255(1413) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും പട്ടയം ലഭിക്കാനുള്ള കോളനികളുടെ പേരും ഓരോ കോളനിയിലും എത്രപേർക്കാണ് പട്ടയം ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരദേശം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പട്ടയ വിതരണത്തിന് അനുമതി നൽകിയ കോളനികളുടെ പേരും ഇവിടെ എത്ര പേർക്കാണ് പട്ടയം നൽകിയതെന്നുമുള്ള വിവരം പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) പട്ടയ വിതരണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത്, നഗരസഭ എന്നിവിടങ്ങളിൽനിന്നും ലഭിക്കേണ്ട രേഖകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ)

| നഗരസഭ/വില്ലേജ് | കോളനി | എണ്ണം |
|---|---|---|
| (1) | (2) | (3) |
| അതിയന്നൂർ വില്ലേജ് | നെട്ടത്തോട്ടം കോളനി | 9 |
| | പള്ളിത്തോട്ടം കോളനി | 7 |
| | പാറക്കുഴി സെറ്റിൽമെന്റ് കോളനി | 2 |
| | പൊരിയണംകോട് കോളനി | 1 |
| | ഭാസ്കർ നഗർ ഹരിജൻ കോളനി | 1 |
| | ബാലരാമപുരം സെറ്റിൽമെന്റ് കോളനി | 2 |
| ചെങ്കൽ വില്ലേജ് | മര്യാപുരം ഹരിജൻ കോളനി | 1 |
| | ചെമ്മാംവിള കോളനി | 2 |
| കാരോട് വില്ലേജ് | പുല്ലുവിള ലക്ഷംവീട് കോളനി | 4 |
| | ചെറുകുഴിക്കര കോളനി | 3 |
| | രാജീവ് ദശലക്ഷം കോളനി | 2 |
| കുളത്തൂർ വില്ലേജ് | പ്ലാന്തോട്ടം കോളനി | 10 |
| | ഈഴത്തുവിള കോളനി | 2 |
| | ഫിഷർമെൻ കോളനി | 1 |
| | ഇ.എം.എസ്. കോളനി | 3 |
| | അപ്പാമരപ്പൊറ്റ കോളനി | 2 |

| (1) | (2) | (3) |
|---|---|---|
| നെയ്യാറ്റിൻകര നഗരസഭ | പവിത്രാനന്ദപുരം കോളനി | 35 |
| | കടവംകോട് കോളനി | 37 |
| | അയണിയറത്തല കോളനി | 11 |
| | പെരുവിൻകുഴി ഹരിജൻ സെറ്റിൽമെന്റ് കോളനി | 4 |
| | തീച്ചക്കുഴി കോളനി | 1 |

(ബി) പട്ടയം നൽകിയിട്ടുള്ള കോളനികളുടെ പേരും മറ്റു വിവരങ്ങളും പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് പ്രത്യേകം സൂക്ഷിച്ചുവരുന്നില്ല. കൂടാതെ എൽ.എ. II രജിസ്റ്ററുകളിൽ ചിലത് കാലപ്പഴക്കംകൊണ്ട് പൊടിഞ്ഞു പോയിട്ടുള്ളതുമാണ്. എന്നിരുന്നാലും 2017-18 കാലയളവിൽ വിതരണം ചെയ്ത പട്ടയങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | എണ്ണം |
|---|---|
| പാറശ്ശാല | 3 |
| കോട്ടുകാൽ | 12 |
| പള്ളിച്ചൽ | 1 |
| കാഞ്ഞിരംകുളം | 2 |
| കുന്നത്തുകാൽ | 6 |
| വെള്ളറട | 59 |
| അതിയന്നൂർ | 6 |
| കുളത്തൂർ | 2 |
| കൊല്ലയിൽ | 22 |
| ആകെ | 113 |

(സി) പുറമ്പോക്ക് ഭൂമിയുടെ പട്ടയവിതരണവുമായി ബന്ധപ്പെട്ട് നഗരസഭ, പഞ്ചായത്തെന്നിവിടങ്ങളിൽനിന്നും അനുവാദപത്രിക ലഭിക്കേണ്ടതുണ്ട്. കൂടാതെ സർക്കാർ ഭൂമി പതിച്ചു നൽകുമ്പോൾ 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരമുള്ള പബ്ലിക്കേഷൻ നോട്ടീസ് വില്ലേജാഫീസുകളിലും പഞ്ചായത്തിലും പതിച്ചു നടത്തി മടക്കേണ്ടതുമാണ്.

## ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ

256(1414) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ എത്ര പേർ മരണപ്പെട്ടെന്നും എത്ര പേരെ കാണാതായി എന്നും വ്യക്തമാക്കുമോ;

(ബി) ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും യഥാക്രമം എത്ര കോടി രൂപ വീതം സഹായധനമായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽനിന്ന് ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ധനസഹായമായി അനുവദിച്ചു;

(ഡി) ദുരന്തത്തിൽ മരണപ്പെട്ടവരിൽ എത്ര അവിവാഹിതരുണ്ട്; ഇവർക്കുള്ള ധനസഹായം രക്ഷിതാക്കൾക്ക് ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ 59 പേർ മരണപ്പെടുകയും 92 പേരെ കാണാതാകുകയും ചെയ്തു. മരണപ്പെട്ടവരിൽ 51 പേർ മത്സ്യത്തൊഴിലാളികളാണ്.

(ബി & സി) ഓഖിയുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ ഫണ്ടിൽനിന്നും 111.7 കോടി രൂപ സഹായധനമായി ലഭിച്ചു. ഇതിൽനിന്നും കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 92.085 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചതും വിതരണം ചെയ്തതുമായ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരിൽ 10 അവിവാഹിതരുണ്ട്. 21-12-2017-ലെ സ.ഉ.(സാധാ.) നമ്പർ 114/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം മരണടഞ്ഞവർ/കാണാതായവർ എന്നിവർ അവിവാഹിതരാണെങ്കിൽ തുക അച്ഛനമ്മമാർക്കും അവിവാഹിതരായ സഹോദരിമാർക്കും പ്രായ പൂർത്തിയാകാത്ത സഹോദരങ്ങൾക്കും തുല്യമായി വീതിച്ചു നൽകേണ്ടതാണ്. അവകാശി മൈനർ ആണെങ്കിൽ പിതാവിന്റെയോ മാതാവിന്റെയോ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

## പ്രളയംമൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

257(1415) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയംമൂലം എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചുവെന്നാണ് ഡിജിറ്റൽ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എത്ര പേർക്ക് പുതുതായി വീട് നിർമ്മിച്ചുനൽകുവാനാണ് ഉദ്ദേശിക്കുന്നത്;ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ഇവർക്ക് വീടുകൾ നൽകുന്നത്;

(ഡി) വീടുകൾക്ക് ഭാഗികമായി നാശം സംഭവിച്ചവർക്ക് ഇതിനകം എന്തൊക്കെ സഹായങ്ങളാണ് നൽകിയത്; വിശദാംശം നൽകുമോ;

(ഇ) വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പുതുതായി വീട് നൽകുന്നതുവരെ വാടകയിനത്തിൽ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഡിജിറ്റൽ സർവ്വേ അനുസരിച്ച് 75 ശതമാനത്തിൽ അധികമോ പൂർണ്ണമായോ വീട് തകർന്ന 18347 കുടുംബങ്ങളുണ്ട്. ഇതിൽ ഓരോ കേസും ജില്ലാ കളക്ടർ പ്രത്യേകം പരിശോധിക്കുകയും 13,016 വീടുകൾക്ക് വാസയോഗ്യം അല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ടെന്നാണ് 27-11-2018-ന് നടന്ന ചീഫ് സെക്രട്ടറിയും ജില്ലാ കളക്ടർമാരുടെയും വീഡിയോ കോൺഫറൻസിൽ അറിയിച്ചത്.

(ബി) സ്വയം വീട് നിർമ്മിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച 8072 കുടുംബങ്ങളിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. 1665 പേർക്കാണ് ഭൂമി വാസയോഗ്യമല്ലാത്തതിനാൽ പുതുതായി സ്ഥലം വാങ്ങേണ്ടി വരുന്നതെന്നാണ് 27-11-2018-ന് നടന്ന ചീഫ് സെക്രട്ടറിയും ജില്ലാ കളക്ടർമാരുടെയും വീഡിയോ കോൺഫറൻസിൽനിന്നും വിവരം ലഭിച്ചത്. സഹകരണ വകുപ്പിന്റെ 'കെയർ ഹോം' സ്കീം പ്രകാരവും സഹകരണ പ്രസ്ഥാനങ്ങളുടെ പണവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയും ഉപയോഗിച്ച് ഒരു വീടിന് 4 ലക്ഷം രൂപ എന്ന നിലയിൽ 2000 വീടുകൾ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശിച്ചു. പ്രകൃതിദുരന്തങ്ങളിൽ

തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന്, 2018 പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75 ശതമാനത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ചുചേർക്കാനും വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകാനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പുരോഗമനം എല്ലാ ആഴ്ചയിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചുവരുന്നു.

(സി) 75 ശതമാനത്തിൽ അധികമോ പൂർണ്ണമായോ വീട് തകർന്ന കുടുംബങ്ങൾക്ക് വീട് നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയല്ല ദുരന്ത ബാധിതർക്ക് വീട് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59 ശതമാനം, 60-74 ശതമാനം എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക് അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. 27-11-2018-ന് ജില്ലകളിൽനിന്നും ശേഖരിച്ച കണക്കനുസരിച്ച് 1956 കുടുംബങ്ങൾക്ക് ഭാഗികമായ നഷ്ടത്തിനുള്ള ദുരിതാശ്വാസ സഹായം നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

**ദുരന്തനിവാരണ നിയമപ്രകാരമുള്ള മുൻകരുതൽ**

258(1416) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ.എൽദോ എബ്രഹാം:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിന് മുന്നോടിയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മൺസൂൺ ആരംഭിച്ചത് മുതൽ 2005-ലെ ദുരന്തനിവാരണ നിയമ പ്രകാരമുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നോ;

(സി) ദുരന്ത നിവാരണ പ്ലാനിൽ ഉൾപ്പെട്ട ദുരന്ത സാധ്യതാ മേഖലകളിൽ സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കുമോ;

(ഡി) തെക്ക്-പടിഞ്ഞാറൻ മൺസൂണിന്റെ ആദ്യഘട്ടങ്ങളിൽ 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിന് മുൻപ് തന്നെ സംസ്ഥാനത്ത് കനത്ത മഴയും വ്യാപക നാശനഷ്ടങ്ങളും ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സാഹചര്യം തരണം ചെയ്തതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിന് മുന്നോടിയായി ഓരോ ജില്ലയിലും അതാത് ജില്ലയിലെ വിവിധ വകുപ്പ് മേധാവികളെ വിളിച്ചുചേർത്തുകൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ കൂടുതൽ ജാഗ്രതയോടെ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനും കൃഷി, ആരോഗ്യം, ഇറിഗേഷൻ, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളിൽനിന്നും ഓരോ ഉദ്യോഗസ്ഥരുടെയും സേവനം ഏത് സമയത്തും ലഭ്യമാക്കുന്ന രീതിയിൽ വിനിയോഗിക്കുന്നതിനും തീരുമാനിച്ചു. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുക, ജെ.സി.ബി., ടിപ്പർ പോലെയുള്ള വലിയ വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക, എല്ലാ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിക്കുക, റോഡുകളിലെ കേബിൾ കുഴികൾ മൂടുക, അപായസൂചന ബോർഡുകൾ സ്ഥാപിക്കുക എന്നീ നിർദ്ദേശങ്ങൾ നൽകി. ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ കൈവശമുള്ള ഉപകരണങ്ങൾ കേടുപാടുകൾ തീർത്തുവയ്ക്കുന്നതിനും ഓടകളിലെയും മറ്റും വെള്ളം ഒഴുകുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുംവേണ്ട നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. മഴക്കാലവുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ (DEOC)നിന്നും ജാഗ്രത നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾത്തന്നെ എല്ലാ വില്ലേജ് ഓഫീസർമാരെയും സ്റ്റേഷൻ ഹൗസ് ഓഫീസർമാരെയും വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും ജാഗ്രതയോടെ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. ആരോഗ്യ മേഖലയിലെ അടിയന്തര പ്രതിരോധ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് DMO-യ്ക്കും വൈദ്യുതി തകരാറുണ്ടായാൽ സത്വര അറ്റകുറ്റപ്പണികൾ നടത്തി പുനഃസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്കും നിർദ്ദേശം നൽകി.

ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കേണ്ട സാഹചര്യമുണ്ടായാൽ ക്യാമ്പുകൾക്ക് അനുയോജ്യമായ കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ടി കെട്ടിടങ്ങളുടെ താക്കോൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെ കൈവശം സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിരുന്നു. ക്യാമ്പുകൾ തുടങ്ങേണ്ടി വന്നാൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, എണ്ണ, പാചകവാതകം

എന്നിവ സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളിൽനിന്നും വാങ്ങേണ്ടതാണെന്നും ടി സ്ഥാപനങ്ങളിൽനിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ ബന്ധപ്പെട്ട തഹസിൽദാരുടെ/വില്ലേജ് ഓഫീസറുടെ ഇൻഡൻഡിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് എത്തിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. ജില്ലകളിൽ അടിയന്തരഘട്ടങ്ങളിൽ ഹെലികോപ്റ്റർ ഇറക്കാൻ കഴിയുന്ന സ്ഥലങ്ങൾ കണ്ടെത്തി സജ്ജമാക്കി. വിവിധ ജില്ലകളിലെ ആർ.ഡി.ഒ.-മാർക്ക് എമർജൻസി ലൈറ്റ്, റെയിൻകോട്ട്, ടോർച്ച് ലൈറ്റ് എന്നിവ വാങ്ങി നൽകി. പ്രളയസാധ്യതയുള്ള ജില്ലകളിലെ എല്ലാ താലൂക്കുകളിലും ASKA ലൈറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തി. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തി. പ്രഥമ ശുശ്രൂഷാ സാമഗ്രികൾ എല്ലാ താലൂക്ക് കൺട്രോൾ റൂമുകളിലും ജില്ലാ കൺട്രോൾ റൂമുകളിലും സൂക്ഷിച്ചു. മരുന്നുകളുടെയും ഡോക്ടർമാരുടെയും ലഭ്യത ഉറപ്പുവരുത്തിയിരുന്നു. പകർച്ചവ്യാധികൾ തടയാൻ വേണ്ട നടപടികളെടുക്കാൻ ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകി. 28-5-2018-ലെ ഡി.എം.1/217/2018/ഡി.എം.ഡി. നമ്പരായുള്ള പരിപത്രത്തിലെ വിശദമായ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള എല്ലാ ദുരന്തനിവാരണ പ്രതിരോധ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ സർക്കാർ സംവിധാനങ്ങൾ സജ്ജമാക്കി.

(ബി) മൺസൂൺ ആരംഭിച്ചത് മുതൽ 2005-ലെ ദുരന്ത നിവാരണ നിയമത്തിലെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പ്രകാരമുള്ള എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

(സി) 2018-ലെ പ്രളയമുണ്ടായ സമയത്ത് ജില്ലകളിലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളിൽനിന്നും ജനങ്ങളെ ഒഴിപ്പിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപാർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ, വെള്ളപ്പൊക്ക സാധ്യതയുള്ള നദികളുടെ തീരത്ത് താമസിച്ചിരുന്നവരെയും ക്യാമ്പുകളിലേയ്ക്ക് മാറ്റിപാർപ്പിക്കുകയുണ്ടായി. ഡാമുകൾ തുറക്കേണ്ടി വന്നാൽ എത്ര ആളുകളെ ബാധിക്കുമെന്നും, മാറ്റിപാർപ്പിക്കണമെന്നുമുള്ള ശരിയായ കണക്ക് ലഭിക്കുന്നതിന് റവന്യൂ, കെ.എസ്.ഇ.ബി., ഇറിഗേഷൻ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തുകയും മാറ്റിപാർപ്പിക്കേണ്ടവരുടെ ലിസ്റ്റ്, ഫോൺ നമ്പർ, മാറ്റി പാർപ്പിക്കേണ്ട ക്യാമ്പുകളുടെ വിവരങ്ങൾ എന്നിവ തയ്യാറാക്കുകയും ചെയ്തു. ഡാം തുറക്കുന്നതിന് മുന്നോടിയായി നദികളുടെ ഇരുകരകളിലുമായി താമസിക്കുന്നവർക്ക് മുൻകൂട്ടി ജാഗ്രതാ നിർദ്ദേശം നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും നദികളുടെ തീരത്തുള്ള കടകൾക്കും സ്ഥാപനങ്ങൾക്കും മുന്നറിയിപ്പ് നോട്ടീസ് നൽകുകയും സർവ്വേ നടത്തിയ പ്രദേശങ്ങളിൽ വാഹനത്തിൽ മൈക്ക് കെട്ടി മുന്നറിയിപ്പ് നൽകുകയും പുഴയിലേയ്ക്കുള്ള ഇടവഴികളിൽ ബാരിക്കേഡ് സ്ഥാപിക്കുകയും ഗതാഗത പുനഃക്രമീകരണം നടത്തുകയും ചെയ്തു.

(ഡി & ഇ) തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ ആദ്യഘട്ടങ്ങളിൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന് മുമ്പുതന്നെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ (ഇടുക്കി, എറണാകുളം, ആലപ്പുഴ, വയനാട്, പത്തനംതിട്ട, കോഴിക്കോട്, കോട്ടയം) കനത്ത മഴയും നാശനഷ്ടങ്ങളും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ സംവിധാനങ്ങൾവഴി ദുരിത ബാധിതർക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്തിരുന്നതും ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നതുമാണ്. ഉരുൾപൊട്ടൽ ഭീഷണിയുള്ള സ്ഥലങ്ങളിലെ ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്.

**റീ ബിൽഡ് കേരള ആപ്ലിക്കേഷനിലെ പിഴവുകൾ**

259(1417) ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള എന്ന ആപ്ലിക്കേഷൻ വഴി തിട്ടപ്പെടുത്തിയ പ്രളയത്തിന്റെ നാശനഷ്ട കണക്കുകളിൽ വ്യാപകമായ പിഴവ് സംഭവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആപ്ലിക്കേഷൻ വഴി തിട്ടപ്പെടുത്തിയ നാശനഷ്ട കണക്കുകൾ റവന്യൂ വകുപ്പ് തിട്ടപ്പെടുത്തിയ നാശനഷ്ട കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ അവ തമ്മിൽ വലിയ വ്യത്യാസമുണ്ടോ;

(സി) നാശനഷ്ട കണക്കുകൾ തിട്ടപ്പെടുത്തുക എന്ന സുപ്രധാനമായ പ്രവൃത്തി അക്കാര്യത്തിൽ യാതൊരു മുൻപരിചയവുമില്ലാത്ത കോളേജ് വിദ്യാർത്ഥികളെ ഏല്പിച്ചതെന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തീരുമാനംമൂലം പ്രളയത്തിന് ശേഷമുള്ള മൂന്ന് മാസങ്ങൾ പാഴായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം ഉപയോഗിച്ച് നാശനഷ്ടങ്ങളുടെ വിവരശേഖരണം നടത്തിയത് തദ്ദേശസ്വയംഭരണ വകുപ്പാണ്. rebuild.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിർണ്ണയിച്ച നാശനഷ്ട

വിവരങ്ങൾ ലഭ്യമാണ്. ഇങ്ങനെ നിർണ്ണയിച്ച നാശ നഷ്ടക്കണക്കുകളിൽ പിഴവുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നാശനഷ്ട കണക്കുകൾ തിട്ടപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനത്തിലെ ഓവർസിയർ/എഞ്ചിനീയറെയാണ് ചുമതലപ്പെടു ത്തിയിരിക്കുന്നത്.

(ഡി) ഇല്ല.

**ദേശീയ ദുരന്തനിവാരണ ഫണ്ട്**

260(T*1418) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശിയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ. എഫ്- ൽനിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി - കേന്ദ്ര വിഹിതം, 48.50 കോടി - സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153.00 കോടി – കേന്ദ്ര വിഹിതം, 51.00 കോടി - സംസ്ഥാന വിഹിതം), 2018-19 സാമ്പത്തിക വർഷത്തിൽ 214 കോടി രൂപയും (160.50 കോടി - കേന്ദ്ര വിഹിതം, 53.50 കോടി - സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപ അനുവദിച്ചിരുന്നു. ഓഖിയുമായി ബന്ധപ്പെട്ട് 133 കോടി രൂപയുടെ അടിയന്തരസഹായം അനുവദിക്കുകയും, ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടാൻ ഉപയോഗിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് 600 കോടി രൂപ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 390,28,00,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി വകയിരുത്തിയിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഹെഡ് ഓഫ് അക്കൗണ്ടുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 2016-17 സാമ്പത്തിക വർഷം 152.30 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 193.64 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 600,14,54,600 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ 609,13,43,400 രൂപ ബാക്കിയുണ്ട്.

## പ്രളയം

261(T*1419) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ നൽകി ആനുകൂല്യം കൈപ്പറ്റിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അനർഹരിൽനിന്ന് തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും തുടർനടപടി എടുത്തുവരുന്നതുമാണ്.

## ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

262(1420) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം അതിതീവ്രവും വ്യാപകവുമായ പ്രകൃതി ദുരന്തങ്ങൾക്കിടയാക്കാൻ സാധ്യതയുണ്ടെന്നതിനാൽ കാലാവസ്ഥ പ്രവചനത്തിന് കൃത്യതയേറിയ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; സംസ്ഥാനം സ്വന്തം നിലയിൽ കൃത്യതയാർന്ന ആധുനിക കാലാവസ്ഥാ പ്രവചന സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ എങ്ങനെ സ്വയരക്ഷ സാധ്യമാക്കണമെന്നും അടിയന്തര ഘട്ടത്തിൽ പ്രതികരിക്കേണ്ടതെങ്ങ നെയെന്നുമുള്ള ജനങ്ങളുടെ അജ്ഞത പരിഹരിക്കാൻ ദുരന്ത നിവാരണ അതോറിറ്റി ബോധവൽക്കരണ പ്രവർത്തനം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളെയും സന്നദ്ധ സേവകരെയും ഉപയോഗിച്ച് ദുരന്ത സാധ്യത ലഘൂകരണ, ദുരന്ത അതിജീവന പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതിപ്രകാരം പ്രസ്തുത വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ പറയുംവിധമാണ്.

ഇന്ത്യൻ ബ്യൂറോ ഓഫ് സ്റ്റാൻഡേർഡ്സ് അനുസരിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ് (IMD) സ്ഥാപിക്കേണ്ട 256 നിരീക്ഷണ കേന്ദ്രങ്ങളിൽ ഇനിയും വേണ്ട 188 (നിലവിലുള്ളത് 68) നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 10*10m വിസ്തൃതിയിൽ സംസ്ഥാനമൊട്ടാകെ ഉചിതമായിടങ്ങളിൽ ഭൂമി കണ്ടെത്തി ഏറ്റെടുത്ത് നൽകാൻ തയ്യാറാണ്. ഇവിടെയെല്ലാം IMD ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻസ് (AWS) സ്ഥാപിക്കുകയും തത്സമയ കാലാവസ്ഥാ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. ഇതുവഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും പ്രാദേശികമായ (വില്ലേജ്തലത്തിൽ) വിവരങ്ങൾ വരെ ലഭ്യമാകുന്ന തരത്തിൽ IMD-യുടെ മോഡലുകൾ മെച്ചപ്പെടുത്തുകയും സംസ്ഥാനത്തിന് മാത്രമായി ആ മോഡലുകൾ ഉപയോഗിച്ച് കൃത്യമായ വിവരങ്ങൾ കൃത്യതയോടെ ലഭ്യമാക്കുകയും വേണം. (നിലവിൽ IMD-യ്ക്ക് കേരളത്തിന് മാത്രമായി ലോങ് റേഞ്ച് ഫോർകാസ്റ്റ് തരാനുള്ള സംവിധാനമില്ല. ലോക്കലൈസ്ഡ് ഡാറ്റയുടെ അഭാവം അതിനൊരു കാരണവുമാണ്.).

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളുടെ നിരീക്ഷണ സംവിധാനം IMD പരിശോധിക്കുകയും അവയിൽ IMD-യുടെ മാനദണ്ഡങ്ങൾ അനുസരിക്കുന്നവയെക്കൂടി ഉപയോഗിക്കുകയും അതുവഴി IMD-യുടെ നിരീക്ഷണ നെറ്റ്‌വർക്ക് വികസിപ്പിക്കുകയും കൂടുതൽ കൃത്യതയോടെയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുകയും ചെയ്യുക.

വയനാട്-കോഴിക്കോട് അതിർത്തിയിൽ ഒരു ഡോപ്ലർ റഡാർ സ്ഥാപിക്കുക എന്ന കേരളത്തിന്റെ ദീർഘകാലമായുള്ള ആവശ്യം പരിഗണിക്കുക. നിലവിലുള്ള രണ്ട് റഡാറുകളും മുഴുവൻസമയവും സംസ്ഥാനത്തിന് വിവരങ്ങൾ നൽകുന്ന തരത്തിൽ സജ്ജീകരിക്കുക.

നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മാതൃകയിൽ ഓരോ ജില്ലയിലും ഒരു മെറ്റീരോളോജിസ്റ്റ് (meteorologist) എന്ന തരത്തിൽ നിയമിക്കുകയാണെങ്കിൽ ജില്ലാ കളക്ടർമാരെ അടിയന്തര സാഹചര്യങ്ങളിൽ സഹായിക്കുകയും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും മാത്രമല്ല അതോടൊപ്പംതന്നെ ജില്ലാ വികസന പദ്ധതികൾക്ക് രൂപംനൽകുമ്പോൾ കാലാവസ്ഥാ മാറ്റംകൂടി ഗൗരവമായി പരിഗണിക്കുന്ന ശ്രദ്ധേയ മാതൃക സൃഷ്ടിക്കാനുമാകും.

കേരളത്തിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ച IMD-യുടെ നടപടിയെ കേരളം സ്വാഗതം ചെയ്യുന്നു. കൂടുതൽ ചുഴലിക്കാറ്റുകൾ അറബിക്കടലിൽ രൂപം കൊള്ളുന്ന സാഹചര്യത്തിൽ അതിനെ Area cyclone warning centre ആക്കി പെട്ടെന്നുതന്നെ ഉയർത്താൻ നടപടി സ്വീകരിക്കണം.

കേരളത്തിലെ 5 CWDS (Cyclone warning dissemination system) തകരാറിലായത് ശ്രദ്ധയിൽപ്പെടുത്തി, മാറുന്ന കാലാവസ്ഥ മുൻനിർത്തി, എത്രയും പെട്ടെന്ന് ഇവ പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം മുഴുവൻ മത്സ്യബന്ധന മേഖലകളിലും CWDS സ്ഥാപിക്കാനും നടപടിയുണ്ടാകണം.

വളരെ പ്രധാനപ്പെട്ട ഇത്രയും കാര്യങ്ങളിൽ അടിയന്തര നടപടിയുണ്ടാകണം എന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ കേന്ദ്രം സഹാകരമായ നടപടി സ്വീകരിച്ചാൽ കേരളത്തിന് ഭാവിയിൽ കൃത്യമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭിക്കുകയും ഏറ്റവും മികച്ച ദുരന്തനിവാരണ പ്രവർത്തനം കാഴ്ചവയ്ക്കാനുമാകും.

കാലാവസ്ഥാ നിരീക്ഷണ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുക, കാലാവസ്ഥാ മുന്നറിയിപ്പ് പുറപ്പെടുവിക്കുക എന്നീ പ്രവർത്തനങ്ങൾ ദുരന്തനിവാരണ നിയമം 2005-ന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ ദേശീയ ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ഉത്തരവാദിത്വമാണ്. സംസ്ഥാന സർക്കാർ സ്വന്തമായി ഇത്തരം ഒരു പ്രവചന സംവിധാനം സ്ഥാപിക്കുന്നത് നിയമപരമായി ദുരന്ത മുന്നറിയിപ്പിനായി ഉപയോഗിക്കാൻ പ്രയോജനപ്പെടില്ല. കൂടാതെ ഇതിനായി ഗണ്യമായ ചെലവും മെയിന്റനൻസിനായി ഗണ്യമായ ചെലവും വർഷാവർഷം ആവശ്യമായി വരും. കേന്ദ്ര കാലാവസ്ഥാ വകുപ്പിനെക്കൊണ്ട് ഇത്തരം ഒരു സംവിധാനം സ്ഥാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനം പ്രവർത്തിക്കുന്നത്.

(ബി) ജില്ലാ ദുരന്തനിവാരണ അതോറിറ്റികളും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ, കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശാനുസരണം എങ്ങനെ സ്വയരക്ഷ നേടാം എന്നത് സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി മോക്ക് ഡ്രില്ലുകളും ദുരന്ത ലഘൂകരണ പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഈ വിഷയത്തിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വ്യാപകമായി ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ദുരന്ത ലഘൂകരണത്തിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ 12 ഇന ഉപലക്ഷ്യങ്ങളിൽ ഊന്നിയുള്ള 27 പദ്ധതികളിലായാണ് ഈ നടപടികൾ സ്വീകരിച്ചുവരുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപകമാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനെത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെയുള്ള ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേയ്ക്കായി അംഗീകരിച്ച രൂപരേഖയിൽനിന്നും പാഠം ഉൾക്കൊണ്ട് തൃശ്ശൂരിൽ അഗ്നിരക്ഷാസേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ ആപ്ത മിത്ര എന്ന പ്രോജക്ട് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രോജക്ടിൽ 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അത്രൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തുന്നതാണ്.

വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സംബന്ധിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രവും ചേർന്ന് Climate Variability in Kerala in Recent Years: Climate Change Perspectives എന്ന വിഷയത്തിൽ ഒരു ശില്പശാല നടത്തുകയും Climate Variability in Kerala in Recent Years: Climate Change Perspectives എന്ന പേരിൽ ഒരു വിശദമായ പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി സർക്കാരിന് അനുരൂപീകരണ പദ്ധതികൾ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രകൃതിക്ഷോഭത്തിൽ ഇടുക്കി മണ്ഡലത്തിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

263(1421) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രകൃതി ക്ഷോഭത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(ബി) നാശനഷ്ടങ്ങളുടെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പ്രകൃതി ക്ഷോഭത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി നിയോജകമണ്ഡലത്തിൽ വീടുകൾക്കും വിവിധ വകുപ്പുകൾക്കുമായി ആകെ 8,36,64,78,977 രൂപയാണ് നാശനഷ്ടം കണക്കാക്കിയിട്ടുള്ളത്.

(ബി) നാശനഷ്ടങ്ങളുടെ കണക്ക് തദ്ദേശരണ സ്ഥാപനങ്ങൾ തിരിച്ച് ചുവടെ ചേർക്കുന്നു:

വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് - 153,37,71,372

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - 129,95,85,024

അറക്കുളം ഗ്രാമപഞ്ചായത്ത് - 83,12,18,659

കുടയത്തൂർ ഗ്രാമപഞ്ചായത്ത് - 19,44,33,212

കൊന്നത്തടി ഗ്രാമപഞ്ചായത്ത് - 111,06,00,275

വാത്തിക്കുടി ഗ്രാമപഞ്ചായത്ത് - 186,93,03,551

കാമാക്ഷി ഗ്രാമപഞ്ചായത്ത് - 27,34,92,332

മരിയാപുരം ഗ്രാമപഞ്ചായത്ത് - 24,99,87,992

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 4,16,69,935

കട്ടപ്പന മുനിസിപ്പാലിറ്റി - 96,24,16,625.

## പോസ്റ്റ് ഡിസാസ്റ്റർ നീഡ് അനാലിസിസ് റിപ്പോർട്ട്

264(1422) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെക്കുറിച്ചും പുനർനിർമ്മാണത്തെ കുറിച്ചും ഐക്യരാഷ്ട്ര സംഘടന തയ്യാറാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അനാലിസിസ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന പുനർനിർമ്മാണത്തിനായി എത്ര കോടി രൂപ വേണമെന്നാണ് പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്;

(സി) ഇന്ത്യയിലെ ആദ്യ ഹരിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത റിപ്പോർട്ടിലുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ & ബി) ഉണ്ട്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി 31000 കോടി രൂപ വേണ്ടിവരുമെന്നാണ് ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അനാലിസിസ് റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ ഫ്ലഡ് വർക്ക്

265(1423) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ കാലവർഷക്കെടുതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിലെ ഫ്ലഡ് വർക്കിൽ (ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം) ഉൾപ്പെട്ട മുഴുവൻ റോഡുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയതെന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.

**പ്രളയസാധ്യത സംബന്ധിച്ച മുന്നറിയിപ്പ്**

266(1424) ശ്രീ.അനിൽ അക്കര:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ദുരന്തം വിതച്ച ആദ്യദിനമായ 2018 ആഗസ്റ്റ്-8 ന് മുൻപേതന്നെ റവന്യൂ അധികൃതർക്ക് ഏതെങ്കിലും സംഘടനകൾ പ്രളയസാധ്യത സംബന്ധിച്ച മുന്നറിയിപ്പ് നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളാണ് മുന്നറിയിപ്പുകൾ നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചാലക്കുടി പുഴയിലെ പ്രളയസാധ്യത സംബന്ധിച്ച് ചാലക്കുടി സംരക്ഷണ സമിതി റവന്യൂ മന്ത്രിക്ക് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ മുന്നറിയിപ്പ് അവഗണിക്കാനുണ്ടായ കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാരിന് ലഭിക്കുന്ന മുന്നറിയിപ്പുകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ മുൻകരുതലുകൾ സ്വീകരിച്ചിരുന്നുവെങ്കിൽ നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കാൻ സാധിക്കുമായിരുന്നോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2-8-2018 മുതൽ അതിശക്തമായ മഴ സംബന്ധിച്ച മുന്നറിയിപ്പ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 28-7-2018 മുതൽ വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പുകൾ പുറപ്പെടുവിച്ച് തുടങ്ങി. അതിശക്തമായ മഴ സംബന്ധിച്ച മുന്നറിയിപ്പ് 7-8-2018-ന് പുറപ്പെടുവിച്ചു. 8-8-2018-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച പ്രത്യേക മഴ ബുള്ളറ്റിൻ പരിഗണിച്ച് പ്രളയ-ഉരുൾപൊട്ടൽ സംബന്ധിച്ച പ്രത്യേക നടപടിക്രമങ്ങൾ പുറപ്പെടുവിച്ചു.

(സി & ഡി) ചാലക്കുടി പുഴയിലെ പ്രളയ സാധ്യത സംബന്ധിച്ച് ചാലക്കുടി സംരക്ഷണ സമിതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച 5-8-2018 തീയതിയിലെ കത്ത്, പ്രളയത്തിന് വളരെ നാൾക്കുശേഷം, ഒക്ടോബർ അവസാനവാരമാണ് (27-10-2018) ഈ വകുപ്പിൽ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഇത്തരം ദുരന്ത സാധ്യത കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ലഭ്യമായ മുന്നറിയിപ്പുകൾ പരിഗണിച്ച്, പ്രസ്തുത മുന്നറിയിപ്പിൽ ലഭ്യമായ തീവ്രതാ വിവരം പരിഗണിച്ച് അംഗീകൃത സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. മുന്നറിയിപ്പുകൾ ലഭ്യമായ ഉടൻതന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എല്ലാ വകുപ്പുകളും പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരുമായി ചേർന്ന് നടത്തിയിട്ടുണ്ട്. ഇതുമൂലം ഒരളവുവരെ നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## പ്രളയത്തിൽ റവന്യൂ വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ

267(T*1425) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽപ്പെട്ട് റവന്യൂ വകുപ്പ് ആഫീസുകൾക്കും രേഖകൾക്കും സംഭവിച്ച നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പ്രളയത്തിൽ സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

268(T*1426) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വ്യാപാര സ്ഥാപനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇപ്രകാരം ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തുനഷ്ടവും 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്. കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇട്ടത്തരം വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനായി 2019-20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ കാണുന്ന പദ്ധതികൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

പ്രളയക്കെടുതിയിൽ തകർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനർനിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ട് ഘട്ടമായാണ് സഹായം നൽകുന്നത്. സ്ഥിര ആസ്തികൾ സ്ഥാപിക്കുന്നതിന് നിക്ഷേപം നടത്തുന്നവർക്ക് 15 ശതമാനം മുതൽ 30 ശതമാനം വരെ പരമാവധി 20/30 ലക്ഷം എന്ന നിരക്കിൽ സഹായം നൽകുന്നതാണ്. അർഹതപ്പെട്ട തുകയുടെ 50 ശതമാനം ആദ്യം നൽകുകയും സ്ഥാപനം പുനർനിർമ്മിച്ചശേഷം ബാക്കിത്തുക നൽകുകയും ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ദുരന്തബാധിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6 ശതമാനം മുതൽ 8 ശതമാനം വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥ ചെയ്തിരിക്കുന്നു.

## പ്രളയത്തിൽ തകർന്ന വീടുകൾ

269(T*1427) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് പൂർണ്ണമായി തകർന്ന വീടുകളും ഭാഗികമായി തകർന്ന വീടുകളും എത്രയെന്ന് അറിയിക്കാമോ;

(ബി) എത്ര വീടുകൾക്ക് ഒന്നാംഘട്ട ധനസഹായം വിതരണം ചെയ്തു; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയത്തെത്തുടർന്ന് പൂർണ്ണമായി തകർന്ന വീടുകളുടെയും ഭാഗികമായി തകർന്ന വീടുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാല് ലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകിക്കഴിഞ്ഞു.

## ഷൊർണ്ണൂർ മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന വീടുകൾ

270(1428) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പ്രളയത്തിലും കനത്ത മഴയിലും തകർന്ന വീടുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകൾക്ക് ഇതിനകം നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടെന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ആകെ എത്ര തുകയാണ് ഇതിനകം വിതരണം ചെയ്തതെന്നും ഇനിയും വിതരണം ചെയ്യാനുള്ള കുടിശ്ശികയുടേയും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ വിവരശേഖരണം നടത്തിയത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ ഷൊർണ്ണൂർ മണ്ഡലത്തിൽ പ്രളയക്കെടുതിയിൽ തകർന്ന വീടുകളുടെ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-1 ആയി ചേർക്കുന്നു. *

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഷ്ടപരിഹാരത്തുക നൽകിയവരുടെ തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ പൂർണ്ണമായും വീട് തകർന്ന 35 പേർക്ക് 4,00,000 രൂപയിലെ ആദ്യഗഡു ധനസഹായമായ 95,100 രൂപ വീതം ആകെ 33,28,500 രൂപ അനുവദിച്ചിട്ടുണ്ട്. വീട് പണിയുടെ പുരോഗതിയനുസരിച്ച് ബാക്കിത്തുക അനുവദിക്കുന്നതാണ്.

## മഹാപ്രളയത്തിൽ വാസയോഗ്യമല്ലാതായിത്തീർന്ന വീടുകൾ

271(T*1429) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ പൂർണ്ണമായും വാസയോഗ്യമല്ലാതായിത്തീർന്ന വീടുകളുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ എത്ര വീടുകൾ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കോഴിക്കോട് ജില്ലയിൽ വാസയോഗ്യ മല്ലാതായിത്തീർന്ന വീടുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ പൂർണ്ണമായും വാസയോഗ്യമല്ലാതായ വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ഉരുൾപൊട്ടലിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം

272(T*1430) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കാലവർഷസമയത്ത് ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വീടുകൾ ഉരുൾപൊട്ടലിൽ തകർന്നിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ആശ്വാസ ധനസഹായം എത്ര പേർക്ക് ലഭ്യമാക്കിയിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി 435 പേരാണ് മരണമടഞ്ഞത്. ഇതിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിൽമൂലവും 152 പേർക്കാണ് ജീവഹാനി സംഭവിച്ചത്.

(ബി) വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമായി തകർന്ന വീടുകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാല് ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

**പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും**

273(1431) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ കേരളത്തിലെ പ്രധാന നഗരങ്ങളിലെ വെള്ളപ്പൊക്ക സാധ്യതാ ഭൂപടത്തെ മുൻനിർത്തി മുൻകരുതൽ നടപടി സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വ്യക്തമായ ആസൂത്രണത്തിന്റെയും ഏകോപനത്തിന്റേയും അഭാവമാണ് ഓരോ മഴക്കെടുതിക്കാലത്തും സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ദുരന്തം എന്ന വസ്തുത മനസ്സിലാക്കി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) പുഴകളും നീർത്തടങ്ങളും വ്യാപകമായി കയ്യേറ്റം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അതിശക്തമായ മഴ പെയ്താലുള്ള ദുരന്തം ഭീകരമായിരിക്കുമെന്ന ദുരന്ത നിവാരണ വിദഗ്ദ്ധരുടെ മുന്നറിയിപ്പിന് അനുസൃതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. ഐക്യരാഷ്ട്രസഭയുടെ PDNA (Post Disaster Need Assessment) Report പ്രകാരം നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ പ്രളയ സാധ്യതാ പ്രദേശങ്ങളുടെ ഭൂപടം ഉപയോഗിച്ച് മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു.

(സി) ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിലേയ്ക്കായി കാലാവസ്ഥാ പ്രവചന/മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ സാധ്യത മേഖലകളുടെ ഭൂപടം തയ്യാറാക്കുന്നതിനും പാരിസ്ഥിതികമായി അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിയുന്നവിധമുള്ള നിർമ്മാണ സാധ്യതകൾ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പുഴകളും പുഴ പുറമ്പോക്കുകളും കയ്യേറുന്നത് തടയുന്നതിനുള്ള നിർദ്ദേശം എല്ലാ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുള്ളതും അതിൻപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയുന്നതിനും അനധികൃതമായി നികത്തിയ നെൽവയൽ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുമുള്ള നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർതലം മുതലുള്ള ഓഫീസർമാർ നടപടി സ്വീകരിച്ചുവരുന്നതും അനധികൃതമായി നെൽവയലോ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്താൽ നിലവിൽ ലഭിക്കാവുന്ന ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പുറപ്പെടുവിച്ചിട്ടുണ്ട്.

**പ്രളയബാധിതർക്ക് നൽകിയ ധനസഹായം**

274(1432) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ കഷ്ടതയനുഭവിച്ച എത്രപേർക്ക് റവന്യൂ വകുപ്പ് മുഖേന 10,000 രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് ധസഹായം അനുവദിച്ച് നൽകാനുണ്ട്: വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

പ്രളയത്തിൽ കഷ്ടത അനുഭവിച്ചവർക്ക് ആശ്വാസ ധനസഹായമായി 10,000 രൂപ അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. ലഭ്യമായ അപേക്ഷകളിൽ അർഹതപ്പെട്ട എല്ലാപേർക്കും തുക അനുവദിച്ചിട്ടുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാലവർഷക്കെടുതിയിൽ മരണം സംഭവിച്ചവരുടെ എണ്ണം**

275(T*1433) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, കാലവർഷം, എന്നീ കെടുതികളിൽപ്പെട്ട് എത്രപേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലും എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(സി) വീടുകൾ തകർന്നുവീണ് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ഡി) കനത്തമഴയിൽ നിറഞ്ഞുകവിഞ്ഞ തോട്ടിലെയും പുഴയിലെയും ഒഴുക്കിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ഇ) മഹാപ്രളയത്തിൽ വീടുകളിൽ വെള്ളം കയറിയതുകാരണം അതിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) 2018-ലെ കാലവർഷത്തെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലുമായി 435 പേരാണ് മരണമടഞ്ഞത്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപ വീതമാണ് അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## നദികളുടെ കരകൾ സംരക്ഷിക്കുന്നതിന് നടപടി

276(1434) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിമൂലം തകർന്ന നദികളുടെ കരകൾ സംരക്ഷിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എം.എൽ.എ.-മാരോട് ശിപാർശ തേടിയിരുന്നോ;

(സി) ഇല്ലെങ്കിൽ മണ്ഡലം തലത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് എം.എൽ.എ.-മാരുടെ ശിപാർശ സഹിതമുള്ള പ്രൊപ്പോസലുകൾ വാങ്ങി ആർ.എം.എഫ്.-ൽനിന്നും തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് എം.എൽ.എ.-മാരിൽനിന്നും ശിപാർശകൾ തേടിയിട്ടില്ല.

(സി) ഓരോ ജില്ലകളിലും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കി ഇറിഗേഷൻ വിഭാഗം തയ്യാറാക്കുന്ന പ്രൊപ്പോസലുകൾക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി RMF-ൽനിന്നും തുക അനുവദിച്ചുവരുന്നു.

## മലപ്പുറം ജില്ലയ്ക്കായുള്ള റിവർ മാനേജ്മെന്റ് ഫണ്ട്

277(1435) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ മലപ്പുറം ജില്ലയ്ക്കായി എത്ര രൂപയാണ് നിലവിൽ നീക്കിയിരിപ്പ് ഉള്ളത്; വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ പ്രസ്തുത ഫണ്ട് മലപ്പുറം ജില്ലയിൽ ഉപയോഗിക്കാതെ മറ്റ് ജില്ലകളിൽ ചെലവഴിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ ഒലിച്ചുപോയ മൂർക്കനാട് സ്കൂൾ കടവ് നടപ്പാലത്തിന് പകരം മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഗതാഗതയോഗ്യമായ കോൺക്രീറ്റ് പാലം വേണമെന്നഭ്യർത്ഥിച്ച് 2230 വിദ്യാർത്ഥികളും മൂർക്കനാട് ആക്ഷൻ കമ്മിറ്റിയും നൽകിയ നിവേദനത്തിന്മേൽ എടുത്ത നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ; തുടർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-10-2018 വരെയുള്ള കണക്ക് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ 82,45,668 (എൺപത്തിരണ്ട് ലക്ഷത്തി നാല്പത്തഞ്ചായിരത്തി അറുന്നൂറ്റി അറുപത്തി എട്ട്) രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചെടുത്ത അമ്പത് കോടിയിൽപ്പരം രൂപയിൽനിന്നും സർക്കാർ അഞ്ച് കോടി രൂപ തിരികെ നൽകിയിട്ടുണ്ട്. ആയത് STSB അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള ബില്ലുകൾ ജില്ലാ കളക്ടർ ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) ചെലവഴിച്ചിട്ടില്ല.

(സി) പ്രസ്തുത നിവേദനത്തിൻമേൽ റിപ്പോർട്ട് ലഭ്യമാക്കാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി**

278(1436) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ</u>:
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പരിസ്ഥിതി വിരുദ്ധമായ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി, ക്വാറിയിൽനിന്നുമുള്ള ദൂരപരിധി കുറച്ച നടപടി മുതലായവ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പിൻവലിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഭാവിയിൽ പ്രകൃതി ദുരന്തങ്ങൾ തടയുന്നതിനായി പുതിയ നിയമ നിർമ്മാണങ്ങൾ ആലോചനയിലുണ്ടോ;

(സി) വ്യാപകമായ വയൽ നികത്തലും അനധികൃത ക്വാറി പ്രവർത്തനങ്ങളും അനധികൃത കെട്ടിടങ്ങളും പ്രളയത്തിന്റെ ആക്കംകൂട്ടി എന്നത് വസ്തുതയായിരിക്കെ ആയതു തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി)) ഇല്ല.

(സി) അനധികൃതമായി വയൽ നികത്തലും അനധികൃത ക്വാറി പ്രവർത്തനങ്ങളും നടക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനും നിയമലംഘനം നടത്തുന്നവർക്കുമെതിരെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

## തണ്ണീർത്തട നിയമത്തെ മറികടന്ന് നിർമ്മിച്ച കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ

279(1437) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ തണ്ണീർത്തട നിയമപ്രകാരമുള്ള അനുവാദം ലഭിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഫൈൻ ഈടാക്കി അവ റെഗുലറൈസ് ചെയ്ത് നൽകുന്നതിന് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വർഷങ്ങൾക്കുമുമ്പ് നികത്തപ്പെട്ടതും എന്നാൽ ഡേറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ സ്ഥലത്ത് 2008-ന് ശേഷം നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഓരോ കേസിന്റെ പ്രത്യേക സാഹചര്യവും പരിശോധിച്ച് പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ-യിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തപ്പെട്ടതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) നിശ്ചിത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി 2008-ലെ കേരളനെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡാറ്റാബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ട ഭൂമിയിൽ 2008-ന് ശേഷം അനുമതിയില്ലാത്ത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അത്തരം ഭൂമിക്ക് ക്രമീകരണ അനുമതി നൽകുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ വ്യവസ്ഥയില്ല. ഡാറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്തുള്ള അനധികൃതമായ ഒരു നിർമ്മിതിക്കും ക്രമവൽക്കരണം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**മുണ്ടൂർ മുതൽ മഴവഞ്ചേരി വരെയുള്ള സ്ഥലമേറ്റെടുപ്പ്**

280(1438) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മുണ്ടൂർ മുതൽ മഴവഞ്ചേരി വരെയുള്ള ഭാഗം നാല് വരിയാക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദീകരിക്കുമോ;

(ബി) സ്ഥലമേറ്റെടുപ്പ് നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുണ്ടൂർ-പുറ്റേക്കര റോഡിൽ ധാരാളം അപകടങ്ങൾ സംഭവിക്കുന്നതുമൂലം നിരവധി ആളുകൾക്ക് ജീവൻ പൊലിയുന്ന അവസ്ഥ സംജാതമാവുന്ന സാഹചര്യം കണക്കിലെടുത്ത് സ്ഥലം ഡയറക്ട് പർച്ചേസ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് സന്നദ്ധത അറിയിച്ചതിനാൽ 29-6-2017 തീയതിയിലെ എസ്.എൽ.ഇ.സി.യോഗം ആയതിന് അനുമതി നൽകുകയും ചെയ്തു. 14-9-2017-ലെ സ.ഉ.(സാധാ) നമ്പർ 3932/17/റവ പ്രകാരം അഞ്ഞൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 1.0987 ഹെക്ടർ ഭൂമി ഡയറക്ട് പർച്ചേസ് ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. പ്രാഥമിക ഫണ്ട് അനുവദിച്ചു നൽകാൻ അർത്ഥനാധികാരിക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമായിട്ടില്ലാത്തതുമാണ്. കൈവശക്കാരായ ഭൂവുടമകളുമായി നെഗോഷ്യേറ്റ് ചെയ്ത് ഭൂമി വില നിശ്ചയിക്കുന്നതിനായി ഡി.എൽ.എഫ്.സി. അടിയന്തരമായി കൂടുന്നതാണ്.

(ബി) പ്രാഥമിക ഫണ്ട് ലഭ്യമായാൽ നെഗോഷ്യേഷൻ നടത്തുന്ന ഭൂമിയുടെ ഏറ്റെടുക്കൽ 6 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു.

**ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ**

281(1439) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിലുണ്ടാകുന്ന പാകപ്പിഴകൾ മൂലം സർക്കാർ ഭാഗം കോടതികളിൽ പരാജയപ്പെടുകയും സർക്കാരിന് ഇതുമൂലം കോടികളുടെ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എൽ.ആർ. കേസുകൾ കൈകാര്യം ചെയ്യുന്നതിന് കാര്യപ്രാപ്തിയും പ്രാവീണ്യവുമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ.എ.ആർ. കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 27-7-2018-ലെ സ.ഉ(കൈ) നമ്പർ 266/18/റവ. ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

## കൂളിമാട് പാലം ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ്

282(1440) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിന് കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായതെന്നാണ്; വിവരം ലഭ്യമാക്കുമോ;

(ബി) സ്ഥലം നൽകിയ ഭൂഉടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എത്ര പേർക്കാണ് ഇനി നഷ്ടപരിഹാരത്തുക നൽകുവാനുള്ളത്; ഓരോരുത്തർക്കും നല്കാനുള്ള തുക എത്ര വീതമാണ്; വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) തുക എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിന് കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലം എൽ.എ. നിയമം പ്രകാരം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 12-9-2012-ൽ അവാർഡ് പാസ്സാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അവാർഡ് നമ്പർ 8/2012 പ്രകാരം ഭൂമി നഷ്ടപ്പെടുന്ന 17 കക്ഷികളിൽ ശ്രീമതി ഉമ്മച്ചക്കുട്ടി, കോട്ടക്കടവത്ത്, കൂളിമാട് എന്ന കക്ഷിക്ക് അനുവദിച്ച നഷ്ടപരിഹാരത്തുക കോടതിയിൽ നിക്ഷേപിക്കുകയും ബാക്കിയുള്ള എല്ലാ കക്ഷികൾക്കും ചെക്ക് മുഖേന തുക അനുവദിച്ചിട്ടുണ്ട്.

(സി) അവാർഡ് പാസ്സാക്കിയതിനുശേഷം ബന്ധപ്പെട്ട കക്ഷികൾക്ക് കാലതാമസം കൂടാതെ തന്നെ നഷ്ടപരിഹാരത്തുക നല്കിയിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരത്തുക പുനർനിർണ്ണയിക്കുന്നതിന് കക്ഷികൾ കോടതിയെ സമീപിച്ചതു മൂലമുള്ള വർദ്ധിത തുക അർത്ഥനാധികാരിയിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കാവുന്നതാണ്.

## താലൂക്ക് ഓഫീസ് നിർമ്മാണത്തിന് സ്ഥലം

283(1441) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്ക് ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) താലൂക്ക് ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഇരിട്ടി ബ്ലോക്കിൽ കീഴൂർ വില്ലേജിൽ റീസർവ്വേ 133/9-ൽ 0.3940 ഹെക്ടർ സ്ഥലം റവന്യൂ വകുപ്പിന്റെ അധീനതയിലുണ്ട്. പ്രസ്തുത സ്ഥലത്ത് താലൂക്ക് ഓഫീസിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇരിട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## കൂളിമാട് കടവിൽ പാലം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് നടപടികൾ

284(1442) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിമാട് കടവിൽ പാലം നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നടപടിക്രമങ്ങളിൽ അനാവശ്യമായ കാലതാമസം വരുന്നുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ വാഴക്കാട് വില്ലേജിലെ 291/26, 291/27, 292/19, 292/20, 292/22 സർവ്വേ നമ്പറുകളിൽപ്പെട്ട 21.06 ആർസ് ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുന്നതിനായി 25-4-2018-ലെ സ.ഉ.(സാധ) നമ്പർ 1499/2018/റവ പ്രകാരം ഉത്തരവായിരുന്നു.

ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി. കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്.

നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് SIA ഏജൻസിയെ നിയോഗിച്ച് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11(1) നോട്ടിഫിക്കേഷനും ഡിക്ലറേഷനും പുറപ്പെടുവിച്ച് സെക്ഷൻ 108 പ്രകാരം ഭൂവുടമകളെ വിളിച്ചുകൂട്ടി ഡി.എൽ.എഫ്.സി. കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നു.

എന്നാൽ ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് 15-10-2018-ലെ ബി 2/306/2018-റവ. കത്ത് പ്രകാരം ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

ഈ വിഷയത്തിൽ ഭൂവില നിശ്ചയിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി സർപ്പിക്കാൻ ജില്ലാ കളക്ടർ മലപ്പുറം ലാന്റ് അക്വിസിഷൻ ഓഫീസർ എൽ.എ.(ജനറൽ)-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്, ഡി.എൽ.എഫ്.സി. യോഗം ചേർന്ന് വില നിശ്ചയിച്ച് ശിപാർശ സമർപ്പിക്കുന്നമുറയ്ക്ക്, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി SLEC-യുടെ അംഗീകാരത്തിനു വിധേയമായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡി.എൽ.എഫ്.സി. യോഗം ചേർന്ന് വില നിശ്ചയിച്ച് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ്

285(1443) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് 11/1-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനുവേണ്ടി 0.5038 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 24-10-2018-ന് സി6-56450/13 നമ്പർ പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 29-12-2017-ലെ ജി.ഒ.(എം.എസ്.)448/2017/റവ നമ്പർ ഉത്തരവുപ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും ഭൂമി നഷ്ടപ്പെടുന്നവർക്കുമായി പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കരട് പാക്കേജ് തയ്യാറാക്കിയിട്ടുള്ളതാണ്. പുനരധിവാസ പാക്കേജ് അനുവദിച്ചതിനുശേഷം 19(1) പ്രഖ്യാപനം നടത്തി അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതാണ്.

## പേരാമ്പ്രയിൽ റെഗുലർ മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി അക്വയർ ചെയ്തിരിക്കുന്ന ഭൂമി

286(1444) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഗുലർ മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി പേരാമ്പ്രയിൽ അക്വയർ ചെയ്തിരുന്ന ഭൂമി, പ്രസ്തുത സൊസൈറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂഉടമ കുട്ടമ്പത്ത് കല്യാണി അമ്മക്ക് തിരികെ നൽകുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് നൽകിയിരുന്നുവോ;

(ബി) ഇങ്ങനെ ഉത്തരവ് ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിന് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് ബഹു. റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ റെഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി പേരാമ്പ്രയിൽ ഏറ്റെടുത്ത ഭൂമി, സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെത്തുടർന്ന് 29-7-2003-ലെ സ.ഉ.(സാധാ) 2219/03/റവ നമ്പർ ഉത്തരവ് പ്രകാരം കൊയിലാണ്ടി താലൂക്കിലെ 1.36 ഏക്കർ ഭൂമി നിലവിലെ മാർക്കറ്റ് വില നൽകിക്കൊണ്ട് മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മയ്ക്ക് തിരിച്ചു നൽകാൻ ഉത്തരവായിട്ടുള്ളതാണ്.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമാണ്.

## പാട്ടക്കാലാവധി കഴിഞ്ഞതും കോടതി വ്യവഹാരങ്ങളിൽപ്പെട്ടതുമായ സർക്കാർഭൂമി

287(1445) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും എന്നാൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് സർക്കാർ ഏറ്റെടുത്തതുമായ ഭൂമികൾ ഏതെല്ലാം

കമ്പനികളുടെ അല്ലെങ്കിൽ വ്യക്തികളുടെ പേരിലുള്ളതാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം ഭൂമികൾ തിരികെ സർക്കാരിലേക്ക് വന്നു ചേർന്നിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പാട്ടഭൂമി സംബന്ധമായ ഏതെങ്കിലും കേസിൽ സർക്കാരിന് പ്രതികൂലമായി സുപ്രീം കോടതിയുടേയോ ഹൈക്കോടതിയുടേയോ വിധി ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പാട്ടഭൂമി കൈവശം വച്ച് വരുന്നവർ പാട്ടഭൂമി വില്പന നടത്തിയിട്ടുണ്ടെങ്കിൽ അവ തിരിച്ചുപിടിക്കുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരികെ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ മാത്രമാണ് ഇത്തരം കേസുകൾ ഉള്ളത്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

<u>കൊല്ലം ജില്ല</u>

(1) കൊല്ലം താലൂക്ക്, മുണ്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 149 റീസർവ്വേ നമ്പർ 14-ൽപ്പെട്ടതും മജീദിയ ഫ്രീനൈറ്റ് സ്കൂളിൽ പാട്ടത്തിന് നൽകിയിരുന്നതുമായ 16.20 ആർസ് സ്ഥലം

(2) കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 84 റീസർവ്വേ 3-ൽപ്പെട്ടതും സുബ്രഹ്മണ്യൻ കാൾ ടെക്സ് കമ്പനിക്ക് നൽകിയിരിക്കുന്നതുമായ 5.40 ആർ സ്ഥലം.

<u>എറണാകുളം</u>

കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജിൽ ഉൾപ്പെട്ടതും ആസ്പിൻ വാൾ ആന്റ് കമ്പനിയിൽനിന്നും 5-12-2016-ന് ഏറ്റെടുത്തതുമായ 1.29 ഏക്കർ ഭൂമി

<u>തൃശ്ശൂർ</u>

4-3-2016-ലെ സ.ഉ.(എം.എസ്) 250/16/RD ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക്, മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ M/s വൈഗ ട്രേഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊരട്ടി എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിരുന്ന സർവ്വേ 758-ൽപ്പെട്ട 30.57 ഏക്കർ ഭൂമി സർക്കാരിലേക്ക് തിരിച്ചെടുത്തിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ പൂർണ്ണാധികാരം ലഭിച്ചിട്ടില്ല.

<u>മലപ്പുറം</u>

ആർ.പി. റിസോർട്ട് കൈവശംവച്ചിരുന്ന കൊണ്ടോട്ടി താലൂക്ക്, വാഴയൂർ വില്ലേജ്, ബ്ലോക്ക് 5, റീസർവ്വേ നമ്പർ 21-ൽപ്പെട്ട 15 സെന്റ് ഭൂമി.

(ബി) <u>ഇതുസംബന്ധിച്ച ജില്ല തിരിച്ചുള്ള</u> വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | വിവരം |
|---|---|
| (1) | (2) |
| തിരുനന്തപുരം, പാലക്കാട്,കണ്ണൂർ, കാസർഗോഡ് | ഇത്തരം കേസുകളില്ല |
| കൊല്ലം | 1. കൊല്ലം താലൂക്ക്, മുണ്ടയ്ക്കൽ വില്ലേജ് ബ്ലോക്ക് നമ്പർ 149 റീസർവ്വേ നമ്പർ 14-ൽപ്പെട്ടതും മജീദിയ ഫ്രീനൈറ്റ് സ്കൂളിന് നല്കിയിരുന്നതുമായ 16.20 ആർ ഭൂമി.<br>2. കൊല്ലം ഈസ്റ്റ് വില്ലേജ്, ബ്ലോക്ക് നമ്പർ 84 റീസർവ്വേ നമ്പർ 3-ൽപ്പെട്ടതും സുബ്രഹ്മണ്യൻ കാൾ ടെക്സ് കമ്പനിക്ക് നൽകിയിരുന്നതുമായ 5.40 ആർ സ്ഥലം<br>3. കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ 147-ൽ റീസർവ്വേ നമ്പർ 1-ൽപ്പെട്ട ബോട്ട് കോ ഇൻഡസ്ട്രീസ് പേരിൽ അനുവദിച്ചിരുന്ന 5.30 ആർ ഭൂമി |
| പത്തനംതിട്ട | പാട്ടക്കാലാവധി കഴിഞ്ഞ 0.1551 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. |
| ആലപ്പുഴ | പാട്ടക്കാലാവധി കഴിഞ്ഞതും കുട്ടനാട് താലൂക്ക് വെളിയനാട് വില്ലേജ് സർവ്വേ നമ്പർ 1/1-ൽ പെട്ട 25 സെന്റ് സ്ഥലം ഏറ്റെടുത്ത് എൻ.സി.സി.-ക്ക് പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| (1) | (2) |
|---|---|
| കോട്ടയം | കോട്ടയം താലൂക്ക്, നാട്ടകം വില്ലേജിൽ ബ്ലോക്ക് 19, റീ സർവ്വേ നമ്പർ 398/2-ൽപ്പെട്ട **1.12.80** ഹെക്ടർ തിരിച്ചെടുത്തു. |
| ഇടുക്കി | പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| എറണാകുളം | നടപടികൾ സ്വീകരിച്ചുവരുന്നു. |
| തൃശ്ശൂർ | ചാലക്കുടി താലൂക്കിൽ ആനമല കൂട്ടുകൃഷി സഹകരണ സംഘത്തിന് പാട്ടത്തിന് നൽകിയിരുന്ന ഭൂമി (111 ഏക്കർ) പാട്ടക്കാലാവധി അവസാനിച്ചതിനെ തുടർന്ന് തിരികെ സർക്കാരിലേക്ക് ഏറ്റെടുക്കാൻ 6-12-2013-ൽ ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2-6-2016-ലെ WP© 5450/16 ഉത്തരവ് പ്രകാരം ഭൂമി തിരിച്ചെടുക്കൽ നടപടിക്ക് സ്റ്റേ നിലനിൽക്കുന്നു. |
| മലപ്പുറം | ആർ.പി. റിസോർട്ട് കൈവശം വച്ചിരിക്കുന്ന കൊണ്ടോട്ടി താലൂക്ക്, വാഴയൂർ വില്ലേജ്, ബ്ലോക്ക് 5, റീസർവ്വേ നമ്പർ 21-ൽപ്പെട്ട 15 സെന്റ് ഭൂമി |
| കോഴിക്കോട് | പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |
| വയനാട് | 0.0189 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വന്നുചേർന്നിട്ടുണ്ട്. |

(സി) പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവയിൽ ആയതിനുള്ള നടപടികളും അല്ലാത്തവയിലും പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ള കേസ്സുകളിലും കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പാട്ടഭൂമി കൈവശംവച്ച് വരുമ്പോൾ പാട്ടഭൂമി വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാട്ടഭൂമി വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള ലംഘനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശംവച്ച് പോരുന്നതും പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം

നടത്തുന്നുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ നിയമാനുസൃതമായി പുതുക്കാൻ കഴിയുന്ന കേസുകൾ പുതുക്കി നൽകിയും അല്ലാത്ത കേസുകളിൽ പ്രസ്തുത ഭൂമി തിരികെ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഗവൺമെന്റ് പ്രസ്സ് വക സ്ഥലം വികസനാവശ്യങ്ങൾക്കായി ലഭ്യമാക്കുന്നതിന് നടപടി

288(1446) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സ് പ്രവർത്തനരഹിതമായി അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഗവ. പ്രസ്സ് വക സ്ഥലം കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനം അടക്കമുള്ള വിവിധ വികസനാവശ്യങ്ങൾക്കായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ കൈവശത്തിലുണ്ടായിരുന്ന 42.374 ഹെക്ടർ ഭൂമിയിൽനിന്നും ദേശീയപാത വികസത്തിനും കൊരട്ടി കിൻഫ്ര പാർക്കിനും ഏറ്റെടുത്തത് കിഴിച്ച് ബാക്കി 30.0851 ഹെക്ടർ ഭൂമി നിലവിലുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന് ഉപയോഗമില്ലാതെ കിടക്കുന്ന പ്രസ്തുത ഭൂമി കിൻഫ്രയുടെയോ സമാനസ്ഥാപനങ്ങളുടെയോ അപേക്ഷ ലഭ്യമാകുന്നപക്ഷം കേന്ദ്രസർക്കാരിന്റെ അനുമതിക്ക് വിധേയമായി നിയമാനുസൃതം ഭൂമി കൈമാറുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് ഭൂമി വിതരണം

289(1447) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും ഇനി അവശേഷിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 20-11-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) 394/2008 പ്രകാരം കുറ്റിയാർവാലിയിൽ പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നതും അതിനെത്തുടർന്ന് 10 സെന്റ് വീതം പട്ടയം നൽകുന്നതിനായി 770 പേരെയും 5 സെന്റ് വീതം പട്ടയം നൽകുന്നതിനായി 2300 പേരെയും തെരഞ്ഞെടുത്തിരുന്നതും ഒന്നാം ഘട്ടത്തിൽ 695 പേർക്കും രണ്ടാം ഘട്ടത്തിൽ 1185 പേർക്കും പട്ടയം നൽകിയിട്ടുള്ളതുമാണ്.

(ബി) പട്ടയനടപടികൾ നടന്നുവരുന്ന അവസരത്തിൽ പട്ടയ നടപടികളിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന പത്രവാർത്തകളുടെയും ക്രൈബ്രാഞ്ച് പോലീസിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഫയലുകളും തയ്യാറാക്കി വിതരണം ചെയ്ത പട്ടയ ഫയലുകളും ജില്ലാ കളക്ടർ എറ്റെടുത്തിരുന്നതും തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിലേയ്ക്ക് കൈമാറിയിരുന്നതും മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസ് മുഖാന്തരം അന്വേഷണം നടന്നുവരുന്നതുമാണ്. ഇത്തരത്തിൽ അന്വേഷണം നടക്കുന്നതിനാൽ കുറ്റിയാർവാലിയിൽ പട്ടയം അനുവദിക്കപ്പെട്ട നിരവധി ആളുകൾക്ക് പട്ടയസ്ഥലം കണ്ടെത്തി നൽകുന്നതിനും പോക്കുവരവ് ചെയ്ത് കരമടച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതാണ്. എന്നാൽ നാളത് അന്വേഷണത്തിൽ ടി ഭാഗത്ത് നിരവധി കയ്യേറ്റങ്ങൾ നടന്നുവരുന്നതായും ടി പട്ടയസ്ഥലങ്ങൾ അനധികൃതമായി വിൽപ്പന നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ദേവികുളം തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

(സി) മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസ് മുഖാന്തരം നടന്നുവരുന്ന ടി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പട്ടയനടപടികൾ തുടരുന്നതാണ്.

**പാട്ടക്കുടിശ്ശിക**

290(1448) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>:

<u>ശ്രീ. കെ. എൻ. എ ഖാദർ</u>:

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>:

<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയ സർക്കാർഭൂമിയുടെ പാട്ടക്കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ;

(ബി) ദീർഘകാലമായി സർക്കാർഭൂമി കൈവശംവച്ചിട്ടുള്ള സ്ഥാപനങ്ങളും വ്യക്തികളും വിവിധ സംരംഭങ്ങളിലൂടെ ലാഭം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാട്ടക്കുടിശ്ശിക അടയ്ക്കാത്തവരുടെ പാട്ടക്കരാർ റദ്ദാക്കാനും ഭൂമിയും അതിലെ നിർമ്മിതികളും എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചെടുക്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർഭൂമി പാട്ടത്തിന് നൽകിയ കേസുകൾ പരിശോധിക്കുന്നതിനായി ഒരു സമിതി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഈ വിഷയം വിശദമായി പരിശോധിച്ച് വരികയാണ്. സമിതി സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

291(1449) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയ സർക്കാർഭൂമിയുടെ പാട്ടക്കുടിശ്ശികയായി സർക്കാരിന് 495 കോടിരൂപ ലഭിക്കാനുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) നവകേരള സൃഷ്ടിക്കായി ഭീമമായ തുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ ഇത്തരം കുടിശ്ശിക പിരിച്ചെടുക്കാൻ സമയബന്ധിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) പാട്ടക്കരാർ റദ്ദാക്കി ഭൂമിയും നിർമ്മിതികളും സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 14 ജില്ലകളിൽനിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് 495 കോടിയോളം രൂപ പാട്ടക്കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ആയത് പരിശോധനയിലാണ്.

(ബി&സി) 14 ജില്ലകളിൽനിന്നും വിവര ശേഖരണം നടത്തുകയും ടി തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ പാട്ടക്കുടിശ്ശികയുള്ള കേസുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ലാന്റ് റവന്യൂ കമ്മീഷണർ, ധനകാര്യ, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുമുള്ള സമിതി ഈ വിഷയം വിശദമായി പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തുവരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

## ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം

292(1450) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ദൃശ്യ അച്ചടി മാധ്യമങ്ങൾക്കാണ് നൽകിയിട്ടുള്ളത്; ഇനംതിരിച്ച് വിശദമാക്കുമോ;

(സി) ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽനിന്ന് തുക കൊടുക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് എല്ലാ ദൃശ്യ -അച്ചടി മാധ്യമങ്ങളെയും ഫണ്ട് നൽകുന്ന ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ-ഡി) പ്രളയക്കെടുതി റിപ്പോർട്ട് ചെയ്യുതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ദൃശ്യ അച്ചടി മാധ്യമങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽനിന്ന് തുക അനുവദിക്കാൻ സാധിക്കുകയില്ല.

**ദുരന്ത പ്രതികരണ നിധി**

293(1451) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി 2017-18 വർഷം തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് എത്ര തുക വീതം അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ ഏതെല്ലാമാണ്;

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ളവയുടെ നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) മൂന്ന് റോഡുകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(1) കുറുമല കിഴക്കുമുറി റോഡ് റീടാറിംഗ്

(2) ഊരകം പറപ്പൂർ റോഡ്

(3) ഊരകം റിംഗ് റോഡ്

(സി) 1-4-2018-ന് മുമ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി 2 വർഷവും 1-4-2018 മുതൽ ഭരണാനുമതി നൽകിവരുന്ന പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി ഒന്നര വർഷവുമാണ്. പ്രസ്തുത കാലയളവിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രളയംമൂലമുള്ള നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക്

294(1452) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 - ലെ പ്രളയത്തിൽ സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിന്റെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രളയം മൂലമുണ്ടായ നാശനഷ്ടം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനത്തിലെ കണക്കും ഇത് സംബന്ധിച്ച് ലോക ബാങ്ക്, എ.ഡി.ബി തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ നടത്തിയ പഠനങ്ങളിലെ കണക്കും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രളയം കഴിഞ്ഞ് മൂന്നുമാസം പിന്നിട്ടിട്ടും നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്തത് പുനരധിവാസ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (PDNA)റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നാശനഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്.

(ബി) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകുന്ന മെമ്മോറാണ്ടത്തിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃതമായ മേഖലകളിലുള്ള നാശനഷ്ടം മാത്രമാണ് ആവശ്യപ്പെടുന്നത്. ലോക ബാങ്ക് സംഘം അവലോകനം ചെയ്ത മേഖലകളെക്കാൾ കൂടുതൽ മേഖലകൾ ഐക്യരാഷ്ട്രസഭ സംഘം പരിശോധിക്കുകയും നിലവിലെ മാർക്കറ്റ് റേറ്റ് അനുസരിച്ചാണ് നാശനഷ്ടം വിലയിരുത്തിയിരിക്കുന്നത്.

(സി&ഡി) ലോകത്താകമാനം ദുരന്ത നാശനഷ്ടങ്ങളുടെ യഥാർത്ഥ കണക്ക് നിർണ്ണയിക്കുന്നതിന് ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ള ചട്ടക്കൂടാണ് പോസ്റ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അസസ്മെന്റ്. ഇന്ത്യയിൽ ആദ്യമായാണ് ഈ ചട്ടക്കൂട് ഉപയോഗിച്ച് പൂർണ്ണമായ വിലയിരുത്തൽ നടത്തിയത്. ആയത് പ്രകാരമുള്ള കണക്ക് ലഭ്യമാണ്.

## ഇരിട്ടി താലൂക്കിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾ

295 (1453) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്കിൽ ഈ വർഷം പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾ എത്രയെന്നും അവയിൽ പൂർണ്ണമായും തകർന്ന വീടുകൾ എത്രയെന്നും വേർതിരിച്ച് വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരമായി എത്ര തുകയാണ് നാളിതുവരെ നൽകിയിട്ടുള്ളത്; ഇനി എത്ര തുക നൽകാനുണ്ട്;

(ബി) ഇരിട്ടി താലൂക്കിൽ ഈ വർഷം പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇവർക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഏതൊക്കെയാണ്; നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(സി) വീടും സ്ഥലവും നഷ്ടപ്പെട്ട പായം പഞ്ചായത്തിലെ പുഴയോരത്ത് താമസിച്ചിരുന്നവർക്ക് വീടും സ്ഥലവും നൽകുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് നീക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ ഇരിട്ടി താലൂക്കിലെ 1045 വീടുകൾ തകർന്നു. അതിൽ 108 എണ്ണം പൂർണ്ണമായും തകർന്നിട്ടുണ്ട്. വീടുകൾ തകർന്നതിന് നഷ്ടപരിഹാരമായി ആകെ 42 ലക്ഷം രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ബാക്കി 11 കോടി രൂപ നൽകാനുണ്ട്.

(ബി) ഇരിട്ടി താലൂക്കിൽ വീടും സ്ഥലവും നഷ്ടപ്പെട്ടത് 34 കുടുംബങ്ങൾക്കാണ്. ഇവർക്ക് പകരം ഭൂമി വിലയ്ക്ക് വാങ്ങി സ്വകാര്യ സംരംഭകരുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) പായം പഞ്ചായത്തിലെ പുഴയോരത്ത് താമസിച്ചിരുന്നവർക്ക് വീട് നിർമ്മിക്കാൻ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാമനപുരം മണ്ഡലത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ

296(1454) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ -കെ) വകുപ്പ്, സ.ഉ (സാധാ) നമ്പർ 4369/2016/ഡി.എം.ഡി തീയതി 18-11-2016 ഉത്തരവ് പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കാലവർഷക്കെടുതികൾ പരിഹരിക്കുന്നതിന് അനുവദിച്ച പുനരുദ്ധാരണ പ്രവൃത്തികളിൽ വാമനപുരം നിയോജകമണ്ഡല പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്ന് അറിയിക്കാമോ;

(ബി) ഇനിയും ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 18-11-2016-ലെ സ.ഉ.(സാധാ)നമ്പർ 4369/2016/ഡി.എം.ഡി. ഉത്തരവ് പ്രകാരം അനുവദിച്ച പുനരുദ്ധാരണ പ്രവൃത്തികളിൽ വാമനപുരം നിയോജകമണ്ഡല പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ പൂർത്തീകരിച്ച പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികളില്ല.

## ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

297(1455) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂ വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിലെ എത്ര റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത റോഡുകളുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) മൺ റോഡുകൾ നവീകരിക്കുന്നതിനായി വെള്ളപ്പൊക്ക ദുരന്ത നിവാരണ ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള നിബന്ധനകളിൽ മാറ്റംവരുത്താൻ നിർദ്ദേശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.

(ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ താത്കാലിക പുനരുദ്ധാരണം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിലെ വ്യവസ്ഥകളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗവുമായി ബന്ധപ്പെട്ടും അനുവദനീയമായിട്ടുള്ളത്. അതുപ്രകാരം പ്രകൃതി ദുരന്തത്തിൽ തകരുന്ന മൺറോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ 60,000 രൂപ (അറുപതിനായിരം രൂപ മാത്രം) മാത്രമാണ് ഒരു കിലോമീറ്റർ റോഡിന് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡപ്രകാരം മൺറോഡുകളിൽ പുതിയ ടാറിംഗ് പ്രവൃത്തിപോലുള്ള പ്രവൃത്തികൾ അനുവദനീയമല്ല. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരന്ത പദ്ധതി പ്രകാരമുള്ള റോഡുകൾ

298(1456) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-ൽ ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് വെള്ളപ്പൊക്ക ദുരന്ത പദ്ധതിയിൽ (ഫ്ലഡ്സ്കീം) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത്; വിശദമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## പ്രളയത്തിൽ നാദാപുരം മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ

299(1457) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ പ്രളയംമൂലം എടച്ചേരി, തൂണേരി, നാദാപുരം, വളയ, ചെക്കിയാട്, വാണിമേൽ, നരിപ്പറ്റ, കായക്കൊടി, മരുതോങ്കര, കാവിലുംപാറ തുടങ്ങിയ പഞ്ചായത്തുകളിൽ ഉണ്ടായ നാശ നഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിനും എത്ര രൂപ നഷ്ട പരിഹാരമായി നൽകിയിട്ടുണ്ടെന്ന് പേര് സഹിതം വിശദമാക്കാമോ;

(സി) പ്രളയത്തിൽ തകർന്ന വീടുകളുടെ എണ്ണം പഞ്ചായത്ത് തരം തിരിച്ച് പൂർണ്ണം/ഭാഗികം എന്നീ ക്രമത്തിൽ, ആളുകളുടെ പേര്, മേൽവിലാസം എന്നിവ സഹിതം വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) വീടുകളുടെ പുനർനിർമ്മാണ പദ്ധതി ഏത് ഏജൻസിയിലൂടെ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| **ഭവന നാശം** | |
|---|---|
| **എടച്ചേരി ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | ഇല്ല |
| ഭാഗികം | 1 |
| **നരിപ്പറ്റ ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 3 |
| ഭാഗികം | 16 |
| **നാദാപുരം ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | ഇല്ല |
| ഭാഗികം | 13 |

| | |
|---|---|
| **വളയം ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 1 |
| ഭാഗികം | 20 |
| **വാണിമേൽ ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 3 |
| ഭാഗികം | 57 |
| **ചെക്ക്യാട് ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 2 |
| ഭാഗികം | 3 |
| **മരുതോങ്കര ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 16 |
| ഭാഗികം | 43 |
| **കാവിലുംപാറ ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | 7 |
| ഭാഗികം | 80 |
| **കായക്കൊടി ഗ്രാമപഞ്ചായത്ത്** | |
| പൂർണ്ണം | ഇല്ല |
| ഭാഗികം | 15 |

| | |
|---|---|
| **കൃഷിനാശം** | |
| **ചെക്ക്യാട് ഗ്രാമപഞ്ചായത്ത്** | |
| വാഴ | 2 ഹെക്ടർ |
| തെങ്ങ് | 30 |
| കുരുമുളക് | 5 ഹെക്ടർ |
| കവുങ്ങ് | 1 ഹെക്ടർ |

| | |
|---|---|
| **വാണിമേൽ ഗ്രാമപഞ്ചായത്ത്** | |
| തെങ്ങ്, റബ്ബർ, വാഴ ഉൾപ്പെടെ | 6 ഹെക്ടർ |
| **നാദാപുരം ഗ്രാമപഞ്ചായത്ത്** | |
| റോഡുകൾ | 11.5 കി.മി. |
| **വളയം ഗ്രാമപഞ്ചായത്ത്** | |
| റോഡുകൾ | 24.63 കി.മി. |
| **നരിപ്പറ്റ ഗ്രാമപഞ്ചായത്ത്** | |
| പാലം(PWD) | 60 ലക്ഷം |
| **മരുതോങ്കര ഗ്രാമപഞ്ചായത്ത്** | |
| റോഡുകൾ | 7.54 കി.മി. |
| കൃഷിനാശം | 2.2092 |
| **കാവിലുംപാറ ഗ്രാമപഞ്ചായത്ത്** | |
| തകർന്ന റോഡുകൾ | 17 കി.മി. |

(ബി)

| | |
|---|---|
| എടച്ചേരി | 580465 |
| നാദാപുരം | 232825 |
| വളയം | 287850 |
| ചെക്യാട് | 454075 |
| വാണിമേൽ | 471000 |
| നരിപ്പറ്റ | 2383750 |
| കായക്കൊടി | 422700 |
| മരുതോങ്കര | 865700 |
| കാവിലുംപാറ | 4634500 |

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് 2018-ൽ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കുതലത്തിൽ വിളിച്ചുചേർക്കാനും വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകാനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 75%-ൽ അധികമോ, പൂർണ്ണമായോ വീട് തകർന്ന 18347 കുടുംബങ്ങളിൽ, സ്വയം വീട് നിർമ്മിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച 4635 കുടുംബങ്ങൾക്ക് ആദ്യഗഡുവായ ശരാശരി ഒരു ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കി. 15%-ൽ അധികം നാശം നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും മാനദണ്ഡപ്രകാരം സഹായമായി ഇതുവരെ 29.37 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു.

'സുരക്ഷിത കൂടൊരുക്കാം കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു. ലൈഫ് മിഷൻ ആണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല.

### കോഴിക്കോട് ജില്ലയിലെ ഫ്ലഡ് പ്രവൃത്തികൾ

300(1458) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2016-17,2017-18,2018-19 എന്നീ വർഷങ്ങളിൽ ഫ്ലഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പണം അനുവദിച്ച റോഡുകളുടെ പട്ടിക, വർഷം, നിയോജകമണ്ഡലം, റോഡിന്റെ പേര് എന്നീ ക്രമത്തിൽ വിശദമാക്കാമോ;

(ബി) ഫ്ലഡ് പ്രവൃത്തിയിൽ ഒരു റോഡിന് അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾ അനുവദിക്കാറില്ല. കോഴിക്കോട് ജില്ലയിൽ അനുവദിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) കേന്ദ്ര/സംസ്ഥാന പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിനായി ഗ്രാമീണ റോഡുകൾക്ക് ഒരു കിലോമീറ്ററിന് 60,000 (അറുപതിനായിരം രൂപ മാത്രം) രൂപയും മേജർ റോഡുകൾക്ക് ഒരു കിലോമീറ്ററിന് 1 ലക്ഷം രൂപയുമാണ് അനുവദനീയമായിട്ടുള്ളത്.

**കാലവർഷത്തെത്തുടർന്ന് മാറ്റിപ്പാർപ്പിച്ചവരുടെ വിവരങ്ങൾ**

301(1459) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റുമാസം ഉണ്ടായ ശക്തമായ കാലവർഷത്തെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവരുടെയും ബന്ധുവീടുകളിലും മറ്റും അഭയം പ്രാപിച്ചവരുടെയും വ്യക്തമായ വിവരങ്ങൾ ലഭ്യമാണോ; ആകെ എത്ര പേർ സ്വഭവനത്തിൽനിന്നും മാറ്റിപ്പാർപ്പിക്കപ്പെട്ടു; വ്യക്തമാക്കുമോ;

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ ഇത്തരം എത്ര ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു; വിശദാംശങ്ങൾ നൽകാമോ;

(സി) ഇപ്രകാരം ക്യാമ്പുകളിലും മറ്റും കഴിഞ്ഞിരുന്നവർക്ക് ഇതിനോടകം എത്ര തുക വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ, കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാണ്ടം പ്രകാരം 3415937 പേരെ 12253 ക്യാമ്പുകളിലായി 29-5-2018 മുതൽ 31-8-2018 വരെ വിവിധ ദിവസങ്ങളിലും സ്ഥലങ്ങളിലുമായി താമസിപ്പിച്ചിട്ടുണ്ട്. ബന്ധുവീടുകളിലേയ്ക്ക് മാറിയവരുടെ വിവരം ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 5130 കുടുംബങ്ങളിലെ 18938 ആളുകളെ മാറ്റി പാർപ്പിച്ചിരുന്നു.

(സി) ഇടുക്കി നിയോജകമണ്ഡലത്തിൽ രണ്ട് ദിവസത്തിലധികം വെള്ളം കെട്ടി നിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ 4443 കുടുംബങ്ങൾക്ക് ഒറ്റത്തവണ ആശ്വാസ ധനസഹായമായി 10,000 രൂപ വീതം നൽകിയിട്ടുണ്ട്.

### കരുനാഗപ്പള്ളി താലൂക്കിൽ വീട് നശിച്ചവർക്ക് നഷ്ടപരിഹാരം

302(1460) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ 2018 ജൂണിലുണ്ടായ കാലവർഷക്കെടുതിമൂലം വീട് നശിച്ചവർക്ക് ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് എത്രയും പെട്ടെന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തരമായി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പെരിന്തൽമണ്ണ മണ്ഡലത്തിലെ തകർന്ന വീടുകൾക്കുള്ള ധനസഹായം

303(1461) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ആകെ എത്ര വീടുകൾ തകർന്നിട്ടുണ്ട്; പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ദുരന്തത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പ്രസ്തുത മണ്ഡലത്തിലെ എത്ര പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്ര പേർക്ക് ധനസഹായം നൽകാനുണ്ട് ; ഓരോരുത്തർക്കും എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നാശനഷ്ടങ്ങൾ സംഭവിച്ച എല്ലാവർക്കും ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കഴിയാത്തതെന്തുകൊണ്ട്; ആയത് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ആകെ 189 വീടുകൾ തകർന്നിട്ടുണ്ട്. ആയതിൽ 42 വീടുകൾ പൂർണ്ണമായും 146 വീടുകൾ ഭാഗികമായും തകർന്നവയാണ്.

(ബി) ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 1062 പേർക്ക് ആശ്വാസ ധനസഹായമായി 10,000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ പൂർണ്ണഭവനനാശം സംഭവിച്ചതിൽ 5 പേർക്ക് SDRF-ൽനിന്നും 95,100 രൂപ വീതം അനുവദിച്ചിട്ടുള്ളതും 5 വീടുകൾ സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള വീടുകൾക്ക് തുക വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്. ജൂൺ, ജൂലൈ മാസങ്ങളിലായി പ്രകൃതി ക്ഷോഭത്തിൽ നാശം സംഭവിച്ച 40 വീടുകൾക്ക് 3,95,450 രൂപ SDRF-ൽനിന്നും അനുവദിച്ചിട്ടുള്ളതാണ്. പ്രകൃതിക്ഷോഭത്തിൽ മരണം സംഭവിച്ച രണ്ട് വ്യക്തികളുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. കൃഷിനാശം സംഭവിച്ച 830 കർഷകർക്ക് 1,32,29,393 രൂപ (ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) ഇതുവരെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഇനി 440 കർഷകർക്കുകൂടി നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

(സി) നാശനഷ്ടങ്ങൾ സംഭവിച്ചതിനെത്തുടർന്ന് അപേക്ഷ സമർപ്പിച്ചതിൽ അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകർ ഹാജരാക്കിയ ബാങ്ക് അക്കൗണ്ടിലെ പിശകുമൂലം വിതരണത്തിൽ കാലതാമസം നേരിട്ടുവെങ്കിലും ന്യൂനത പരിഹരിച്ച് മുഴുവൻ പേർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഭവനനാശം സംഭവിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1,01,11,616 (ഒരു കോടി ഒരു ലക്ഷത്തി പതിനൊന്നായിരത്തി അറുനൂറ്റി പതിനാറ് രൂപ) കൂടി കർഷകർക്ക് നൽകാനുണ്ട്. ഇതിൽ കേന്ദ്ര വിഹിതമായി നൽകേണ്ട 12 ലക്ഷത്തോളം രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വിഹിതം ലഭിക്കുന്ന മുറയ്ക്ക് ആയത് വിതരണം ചെയ്യുന്നതാണ്.

## വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ

304(1462) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് സ്കീമിൽ അനുവദിക്കപ്പെട്ട മൺ റോഡുകൾ ഫ്ലഡ് സ്കീമിൽ ടാർ ചെയ്യുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ബി) ഫ്ലഡ് സ്കീമിൽ മൺ റോഡുകൾ ടാർ ചെയ്യാൻ ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ താത്കാലിക പുനരുദ്ധാരണം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിലെ വ്യവസ്ഥകളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗവുമായി ബന്ധപ്പെട്ടും അനുവദനീയമായിട്ടുള്ളത്. അതുപ്രകാരം പ്രകൃതി ദുരന്തത്തിൽ തകരുന്ന മൺറോഡുകൾ ഉൾപ്പെടെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിൽ 60,000 രൂപ (അറുപതിനായിരം രൂപ മാത്രം) മാത്രമാണ് ഒരു കിലോമീറ്റർ റോഡിന് അനുവദനീയമായിട്ടുള്ളത്. പ്രസ്തുത മാനദണ്ഡപ്രകാരം മൺറോഡുകളിൽ പുതിയ ടാറിംഗ് പോലുള്ള പ്രവൃത്തികൾ അനുവദനീയമല്ല. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

## കാലവർഷക്കെടുതിയിലെ നാശനഷ്ടങ്ങൾ

305(1463) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ജൂലൈയിൽ ഉണ്ടായ കാലവർഷ കെടുതിയിൽ കൃഷിനശിച്ചതിന്റെയും വസ്തുവകകൾ നശിച്ചതിന്റെയും കണക്ക് എടുത്തിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രസ്തുത കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും കൃഷിയും വീടും നശിച്ചവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം 244.17 കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ അവലോകന പ്രകാരം കാർഷിക മേഖലയിലെ നഷ്ടം- 6280.7 കോടി രൂപ, മൃഗസംരക്ഷണ മേഖലയിലെ നഷ്ടം-687.5 കോടി രൂപ എന്നതാണ്.

(സി) സംസ്ഥാനത്ത് 2018 മേയ് മാസം 29-ാം തീയതി മുതൽ ആരംഭിച്ച കാലവർഷത്തിൽ കൃഷി നഷ്ടപ്പെട്ട കർഷകർക്കായി 27-11-2018-വരെ 51.5 കോടി രൂപ ചെലവഴിച്ചു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റാൻ മാനദണ്ഡം അനുസരിച്ച് കർഷകർക്കായി, കൃഷി വകുപ്പിന് 7.1 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാല് ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്. ദുരന്തത്തിൽ തകർന്ന വീടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ തരംതിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാല് ലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിനുപുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.

**പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത**

306(1464) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ദശാബ്ദങ്ങളായുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**വെളിയം വില്ലേജ് ആഫീസ്**

307(1465) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം വില്ലേജ് ആഫീസിനെ സ്മാർട് വില്ലേജ് ആഫിസ് ആക്കി മാറ്റുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിർമ്മാണ ചുമതല നിക്ഷിപ്തമാക്കിയിരിക്കുന്നത് ആരിലാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ വെളിയം വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) നിർമ്മാണച്ചുമതല കൊല്ലം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 15-9-2018-ൽ നിർമ്മിതി കേന്ദ്ര എക്സിക്യൂട്ടീവ് സെക്രട്ടറിയുമായി ജില്ലാ കളക്ടർ കരാർ ഒപ്പുവച്ചിട്ടുള്ളതാണ്.

**വാമനപുരം മണ്ഡലത്തിലെ പാങ്ങോട് വില്ലേജ് ആഫീസ്**

308(1466) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാങ്ങോട് വില്ലേജ് ആഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) പാങ്ങോട് വില്ലേജ് ആഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ പ്പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വിളപ്പിൽ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ്

309(1467) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസിനെ 2018-19 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസാക്കി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തിരമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് വില്ലേജ് ഓഫീസുകൾ ഘട്ടംഘട്ടമായി സ്മാർട്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിക്കുന്നതിന് വില്ലേജ് ഓഫീസുകളെ ഇതിനകം തെരെഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ വിളപ്പിൽ വില്ലേജാഫീസ് ഉൾപ്പെട്ടിട്ടില്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് വിവിധ ഓഫീസുകൾ മാറ്റുന്നത് സംബന്ധിച്ച്

310(1468) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം ഘട്ട പ്രവർത്തനം പൂർത്തീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഏതെല്ലാം ഓഫീസുകൾക്കാണ് പൂർത്തീകരിച്ച കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറുന്നതിനു സ്ഥലം അനുവദിച്ചിട്ടുള്ളത്;

(സി) വൈദ്യുതി കണക്ഷൻ ലഭിച്ച സാഹചര്യത്തിൽ ഓഫീസുകൾ മാറ്റുന്നതിന് എന്തെങ്കിലും തടസം നിലവിലുണ്ടോ;

(ഡി) സ്വന്തമായി ഓഫീസ് നിലവിലില്ലാത്ത ഫുഡ് സേഫ്റ്റി ഓഫീസും, കാലവർഷത്തിൽ വാടകക്കെട്ടിടം മുങ്ങിപ്പോയതിനാൽ പ്രവർത്തനം പ്രതിസന്ധിയിലായ എക്സൈസ് റേഞ്ച് ഓഫീസും കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എക്സൈസ് ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ്, സബ് ട്രഷറി, കൃഷി ഭവൻ, ബ്ലോക്ക് പഞ്ചായത്ത്, എഞ്ചിനീയറിംഗ് സെക്ഷൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കോൺഫറൻസ് ഹാൾ എന്നിവയ്ക്കാണ് സ്ഥലം അനുവദിച്ചത്.

(സി) സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി തുടങ്ങിയതിനാൽ എക്സ്പാൻഷൻ, ജോയിന്റ്, സ്റ്റെയർ കേസ് എന്നിവ വഴി വെള്ളം താഴത്തെ നിലയിലേയ്ക്ക് ഇറങ്ങുന്നതിനാൽ ഓഫീസുകൾ ഇപ്പോൾ പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണ്.

(ഡി) ഈ രണ്ട് ഓഫീസുകൾക്കും സ്ഥലം അനുവദിച്ചിട്ടുണ്ട്. എന്നാൽ രണ്ടാംഘട്ട പ്രവൃത്തിമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവായാൽ മാത്രമെ ഈ ഓഫീസുകൾക്ക് സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കാൻ കഴിയുകയുള്ളൂ.

## സ്മാർട്ട് വില്ലേജുകൾ

311(1469) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജായി ഉയർത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര വില്ലേജുകളാണ് സ്മാർട്ടാക്കിയിട്ടുള്ളത്;വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്മാർട്ട് വില്ലേജായി ഉയർത്തിയ വില്ലേജുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ 2018-19 വർഷം വരെ ആകെ 9 വില്ലേജുകൾ സ്മാർട്ടാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കാസർഗോഡ്, വലിയപറമ്പ്, ബേളൂർ, കള്ളാർ, വോർക്കാടി, ചിത്താരി, പരപ്പ, ചെറുവത്തൂർ, ഹൊസബെട്ടു.

**അനങ്ങനടി, ഷൊർണ്ണൂർ I & II എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം**

312(1470) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി, ഷൊർണ്ണൂർ I & II എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലുകളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ I, ഷൊർണ്ണൂർ II, അനങ്ങനടി വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ, പ്ലാൻ സ്കീമിലെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജ് ഓഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിറവം മണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം

313(1471) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കുലയറ്റിക്കര, കീച്ചേരി വില്ലേജുകളാക്കി മാറ്റിയ നടപടിക്കുശേഷം പ്രസ്തുത വില്ലേജുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച 10 വില്ലേജുകളിൽ ഉൾപ്പെട്ട എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുലയറ്റിക്കര ഉൾപ്പെടെയുള്ള വില്ലേജുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ടി ഗ്രൂപ്പ് വില്ലേജുകളിൽ നിലവിലുള്ള തസ്തികകളുടെയും പൊതുവിൽ വില്ലേജ് ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം ആയത് ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വില്ലേജുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## റവന്യൂ വകുപ്പിലെ തസ്തികകൾ

314(1472) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്; എത്ര തസ്തികകൾ വെട്ടിക്കുറിച്ചിട്ടുണ്ട്; പകർപ്പ് സഹിതം എണ്ണം നൽകാമോ;

(ബി) വെട്ടിക്കുറയ്ക്കുന്ന തസ്തികകൾ ജോലി ഭാരം കൂടിയ (റവന്യൂ ആഫീസുകളിലെ റവന്യൂ ഡിവിഷണൽ ഓഫീസ്, വില്ലേജ് ഓഫീസുകൾ) ഓഫീസുകളിൽ പുനർവിന്യസിച്ച് ജോലിഭാരം ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികയായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽനിന്നും 50% വില്ലേജ് അസിസ്റ്റന്റ് തസ്തികയായി പുനക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ വില്ലേജ് ഓഫീസർമാരുടെ ശമ്പളം 29200-62400 രൂപ സ്കെയിലും റവന്യൂ ഇൻസ്പെക്ടർ/ ഹെഡ് ക്ലാർക്ക് മാരുടെ ശമ്പളം 27800-59400 രൂപ സ്കെയിലും ആക്കിയിരുന്നെങ്കിലും ചില ജില്ലയിൽ വില്ലേജ് ഓഫീസർമാരുടെ ശമ്പളം വ്യത്യസ്തമായ തരത്തിലാണ് നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9-10-2017-ലെ G.O.(Rt.)No. 4246/2017/Rd പ്രകാരം കൊല്ലം, കോട്ടയം ജില്ലകളിൽ ഇടമൺ കൊച്ചി 400 KV ട്രാൻസ്മിഷൻ ലൈൻ പ്രവർത്തനങ്ങൾക്കായി രണ്ട് എൽ.എ. യൂണിറ്റുകളിലായി 22 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 13-12-2017-ലെ സ.ഉ.(കൈ)നമ്പർ 429/2017/റവ. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുതിയ രണ്ട് താലൂക്കുകൾ സൃഷ്ടിക്കുകയും ഓരോന്നിനും 55 തസ്തികകൾ വീതം 110 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 6-2-2018-ലെ സ.ഉ.(കൈ.)നമ്പർ 45/2018/റവ. നമ്പർ ഉത്തരവ് പ്രകാരം 5 റവന്യൂ ഡിവിഷണൽ ആഫീസുകളിൽ 24 വീതം 120 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 14-8-2018-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 3377/2018/ ആർ.ഡി. പ്രകാരം കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഇന്റർനാഷണൽ ആയുർവേദിക് റിസർച്ച് സെന്ററിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് 8 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 28-06-2018-ലെ സ.ഉ.(കൈ) നമ്പർ 239/2018/റവ. നമ്പർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ പുനലൂർ ആസ്ഥാനമായി സൃഷ്ടിക്കപ്പെട്ട പുതിയ റവന്യൂ ഡിവിഷണൽ ആഫീസിൽ 24 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 5 |
| 2 | റവന്യൂ ഡിവിഷണൽ ഓഫീസർ | 1 |
| 3 | സീനിയർ സൂപ്രണ്ട് | 1 |
| 4 | തഹസീൽദാർ | 12 |
| 5 | ഡെപ്യൂട്ടി തഹസീൽദാർ | 24 |
| 6 | ജൂനിയർ സൂപ്രണ്ട് | 2 |
| 7 | വാല്വേഷൻ അസിസ്റ്റന്റ് | 5 |
| 8 | റവന്യൂ ഇൻസ്പെക്ടർ | 6 |
| 9 | ഹെഡ് ക്ലാർക്ക് | 3 |
| 10 | സി.എ. | 6 |
| 11 | സർവ്വേയർ | 10 |
| 12 | സീനിയർ ക്ലാർക്ക് | 72 |
| 13 | ക്ലാർക്ക് | 70 |
| 14 | ടൈപ്പിസ്റ്റ് | 12 |
| 15 | അറ്റൻഡർ | 8 |
| 16 | ഓഫീസ് അറ്റൻഡന്റ് | 30 |
| 17 | ഡ്രൈവർ | 8 |
| 18 | പാർട്ട് ടൈം സ്വീപ്പർ | 8 |
| 19 | ചെയിൻമാൻ | 1 |
| | ആകെ | 284 |

റവന്യൂ വകുപ്പിൽ നിലവിൽ തസ്തികകളൊന്നും വെട്ടിക്കുറച്ചിട്ടില്ല.

(ബി) റവന്യൂ ഡിവിഷണൽ ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലാൻഡ് റവന്യൂ വകുപ്പിൽ തുടർച്ചാനുമതിയിൽ പ്രവർത്തിക്കുന്ന താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികകളാക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറും ലാൻഡ് ബോർഡ് സെക്രട്ടറിയും ശിപാർശകൾ

സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതിനുള്ള അനുമതി മാത്രമെ ധനകാര്യ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയിട്ടുള്ളതാണ്.

(ഡി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികകളാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിച്ച നിവേദനം പരിശോധിച്ചുവരികയാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## അമ്പായത്തോട് മിച്ചഭൂമിയിലെ താമസക്കാർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ്

315(1473) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പായത്തോട് മിച്ച ഭൂമിയിലെ താമസക്കാർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ ലൈഫ് ഭവന പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തീർപ്പ് അനുസരിച്ച് മാത്രമെ പട്ടയം നൽകുകയുള്ളൂ എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മാത്രമാണ് കൈവശക്കാർക്ക് ഫോറം-18 (ഓഫർ ഓഫ് അസൈൻമെന്റ്) നൽകിയിട്ടുള്ളത്. കൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടില്ല. ആയതിനാൽത്തന്നെ കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കാനുമാകില്ല.

(സി) ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

## പുതുപ്പാടി വില്ലേജിലെ ഭൂമിയുടെ ക്രയവിക്രയം

316(1474) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തിയുടെ പരാതിയെത്തുടർന്ന് വന്ന കോടതി ഇഞ്ചക്ഷൻ ഉത്തരവ് കാരണം പുതുപ്പാടി വില്ലേജിലെ ചില സർവ്വേ നമ്പരുകളിലുള്ള ഭൂമിയുടെ ക്രയവിക്രയം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടതെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പുതുപ്പാടി വില്ലേജ് പുതുപ്പാടി ദേശത്ത് റീസർവ്വേ 1/1100/1-ൽപ്പെട്ട സ്ഥലങ്ങൾക്ക് ബഹുമാനപ്പെട്ട കോഴിക്കോട് സബ് കോടതിയിൽനിന്നും ക്രയവിക്രയം തടഞ്ഞുകൊണ്ടുള്ള ഒരു ഇഞ്ചക്ഷൻ ഓർഡർ നിലവിലുണ്ട്.

(ബി) രണ്ട് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള കേസായതിനാലും ഗവൺമെന്റ് ഒരു കക്ഷി അല്ലാത്തതിനാലും ഇഞ്ചക്ഷൻ നൽകപ്പെട്ട സ്ഥലങ്ങളിൽ സർക്കാർ സ്ഥലങ്ങളില്ലാത്തതിനാലും നിലവിൽ ഒരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് നിയമോപദേശം ലഭ്യമായിട്ടുണ്ട്.

## പരശ്ശുവയ്ക്കൽ വില്ലേജാഫീസിനെ സ്മാർട്ട് വില്ലേജാക്കുന്നതിന്റെ നടപടിക്രമങ്ങൾ

317(1475) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ, കുന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജാഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജാഫീസുകളായി ഉയർത്തുന്നത്; ആയതിലേക്കായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ നൽകാമോ;

(സി) പരശ്ശുവയ്ക്കൽ വില്ലേജാഫീസിനെ സ്മാർട്ട് വില്ലേജാക്കി ഉയർത്തുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസിന് 2018-19 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് SILK എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. അപ്രകാരം കുന്നത്തുകാൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളറട വില്ലേജ് ഓഫീസ് കെട്ടിടം മുമ്പ് സ്ഥിതി ചെയ്തിരുന്ന സ്ഥലം സംബന്ധിച്ച് വനം വകുപ്പ് അവകാശം ഉന്നയിച്ചിട്ടുണ്ട്. ഈ തർക്കം പരിഹരിച്ച് വില്ലേജ് ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസായി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയതിൽനിന്നും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് സ്മാർട്ട് വില്ലേജ് ഓഫീസ് പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

(സി) പരശ്ശുവയ്ക്കൽ വില്ലേജാഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിന് ഫണ്ടും ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പരശ്ശുവയ്ക്കൽ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

**കിഴക്കേകോട്ടയിലെ അനധികൃത കയ്യേറ്റം**

318(1476) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ കിഴക്കേകോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റും പാട്ടക്കാലാവധി കഴിഞ്ഞതിനാൽ പാട്ടം റദ്ദാക്കിയ സ്ഥലത്തിന്റെ അളവ് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ആരുടെയൊക്കെ പേരിൽ എത്ര കച്ചവട/ഇതര സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; അനധികൃത കൈയ്യേറ്റ ഉടമകളിൽനിന്ന് സബ്‌ലെറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണവും നിയമ വിധേയമാണോ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ എന്ത് മാനദണ്ഡത്തിലാണ് പ്രവർത്തിക്കുന്നതിന് അനുവദിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇവിടെയുള്ള കെ.എസ്.ആർ.ടി.സി വക 72.250 സെന്റ് ഭൂമിയിൽ പ്രവർത്തിച്ച് വരുന്ന അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്ത് ക്രിയാത്മക നടപടിയാണ് ഈ ഗവൺമെന്റ് വന്ന നാൾ മുതൽ സ്വീകരിച്ചതെന്ന് തീയതി സഹിതം വ്യക്തമാക്കുമോ;

(ഡി) വളരെക്കാലമായി കയ്യേറ്റം ഒഴിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടും ഇത്തരക്കാരെ കയ്യേറിയ ഇടങ്ങളിൽ തുടരാൻ അനുവദിക്കുന്നത് മറ്റ് ഇടങ്ങളിലും ഗവൺമെന്റ് ഭൂമി കയ്യേറുന്നതിന് സഹായകരമാകുമെന്നതിനാൽ സത്വരം ഒഴിപ്പിക്കൽ നടപടി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മണക്കാട് വില്ലേജിൽ സർവ്വേ നമ്പർ 1/1-ൽ ഉൾപ്പെട്ട 15.456 സെന്റ് സ്ഥലവും വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 659-ൽ ഉൾപ്പെട്ട 8.503 സെന്റ് സ്ഥലവും.

(ബി) 20 കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവരുടെ പേര് ചുവടെ ചേർക്കുന്നു:

1. ശ്രീ. കെ. റ്റി. ശ്രീജിത്ത്
2. ശ്രീ. ബൈജു ആർ.
3. ശ്രീ. ഷാഹുൽ ഹമീദ് ആർ.
4. ബാലരാമപുരം ഹാൻഡ് ലൂം
5. ശ്രീമതി കുശലകുമാരി കെ.
6. ശ്രീ. രവീന്ദ്രൻ നായർ സി.
7. ശ്രീ. ശോഭനകുമാർ പി.
8. ശ്രീമതി ആബിദാ ബീഗം എ.

9. ശ്രീമതി അംബിക ജി.

10. ശ്രീ. സനൂജ് എസ്.

11. ശ്രീ. നിസ്സാം എം.

12. ശ്രീ. രാജൻ എം. പി.

13. ശ്രീ. ലത്തീഫ് ഇബ്രാഹിം പി. എ.

14. ശ്രീ. ജയകുമാർ എസ്.

15. ശ്രീമതി ക്രിസ്റ്റി സി. ആർ.

16. ശ്രീ. വിജയകുമാർ വി.

17. ശ്രീമതി സുരേഖാ സി. എം.

18. ശ്രീ. സനൽ കെ.

19. ശ്രീ. സാബു കെ.

20. ശ്രീ. സാദിഖ് എസ്.

സബ് ലെറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം ലഭ്യമല്ല.

(സി) കേരള ഭൂസംരക്ഷണ നിയമം, 1958 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും സമ്മറി ഒഴിപ്പിക്കലിനായി തിരുവനന്തപുരം തഹസീൽദാർ അനധികൃത സ്ഥാപനങ്ങൾക്ക് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള ഫോറം സി.സി. നോട്ടീസ് 15-4-2017-ന് നൽകുകയും ചെയ്തിരുന്നു. ടി സ്ഥാപനങ്ങളുടെ പുനരധിവാസം സർക്കാർ പരിഗണനയിലായതിനാൽ ഒഴിപ്പിക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ചെറുകിട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഒഴിപ്പിക്കുന്ന നടപടി പ്രാവർത്തികമാക്കുന്നതാണ്.

## ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡ്

319(1477) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡിന്റെ കൈവശത്തിലുള്ള സർക്കാരിന്റെ മുപ്പത്തി എട്ടായിരം ഏക്കർ ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച് കോടതിയിലെ രണ്ടംഗ ബഞ്ചിന്റെ വിധിയും സർക്കാരിന് എതിരായി വന്നശേഷം കൈകൊണ്ട നടപടികൾ എന്തൊക്കെ;വ്യക്തമാക്കാമോ;

(സി) ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരും അഭിഭാഷകരും വേണ്ടത്ര ജാഗ്രത കേസ് നടത്തിപ്പിൽ കാണിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെയും അവരിൽനിന്ന് ഭൂമി വാങ്ങിയവരുടെയും പക്കൽനിന്നും ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കൈവശമുള്ള 38171 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ്, ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ WP(C)33122/2014 കേസിലെ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇതിൽ ഗോസ്പൽ ഫോർ ഏഷ്യ, റ്റി.ആർ.&റ്റി., ബോയ്സ് എസ്റ്റേറ്റ്, റിയ എന്നീ കമ്പനികളിൽനിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകളും ഉൾപ്പെടുന്നു. അതിനെതിരെ സുപ്രീംകോടതിയിൽ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളുകയും ചെയ്തിട്ടുണ്ട്. മറ്റ് കമ്പനികളുടെ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതും അന്തിമവിധി വന്നിട്ടില്ലാത്തതുമാകുന്നു. ഇതോടൊപ്പം തന്നെ വയനാട് ജില്ലയിൽ എച്ച്.എം.എൽ. കൈവശം വയ്ക്കുന്ന ഭൂമി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് കോടതി അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡിവിഷൻ ബഞ്ചിന്റെ വിധി സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമാകയാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത എസ്.എൽ.പി.-കൾ വാദം കേൾക്കാതെ തള്ളിക്കളയുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ ഹൈക്കോടതി മുമ്പാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാനാകുമോ എന്നതിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. കൂടാതെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സർക്കാരിന് പ്രസ്തുത ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

## മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ

320(1478) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ മലപ്പുറം ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ ഓരോ താലൂക്കിലും പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലവഴിച്ച കണക്കുകളും വെളിപ്പെടുത്തുമോ;

(സി) പ്രളയക്കെടുതി മൂലം വീടുകളിൽ മലിനജലം കയറിയവർക്കുള്ള 10,000 രൂപ നഷ്ടപരിഹാര തുക ഇതുവരെ എത്ര കുടുംബങ്ങൾക്ക് വിതരണം ചെയ്തു; താലൂക്ക് തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇനിയും തുക ലഭിക്കാത്തവരുണ്ടെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പരാതി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മലപ്പുറം ജില്ലയിൽ 488 വീടുകൾക്ക് വാസയോഗ്യമല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ട്. 333 കുടുംബങ്ങൾ സ്വന്തമായി വീട് നിർമ്മിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിൽ 138 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. 121 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. 675 വീടുകൾ 60-74% തകർച്ച നേരിടുകയും 952 വീടുകൾ 30-59% തകർച്ച നേരിടുകയും 1459 വീടുകൾ 16-29% തകർച്ച നേരിടുകയും 3838 വീടുകൾക്ക് 15% തകർച്ച നേരിടുകയും ചെയ്തിട്ടുണ്ട്. 29-05-2018 മുതൽ 31-8-2018 വരെ 6295.9 ഹെക്ടർ സ്ഥലത്ത് 33% ത്തിലധികം കൃഷി നഷ്ടമുണ്ടായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 1231 കിലോമീറ്റർ റോഡിനും 18 പാലങ്ങൾക്കും തകർച്ച നേരിട്ടിട്ടുണ്ട്. 27 സ്കൂളുകൾ, 73 അങ്കണവാടികൾ, 32 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 22 മറ്റ് കെട്ടിടങ്ങൾ 2346.7 കിലോമീറ്റർ റോഡ് എന്നിവയ്ക്ക് തകർച്ച ഉണ്ടായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മലിനജലം കയറിവർക്കല്ല 10,000 രൂപ സഹായം പ്രഖ്യാപിച്ചത്. രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75%-ൽ അധികം

നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് 10,000 രൂപ സഹായം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം അനുവദിച്ചത്. 39970 കുടുംബങ്ങൾക്ക് 10,000 രൂപ സഹായം ലഭിച്ചിട്ടുണ്ട്. അതുപ്രകാരം നിലമ്പൂർ-1576, ഏറനാട്- 3644, പെരിന്തൽമണ്ണ-2857, തിരൂർ-11954, തിരൂരങ്ങാടി-11457, കൊണ്ടോട്ടി-2097, പൊന്നാനി-6385 എന്നിങ്ങനെയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ഡി) അർഹമായ എല്ലാവർക്കും സഹായം ലഭിക്കും. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും (ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്നതാണ്.

## പുറമ്പോക്ക് മദ്യഷാപ്പ് ഭൂമി

321(1479)ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "പുറമ്പോക്ക് മദ്യഷാപ്പ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ള എത്ര ഭൂമിയുണ്ടെന്ന് താലൂക്ക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ടി ഭൂമിയിൽ വീടുകളുണ്ടോയെന്നും പ്രസ്തുത വീടുകൾക്ക നമ്പറുകളുണ്ടോയെന്നും ആരുടെ അധീനതയിൽ ഏത് സർവ്വേ നമ്പറിൽ എത്രകാലമായിട്ടാണ് ഭൂമിയുള്ളതെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി എത്രപേർക്ക പതിച്ചുനൽകിയിട്ടുണ്ടെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) ഭൂമി പതിച്ച നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകരുടെ എണ്ണം, അപേക്ഷ ലഭ്യമായ കാലയളവ്, കാലവിളംബത്തിനുള്ള കാരണം എന്നിവ താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) സമൂഹത്തിന്റെ പൊതുആവശ്യത്തിനായി മാറ്റിവച്ചിട്ടുള്ള സർക്കാർ ഭൂമിയുടെ നിയന്ത്രണാധികാരം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ; ഏതെല്ലാം ഭൂമിയാണ് ഇതിൽ പെടുന്നതെന്നും "പുറമ്പോക്ക് മദ്യഷാപ്പ്" ഭൂമിയുടെ നിയന്ത്രണാധികാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനി ആർക്കെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ മൂളിയാർ, നീർച്ചാൽ, ബേഡഡുക്ക, മുട്ടത്തോടി, ചെങ്കള, മധൂർ എന്നീ വില്ലേജുകളിൽ പുറമ്പോക്ക് മദ്യഷാപ്പ് എന്ന് രേഖപ്പെടുത്തിയ 1.35 ഏക്കർ ഭൂമി നിലവിലുണ്ട്. കാസർഗോഡ് ഒഴികെ മറ്റ് ജില്ലകളിൽ പുറമ്പോക്ക് മദ്യഷാപ്പ് എന്ന് രേഖപ്പെടുത്തിയ ഭൂമിയില്ല.

(ബി) ടി ഭൂമിയിൽ 3 വീടുകളുണ്ട്. നീർച്ചാൽ വില്ലേജിൽ സർവ്വേ നമ്പർ 773/4 എ യിൽപ്പെട്ട 0.10 3/4 ഏക്കർ സ്ഥലം ശ്രീ. സൂപ്പി എന്നവർ 35 വർഷമായും മധൂർ വില്ലേജിൽ സർവ്വേ നമ്പർ 154/132-ൽപ്പെട്ട 0.0275 ഹെക്ടർ സ്ഥലം ശ്രീമതി ജയന്തി എന്നവർ 11 വർഷമായും മുട്ടത്തോടി വില്ലേജിൽ സർവ്വേ നമ്പർ 121/1 ബി-യിൽപ്പെട്ട 0.06 1/2 ഏക്കർ സ്ഥലം ശ്രീമതി ഖദീജ എന്നവർ 16 വർഷമായും കൈവശം വച്ച് വീട് വച്ച് താമസിക്കുന്നു. ടി മൂന്ന് വീടുകൾക്കും വീട്ട് നമ്പർ ലഭ്യമാണോ എന്നുള്ള വിവരം റവന്യൂ വകുപ്പിൽ ലഭ്യമല്ല.

(സി) ഭൂമി ആർക്കും പതിച്ച് നൽകിയിട്ടില്ല. ബേഡഡുക്ക വില്ലേജിലെ 0.15 ഏക്കർ സ്ഥലം ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

**കേരള ഭൂനികുതി നിയമ ഭേദഗതി**

322(1480) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടത്തിയിട്ടില്ലാത്ത ഭൂമിക്ക് കരം സ്വീകരിക്കുവാൻ നേരിടുന്ന തടസ്സം ഒഴിവാക്കുവാൻ 1961-ലെ കേരള ഭൂനികുതി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 1961-ലെ കേരള ഭൂനികുതി ആക്ടിലെ 7-ാം വകുപ്പിലെ 6-ാം ഉപവകുപ്പ് പ്രകാരം, സർവ്വേ ചെയ്തിട്ടില്ലാത്ത ഭൂമിക്ക് കരം സ്വീകരിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും ഇക്കാര്യത്തിനായിട്ടുള്ള സമയപരിധി 31-12-1975 വരെ

മാത്രമെ ഉണ്ടായിരുന്നുള്ളൂ. പല വില്ലേജുകളിലും സർവ്വേ ഇതുവരെയായിട്ടും പൂർത്തിയായിട്ടില്ലാത്തതിനാൽ സർവ്വേ ചെയ്തിട്ടില്ലാത്ത സ്ഥലങ്ങളിലെ ഭൂനികുതി സ്വീകരിക്കുന്ന കാര്യത്തിൽ വില്ലേജ് ഓഫീസർമാർ നിയമപരമായ പരിമിതികൾ നേരിടുന്നുണ്ട്. മേൽപ്പറഞ്ഞ പ്രശ്നം പരിഹരിക്കുന്നതിനായി 1961-ലെ കേരള ഭൂനികുതി ആക്റ്റിലെ 7-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന '1975 ഡിസംബർ 31-ന മുമ്പായി' എന്ന വാക്കുകൾ വിട്ടുകളയാൻ തീരുമാനിക്കുകയുണ്ടായി. ആയതിനുള്ള 2018-ലെ കേരള ഭൂനികുതി (ഭേദഗതി) കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കു ന്നതിനായി ഫയൽ നിയമ വകുപ്പിന്റെ പരിശോധനയിലാണ്.

### അനധികൃത റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി

323(1481) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പുതുതായി നാഷണൽ ഹൈവേകൾ നിർമ്മിച്ചപ്പോൾ ഉപേക്ഷിക്കപ്പെട്ട റോഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉപേക്ഷിക്കപ്പെട്ട റോഡുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി സർവ്വേ നടത്തി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയപാതാ വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ ഉപേക്ഷിക്കപ്പെട്ട റോഡുകൾ ഒന്നുംതന്നെയില്ല. അമരവിള പാലം ഉൾപ്പെടുന്ന പഴയ ഭാഗത്ത് ഇപ്പോൾ ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഈ ഭാഗത്തും എൻ.എച്ച്. 66-ൽ ശാസ്തവട്ടം 16-ാം മൈൽ, ചെമ്പകമംഗലം ജംഗ്ഷനുസമീപം, കഴക്കൂട്ടം, പള്ളിപ്പുറം, കണിയാപുരം, പാങ്ങപ്പാറ എന്നീ ഭാഗങ്ങളിൽ ദേശീയപാതയുടെ അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ ഭാഗമായി ദേശീയപാതയുടെ പഴയ ഭാഗങ്ങൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുതന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മനക്കടവ്-പട്ടിമറ്റം-പത്താംമൈൽ നെല്ലാട് റോഡിലെ പുറമ്പോക്കുഭൂമി

324(1482) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് റോഡായ മനയ്ക്കകടവ് - പട്ടിമറ്റം - പത്താംമൈൽ നെല്ലാട് റോഡിലെ പുറമ്പോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

കുന്നത്തുനാട് താലൂക്ക്, പട്ടിമറ്റം, മഴുവന്നൂർ, ഐരാപുരം, കിഴക്കമ്പലം കുന്നത്തുനാട് എന്നീ വില്ലേജുകളിൽ കൂടി മനയ്ക്കകടവ് മുതൽ നെല്ലാട് വരെയുള്ള റോഡ് കടന്നുപോകുന്നതും ടി റോഡിന്റെ അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിനായി ടി റോഡിന്റെ ഇരുവശത്തുമുള്ള ആളുകളുടെ മേൽവിലാസവും അതിർത്തിയിലെ സർവ്വേ നമ്പരുകളുടെ എഫ്.എം.ബി.-യുടെ (റീ സർവ്വേ പ്ലാൻ) ഹാജരാക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് കുന്നത്തുനാട് അഡീഷണൽ തഹസീൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതും ടി വിഷയം കുന്നത്തുനാട് താലൂക്ക് സർവ്വേയർമാരുടെ പ്രത്യേക പരിഗണന യിലിരിക്കുന്നതുമാണ്.

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള ഭൂമി

325(1483) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള 3800 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള സ്പെഷ്യൽ ഓഫീസറുടെ നടപടി ഹൈക്കോടതിയും സുപ്രീം കോടതിയും റദ്ദാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) സ്പെഷ്യൽ ഓഫീസറുടെ നടപടി റദ്ദാക്കിയതിന് പ്രസ്തുത കോടതികൾ ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും അവരിൽനിന്ന് ഭൂമി വാങ്ങിയവരുടെയും പക്കൽനിന്നും ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കൈവശമുള്ള 38171 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയും അതിനെതിരെ സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) തോട്ടഭൂമി കൈവശം വച്ചിരുന്ന, എച്ച്.എം.എൽ. മുതലായ കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽനിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായി സർട്ടിഫിക്കറ്റുകളും ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും/സർട്ടിഫിക്കറ്റുകളും/ഉടമസ്ഥത അവകാശപ്പെട്ടുകൊണ്ടുള്ള രേഖകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി. ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളത്.

(സി) ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ തുടർനടപടി സ്വീകരിക്കുന്നതും സിവിൽ കോടതി മുഖേന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

326(1484) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തെ തുടർന്ന് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ ഉണ്ടായ സ്ഥലങ്ങളെ അടയാളപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും അല്ലാത്തതുമായ സ്ഥലങ്ങൾ പ്രത്യേകം കണ്ടെത്തി റിപ്പോർട്ട് നൽകുവാൻ റവന്യൂ വകുപ്പ് ജില്ല കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള പ്രദേശങ്ങളെ അടയാളപ്പെടുത്തുമ്പോൾ കസ്തൂരി രംഗൻ റിപ്പോർട്ടിനെ ആശ്രയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ജില്ല കളക്ടർമാർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് മാർഗ്ഗരേഖ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള ഭൂമി നികത്തപ്പെട്ട നെൽവയലുകൾ,തോടുകൾ,നീർതടങ്ങൾ തുടങ്ങി പ്രകൃതിദത്തമായ ആവാസ വ്യവസ്ഥയെ തിരിച്ച് പിടിക്കുവാൻ ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഈ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വീട് നിർമ്മിക്കാൻ യോഗ്യമായ സ്ഥലം കണ്ടെത്തി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ദുരന്തസാധ്യതാ പഠനമല്ല കസ്തൂരിരംഗൻ റിപ്പോർട്ടിലുള്ളത്. മണ്ണിടിച്ചിൽ അടയാളപ്പെടുത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിന്റെ ഉയരം ഉൾപ്പെടെ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം സെൻട്രൽ വാട്ടർ കമ്മീഷനെ ഏൽപ്പിക്കുകയും അവർ കൃത്യമായ ഭൂപടം നിർമ്മിച്ച് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സെൻട്രൽ വാട്ടർ കമ്മീഷൻ എന്നിവർക്ക് അവരുടേതായ അടയാളപ്പെടുത്തൽ മാനദണ്ഡം ഉണ്ട്.

(ഡി&ഇ) മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ളഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM, KFRI, M.G. University, KSRSEC എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനം സർക്കാർ എടുത്തിട്ടുള്ളതിനാൽ ഭൂമിയുടെ ലഭ്യതക്കുറവും പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണവുംകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്.

## നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് നിവാസികൾക്ക് പട്ടയം

327(1485) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കോട്ടൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1 ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് നിവാസികൾ തങ്ങളുടെ കൈവശഭൂമിക്ക് പട്ടയമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോട്ടൂർ വില്ലേജ് സർവ്വേ നമ്പർ 95/1-ൽപ്പെട്ട ഭൂമിയിൽ എസ്.എം.പി.49/77, എസ്.എം.പി. 52/77 എന്നീ മിച്ചഭൂമി കേസുകൾ നിലവിലുണ്ട്. ആയതിനാൽ എസ്.എം.പി. 49/77 നമ്പർ കേസിൽ ടി സർവ്വേ നമ്പറിൽനിന്നും 18.40 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് 23-5-2018-ന് ഉത്തരവായിട്ടുള്ളതും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

എസ്.എം.പി. 52/77-ൽ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ അന്തിമ ഉത്തരവ് ലഭ്യമായാൽ മാത്രമെ ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കാനും പട്ടയം നൽകാനും കഴിയുകയുള്ളൂ.

## പ്രകൃതിക്ഷോഭത്തിൽപ്പെട്ടവർക്ക് നൽകിയ ആശ്വാസ ധനസഹായം

328(1486) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ ജീവഹാനി സംഭവിച്ചവരുടെയും കാണാതായവരുടെയും പേരും മേൽവിലാസവും പഞ്ചായത്തുതിരിച്ച് ലഭ്യമാക്കുമോ;

(ബി) മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് ഇതുവരെ നൽകിയ ആശ്വാസ ധനസഹായത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-ൽ പ്രകൃതിക്ഷോഭത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ ജീവഹാനി സംഭവിച്ചവരുടെയും കാണാതായവരുടെയും പേരും മേൽവിലാസവും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2018-ലെ പ്രകൃതിക്ഷോഭത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മരണമടഞ്ഞ 29 പേരിൽ 28 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം ആകെ 1,12,00,000 രൂപ (ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

**സ്വകാര്യ മേഖലയ്ക്ക് റീസർവ്വേ നടപടികളുടെ ചുമതല**

329(1487) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ നടപടികളുടെ ചുമതല സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) റീസർവ്വേ വിഭാഗത്തിൽ ജോലിചെയ്തിരുന്ന സർവ്വേയർമാരെ സർവ്വേ വിഭാഗത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ;

(സി) റീസർവ്വേ നടത്തുന്നതിന് സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചോ; എങ്കിൽ അവർക്ക് ഇക്കാര്യത്തിൽ വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്;

(ഡി) മൂന്നാറിൽ നടത്തിയ സ്വകാര്യ സർവ്വേ വിജയപ്രദമായിരുന്നോ;

(ഇ) ഭൂമിയുടെ അടിസ്ഥാന രേഖകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സുരക്ഷിതമാകില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) 10-5-2018-ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ റീസർവ്വേ നടപടികളുടെ ചുമതല നാളിതുവരെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എൽ.ആർ.എം. വിഭാഗത്തിലെ അപേക്ഷകൾ തീർപ്പാക്കു ന്നതിനായി താലൂക്കിലെ സ്ഥിരം സർവ്വേയർമാരുടെ തസ്തികകൾ അപര്യാപ്തമായതിനാൽ കൂടുതലായി ആവശ്യമുള്ള സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു. ഇതുകൂടാതെ വിവിധ സ്പെഷ്യൽ സർവ്വേ വർക്കുകളും റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാരെ നിയോഗിച്ചാണ് നിർവ്വഹിച്ചുവരുന്നത്.

(സി) റീസർവ്വേ നടത്തുന്നതിന് അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല. ടി സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ട യോഗ്യതകൾ സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ഡി) സർവ്വേയും ഭൂരേഖയും വകുപ്പിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാറിൽ സ്വകാര്യ സർവ്വേ ഏജൻസികളെ നിയോഗിച്ച് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ OP No. 29673/2001 എന്ന കേസ്സിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കണ്ണൻദേവൻ ഹിൽസിന്റെ സർവ്വേ, 1971-ലെ കണ്ണൻദേവൻ ഹിൽസ് (Resumption of Kerala) Act-ലെ സെക്ഷൻ 6(1) പ്രകാരം ആറുമാസത്തിനകം പൂർത്തിയാക്കുന്നതിനായി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ, 30-11-2006-ലെ സ.ഉ.(സാധാ)നമ്പർ 476/06/റവന്യൂ പ്രകാരം ഹൈദ്രാബാദിലെ NRSA എന്ന ഏജൻസിയെ പ്രസ്തുത സർവ്വേ ജോലികൾ ഏൽപ്പിക്കുകയുണ്ടായി. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പ്രദേശത്തിന്റെ സർവ്വേയ്ക്കുവേണ്ടി മാത്രമായിട്ടാണ് ടി ഏജൻസിയെ ചുമതല ഏൽപ്പിച്ചിരുന്നത്.

(ഇ) ഇല്ല. റീസർവ്വേ പ്രവർത്തനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിന് 10-5-2018-ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), അംഗീകൃത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് എന്നിവയൊന്നും നാളിതുവരെ തയ്യാറാക്കിയിട്ടില്ലാത്തതാണ്. ഇപ്രകാരം അംഗീകൃത ഏജൻസികൾ നടത്തുന്ന സർവ്വേ സംബന്ധിച്ച വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ജീവനക്കാരാണ് നിർവ്വഹിക്കുന്നത്. ടി പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ ഭൂരേഖകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുമുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**റീസർവ്വേ പ്രവർത്തനങ്ങൾ**

330(1488) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) റീസർവ്വേ സംബന്ധിച്ച പ്രവർത്തനങ്ങൾ സ്വകാര്യ ഏജൻസിക്കോ സ്വകാര്യ വ്യക്തികൾക്കോ നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) റീസർവ്വേ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ തലത്തിലോ മറ്റ് തലത്തിലോ ഏതെങ്കിലും വിധത്തിലുള്ള പഠന റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു.

(ബി) 10-5-2018-ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ ഏതെങ്കിലും സ്വകാര്യ ഏജൻസിക്കോ വ്യക്തികൾക്കോ റീസർവ്വേ ജോലി നിർവ്വഹണം നൽകിക്കൊണ്ട് പ്രത്യേകം ഉത്തരവായിട്ടില്ലാത്തതാണ്.

(സി) സംസ്ഥാനത്തെ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി സർക്കാർ അനുവാദത്തോടെ ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, സർവ്വേ അഡീഷണൽ ഡയറക്ടർ, റവന്യൂ ഐ.റ്റി. സെൽ നോഡൽ ഓഫീസർ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ പ്രോജക്ട് മാനേജർ എന്നിവരടങ്ങിയ സംഘം ഗുജറാത്ത് സംസ്ഥാനം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം തുറമുഖത്തിനടുത്തുള്ള സർക്കാർ പുറമ്പോക്ക് ഭൂമി

331(1489) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തോട് ചേർന്നുള്ള 13 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിട്ട് നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച റവന്യൂ/യു-2/112/2017 നമ്പർ ഫയലിൽ ലഭ്യമായിട്ടുള്ള ധനകാര്യവകുപ്പിന്റെ അനുകൂല അഭിപ്രായത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 26-11-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 447/2018/ റവ. നമ്പർ ഉത്തരവിൻ പ്രകാരം കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി കൊല്ലം തുറമുഖത്തോട് ചേർന്നുള്ള കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം. 314-ൽ റീസർവ്വേ 1, 2-ൽപ്പെട്ട 13.7512 ഹെക്ടർ സർക്കാർ കടൽ പുറമ്പോക്ക് (സർക്കാർ പുറമ്പോക്ക്) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി തുറമുഖത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്നതിന് ഭൂമിയുടെ കൈവശാവകാശം തുറമുഖ വകുപ്പിന് കൈമാറി നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തപ്പെട്ട അഡീഷണൽ ഡയറക്ടർ

332(1490) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ നടപടി നിയമവിരുദ്ധമായിക്കണ്ട് ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തി 2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഡെപ്യൂട്ടി ഡയറക്ടറായി തരംതാഴ്ത്തപ്പെട്ടയാൾ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 20-11-2012-ലെ സ.ഉ.(സാധാ) നമ്പർ 6575/12/റവ. പ്രകാരം ശ്രീമതി ഇ. ആർ. ശോഭനയ്ക്ക് KS&SSR ചട്ടം 9a(1) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാതെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ക്രമവിരുദ്ധമായതിനാൽ 4-4-2015-ലെ സ.ഉ.(സാധാ.) നമ്പർ 1816/15/റവ. ഉത്തരവ് പ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിലെ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി ഇ. ആർ. ശോഭനയെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ഉത്തരവായിരുന്നു.

(ബി&സി) ഉണ്ട്. നിലവിൽ ശ്രീമതി ഇ. ആർ. ശോഭന അഡീഷണൽ ഡയറക്ടർ തസ്തികയിൽ തുടരുകയാണ്. 4-4-2015-ലെ സ.ഉ.(സാധാ)നം. 1816/15/റവ. ഉത്തരവ് പ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിലെ അഡീഷണൽ ഡയറക്ടറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീമതി ഇ. ആർ. ശോഭനയെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് തരംതാഴ്ത്തി ഉത്തരവായിരുന്നുവെങ്കിലും സർവ്വേയും ഭൂരേഖയും വകുപ്പിലെ സീനിയോറിറ്റി സംബന്ധിച്ച് ശ്രീമതി ഇ. ആർ. ശോഭന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഫയൽ ചെയ്ത OA 2117/16, OP(KAT)139/18 എന്നീ കേസുകളിൽ തീർപ്പുകല്പിക്കപ്പെടാതിരുന്നതുകൊണ്ടാണ് ടിയാൾ പ്രസ്തുത തസ്തികയിൽ തുടർന്നത്. ടി കേസുകളിലെ വിധിന്യായം യഥാക്രമം 20-3-2018, 8-6-2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധി പകർപ്പുകൾ 1-10-2018-ൽ സർക്കാരിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്മേൽ തുടർ പരിശോധനകൾ നടത്തി വരികയുമാണ്.

**ഭൂഘടനയിൽ സംഭവിച്ച മാറ്റം**

333(1491) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഭൂഘടനയിൽ മാറ്റം സംഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമിയിൽ വിള്ളലുകൾ ഉണ്ടായി മണ്ണിടിഞ്ഞു നീങ്ങുക, ഭൂമി പിളർന്നു പോകുക എന്നീ പ്രതിഭാസംമൂലം ജനങ്ങൾ ആശങ്കയിലാണെന്ന റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ ആശങ്കകൾ അകറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി)) ഉണ്ട്.

(സി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ് മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച/ബാധിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ സംബന്ധിച്ചും പ്രസ്തുത സ്ഥലങ്ങളിൽ പാലിക്കേണ്ടുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ചുമുള്ള വിവരം ആധികാരികമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് നൽകേണ്ടത്. കേരളത്തിൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പഠനം പുരോഗമിച്ചുവരുന്നു.

(ഡി) കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ 2018-ലെ പ്രളയത്തിൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലും ഇതോട് തൊട്ടുചേർന്നുള്ള 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള സ്ഥലങ്ങളും അതിശക്തവും തീവ്രവുമായ മഴക്കാലത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ള സ്ഥലമായി പരിഗണിക്കാം. ഇത്തരം സ്ഥലങ്ങളിൽ വീട് നിർമ്മാണം ജനങ്ങളുടെ ജീവനും സ്വത്തിനും കൂടുതൽ നാശനഷ്ടം സൃഷ്ടിച്ചേക്കുമെന്ന് അനുമാനിക്കുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങളുണ്ടായ ഉടൻതന്നെ സമീപവാസികളെ മാറ്റിപ്പാർപ്പിച്ച് ദുരന്തസാഹചര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മേഖലകളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നുണ്ട്. ഉരുൾപൊട്ടൽ മേഖലകളിൽനിന്നും കെട്ടിടങ്ങളുടെ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും മേൽപ്രദേശത്തെ ജനങ്ങൾക്ക് ബോധവൽക്കരണവും കൗൺസിലിങ്ങും നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ കേരളത്തിലെ 15% ഭൂപ്രദേശം ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ

rebuild.lsgkerala.gov.in-ൽനിന്നും 27-11-2018-ന് ലഭിച്ച വിവരം അനുസരിച്ച്, 823 കുടുംബങ്ങളുടെ വീടുണ്ടായിരുന്ന സ്ഥലങ്ങളാണ് ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യമല്ലാതായത്. ഇവർക്ക് വാസയോഗ്യമായ 3-5 സെന്റ് സ്ഥലം വാങ്ങുവാൻ 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടേയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റേയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ ശിപാർശയുടെ വെളിച്ചത്തിൽ മേൽ വിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി തീരുമാനം കൈക്കൊള്ളുന്നതാണ്.

**ജലാശയങ്ങളോട് ചേർന്ന സ്ഥലം കയ്യേറി നിർമ്മിച്ച വീടുകൾ**

334 (T1492) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷം സംസ്ഥാനത്ത് പുഴകളും കനാലുകളും തോടുകളും കയ്യേറുന്ന പ്രവണത വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പുഴകളുടെയും കനാലുകളുടെയും തോടുകളുടെയും അതിർത്തി സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ജലാശയങ്ങളോട് ചേർന്നുള്ള സ്ഥലം കയ്യേറി നിർമ്മിച്ച വീടുകൾ പ്രളയത്തിൽ തകർന്ന സാഹചര്യത്തിൽ അവിടെ വീടുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

335(1493) ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിലും പേമാരിയിലും തകർന്ന വീടുകളും കെട്ടിടങ്ങളും പരിസ്ഥിതി സൗഹൃദമായി പുനർനിർമ്മിക്കുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് പ്രകാരം പുതുതായി വീടുകൾ നിർമ്മിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) തുടർച്ചയായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുന്ന സ്ഥലങ്ങളിൽ താമസിച്ചിരുന്നവർക്ക് അതേ സ്ഥലത്ത് തന്നെ വീടുകൾ പുനർനിർമ്മിക്കുന്നതിനാണോ തീരുമാനിച്ചിരിക്കുന്നത്; ഇത്തരക്കാർക്ക് വീട് നിർമ്മാണത്തിന് അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) പ്രളയത്തിലും പേമാരിയിലും തകർന്ന വീടുകളും കെട്ടിടങ്ങളും പരിസ്ഥിതി സൗഹൃദമായി പുനർനിർമ്മിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം/വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളതല്ലെന്ന് തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 30-8-2018-ലെ ഡി.ബി.1/521/2018/തസ്വഭവ.നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

336(1494) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് നിർമ്മിതി കേന്ദ്രം അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താൻ ആലോചിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ചെലവുകുറഞ്ഞ വീട് എന്ന ആശയം നടപ്പിലാക്കാനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രളയത്തെ അതിജീവിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിന് സർക്കാർ നിലവിൽ നൽകുന്ന സഹായമായ 4 ലക്ഷം രൂപ പര്യാപ്തമാകുമോ; ഇതിനെകുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകളുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരി ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണച്ചുമതല നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടില്ല.

(ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവയാണ് ഭവനനിർമ്മാണ വകുപ്പിന് കീഴിൽ ഭവനനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ശാസ്ത്രീയമായ രീതിയിലാണ് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഭവനനിർമ്മാണ വകുപ്പിന് കീഴിൽ ആരംഭിച്ച സ്ഥാപനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്). ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യകൾ അഥവാ സീഫ് ടെക്നോളജി (Cost Effective Environment Friendly Technology) വികസിപ്പിക്കുന്നതിനും

പ്രചരിപ്പിക്കുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാനമായും താഴെപ്പറയുന്ന മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

(i) ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യയിൽ ഗവേഷണം നടത്തുന്നതിന് ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ (ലാബിഷാസ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ii) ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ സാമഗ്രികളുടെ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(iii) തൊഴിലാളികളുടെ ദൗർലഭ്യത, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവയ്ക്ക് ഒരു പരിധിവരെയുള്ള പരിഹാരമെന്ന നിലയിൽ നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യയായ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നു.

(iv) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലുള്ള കാമ്പസിൽ ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഭവനങ്ങളുടെ മാതൃകകൾ ഗുണഭോക്താക്കൾക്ക് കണ്ട് മനസ്സിലാക്കുന്നതിനായി നിർമ്മിച്ചിട്ടുണ്ട്.

(v) കെട്ടിടനിർമ്മാണ (ബദൽ) സാങ്കേതികവിദ്യയിൽ തൊഴിൽ പരിശീലനം നൽകിവരുന്നു.

(vi) കെട്ടിടനിർമ്മാണത്തിൽ അറിവ് പകരുന്നതിനായി വിവിധ ജില്ലകളിൽ ഹൗസിംഗ് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം നടന്നുവരുന്നു.

(vii) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറയിൽനിന്നും ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ കമ്പി, സിമെന്റ് എന്നിവ നൽകിവരുന്നു.

(viii) നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ പ്രൊഡക്ഷൻ സെന്ററുകൾ വഴി മണൽ, സിമന്റ് എന്നിവയുടെ ഉപയോഗം പരമാവധി കുറച്ച് ആവശ്യമുള്ള നിർമ്മാണ സാമഗ്രികളായ ഇന്റർലോക്ക് ഇഷ്ടിക ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ നൽകിവരുന്നു.

(സി) ഇതുസംബന്ധിച്ച് ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡോ സംസ്ഥാന നിർമ്മിതി കേന്ദ്രമോ പഠനം നടത്തിയിട്ടില്ല.

(ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകളുടെ പുനരുദ്ധാരണം ഭവന നിർമ്മാണ ബോർഡിനെയോ സംസ്ഥാന നിർമ്മിതി കേന്ദ്രത്തെയോ ഏൽപ്പിച്ചിട്ടില്ല.

## ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

337(1495) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ;

(സി) ഈ സർക്കാർ നാളിതുവരെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ എത്ര പേർക്ക് വീട് നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭവനനിർമ്മാണ ബോർഡ് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാകുന്നുണ്ട്. ഒരു വീടിന്റെ നിർമ്മാണച്ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ വീതം ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്. ടി 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ 4 ഗഡുക്കളായി വിതരണം ചെയ്യുന്നു.

2. <u>സാഫല്യം ഭവന പദ്ധതി</u>

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും സർക്കാർ/പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമായിരുന്നു. ഫ്ലാറ്റ് ഒന്നിന് 3.5 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും 25,000 രൂപ വീതം ഉപഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്. പദ്ധതിയിലൂടെ പാലക്കാട് ജില്ലയിൽ ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ചുവരുന്നു.

3. <u>സർക്കാർഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. വയനാട് ജില്ലയിൽ മാനന്തവാടിയിൽ 169 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിച്ചുവരുന്നു. കോട്ടയത്ത് ഗാന്ധിനഗറിലും (139 കിടക്കകൾ) ഇടുക്കിയിൽ പീരുമേടിലും (91 കിടക്കകൾ) തിരുവനന്തപുരത്ത് പൗണ്ട് കടവിലും (1296 കിടക്കകൾ) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

5. <u>പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽനിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(i) <u>ലൈഫ് പദ്ധതിയിൻ കീഴിൽ ഹൗസിംഗ് കോംപ്ലക്സുകൾ</u>

2018-19 വർഷത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് ലൈഫ് പദ്ധതിയിലൂടെ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ii) <u>ആശ്വാസ് വാടക വീട് പദ്ധതി</u>

മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയിൽ രൂപകല്പന ചെയ്തിട്ടുണ്ട്.

(iii) <u>റവന്യൂ ടവർ/മിനിസിവിൽ സ്റ്റേഷൻ/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ</u>

a. <u>കടകംപള്ളി റവന്യൂ ടവർ പദ്ധതി</u> - നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

b. <u>പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതി</u> - ടി പദ്ധതി റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| c. വെള്ളരിക്കുണ്ട് മിനി സിവിൽസ്റ്റേഷൻ പദ്ധതി | വെള്ളരിക്കുണ്ട്, കുമിളി, മട്ടന്നൂർ തുടങ്ങിയ പദ്ധതികൾ റവന്യൂ വകുപ്പ് മുഖേന കിഫ്ബി ധനസഹായം ഉപയോഗിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| d. കുമിളി റവന്യൂ ടവർ | |
| e. മട്ടന്നൂർ റവന്യൂ ടവർ പദ്ധതി | |

(iv) ലക്ഷം വീടുകളുടെ പുനർനിർമ്മാണം

ശോചനീയാവസ്ഥയിലുള്ള 154 ലക്ഷം വീടുകളുടെ പുനർ നിർമ്മാണം, ലക്ഷം വീട് ബമ്പർ ലോട്ടറിയുടെ അറ്റാദായമായ 6.16 കോടി രൂപ വിനിയോഗിച്ച് ഓരോ വീടിനും 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്മേൽ 1.5 കോടി രൂപ ഭവന നിർമ്മാണ ബോർഡിന്റെ ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുക റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി ചുവടെ ചേർക്കുന്നു.

1. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ളതോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ ഭൂമി ലഭ്യമായിട്ടുള്ളവരായ ദുർബ്ബല/താഴ്ന്ന വിഭാഗത്തിലുള്ളവർക്ക് അവരുടെ വാർഷിക വരുമാനം 1 ലക്ഷം രൂപ അധികരിക്കാത്തവർക്കുവേണ്ടി സ്പോൺസർ വിഹിതം അടയ്ക്കാൻ താൽപ്പര്യമുള്ള സന്നദ്ധ സംഘടന/ എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികളുള്ള പക്ഷം അപേക്ഷ സമർപ്പിക്കുകയും സർക്കാർ സബ്സിഡി തോത് അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

2. സാഫല്യം ഭവന പദ്ധതി

പദ്ധതി പ്രദേശം ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലേയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ ഗുണഭോക്താക്കളെ ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി തെരെഞ്ഞെടുക്കുന്നതാണ്. ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അദ്ദേഹം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ, പദ്ധതി പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ/കൗൺസിലർ, തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതാണ് ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി. ജില്ലാതലത്തിൽ ഭൂരഹിത-ഭവനരഹിതരായവരുടെ ഡാറ്റാ ബാങ്ക് രൂപീകരണത്തിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ സൗകര്യം നൽകിയിരുന്നു. ഇവരിൽ നിന്നാണ് ഗുണഭോക്താക്കളെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നത്.

3. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

ഈ പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റുകൾ റവന്യൂ വകുപ്പിന് കൈമാറുന്നതിനാൽ അലോട്ട്മെന്റ് നടത്തുന്നത് റവന്യൂ വകുപ്പാണ്.

4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

പദ്ധതി പൂർത്തീകരണത്തിനുശേഷം പരസ്യം നൽകി ആവശ്യക്കാരെ കണ്ടെത്തുന്നതാണ്.

5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ

പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പുതന്നെ വിപുലമായ പരസ്യം നൽകി ഉപഭോക്താക്കളെ മുൻകൂറായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിലൂടെ കണ്ടെത്തുന്നതാണ്.

6. ലൈഫ് പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റുകൾ

പദ്ധതി പൂർത്തീകരണത്തിനുശേഷം ഭൂമിയുൾപ്പെടെ കെട്ടിടം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്നതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റുകൾ അലോട്ട് ചെയ്യുന്ന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

7. ആശ്വാസ് വാടക വീട് പദ്ധതി

മെഡിക്കൽ കോളേജുകളുടെ കൈവശമുള്ള ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് ചുമതല മെഡിക്കൽ കോളേജ് അധികൃതരിൽ നിക്ഷിപ്തമാണ്.

8. റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ

നിർമ്മാണശേഷം കെട്ടിടം റവന്യൂ വകുപ്പിന് കൈമാറുന്നതാണ്.

9. ലക്ഷം വീടുകളുടെ പുനർനിർമ്മാണം

ശോചനീയാവസ്ഥയിലുള്ള ലക്ഷം വീടുകളുടെ വിവര ശേഖരണത്തിലൂടെ അർഹമായ ഗുണഭോക്താക്കളെ പഞ്ചായത്തുകൾ മുഖേന കണ്ടെത്തുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ച് നൽകിയ വീടുകളുടെ/ഫ്ലാറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

(i) <u>ഇന്നൊവേറ്റീവ് ഭവന പദ്ധതി</u>

തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഘട്ടം 3, 4 ആയി 48 ഫ്ലാറ്റുകൾ നിർമ്മിച്ചു കൈമാറിയിട്ടുണ്ട്.

(ii) <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി</u>

ഈ പദ്ധതി പ്രകാരം കാസർഗോഡ് മൂന്നാംഘട്ടമായി 12 ഫ്ലാറ്റുകൾ നിർമ്മിച്ച് 19-12-2016-ന് കൈമാറിയിട്ടുണ്ട്.

(iii) <u>സാഫല്യം ഭവന പദ്ധതി</u>

ഈ പദ്ധതി പ്രകാരം എറണാകുളം ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ച് 27-7-2016-ന് ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(iv) <u>ഗൃഹശ്രീ ഭവന പദ്ധതി</u>

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയോടുകൂടി 2815 വീടുകൾ ഇതിനകം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ലൈഫ് പദ്ധതി പ്രകാരം 78565 പേർക്ക് വീട് നൽകുന്നതിന് കരാർ വച്ചു. ആയതിൻ പ്രകാരം 354 പേർ നിർമ്മാണം പൂർത്തീകരിച്ചു.

**നെടുമങ്ങാട് സ്ഥാപിക്കുന്ന റവന്യൂ ടവർ**

338(1496) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി നെടുമങ്ങാട് റവന്യൂ ടവർ അനുവദിച്ചിരുന്ന പ്രകാരം പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് ഡി.പി.ആർ. തയ്യാറാക്കി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സമർപ്പിച്ച ഫയലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന റവന്യൂ ടവർ, 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിരിക്കുന്ന ഭവന നിർമ്മാണ ബോർഡിന്റെ' ചുമതലയിൽനിന്ന് ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ വിഭാഗത്തെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 25 റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി സർക്കാരിന്റെ 31-8-2018-ലെ സ.ഉ(സാധാ)നമ്പർ 3570/18/റവ നമ്പർ പ്രകാരം ഉത്തരവാകുകയും 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണം കിഫ്ബി ധനസഹായത്തോടുകൂടിയുള്ളതാണ്. ടി സാഹചര്യം നിലനിൽക്കവേ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ച പ്രസ്തുത പദ്ധതിക്കായുള്ള 9,75,00,000 രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പരിശോധിച്ച് വരികയുമാണ്.

**പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം**

339(1497) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം തകർന്ന വീടുകളുടെ വിവരശേഖരണം നടത്തിയതെപ്രകാരമായിരുന്നു; ഇതിനായി രൂപംകൊടുത്ത സംവിധാനം ഫലപ്രദമായിരുന്നോ; വ്യക്തമാക്കുമോ;

(സി) പൂർണ്ണമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായോ 75 ശതമാനത്തിലധികമോ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായി സ്വന്തമായി ഭൂമി ഉള്ളവരും വീട്ടുടമകൾതന്നെ വീട് പുനർനിർമ്മിക്കാമെന്ന സമ്മതപത്രം നൽകിയവർക്ക് 4 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നതിനും വീട്ടുടമയ്ക്ക് സ്വയം പണിയാൻ സമ്മതമല്ലാത്ത സാഹചര്യത്തിൽ, വിവിധ സ്പോൺസർഷിപ്പ് വഴിയും സർക്കാർ നിശ്ചയിച്ച ഏജൻസികൾ വഴിയും വീട് പണിയുന്നതിനുള്ള നടപടികളും ഭാഗികമായി വീട് തകർന്നവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് ധനസഹായം നൽകുന്നതിനും ഭൂമി ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് കണക്കെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന സാങ്കേതിക വിദഗ്ദ്ധരും അടങ്ങുന്ന പാനലാണ് നഷ്ടത്തിന്റെ കണക്കുകളെടുത്തിട്ടുള്ളത്. തദ്ദേശഭരണ വകുപ്പിന് കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷൻ ടെക്നിക്കൽ വിഭാഗവും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും സെക്രട്ടറിയും ചേർന്നാണ് വിവരശേഖരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് പ്രാദേശികമായ പിന്തുണ നൽകിയിരുന്നത്. ചുരുങ്ങിയസമയത്തിനുള്ളിൽ ഇത്ര വ്യാപകമായ നഷ്ടവിലയിരുത്തൽ നടത്താൻ ഏറ്റവും ഫലപ്രദമാണ് ഈ മാർഗ്ഗം. പ്രളയത്താൽ ബാധിക്കപ്പെട്ടവർക്ക് അടിയന്തരമായി സഹായം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ് മേൽസംവിധാനം ഏർപ്പെടുത്തിയത്. പ്രാഥമിക സർവ്വേയിൽ വിട്ടുപോയവർക്കും നഷ്ടശതമാനം തിട്ടപ്പെടുത്തിയതിൽ ആക്ഷേപമുള്ളവർക്കും അപ്പീൽ സമർപ്പിക്കുന്നതിന് നവംബർ 9 മുതൽ നവംബർ 30 വരെ സമയം അനുവദിച്ചിട്ടുള്ളതാണ്.

(സി) പൂർണ്ണമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു. തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയത് പണിയാനുമായി 1,611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1,357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് നൽകുക. തദ്ദേശസ്വയംഭരണ വകുപ്പിന്റെ rebuild.lsgkerala.gov.in ആപ്പ് ഉപയോഗിച്ചുള്ള സർവ്വേ അനുസരിച്ച് 75 ശതമാനത്തിലധികമോ പൂർണ്ണമായോ വീട് തകർന്ന 18347 കുടുംബങ്ങൾ ഉണ്ട്.

ഇതിൽ ഓരോ കേസും ജില്ലാ കളക്ടർമാർ പ്രത്യേകം പരിശോധിക്കുകയും 13016 വീടുകൾക്ക് വാസയോഗ്യമല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ട്. പരിശോധന തുടർന്ന് വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയായ 4635 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക്, അനുവദനീയമായ ധനസഹായം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിലുള്ള കുടുംബങ്ങളിൽ 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. 15 ശതമാനത്തിലധികം തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും മാനദണ്ഡ പ്രകാരം സഹായമായി ഇതുവരെ 39.6 കോടി രൂപ ചെലവഴിച്ചു.

## പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

340(1498) ശ്രീ. വി. ടി.ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതെന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(ബി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ സുതാര്യത ഇല്ലായ്മ കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ ഉദ്യോഗസ്ഥരുടെ ഔദാര്യത്തിലല്ല പ്രളയ ദുരിതാശ്വാസം നൽകേണ്ടതെന്ന കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

### ഉത്തരം

(എ) തദ്ദേശ വകുപ്പ് ഓവർസിയർ/എഞ്ചിനീയർമാരുടെ കീഴിൽ സന്നദ്ധപ്രവർത്തകരും എഞ്ചിനീയർമാർ അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (Structural damage) തോത്, മേൽപരിശോധനയ്ക്കുശേഷം അംഗീകരിക്കുന്നത് തദ്ദേശ വകുപ്പ് സെക്രട്ടറിയുമാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണവകുപ്പ് അംഗം ചെയർമാനായി ഒരു നാലംഗ സമിതിയെയും ചുമതലപ്പെടുത്തിയിരുന്നു. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറെയും

ച്ചമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ rebuild.lsgkerala.gov.in എന്ന വെബ്സൈറ്റിലും കൂടുതൽ വിവരങ്ങൾ 3-9-2018-ലെ സ.ഉ.(കൈ)നമ്പർ 18/2018/ഡി.എം.ഡി-യിലും ലഭ്യമാണ്.

(ബി) ഇല്ല

(സി & ഡി) ഇത്തരമൊരു വിധി പ്രസ്താവം കോടതി നടത്തിയിട്ടില്ല. 9-9-2018-ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയിൽ സർക്കാർ ദുരിതാശ്വാസത്തിന് ആത്മാർത്ഥമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

## മീൻപിടുത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ്

341(1499) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് കഴിഞ്ഞ ആറുമാസത്തിനിടയിൽ രണ്ടുതവണ വർദ്ധിപ്പിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) 20 മുതൽ 25 മീറ്റർ വരെ നീളമുള്ള ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 10,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായോ;

(സി) 25 മീറ്ററിൽ കൂടുതൽ നീളമുള്ള ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് 20,000 രൂപയിൽനിന്ന് 50,000 രൂപയായും ഉയർത്തുകയുണ്ടായോ;

(ഡി) ഡീസൽ വില വർദ്ധനവ് മൂലം പ്രതിസന്ധിയിലായ മത്സ്യബന്ധന മേഖലയ്ക്ക് ഫീസ് വർദ്ധന ഉണ്ടാക്കിയ പ്രയാസങ്ങൾ പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ ആശ്വാസ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ഉണ്ട്.

(ഡി) രജിസ്ട്രേഷൻ ഫീസ് യാനം രജിസ്റ്റർ ചെയ്യുമ്പോൾ ഒറ്റത്തവണ അടയ്ക്കേണ്ട ഫീസാണ്. യാനത്തിന്റെ വലിപ്പക്കൂടുതൽ അനുസരിച്ചുള്ള ആനുപാതികമായ വർദ്ധനയാണ് വരുത്തിയിട്ടുള്ളത്. അത് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നില്ല.

## കടലിലെ മത്സ്യ ലഭ്യത

342(1500) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ മത്സ്യ ലഭ്യത കുറയുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) വളർച്ചയെത്തും മുമ്പ് ചെറുമീനുകളെ പിടികൂടുന്നത് മത്സ്യ ലഭ്യത കുറയുന്നതിനുള്ള പ്രധാന കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ഇത് സംബന്ധിച്ച് വിപുലമായ ബോധവൽക്കരണം നൽകുന്നതിനും ഇത്തരം മീനുകളെ പിടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയമായ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് കുറവ് സംഭവിക്കുന്നു. ഇവയിൽ ചിലത് മനുഷ്യ കാരണങ്ങളും മറ്റ് ചിലത് പ്രകൃത്യായുള്ളവയുമാണ്.

(ബി) കണ്ടെത്തിയിട്ടുണ്ട്.

(സി) കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടിയെടുത്തിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 58 മത്സ്യയിനങ്ങളുടെ കാര്യത്തിൽ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി കണ്ണി വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് ആക്കണമെന്ന് കെ.എം.എഫ്.ആർ.എ.യിൽ നിഷ്കർഷിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ.എ.-യിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗണ്ട് ചെയ്യു

കനത്തപിഴ ഈടാക്കുകയും ചെയ്തുവരുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവൽക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നത് വഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

### മുറ്റത്തൊരു മീൻതോട്ടം പദ്ധതി

343(1501) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷിയുടെ വ്യാപനം ജനകീയമാക്കുന്നതിന് മുറ്റത്തൊരു മീൻതോട്ടം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെത്ര ചെറുകിട മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) ഈ പദ്ധതി പ്രകാരം മത്സ്യ കർഷകർക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പ്രളയബാധിത ജില്ലകൾക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറുകിട മത്സ്യകൃഷിയിലൂടെ മത്സ്യകൃഷി ജനകീയമാക്കുക, മത്സ്യോത്പാദനത്തിൽ സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാർ, തൊഴിൽരഹിതരായ യുവജനങ്ങൾ എന്നിവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, ശാസ്ത്രീയ മത്സ്യകൃഷിയുടെ അവബോധം വീടുകളിൽനിന്നുതന്നെ സൃഷ്ടിക്കുക, വീടുകളിലെ ജൈവമാലിന്യം ഉൽപ്പാദനത്തിലേയ്ക്ക് വഴിതിരിച്ചുവിടുക എന്നിവയാണ് അടിസ്ഥാന ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതി രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടം 3000, രണ്ടാം ഘട്ടം 6000 ഉൾപ്പെടെ 9000 യൂണിറ്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മത്സ്യകർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും ഗുണനിലവാരമുള്ള മത്സ്യവിത്തും സൗജന്യമായി നൽകുന്നതാണ്.

**ചെറുമീനുകളെ പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ**

344(1502) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിയന്ത്രിതമായ മത്സ്യബന്ധനം ചെറുമത്സ്യങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യബന്ധനം നടത്താവുന്ന മത്സ്യങ്ങളുടെ വലുപ്പം നിശ്ചയിച്ചിട്ടുണ്ടോ; ചെറുമീനുകളെ പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകളെയും ഇംപൗണ്ടിംഗ് ഓഫീസർമാരെയും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തുകയും മത്സ്യബന്ധന യാനങ്ങളിൽ പരിശോധന നടത്തുകയും ചെറു മത്സ്യങ്ങളെ പിടിക്കുന്ന യാനങ്ങൾക്കെതിരെ നടപടി എടുക്കുകയും ചെയ്തുവരുന്നു. 2017-ലെ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതിയിലൂടെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളുടെ കൂടെ സഹായത്തോടെ ബോധവത്കരണം നടത്തി അവരെ പിന്തിരിപ്പിക്കുക എന്നത് എഫ്.എം.സി-കളുടെ ലക്ഷ്യങ്ങളിലൊന്നാണ്.

(സി) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന മത്സ്യബന്ധന വലകളുടെ കണ്ണിവലിപ്പം നിശ്ചയിച്ചുകൊണ്ടും ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് ഏർപ്പെടുത്തിയും കെ.എം.എഫ്.ആർ. ആക്ട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ. പഠനങ്ങളുടെ അടിസ്ഥാനത്തിൽ

പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ നിയമപരമായി പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കിയിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്ന യാനങ്ങളെ കണ്ടെത്തി കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ച് ഇംപൗണ്ട് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുറ്റത്തൊരു മീൻതോട്ടം പദ്ധതി**

345(1503) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയുടെ മാതൃകയിൽ മത്സ്യകൃഷി വ്യാപിപ്പിക്കാൻ 'മുറ്റത്തൊരു മീൻതോട്ടം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഡാക്ക് (ജലകൃഷി വികസന ഏജൻസി) മുഖേനയാണ് പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നത്.

(സി) പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് സാങ്കേതിക പരിജ്ഞാനവും മത്സ്യവിത്തും സൗജന്യമായി നൽകുന്നു. പ്രളയബാധിത ജില്ലകൾക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറുകിട മത്സ്യക്കൃഷിയിലൂടെ മത്സ്യക്കൃഷി ജനകീയമാക്കുക, മത്സ്യോത്പാദനത്തിൽ സംസ്ഥാനത്തെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാർ, തൊഴിൽരഹിതരായ യുവജനങ്ങൾ എന്നിവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, വീടുകളിലെ ജൈവ മാലിന്യം ഉപയോഗപ്പെടുത്തി മത്സ്യോല്പാദനം സാദ്ധ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതുവരെ 7000-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## കപ്പൽപാതയുമായി ബന്ധപ്പെട്ട് മത്സ്യത്തൊളിലാളികളുടെ ആശങ്ക

346(1504) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരത്തുനിന്നും 15 നോട്ടിക്കൽ മൈൽ ദൂരത്ത് പ്രസ്തുത കപ്പൽപാത യാഥാർത്ഥ്യമായാൽ 85000 ചതുരശ്ര മൈൽ കടലിൽ മത്സ്യബന്ധനം നിഷേധിക്കപ്പെടും എന്നത് ശരിയാണോ;

(സി) പ്രസ്തുത പദ്ധതി വിദേശ കപ്പലുകളെയും, ടൂറിസ്റ്റ് സംരംഭകരെയും, കോർപ്പറേറ്റുകളെയും സഹായിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി മേഖലയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെക്കൻ കേരള തീരത്തുനിന്നും 12 മുതൽ 15 വരെ നോട്ടിക്കൽ മൈൽ പ്രദേശത്താണ് ഇപ്പോൾ കപ്പൽ പാത നിലനിൽക്കുന്നത്. ഇത് മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിക്കുന്നതിന് ഹേതുവാകുന്നുണ്ട്.

(സി&ഡി) മത്സ്യത്തൊഴിലാളികൾ മീൻപിടിക്കുന്ന കടൽ പ്രദേശത്തുനിന്ന് കപ്പൽ പാത 50 നോട്ടിക്കൽ മൈൽ അകലത്തേയ്ക്ക് മാറ്റണമെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഏറ്റവും അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ച ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിനുശേഷം 22-11-2018-ന് കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്തുനിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## മത്സ്യബന്ധനത്തിന് മിനിമം ലീഗൽ സൈസ് നിയന്ത്രണം

347(1505) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി സി.എം.എഫ്.ആർ.ഐ. നിർദ്ദേശിച്ച മിനിമം ലീഗൽ സൈസ് നിയന്ത്രണം എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും നടപ്പിലാക്കുവാൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കടലിൽ 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനത്തിനുള്ള അവകാശം അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് സഹകരണ സംഘങ്ങൾവഴി ആവശ്യമായ സാങ്കേതിക സഹായവും മികച്ച പരിശീലനവും ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്. അതത് സംസ്ഥാനങ്ങളിൽ പ്രാദേശിക ചർച്ചകൾക്കും ബോധവത്കരണത്തിനുംശേഷം ഓരോ സംസ്ഥാനങ്ങളിലെയും മത്സ്യസമ്പത്തിന്റെ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ മിനിമം ലീഗൽ സൈസ് നിശ്ചയിച്ച് പ്രസ്തുത നിയന്ത്രണം നടപ്പിലാക്കണമെന്ന് ധാരണയായിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിലും അത്തരമൊരാവശ്യം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) നിലവിൽ അത്തരം പദ്ധതികൾ നടപ്പാക്കുന്നില്ല. എന്നാൽ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധന ത്തിനുതകുന്ന Long line ബോട്ടുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ പുതുക്കിയ പദ്ധതി തയ്യാറാക്കിവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സർവ്വീസിൽ സംവരണം

348(1506) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ കഴിഞ്ഞാൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിലവിൽ സംവരണമുണ്ടോ;

(ബി) ഇല്ലെങ്കിൽ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തയ്യാറാക്കുന്ന പട്ടിക അടിസ്ഥാനമാക്കി ജാതിക്കതീതമായി മത്സ്യത്തൊഴിലാളിക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) മത്സ്യത്തൊഴിലാളിയുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിൽ നിലവിൽ മത്സ്യത്തൊഴിലാളി എന്ന വിഭാഗത്തിനായി പ്രത്യേകം സംവരണമില്ല. എന്നാൽ സാധാരണയായി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന ധീവര, അരയൻ, മുസ്ലീം, ലാറ്റിൻ കാത്തലിക് മുതലായ സമുദായങ്ങൾക്ക് അതത് വിഭാഗങ്ങൾക്കുള്ള സംവരണമുണ്ട്.

(ബി) തൊഴിൽ അടിസ്ഥാനത്തിൽ സംവരണം പരിഗണനയിലില്ല.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

(1) മത്സ്യത്തൊഴിലാളികൾക്കായി 10 ലക്ഷം രൂപവരെ ആനുകൂല്യം ലഭിക്കുന്ന അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

(2) തീരപ്രദേശത്തെ സാക്ഷരത ഉയർത്തുന്നതിന് അക്ഷര സാഗരം പദ്ധതി

(3) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും ജോലിയും ഉറപ്പാക്കുന്നതിന് കഴിയുന്ന വിദ്യാഭ്യാസ കോച്ചിംഗ് പരിപാടി

(4) മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കഴിയുമാറ് സാഫ് മുഖേന നടപ്പാക്കുന്ന തീരമൈത്രി പദ്ധതി

(5) മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമകളാക്കുന്നതിന് കഴിയുമാറാക്കുന്ന പലിശരഹിത വായ്പകൾ

(6) മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

(7) കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ ലൈഫ് ജാക്കറ്റ്, സുരക്ഷാ ഉപകരണങ്ങൾ, ഉപഗ്രഹാധിഷ്ഠിത വിനിമയ സംവിധാനം

(8) മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്ന തരത്തിൽ ദത്തെടുക്കൽ പദ്ധതി.

(9) തീരപ്രദേശത്തെ സ്കൂളുകളിലെയും മറ്റും കായിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

**തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

349(1507) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുന്നതുമായ മുഴുവൻ പ്രവൃത്തികളും വ്യക്തമാക്കാമോ ;

(ബി) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും ആയതെന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുന്നതുമായ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | സ്കീം | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | എരഞ്ഞോളി ഫിഷ് ഫാം പുനരുദ്ധാരണം | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 22 | 163.00 | പദ്ധതി പുരോഗമിക്കുന്നു. 2019 ജനുവരി അവസാനത്തിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**തീരദേശ മേഖലയിലെ വികസന പ്രവൃത്തികൾ**

350(1508) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ മേഖലയിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര റോഡ് പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്; ഈ പ്രവൃത്തികളുടെ ഭരണാനുമതി എപ്പോൾ നൽകാൻ കഴിയും; എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖേന 868.2 കോടി രൂപയുടെ വികസന, ക്ഷേമ പ്രവർത്തനങ്ങളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 410.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും തീരദേശ മേഖലയിൽ അനുവദിച്ച് നടപ്പാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ്

ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട 19 റോഡ് പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഭരണാനുമതി ലഭിച്ച 4 പ്രവൃത്തികളിൽ 3 എണ്ണം പൂർത്തീകരിക്കുകയും ഒരെണ്ണം പുരോഗമിക്കുകയും ചെയ്യുന്നു. ബാക്കിയുള്ള റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കപ്പൽപാത സംബന്ധിച്ച് മത്സ്യത്തൊളിലാളികളുടെ ആശങ്ക

351(1509) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്തിലെ കച്ച് മുതൽ കന്യാകുമാരി വരെയുള്ള കടലിൽ പുതിയതായി കപ്പൽ പാത ആരംഭിക്കുവാനുള്ള നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലിൽ അടിക്കടി ഉണ്ടാകുന്ന കപ്പൽ ഇടിച്ചുള്ള ബോട്ടപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങളും മൂലം ഈ കപ്പൽ പാത സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾ മീൻപിടിക്കുന്ന കടൽ പ്രദേശത്തുനിന്ന് കപ്പൽപാത 50 നോട്ടിക്കൽ മൈൽ ദൂരേയ്ക്ക് മാറ്റണമെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഏറ്റവും അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിനുശേഷം 22-11-2018-ന് കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്തുനിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത മാറ്റിസ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## മത്സ്യത്തൊഴിലാളികൾക്ക് ദുരന്തനിവാരണത്തിനുള്ള ആധുനിക പരിശീലനം

352(1510) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്തനിവാരണ രംഗത്ത് പ്രവർത്തിക്കുന്നതിനുമുള്ള ആധുനിക പരിശീലനം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെത്ര മത്സ്യഗ്രാമങ്ങളെയാണ് പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പദ്ധതിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ഓഖിയുമായി ബന്ധപ്പെട്ട തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള പ്രത്യേക പാക്കേജിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി സമൂഹത്തിൽനിന്നും യോഗ്യരായവരെ കണ്ടെത്തി കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ച് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 9 മറൈൻ ജില്ലകളിലായി 60 മത്സ്യഗ്രാമങ്ങളിൽ കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സ്ക്വാഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ച് ദുരന്ത നിവാരണം സംബന്ധിച്ചും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും കടൽരക്ഷാ പ്രവർത്തനം സംബന്ധിച്ചും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സംസ്ഥാനത്തിലെ 9 മറൈൻ ജില്ലകളിലായി 60 മത്സ്യഗ്രാമങ്ങളെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കായി 2000 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്, റിട്ടയേർഡ് ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിരവധി സിറ്റിംഗുകൾ നടത്തുകയും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി, അടിസ്ഥാന മനുഷ്യാവശ്യങ്ങൾ, തീരദേശ ആന്തരഘടന, മനുഷ്യ പുരോഗതി, സാമൂഹ്യ സുരക്ഷിതത്വം, പൊതുസേവനങ്ങളുടെ ഗുണമേന്മ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സുരക്ഷിതത്വം, ദുരന്ത നിവാരണം എന്നീ ഘടകങ്ങൾ വിശദമായി പഠിച്ച് പാക്കേജ് സംബന്ധിച്ച് ടേംസ് ഓഫ് റഫറൻസിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിൽ 'Study on livelihood and Institutions' സംബന്ധിച്ചുള്ള പഠനത്തിന് Institute of Rural Management, Anand (IRMA) -നെയും "Study on Basic Human Development, Social Security, Quality of Public Services, Self Help Group and Co-operative, Safety Disaster Management" സംബന്ധിച്ചുള്ള പഠനത്തിന് Tata Institute of Social Sciences (TISS)-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടായിരം കോടി രൂപയുടെ സ്പെഷ്യൽ പാക്കേജിന്റെ Detailed Project Report തയ്യാറാക്കുന്നതിനായി Klynveld Peat Marwick Goerdeler (KPMG)- നെയാണ് നിയോഗിച്ചിട്ടുള്ളത്.

**തണൽ പദ്ധതി**

353(1511) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ നടപ്പിലാക്കിയ തണൽ പദ്ധതി നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ചെറുകിട മത്സ്യവിതരണ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ അട്ടിമറിക്കുന്നതും പേരു മാറ്റി പുതിയ പദ്ധതികളായി അവതരിപ്പിക്കുന്നതുമായ നയം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തിൽ തണൽ പദ്ധതി പ്രകാരമുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് 32 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017-18 -ൽ തണൽ ധനസഹായ വിതരണത്തിനായി 14.525 കോടി രൂപ, 29-3-2018-ൽ അനുവദിച്ചെങ്കിലും 31-3-2018-ൽ ടി തുക പിൻവലിച്ചിരുന്നതിനാൽ 2017-18-ൽ ധനസഹായം വിതരണം ചെയ്തിട്ടില്ല. ടി തുക ക്ഷേമനിധി ബോർഡിന് തിരികെ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം തണൽ പദ്ധതിക്ക് 14.0483 കോടി രൂപ അനുവദിക്കുകയും ടി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരികയും ചെയ്യുന്നു.

(സി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികളുടെയൊന്നും പേരിൽ മാറ്റം വരുത്തിയിട്ടില്ല.

**മത്സ്യമേഖലയിൽ വനിതകൾക്ക് പുതിയ സ്വയം സംരംഭങ്ങൾ**

354(1512) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മേഖലയിൽ ആയിരം വനിതകൾക്ക് പുതിയ സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇടനിലക്കാരില്ലാതെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിൽക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ വാർഡർമാരായി നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാഫ് മുഖേന ആയിരം മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ (Micro Enterprises) ആരംഭിക്കുന്നതിന് 750 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 വരെ അംഗങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 3 ലക്ഷം രൂപ വരെ (പരമാവധി 75,000 രൂപ ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക്) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു.

(ബി) ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ്മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു. ഈ മാർട്ടുകളിൽ മത്സ്യം സഹകരണ സംഘങ്ങൾ വഴിയും പൊതുവിപണിയിൽനിന്നും സംഭരിച്ചുമാണ് നൽകിവരുന്നത്. ഇതുകൂടാതെ അന്നന്നുള്ള മത്സ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അന്തിപ്പച്ചയെന്ന മൊബൈൽ ഫിഷ്മാർട്ട് തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ആയത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിന് പിടിച്ചെടുത്ത മത്സ്യം, ഗുണനിലവാരത്തോടെ അവസാനത്തെ ഉപഭോക്താവി ലെത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം ഗുണനിലവാരം ബിൽ കൊണ്ടു വരുന്നതാണ്.

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ദുരന്തത്തിന് ഇരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാഴി യുവാക്കളിൽനിന്നും 200 പേരെ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായി തീരദേശ പോലീസ് സ്റ്റേഷനുകളിൽ 200 കോസ്റ്റൽ വാർഡൻമാരെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് സഹായ പദ്ധതികൾ**

355(1513) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തത്തെ തുടർന്ന് മത്സ്യബന്ധന വകുപ്പിന് ലഭിച്ച വിദേശസഹായം, കേന്ദ്രസഹായം, മറ്റ് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച തുക എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രളയകാലത്ത് ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യ ത്തൊഴിലാളികൾ എല്ലാവർക്കും ധനസഹായം നൽകികഴിഞ്ഞോ; ഏതെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് ഇത് ലഭിക്കാത്തതായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നടപ്പിലാക്കിവരുന്ന പാർപ്പിട പദ്ധതികൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(ഡി) പ്രസ്തുത പാർപ്പിട പദ്ധതികൾക്ക് ലഭിക്കുന്ന തുകയുടെ വിശദാംശവും നടപ്പിലാക്കുന്ന ഏജൻസികളുടെ വിവരങ്ങളും നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തെ തുടർന്ന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 111.70 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ഇനത്തിൽ 108,34,97,138 രൂപയും ലഭിച്ചിരുന്നു.

(ബി) പ്രളയസമയത്ത് ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യ തൊഴിലാളികൾക്ക് 3,000 രൂപ വീതം ഓണറേറിയം പ്രഖ്യാപിച്ചിരുന്നുവെങ്കിലും മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകളും ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള മത്സ്യ തൊഴിലാളികളുടെ സംഭാവനയായി കണക്കാക്കാൻ ആവശ്യപ്പെടുകയാണുണ്ടായത്.

(സി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാഴികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക ലക്ഷത്തിൽ |
|---|---|---|
| (1) | (2) | (3) |
| 1 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും CRZ അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം | 4800.00 |

| (1) | (2) | (3) |
|---|---|---|
| 2 | 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

2016-17-ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 118 പേർ സ്ഥലം വാങ്ങുകയും 78 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് 2016-17-ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം 592 പേർ സ്ഥലം വാങ്ങിയിട്ടുണ്ട്. 2017-18 -ലെ പദ്ധതി പ്രകാരം 314 പേർ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016-17, 2017-18 എന്നീ വർഷങ്ങളിലായി 1024 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ഭവന നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്. പദ്ധതി ഫിഷറീസ് വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

## മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റെസ്ക്യൂ സ്ക്വാഡ്

356(1514) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സ്ക്വാഡിന്റെ ഘടനയും പ്രവർത്തനങ്ങളും അറിയിക്കാമോ; മത്സ്യത്തൊഴിലാളികൾ കൂടാതെ ഈ സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുള്ളത് ആരൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇവരുടെ നിയമന രീതിയും വേതന വ്യവസ്ഥകളും അറിയിക്കാമോ; ഇതിനായുള്ള ചെലവ് ഏത് ശീർഷകത്തിലാണ് വഹിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 9 മറൈൻ ജില്ലകളിലായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനായി 7.15 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 60 മത്സ്യഗ്രാമങ്ങളിൽനിന്നും 900 യോഗ്യരായ മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ക്രീനിംഗ് ടെസ്റ്റ് കഴിഞ്ഞ് യോഗ്യരായവരെ ഗോവയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ സുരക്ഷാ സ്ക്വാഡിനായുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഒരു മത്സ്യഗ്രാമത്തിൽ അവിടെ ലഭ്യമാകുന്ന 5 മത്സ്യബന്ധന യാനങ്ങളും ഒരു യാനത്തിൽ 3 വീതം ആകെ 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു കടൽസുരക്ഷാ സ്ക്വാഡ്. മത്സ്യബന്ധന ഹാർബറുകളിൽ യന്ത്രവത്കൃത യാനങ്ങളും ലാന്റിംഗ് സെന്ററുകളിൽ പരമ്പരാഗത യാനങ്ങളുമാണ് ഇതിൽ ഉൾപ്പെടുന്നത്. മത്സ്യത്തൊഴിലാളികൾ മാത്രമായിരിക്കും ഇതിലെ അംഗങ്ങൾ.

(സി) ഗോവയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് ആണ് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നത്. 20 പേർ വീതം അടങ്ങുന്ന ബാച്ചുകളായിട്ടാണ് പരിശീലനത്തിന് അയയ്ക്കുന്നത്. ആദ്യ അഞ്ച് ബാച്ചുകളിലേയ്ക്കുമുള്ള സ്ക്രീനിംഗ് ടെസ്റ്റ് 30-11-2018, 1-12-2018 തീയതികളിൽ വെള്ളയമ്പലത്തുള്ള സ്പോർട്സ് ഡയറക്ടറുടെ കീഴിലുള്ള നീന്തൽക്കുളത്തിൽ വച്ച് നടക്കുകയുണ്ടായി. ഗോവ ഇൻസ്റ്റിറ്റ്യൂട്ടിലെ നോഡൽ ഓഫീസറുടെ നേതൃത്വത്തിലാണ് ഇത് നടക്കുന്നത്.

ഓഖിപോലുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുകയും അങ്ങനെ ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ആ കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അവർക്ക് നൽകുന്നതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ അത്യാവശ്യംവേണ്ട ജീവൻ സുരക്ഷാ ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 7.15 കോടി രൂപ ഇതിനായി ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

357(1515) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി സീ റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വള്ളങ്ങളിലും ബോട്ടുകളിലും കപ്പലിടിച്ച് തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ, മത്സ്യബന്ധന യാനങ്ങളിൽ റഡാർ റിഫ്ലക്ടറുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിലേയ്ക്ക് പോകുന്ന മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധന യാനങ്ങളെയും കുറിച്ചുള്ള കൃത്യമായ വിവരം ശേഖരിക്കുന്നതിനായി സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ പ്രവർത്തന രീതി സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സീ റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര സന്ദർഭങ്ങളിൽ കടൽരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഓരോ ഗ്രാമത്തിലും ലഭ്യമായ 5 യാനങ്ങളും ഒരു യാനത്തിൽ 5 മത്സ്യത്തൊഴിലാളികൾ വീതം ആകെ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു സുരക്ഷാ സ്ക്വാഡ്. ഇതിന്റെ അടിസ്ഥാനത്തിൽ 9 മറൈൻ ജില്ലകളിലെ 60 മത്സ്യഗ്രാമങ്ങളിലും അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കി അവരുടെ നീന്തൽ പ്രാവീണ്യം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ വിജയിക്കുന്നവരെ ഗോവയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ എത്തിച്ച് കടൽരക്ഷാ പ്രവർത്തനങ്ങളിൽ 20 ദിവസം നീണ്ടുനിൽക്കുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. കടൽരക്ഷാ പ്രവർത്തനത്തിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിലുമാണ് പ്രധാനമായും പരിശീലനം നൽകുന്നത്. ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ ഉപയോഗപ്പെടുത്തുന്നതിനാണ് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളത്. അങ്ങനെ ഉപയോഗപ്പെടുത്തുമ്പോൾ അവരുടെ സേവനത്തിന് സർക്കാർ നിശ്ചയിക്കുന്ന വേതനം നൽകുന്നതാണ്. തെരഞ്ഞെടുക്കുന്ന യാനങ്ങൾക്ക് അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ, സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതാണ്.

(ബി) ഗുണഭോക്തൃ വിഹിതമായി കുറഞ്ഞ നിരക്ക് ഈടാക്കിക്കൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ നൽകുന്ന പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്.

(സി) റഡാർ റിഫ്ലക്ടറുകൾ ഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ മെക്കനൈസ്ഡ് ബോട്ടുകളിൽ AIS നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ NIC-യുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ആയത് ഇപ്പോൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

(ഇ) 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനത്തെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും മത്സ്യത്തൊഴിലാളികളിൽ അവബോധം

ഉണ്ടാക്കുന്നതിനായി ജില്ലാ തലത്തിൽ അവയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 9 മറൈൻ ജില്ലകളിലായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ മത്സ്യബന്ധന തുറമുഖങ്ങളിലും ലാന്റിംഗ് സെന്ററുകളിലും കേന്ദ്രീകരിച്ച് കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ സാഗര ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുകയും സാഗര മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തന രീതികളെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്കരണം നടത്തുകയും ചെയ്തുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും

358(1516) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 1500 കി.മീ. വിസ്തൃതിയിൽ അപകടമുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ നാവിക് എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുക്കുകയും ആയതിന്റെ സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ നാവിക് നിർമ്മിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. 15000 എണ്ണം നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും 15.93 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കെൽട്രോണുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. 30-11-2018-ലെ ഓഖി വാർഷിക അനുസ്മരണ സമ്മേളനത്തിൽ വച്ച് മത്സ്യത്തൊഴിലാളികൾക്ക് നാവിക് വിതരണ ഉദ്ഘാടനം ചെയ്തു. ഇതുകൂടാതെ ബി.എസ്.എൻ.എൽ. മുഖാന്തരം 1000 സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്നതിന് 9.4261 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. 500 എണ്ണം 90% സബ്സിഡിയോടെ പരമ്പരാഗത യാനങ്ങൾക്കും 500 എണ്ണം 50% സബ്സിഡിയോടെ മെക്കനൈസ്ഡ് ബോട്ടുകൾക്കും നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

**മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിന് നടപടി**

359(1517) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നതിനും ആകാശവാണിയുടെ മീഡിയം വേവ് റേഡിയോ വഴി സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയം നടത്തുവാൻ ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം ലഭ്യമാക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കടലിൽ മത്സ്യത്തൊളിലാളികൾക്ക് മീഡിയം വേവ് റേഡിയോ വഴി സന്ദേശങ്ങൾ എത്തിക്കാൻ കഴിയുമോയെന്ന കാര്യം ആകാശവാണിയുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

(ബി) ഐ.എസ്.ആർ.ഒ. നാവിക് സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ നാവിക് നിർമ്മിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി ഐ.എസ്.ആർ.ഒ. നേരിട്ട് 500 നാവിക് ഉപകരണങ്ങൾ സൗജന്യമായി ഫിഷറീസ് വകുപ്പിന് കൈമാറുകയും ഓഖി വാർഷിക അനുസ്മരണ സമ്മേളനത്തിൽ വച്ച് 30-11-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'നാവിക് ' വിതരണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കൂടാതെ 15000 എണ്ണം നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ഇതിനായി 15.93 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ആദ്യപടിയായി 5000 നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണും ഫിഷറീസ് ഡയറക്ടറുമായി 30-11-2018-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി മേഖലയിലെ ഭവന നിർമ്മാണ പദ്ധതികൾ

360(1518) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികൾ വളരെയേറെ ഫലം കണ്ടിട്ടുണ്ടെങ്കിലും ഇനിയും നിരവധി ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീട്ടിൽ കഴിയുന്നവരും ഉണ്ടെന്നതിനാൽ ലൈഫ് പദ്ധതിക്ക് പുറമെ ഒരു സമ്പൂർണ്ണ ഭവനനിർമ്മാണ/പുനർനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ലൈഫ് പദ്ധതി ഒരു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയാണ്.

(ബി) അതിനുപുറമേ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റ് സമുച്ചയം നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലം, കണ്ണൂർ ആയിക്കര, ഉപ്പാലവളപ്പ് എന്നിവിടങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊളിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മാണം

361(1519) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ശ്രീ കുറുമ്പാ ഭഗവതി ക്ഷേത്ര ഭരണ സമിതിയുടെ കൈവശമുള്ള രണ്ടേക്കറോളം ഭൂമി സൗജന്യമായി ഫിഷറീസ് വകുപ്പിന് വീട് നിർമ്മാണത്തിന് വിട്ടുനൽകികൊണ്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബേക്കൽ ടൂറിസം ഡസ്റ്റിനേഷൻ ഏരിയയിൽപ്പെട്ട പ്രസ്തുത സ്ഥലത്ത് വലിയ തോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ സൗജന്യമായി വിട്ടുനൽകിയ ഈ സ്ഥലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദാമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ശ്രീ കുറുമ്പാ ഭഗവതി ക്ഷേത്രഭരണസമിതിയുടെ കൈവശമുള്ള ഭൂമി ഫിഷറീസ് വകുപ്പിന് വീട് നിർമ്മാണത്തിനായി വിട്ടുനൽകാൻ സമ്മതമറിയിച്ചതിനെ തുടർന്ന് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിനായി രൂപീകരിച്ച ജില്ലാതല ലാന്റ് അപ്രൈസൽ കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും സ്ഥലം ചതുപ്പ് പ്രദേശമാണെന്നും പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് സൗകര്യം ലഭ്യമല്ലെന്നും അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ. ആവശ്യപ്പെട്ടതുപ്രകാരം ഈ വിഷയം സംബന്ധിച്ച് ചേർന്ന യോഗത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുക്കുകയും പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് സൗകര്യമില്ലാത്തതിനാൽ ലോറി കടന്നുവരുന്ന രീതിയിൽ കൺവേയൻസ് ഏർപ്പെടുത്തിയാൽ വീണ്ടും അപ്രൈസൽ കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഒരു അടിയന്തര യോഗം ഡിസംബർ ആദ്യവാരം വിളിച്ചു ചേർക്കുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ചതുപ്പ് പ്രദേശമായതും റോഡ് കൺവേയൻസ് ഇല്ലാത്തതും ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

362(1520) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം പുനരധിവസിപ്പിക്കുന്ന ഓരോ കുടുംബത്തിനും എന്ത് തുകയാണ് അനുവദിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കി; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും മാറിത്താമസിക്കാൻ തൽപ്പരരുമായ കുടുംബങ്ങൾക്ക് 200 മീറ്ററിന് വെളിയിൽ 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി 10 ലക്ഷം രൂപ വീതവും തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും 200 മീറ്ററിന് വെളിയിൽ സ്വന്തമായി സ്ഥലമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതവും ധനസഹായമായി നൽകുന്നു.

(സി) പദ്ധതി പ്രകാരം 314 പേർ സ്ഥലം വാങ്ങുകയും ഇതിൽ 197 പേരുടെ ഭവനനിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭവനനിർമ്മാണ ധനസഹായത്തിനുള്ള 1200 യൂണിറ്റുകളിൽ 613 പേർ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ഇതിൽ 542 പേരുടെ ഭവനനിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതുകൂടാതെ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 248 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുകയും ടി പദ്ധതിയിൽപ്പെട്ട 120 കുടുംബങ്ങൾ ഭൂമി വാങ്ങുകയും അതിൽ 78 കുടുംബങ്ങളുടെ ഭവനനിർമ്മാണം പുരോഗമിക്കുകയുമാണ്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ വീട്

363(1521) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്ത 5 സെന്റ് സ്ഥലം ഉള്ള മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ സഹായത്തോടെ രണ്ട് ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനായി അനുവദിക്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതി പ്രകാരം 2011-2016 കാലയളവിൽ എത്രപേർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചു; വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനമാണ് കേന്ദ്ര സഹായം. യൂണിറ്റ് കോസ്റ്റ് 2012 മുതൽ 14 വരെ 50,000 രൂപയും 2014-2016 കാലയളവിൽ 75,000 രൂപയും 2016-17 മുതൽ 1,20,000 രൂപയുമാണ്. യൂണിറ്റ് കോസ്റ്റിന് പുറമേയുള്ള തുക സംസ്ഥാന സർക്കാർ അധിക ധനസഹായമായി അനുവദിച്ചതാണ്. 2017-18 വർഷം മുതൽ സംസ്ഥാന സർക്കാർ ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായ തുക 2 ലക്ഷത്തിൽനിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

(ബി) 2011-2016 കാലയളവിൽ കേന്ദ്രസഹായത്തോടെ നടപ്പാക്കിയ എൻ.എഫ്.ഡബ്ല്യൂ.എഫ്. ഭവന പദ്ധതി പ്രകാരം 2398 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ ധനസഹായത്തോടെ ബ്ലൂ റെവല്യൂഷൻ (2016-17) പദ്ധതിയിൽ ഉൾപ്പെടുത്തി 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചുവരുന്നു. 2017-18, 2018-19 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

**കവ്വായി ഗവൺമെന്റ് യു. പി. സ്കൂൾ നവീകരണം**

364(1522) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിരുന്ന പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കവ്വായി ഗവ. യു.പി.സ്കൂൾ നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കവ്വായി ഗവൺമെന്റ് യു. പി. സ്കൂൾ നവീകരണ പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായുള്ള കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുണ്ടന്നൂർ ജെ.ബി.എസ്.-ന്റെ വികസന പ്രവർത്തനം

365(1523) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കുണ്ടന്നൂർ ജെ.ബി.എസ്.-ന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിക്ക് മുൻപാകെ സമർപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ പദ്ധതിസമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കുണ്ടന്നൂർ ജെ.ബി.എസ്.-ന്റെ വികസന പ്രവർത്തന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായുള്ള 365 ലക്ഷം രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഓഖി ദുരിതാശ്വാസ ഫണ്ട്

366(1524) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്നും വാഗ്ദാനം ചെയ്ത 20 ലക്ഷം രൂപ എത്ര കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്ന് വകുപ്പിന് ആകെ ലഭിച്ച തുകയും അതിൽനിന്നും 2018 നവംബർ 15 വരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) വാഗ്ദാനം ചെയ്ത തുകയ്ക്ക് പകരം 5 വർഷങ്ങൾക്കുശേഷം മാത്രം പിൻവലിക്കാവുന്ന ട്രഷറി നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുമൂലം പ്രസ്തുത കുടുംബങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഫിഷറീസ് വകുപ്പിന് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308.62 ലക്ഷം രൂപയും രണ്ടാംഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165.67 ലക്ഷം രൂപയും മൂന്നാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത മത്സ്യബന്ധനോപകരണങ്ങൾക്ക് 22.52 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയും അനുവദിച്ചു. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 741.60 ലക്ഷം രൂപയും (10 ലക്ഷം രൂപ വീതം 72 പേർക്ക് 720 ലക്ഷം രൂപ, ഭരണ നിർവ്വഹണ ചെലവ് 3% 21.6 ലക്ഷം രൂപ) ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 204 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 1392 ലക്ഷം രൂപയും കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 715 ലക്ഷം രൂപയും അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 610 ലക്ഷം രൂപയും അപകട മുന്നറിയിപ്പുകൾ 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 1593 ലക്ഷം രൂപയും ആഴക്കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെടുന്ന മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാറ്റ്ലൈറ്റ് ഫോൺ വാങ്ങുന്നതിന് 942.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്ന് വകുപ്പിനു ലഭിച്ച തുകയിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308 ലക്ഷം രൂപയും അതിനുശേഷം മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165 ലക്ഷം രൂപയും കടലിൽ

അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 136 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യവർഷം ആവശ്യമായ 56.95 ലക്ഷം രൂപയും 2018 നവംബർ 15 വരെ ഫിഷറീസ് വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്.

(സി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ട്രഷറികളിൽ ആശ്രിതരുടെ/ അവകാശികളുടെ പേരിൽ നിക്ഷേപിച്ച തുക ആശ്രിതരായ പെൺമക്കളുടെ വിവാഹ ആവശ്യത്തിനായി വിവാഹിതയാകാൻ പോകുന്ന പെൺകുട്ടിയുടെ പേരിലുള്ള വിഹിതവും പ്രായപൂർത്തിയായ സഹോദരന്മാരുടെ വിഹിതവും അവരുടെ സമ്മതത്തോടുകൂടി പിൻവലിക്കാനുള്ള അനുമതി നൽകിവരുന്നുണ്ട്.

**ഓഖി ദുരിതാശ്വാസം**

367(1525) ശ്രീ. എം. വിൻസെന്റ്:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കിടയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതെല്ലാം കാര്യങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയത്തിന് ഉപകരിക്കുന്ന നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ഈ ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധനോപാധികൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വിശദമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ഓഖി ദുരിതാശ്വാസ ഫണ്ടിൽ നീക്കിയിരിപ്പുണ്ടായിട്ടും നഷ്ടപരിഹാര തുക നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്കിടയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു.
2. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതി യിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.
3. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.
4. മരണമടയുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിന് പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു.
5. ഓഖി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് ശിപാർശ നൽകുന്നതിന് പ്രഖ്യാപിച്ചിരുന്നു.
6. ഇപ്പോൾ തുടർന്നുവരുന്ന ഊർജ്ജിത രക്ഷാപ്രവർത്തനങ്ങൾക്ക് തിരച്ചിലിനുംശേഷം ഏതെങ്കിലും മത്സ്യത്തൊഴിലാളിയെ കണ്ടെത്താനാവാതെ വന്നാൽ അവരുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകേണ്ട കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിന് സഹായകമായ ശിപാർശ നൽകുന്നതിന് നിലവിലുള്ള നിയമവ്യവസ്ഥകളിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിനുമായ പ്രഖ്യാപിച്ചിരുന്നു.
7. ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നസമയത്ത് മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും ബോട്ടുകളിൽ ജി.പി.എസ്.

സംവിധാനവും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളും സാറ്റലൈറ്റ് സംവിധാനങ്ങളും കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണവും ഒരുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു.

8. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു.

9. മത്സ്യബന്ധനത്തിനിടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എത്തിച്ചേർന്നവരെ തിരിച്ചെത്തിക്കുന്നതിനാവശ്യമായ സഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

10. നിരവധിപേരുടെ മരണത്തിനും നാശനഷ്ടത്തിനും ഇടയാക്കി അസാധാരണവും മുമ്പൊന്നും ഉണ്ടായിട്ടില്ലാത്തതുമായ ദുരന്തമായതിനാൽ ദേശീയ ദുരന്തമായി കണക്കാക്കി ദീർഘകാല പുനർ നിർമ്മാണ പദ്ധതി (സ്പെഷ്യൽ പാക്കേജ്)ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്ന് പ്രഖ്യാപിച്ചു.

11. ഈ ദുരന്തത്തോട് അനുബന്ധിച്ചുണ്ടായ കൃഷിനാശം, വീട് നഷ്ടപ്പെടൽ, ചികിത്സാച്ചെലവ് എന്നിവയ്ക്കും ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്കായി ഉചിതമായ സാമ്പത്തിക സഹായം ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചു.

12. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് യഥാസമയം വിവര ലഭ്യമാക്കാൻ ശാസ്ത്രീയമായ സംവിധാനം രാജ്യത്തുണ്ടാക്കണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചു.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്കിടയിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങളിൽ നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

2. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് 1,14,032 കുടുംബങ്ങൾക്ക് 2000 രൂപ വീതം വിതരണം ചെയ്തു. തുക ഉപയോഗിച്ച് ആകെ 22.80 കോടി രൂപ വിതരണം ചെയ്തു.

3. ഓഖി ദുരന്തത്തിൽ പൂർണ്ണമായും/ഭാഗികമായും മത്സ്യബന്ധ നോപാധികൾ നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.
4. ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.
5. ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യ ത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ദുരന്ത സമയങ്ങളിൽ ദൂരപരിധിയില്ലാതെ കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന സാറ്റലൈറ്റ് ഫോൺ ആദ്യഘട്ടത്തിൽ 1000 എണ്ണം ബി.എസ്.എൻ.എൽ. മുഖാന്തരം വാങ്ങുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.-മായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
6. നിരവധി പേരുടെ മരണത്തിനും നാശനഷ്ടത്തിനും ഇടയാക്കിയ അസാധാരണവും മുമ്പൊന്നും ഉണ്ടായിട്ടില്ലാത്തതുമായ ദുരന്തമായതിനാൽ ദേശീയ ദുരന്തമായി കണക്കാക്കി മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 2,000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന് ശ്രീ. എസ്. എം. വിജയാനന്ദ് ഐ.എ.എസ്. (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.
7. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ 7.41 കോടി രൂപ ഓഖി ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3000 രൂപ വീതം വാടക നൽകിവരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

8. ഉപഗ്രഹ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണം ISRO വികസിപ്പിച്ചെടുക്കുകയും സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15,000 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യഘട്ടത്തിൽ 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി ഫിഷറീസ് വകുപ്പ് ധാരണാ പത്രം ഒപ്പുവച്ചു. ഐ.എസ്.ആർ.ഒ. സൗജന്യമായി 500 നാവിക് ഉപകരണങ്ങൾ നൽകുന്നുണ്ട്. നാവിക് ഉപകരണം നവംബർ 30-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിതരണോദ്ഘാടനം ചെയ്തു.

9. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെവേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് സഹായകരമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ്‌യാർഡുമായി 31.05.2018-ൽ ഒപ്പുവച്ചു. 3 മറൈൻ ആംബുലൻസിന് വേണ്ടിവരുന്ന മൊത്തം തുകയായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. ധാരണാപത്രം പ്രകാരമുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 3.36 കോടി രൂപ കൊച്ചിൻ ഷിപ്പ്‌യാർഡിന് അനുവദിച്ചു. നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആദ്യ ഇൻസ്റ്റാൾമെന്റായ 3.36 കോടി രൂപ നൽകിയതിൽ 1.36 കോടി രൂപ ഓഖി ഫണ്ടും 2 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടുമാണ്. നിർമ്മാണത്തിന്റെ പുരോഗതിക്കനുസരിച്ച് ധാരണാപത്ര പ്രകാരം ഘട്ടങ്ങളായി ബാക്കി തുക ചെലവഴിക്കുന്നതാണ്.

10. ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളതും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകുകയും അതിൽ 35 പേർ നിലവിൽ ജോലി ചെയ്തുവരികയും ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസ

മേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

11. മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 6.10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അവ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 8-12-2018-നാണ് ടെണ്ടറിന്റെ അവസാന തീയതി. 12-12-2018-ൽ ടെണ്ടർ തുറക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്.

12. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്ന് കടൽ സുരക്ഷ സ്ക്വാഡുകളെ തെരഞ്ഞെടുത്ത് ആദ്യ ബാച്ച് ട്രെയിനിംഗിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ്, ഗോവയിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ ആദ്യ ആഴ്ച ആദ്യ ബാച്ച് പരിശീലനം ആരംഭിക്കുന്നതാണ്.

(ബി) ഉപഗ്രഹ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും 1500 കിലോ മീറ്റർവരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണം ISRO വികസിപ്പിച്ചെടുക്കുകയും സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15000 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 15.93 കോടി രൂപയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. 5,000 നാവിക് ഉപകരണങ്ങൾ 7 മാസംകൊണ്ട് വിതരണം ചെയ്യുന്നതിന് ഫിഷറീസ് വകുപ്പും കെൽട്രോണുമായി ധാരണാപത്രം 30-11-2018-ൽ ഒപ്പുവച്ചു. നാവിക് ഉപകരണം നവംബർ 30-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിതരണോദ്ഘാടനം ചെയ്തു.

ഐ.എസ്.ആർ.ഒ. 500 നാവിക് ഉപകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട്. സൗജന്യമായി ലഭ്യമായ നാവിക് ഉപകരണങ്ങൾ ജില്ലകളിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴി ലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ദുരന്തസമയങ്ങളിൽ ദൂരപരിധിയില്ലാതെ കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന സാറ്റലൈറ്റ് ഫോൺ ആദ്യഘട്ടത്തിൽ 1000 എണ്ണം ബി.എസ്.എൻ.എൽ. മുഖാന്തരം വാങ്ങുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഓഖി ദുരന്തത്തിൽ പൂർണ്ണമായും/ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

(ഡി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഓഖി പദ്ധതികൾക്ക് 76.22 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടുമാണ് നൽകിയിട്ടുള്ളത്.

പൂർണ്ണമായും നശിച്ച മത്സ്യത്തൊഴിലാളി ഭവനങ്ങൾ, മറൈൻ ആംബുലൻസ്, മത്സ്യബന്ധനോപാധികൾക്കുള്ള നഷ്ടപരിഹാരം, കടൽ സുരക്ഷ സ്ക്വാഡുകൾ, മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും, നാവിക് ഉപകരണം, സാറ്റ്ലൈറ്റ് ഫോൺ, ലൈഫ് ജാക്കറ്റ് എന്നീ പദ്ധതികളാണ് ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്നത്. ഇതിൽ മത്സ്യബന്ധന ഉപാധികൾക്കുള്ള നഷ്ടപരിഹാരം, ഈ വർഷത്തെ വിദ്യാഭ്യാസ ധനസഹായം, മറൈൻ ആംബുലൻസിനുള്ള ആദ്യ ഇൻസ്റ്റാൾമെന്റ് എന്നീ പദ്ധതികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ് ഓഖിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഓഖി ദുരിതാശ്വാസം**

368(1526) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്രസർക്കാരിൽ അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തുക കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ട്;

(സി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുള്ള ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ 7340 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാക്കേജ് പ്രകാരമുള്ള ധനസഹായമൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് അടിയന്തര സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. 26-2-2018-ന് ചേർന്ന ഹൈലെവൽ കമ്മിറ്റി യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത 133 കോടി രൂപയിൽനിന്നും 111.70 കോടി രൂപ ഓഖി ദുരിതാശ്വാസത്തിനായി ഉപയോഗിക്കാമെന്നും ബാക്കിയുള്ള തുക (21.30 കോടി രൂപ) ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങളിൽ ദുരിതാശ്വാസത്തിനായി ഉപയോഗിക്കാമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് അടിയന്തര ധനസഹായമായി അനുവദിച്ച 111.70 കോടി രൂപയിൽനിന്നും 92.085 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

**ഓഖി ദുരന്തത്തിനുശേഷം സ്വീകരിച്ച നടപടികൾ**

369(1527) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനുശേഷം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി കഴിഞ്ഞിട്ടുള്ളത്; ഇനിയും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഓഖി ദുരന്തത്തിൽ മരണപ്പെട്ടതോ കാണാതായതോ ആയ മത്സ്യത്തൊഴിലാളികളുടെ എണ്ണം 143 ആണ്. ടി മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ ജില്ലാ കളക്ടർ മുഖേന വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക വിനിയോഗിച്ച് 1,14,032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം മൊത്തം 22.80 കോടി രൂപ വിതരണം ചെയ്തു. പരിക്ക് പറ്റി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ 219 മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ആകെ 10,68,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ 64 മത്സ്യത്തൊഴിലാളികൾക്ക് 3.08 കോടി രൂപ അനുവദിച്ചുനൽകി. അതിനുശേഷം മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട 110 മത്സ്യത്തൊഴിലാളികൾക്ക് 1.65 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ച നൽകി.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് സഹായകരമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ് യാർഡുമായി 31-5-2018-ൽ ഒപ്പുവച്ചു. 3 മറൈൻ ആംബുലൻസിന് വേണ്ടിവരുന്ന മൊത്തം തുകയായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്)നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. ധാരണാപത്രം പ്രകാരമുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 3.36 കോടി രൂപ കൊച്ചിൻ ഷിപ്പ് യാർഡിന് അനുവദിച്ചു. നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആദ്യ ഇൻസ്റ്റാൾമെന്റായ 3.36 കോടി രൂപ നൽകിയതിൽ 136 കോടി രൂപ ഓഖി ഫണ്ടും 2 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടുമാണ്. നിർമ്മാണത്തിന്റെ പുരോഗതിക്കനുസരിച്ച് ധാരണാപത്ര പ്രകാരം ഘട്ടങ്ങളായി ബാക്കി തുക ചെലവഴിക്കുന്നതാണ്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിനായി 741.60 ലക്ഷം രൂപ (10 ലക്ഷം രൂപ വീതം 72 പേർക്ക് 720 ലക്ഷം രൂപ, ഭരണ നിർവ്വഹണ ചെലവ് 3% 21.6 ലക്ഷം രൂപ) ഓഖി ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3000 രൂപ വീതം വാടക നൽകിവരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പെയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളതും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും അതിൽ 35 പേർ നിലവിൽ ജോലി ചെയ്തുവരികയും ചെയ്യുന്നു.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽനിന്ന് കടൽ സുരക്ഷ സ്ക്വാഡുകളെ തെരഞ്ഞെടുത്ത് ആദ്യ ബാച്ച് ട്രെയിനിംഗിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ്, ഗോവയിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ ആദ്യ ആഴ്ച ആദ്യ ബാച്ച് പരിശീലനം ആരംഭിക്കുന്നതാണ്.

മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൂന്ന്, നാല്, അഞ്ച് ഘട്ടങ്ങളായി സമർപ്പിച്ചിരുന്ന അപേക്ഷകളിൽ 2.02 കോടി രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ടി തുക ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 6.10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അവ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ആയത് ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

ഉപഗ്രഹ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണം ISRO വികസിപ്പിച്ചെടുക്കുകയും സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 30-11-2018-ലെ ഓഖി വാർഷിക അനുസ്മരണ സമ്മേളനത്തിൽ വച്ച് മത്സ്യത്തൊഴിലാളികൾക്ക് നാവിക് വിതരണ ഉദ്ഘാടനംചെയ്തു. 15000 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതിയും 15.93 കോടി രൂപ ഫണ്ടും അനുവദിച്ചിട്ടുണ്ട്.

ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ദുരന്തസമയങ്ങളിൽ ദൂരപരിധിയില്ലാതെ കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന സാറ്റലൈറ്റ് ഫോൺ ആദ്യഘട്ടത്തിൽ 1000 എണ്ണം ബി.എസ്.എൻ.എൽ. മുഖാന്തരം വാങ്ങുന്നതിന് 9.4261 കോടി രൂപ അനുവദിച്ചു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ് (റിട്ട) സി.എം.ഡി. ചെയർമാന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പഠനം നടത്തി പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

### ഓഖി ദുരന്തത്തിലെ കേന്ദ്ര സഹായം

370(1528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ആവശ്യപ്പെട്ട തുക എത്രയായിരുന്നു; വിശദവിവരം നൽകുമോ;

(സി) കേന്ദ്ര സഹായം ഉപയോഗിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഓഖിയുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 111.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 7340 കോടി രൂപയുടെ ശിപാർശയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(സി) ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് 1,14,032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതം ആകെ 22.80 കോടി രൂപ വിതരണം ചെയ്തു. ഇതുകൂടാതെ മരണപ്പെട്ടതോ/കാണാതായവരുമായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായമായി അനുവദിച്ച 20 ലക്ഷം രൂപയിൽ 4 ലക്ഷം രൂപ ദുരന്ത നിവാരണ അതോറിറ്റിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത 4 ലക്ഷം രൂപ 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകൾ വിതരണം ചെയ്തത് റവന്യൂ വകുപ്പ് മുഖാന്തമാണ്.

**കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും**

371(1529) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷ സംവിധാനങ്ങളും കടൽ രക്ഷാപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെല്ലാ മത്സ്യഗ്രാമങ്ങളിലും ഇതിനായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സ്ക്വാഡുകൾ രൂപീകരിക്കുമ്പോൾ പ്രളയ ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങൾ കാഴ്ചവെച്ച മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രസ്തുത സ്ക്വാഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴി ലാളികൾക്ക് വേതനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) രക്ഷാപ്രവർത്തനങ്ങൾക്ക് യാനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് മുൻഗണന നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴി ലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം എന്നിവയെ ക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്നതിനായി ഐ.എസ്.ആർ.ഒ. വികസിപ്പിച്ച ഉപഗ്രഹ സഹായത്തോടെയുള്ള സന്ദേശ വിനിമയം സാധ്യമാക്കുന്ന ' നാവിക് 'എന്ന ഉപകരണം വിതരണം ചെയ്തു തുടങ്ങി. കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളെയും തൊഴിലാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ സഹായകമായ സാഗര മൊബൈൽ ആപ്ലിക്കേഷൻ, സാറ്റലൈറ്റ് ഫോൺ, സീ മൊബൈൽ, ജി.പി.എസ്., എച്ച്.എഫ്.വി.എച്ച്.എഫ് തുടങ്ങിയ കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40,000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് 6.10 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. അത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കടൽ രക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 900 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കടൽസുരക്ഷയുടെ ഭാഗമായി 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 9 മറൈൻ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ഒരു ഗ്രാമത്തിൽ അവിടെ ലഭ്യമായ 5 യാനങ്ങളും ഒരു യാനത്തിൽ 3 മത്സ്യത്തൊഴിലാളികൾ എന്ന കണക്കിൽ ആകെ 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു സ്ക്വാഡ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ വച്ച് 20 ദിവസത്തെ പരിശീലനം നൽകുന്നതാണ്. 60 മത്സ്യഗ്രാമങ്ങളിലായി മൊത്തം 300 യാനങ്ങളും 900 മത്സ്യത്തൊഴി ലാളികളുമാണ് സ്ക്വാഡിൽ ഉണ്ടാകുക. ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിന് ടി സ്ക്വാഡുകളുടെ സേവനം ഉപയോഗപ്പെടുത്തു ന്നതിനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ഉപയോഗപ്പെടുത്തുമ്പോൾ സ്ക്വാഡ് അംഗങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന വേതനം നൽകും. തെരഞ്ഞെടുക്കുന്ന യാനങ്ങൾക്ക്

അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ, സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണ്. പ്രളയ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡുകളായി തെരഞ്ഞെടുക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്.

(ഡി) കടൽസുരക്ഷാ സ്ക്വാഡുകളായി തെരഞ്ഞെടുക്കുന്നവർക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽരക്ഷാ പ്രവർത്തനത്തിലുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിലും പരിശീലനം നൽകുന്നതാണ്.

(ഇ) ഓഖിപോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനാണ് കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നത്. അങ്ങനെ സേവനം ഉപയോഗപ്പെടുത്തുന്നസമയത്ത് ടി കാലയളവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം നൽകുന്നതാണ്.

(എഫ്) രക്ഷാപ്രവർത്തനങ്ങൾക്ക് യാനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

## സുനാമി ഫ്ലാറ്റുകൾ

372(1530) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സുനാമി ഫ്ലാറ്റുകൾ നിലവിലുണ്ട്; അവ ഏതൊക്കെ ജില്ലകളിലാണ്; വ്യക്തമാക്കുമോ;

(ബി) സുനാമി ഫ്ലാറ്റുകളുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമുള്ള സംവിധാനമെന്താണ്;

(സി) സുനാമി ഫ്ലാറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ആയത് അർഹരായവർക്ക് അനുവദിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സുനാമി ഫ്ലാറ്റുകളിലെ അനർഹരായ താമസക്കാരെ ഒഴിപ്പിക്കുന്നതിനും അർഹരായവർക്ക് സുനാമി ഫ്ലാറ്റുകൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) നിലവിൽ സംസ്ഥാനത്ത് സുനാമി ഫ്ലാറ്റുകളിൽ താമസിക്കുന്നവരുടെ എണ്ണം എത്ര; ഇതിൽ അനർഹരായി എത്ര പേർ താമസിക്കുന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 8762 സുനാമി ഫ്ലാറ്റുകൾ/വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായാണ് സുനാമി വീടുകൾ റവന്യൂ വകുപ്പ് നിർമ്മിച്ച് നൽകിയിട്ടുള്ളത്.

(ബി) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സുനാമി ഫ്ലാറ്റുകൾ/വീടുകളുടെ തുടർന്ന് വരുന്ന അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾ തന്നെയാണ് നിർവ്വഹിക്കുന്നത്. കൊല്ലം ജില്ലയിൽ വില്ലേജ് ഓഫീസർ കൺവീനറായുള്ള റസിഡന്റ്സ് അസോസിയേഷൻ ഫ്ലാറ്റുകളുടെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ/വീടുകളുടെ മാലിന്യപ്രശ്നവും സംസ്കരണവും കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയവ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് നിർവ്വഹിച്ചുവരുന്നത്.

(സി) ഉണ്ട്. സംസ്ഥാനത്ത് 379 സുനാമി ഫ്ലാറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ അഭാവത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകി ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ഒഴിഞ്ഞുകിടക്കുന്ന സുനാമി ഫ്ലാറ്റുകൾ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ അഭാവത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അനർഹരായ താമസക്കാരെ കണ്ടെത്തുന്നതിനായി നിശ്ചിത ഇടവേളകളിലോ പരാതി ലഭിക്കുന്നമുറയ്ക്കോ പരിശോധന നടത്തുകയും അനർഹരാണെന്ന് കണ്ടെത്തുന്നപക്ഷം നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് സുനാമി ഫ്ലാറ്റുകളിൽ 8190 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അനർഹരായ 22 കുടുംബങ്ങൾ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

| ജില്ല | താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം | അനർഹർ താമസിക്കുന്നതായി നിലവിൽ കണ്ടെത്തിയിട്ടുള്ളത് |
|---|---|---|
| തിരുവനന്തപുരം | 648 | 0 |
| കൊല്ലം | 1603 | 0 |
| ആലപ്പുഴ | 4415 | 2 |
| എറണാകുളം | 82 | 0 |
| തൃശ്ശൂർ | 875 | 0 |
| മലപ്പുറം | 46 | 0 |
| കോഴിക്കോട് | 191 | 20 |
| കണ്ണൂർ | 126 | 0 |
| കാസർഗോഡ് | 204 | 0 |
| ആകെ | 8190 | 22 |

## മോഡേൺ ഫിഷ് മാർക്കറ്റ് പദ്ധതി

373(1531) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് അമ്പതു ശതമാനം ഗ്രാന്റോടുകൂടി കേരള സംസ്ഥാന ഫിഷറീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മോഡേൺ ഫിഷ് മാർക്കറ്റ് പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മുൻഗണനാ ലിസ്റ്റ് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം ജില്ലയിലെ കരിക്കോട് മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് 23-3-2017-ലും കൊല്ലം ജില്ലയിലെ മയ്യനാട് മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് 30-1-2018-ലും അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികൾ പുരോഗമിച്ചു വരുന്നു.

## മത്സ്യ വിപണനവും ഗുണനിലവാരവും

374(1532) ഡോ. എം. കെ. മുനീർ:
ശ്രീ.ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി മികച്ച മത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) വിഷം കലരാത്ത മത്സ്യത്തിന്റെ ലഭ്യതയും വിലസ്ഥിരതയും ഉറപ്പുവരുത്തുന്നതിന് സർക്കാർ നിയന്ത്രണത്തിൽ കൂടുതൽ മത്സ്യ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ് മാർട്ടുകൾ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ലഭ്യമാക്കുന്നതിന് 'അന്തിപച്ച ' എന്ന പേരിൽ ഒരു മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചുവരുന്നു. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിനും പിടിച്ചെടുക്കുന്ന മത്സ്യം ഗുണനിലവാരത്തോടെ അവസാനത്തെ ഗുണഭോക്താവിലെ ത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ കൊണ്ടുവരുന്നതാണ്.

(സി) നിലവിലുള്ള 31 ഫിഷ് മാർട്ടുകൾക്കുപുറമെ 20 ഫിഷ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും 6 ഫിഷ് മാർട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭ്യമാക്കുന്നതിന് കൂടുതൽ ഫിഷ് മാർട്ടുകളും മൊബൈൽ ഫിഷ് വെൻഡിംഗ് യൂണിറ്റുകളും ഓൺലൈൻ മത്സ്യവിൽപ്പനയും മത്സ്യഫെഡ് വഴി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

375(1533) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി വകുപ്പ് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി നവീകരണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 193.46 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻതന്നെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തിന്റെ ഗുണനിലവാരവും വിലനിർണ്ണയാവകാശവും

376(1534) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. ജോയി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടനിലക്കാരെ ഒഴിവാക്കി ഗുണനിലവാരമുള്ള മത്സ്യം മാർക്കറ്റുകളിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മത്സ്യത്തിന്റെ വിലനിർണ്ണയാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സാഹചര്യം സംജാതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) ലേലത്തിൽ നേരിട്ട് ഇടപെടുന്നതിന് മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് സാമ്പത്തികസഹായം നൽകാൻ പദ്ധതിയുണ്ടോ;

(ഡി) സംസ്ഥാനത്തെ മത്സ്യസമ്പത്ത് ലേലം ചെയ്യുന്നതും വിപണിയിലെത്തിക്കുന്നതും ഗുണനിലവാരം സംരക്ഷിക്കുന്നതും സംബന്ധിച്ച് പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് ഏറ്റെടുത്ത് ഇടനിലക്കാരെ ഒഴിവാക്കി വിൽപ്പന നടത്തുന്നതിന് മത്സ്യഫെഡ് വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗുണമേന്മയുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ് മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു. അന്നന്നുള്ള മത്സ്യം ലഭ്യമാക്കുന്നതിന് അന്തിപച്ച എന്ന മൊബൈൽ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. 20 ഫിഷ് മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിന് പിടിച്ചെടുക്കുന്ന മത്സ്യം ഗുണനിലവാരത്തോടെ അവസാനത്തെ ഉപഭോക്താവിലെത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സഹകരണ സംഘംവഴി തീരദേശ ലേലം നടത്തി വില നിർണ്ണയാവകാശം മത്സ്യത്തൊഴിലാളികൾക്ക് സാധ്യമാക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

(സി) മത്സ്യഫെഡിനു കീഴിലുള്ള മത്സ്യത്തൊഴിലാളി സംഘങ്ങൾവഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പകളും മത്സ്യലേലം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനമൂലധനവും എൻ.സി.ഡി.സി.-യുടെ (നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ) സഹായത്തോടെ ഐ.എഫ്.ഡി.പി. (ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട്) പദ്ധതി പ്രകാരം നൽകിവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ഇൻപുട്ടുകൾ നൽകുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. എൻ.സി.ഡി.സി.-യിൽനിന്നും സർക്കാർ ഗ്യാരണ്ടിയോടെ വായ്പയെടുത്താണ് പദ്ധതി നടപ്പാക്കുക. പലിശ തുക സർക്കാർ നൽകും. മത്സ്യത്തൊഴിലാളികൾ സഹകരണ സംഘം വഴിയുള്ള ലേലത്തിൽ

പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനമായി സർക്കാർ ധനസഹായത്തോടെ പ്രൊഡക്ഷൻ ബോണസ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. മത്സ്യലേലം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനാവശ്യമായതും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള " കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ" പരിഗണനയിലാണ്.

## മത്സ്യത്തിന്റെ ഗുണനിലവാരം

377(1535) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനക്കെത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കാജനകമായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് വകുപ്പ് നേരിട്ടോ അവർ ചുമതലപ്പെടുത്തുന്ന ഏജൻസികൾ മുഖാന്തമോ രാസവസ്തുക്കൾ കലരാത്ത മത്സ്യം ലഭ്യമാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഐസിൽ ഫാക്ടറികളിൽ വച്ച് രാസവസ്തുക്കൾ ചേർക്കുന്നതിനാൽ പ്രസ്തുത ഫാക്ടറികളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തി ഐസിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിന്റെ 31 ഫിഷ് മാർട്ടുകളും ഒരു മൊബൈൽ ഫിഷ് യൂണിറ്റും മുഖേന ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യവിൽപ്പന നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ ഐസ് പ്ലാന്റുകൾക്ക് പ്രവർത്തനാനുമതി നൽകുന്നതും അവയിൽ പരിശോധന നടത്തുന്നതും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പാണ്. ടി വകുപ്പ് മുഖേന പരിശോധനകൾ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയ ഐസ് പ്രയോജനപ്പെടുത്തണമെന്ന് വകുപ്പ് നിഷ്കർഷിക്കാറുണ്ട്. മത്സ്യവിൽപ്പനയിലും വിപണനത്തിലും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉതകുന്ന നിയമനിർമ്മാണം പരിഗണനയിലാണ്.

## അഷ്ടമുടിക്കായലിലെ ചെമ്മീൻ കൃഷി

378(1536) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായലിൽ തദ്ദേശസ്ഥാപനങ്ങൾ നിക്ഷേപിച്ച ചെമ്മീൻ കുഞ്ഞുങ്ങളെ, അവ പൂർണ്ണവളർച്ചയെത്തുന്നതിന് മുൻപേതന്നെ പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനധികൃതമായി ചെമ്മീൻ പിടിക്കുന്നവർക്കെതിരെ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അഷ്ടമുടിക്കായലിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടില്ല. എന്നാൽ പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖാന്തരം അഷ്ടമുടിക്കായലിൽ ചെമ്മീൻ വിത്ത് നിക്ഷേപിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിൽ അനധികൃത മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ് നടത്തുകയും അനധികൃതമായി ചെമ്മീൻ പിടിക്കുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ നിയമപരമായി ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## മത്സ്യഫെഡിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ

379(1537) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനിടയിൽ മത്സ്യത്തൊഴിലാളികളുടെ വള്ളവും വലയും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ മത്സ്യഫെഡിൽനിന്നും നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ വളരെ കുറവായതിനാൽ ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന ഐ.എഫ്.ഡി.പി., എൻ.ബി.സി.എഫ്.ഡി.സി. ടേം ലോൺ, എൻ.എം.ഡി.എഫ്.സി. ടേം ലോൺ തുടങ്ങിയ പദ്ധതികളിൽ മത്സ്യബന്ധന ഉപകരണ വായ്പയെടുക്കുകയും മത്സ്യഫെഡ് ഇൻപുട്ട് സെക്യൂരിറ്റി സ്കീം (MISS) പദ്ധതിയിൽ പ്രീമിയം അടച്ച് അംഗമാകുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ ഉപകരണങ്ങൾ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ നഷ്ടപ്പെടുകയോ കേട് സംഭവിക്കുകയോ ചെയ്യുമ്പോൾ വ്യവസ്ഥകൾക്ക് വിധേയമായി ആനുപാതികമായ നഷ്ടപരിഹാരം നൽകിവരുന്നു. MISS പദ്ധതിയിൽ ഗുണഭോക്താക്കളല്ലാത്തവർക്ക് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. പദ്ധതി വ്യവസ്ഥകൾക്കനുസരിച്ച് നൽകാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

## മത്സ്യഫെഡിന്റെ സൂപ്പർ മാർക്കറ്റുകൾ

380(1538) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈനായി മത്സ്യം വിൽക്കുന്നതിന് മത്സ്യഫെഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മത്സ്യവില്പനയ്ക്കായി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ മത്സ്യഫെഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മത്സ്യത്തിന്റെ മൂല്യവർധിത ഉല്പന്നങ്ങൾ പ്രസ്തുത സൂപ്പർമാർക്കറ്റുകൾ വഴി ലഭ്യമാക്കുമോ;

(ഡി) ഫോർമാലിനും അമോണിയയും ചേർത്ത് വിഷലിപ്തമാക്കിയ മത്സ്യത്തിന് പകരം ഗുണമേന്മയുള്ള മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഈ സൂപ്പർ മാർക്കറ്റുകൾ വഴി സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഓൺലൈൻ മത്സ്യവിപണനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി - ഡി) പരിശോധിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

381(1539) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയതെന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തീരദേശ വികസന കോർപ്പറേഷൻ വൈപ്പിൻ നിയോജകമണ്ഡലത്തിൽ 898.30 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6 പ്രവൃത്തികൾ നടത്തിവരുന്നു. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പനച്ചമൂട്, പൂഴനാട് പബ്ലിക് മാർക്കറ്റുകളുടെ നവീകരണം

382(1540) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്, പൂഴനാട് പബ്ലിക് മാർക്കറ്റുകൾ നവീകരിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻവഴി സമർപ്പിച്ചിരുന്ന ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാനാകും എന്നുള്ള വിശദാംശങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ 500 ലക്ഷം രൂപ അടങ്കൽ തുകയിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് വികസനവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൻപ്രകാരം കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പൂഴനാട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

**ചെറുവത്തൂരിൽ തീര മാവേലിസ്റ്റോർ**

383(1541) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖമായ ചെറുവത്തൂർ തുറമുഖത്തിൽ നൂറ് കണക്കിന് മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തിവരുന്നതിനാൽ ഇവർക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനായി ഒരു തീര മാവേലിസ്റ്റോർ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ചെറുവത്തൂർ തുറമുഖത്തിന് അര കിലോമീറ്റർ ചുറ്റളവിൽ തീരമാവേലി പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന താഴെക്കാണുന്ന കമ്മ്യൂണിറ്റി പ്രൊവിഷണൽ സ്റ്റോറും തീരമൈത്രി സൂപ്പർ മാർക്കറ്റും ഉണ്ട്. സപ്ലൈകോയുടെ മാവേലി ഉൽപ്പന്നങ്ങൾ സബ്സിഡി നിരക്കിൽ ഇവിടെ ലഭ്യമാണ്. അതിനാൽ പുതിയ മാവേലി സ്റ്റോർ പരിഗണനയിലില്ല.

1. തേജസ്വിനി കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ, മടക്കാവ് ടൗൺ, ചെറുവത്തൂർ പി.ഒ., കാസർഗോഡ്

2. കുമ്പള തീരമൈത്രി സൂപ്പർ മാർക്കറ്റ്, തൃക്കരിപ്പൂർ, നടക്കാവ്, കാസർഗോഡ്

## മുതലപ്പൊഴിയുടെ അശാസ്ത്രീയമായ നിർമ്മാണം

384(1542) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയുടെ അശാസ്ത്രീയമായ നിർമ്മാണംമൂലം അടിക്കടി ദുരന്തങ്ങൾ ഉണ്ടാകുന്നതും മത്സ്യത്തൊഴിലാളികൾ മരണമടയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം പ്രസ്തുത സ്ഥലത്തെത്ര മത്സ്യത്തൊഴിലാളികൾ ദുരന്തങ്ങളിൽ മരണമടഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) മുതലപ്പൊഴിയുടെ അശാസ്ത്രീയ നിർമ്മാണത്തിലെ അപാകത അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2018-ൽ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ പൊഴിമുഖത്തും അപ്രോച്ച് ചാനലിലുമായി അപകടത്തിൽപ്പെട്ട് 2 മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്.

(സി) നിർമ്മാണത്തിലെ പിഴവുകൾമൂലമല്ല ഇവിടെ അപകടങ്ങൾ ഉണ്ടാകുന്നത്. മോഡൽ സ്റ്റഡി നടത്തിയാണ് പുലിമുട്ടുകൾ നിർമ്മിക്കുന്നത്. തിയററ്റിക്കൽ സൊല്യൂഷൻസ് ഇല്ലാത്തതിനാലാണ് മോഡൽ സ്റ്റഡിയെ ആശ്രയിക്കേണ്ടിവരുന്നത്. പുലിമുട്ടുകൾ നിർമ്മിച്ചുകഴിഞ്ഞാൽ ഹാർബറിലേയ്ക്ക് ഒഴുകിയെത്തുന്ന മണ്ണിന്റെ അളവ്, തിരമാലകൾ എത്രമാത്രം ശക്തി കുറയും എന്നിവ കൃത്യമായി പ്രവചിക്കാൻ ശാസ്ത്രലോകത്തിന് കഴിഞ്ഞിട്ടില്ല. ഇതുകൊണ്ടാണ് ലഭ്യമാകുന്ന ഏറ്റവും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങളുടെ അഭിപ്രായം തേടുന്നത്.

കേന്ദ്ര സ്ഥാപനമായ പൂനെയിലെ CWPRS-ന്റെ മാതൃകാ പഠനത്തെ അടിസ്ഥാനപ്പെടുത്തിയാണ് മുതലപ്പൊഴി തുറമുഖം നിർമ്മിച്ചിരിക്കുന്നത്. കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിരമുറിയുന്ന പ്രതിഭാസവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർമ്മാണത്തിലെ പിഴവുമൂലമല്ല. നദീമുഖ ഹാർബറുകളിൽ ഇത്തരം പ്രതിഭാസമുണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ തെക്കുഭാഗത്തുനിന്നും കണക്കിൽ കവിഞ്ഞ തോതിൽ മണ്ണ് വടക്കുഭാഗത്തേയ്ക്ക് നീങ്ങുന്നത് കാരണം ഹാർബർ

പ്രവേശന കവാടത്തിൽ മണ്ണ് അടിയുന്നുണ്ട്. ഇങ്ങനെ മണ്ണടിഞ്ഞ് ആഴം കുറയുന്നതുമൂലമാണ് തിര മുറിയുന്ന പ്രശ്നമുണ്ടാകുന്നത്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ മൗത്തിലെയും ചാനലിലെയും ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം നടത്തുന്ന മെസ്സേഴ്സ് അദാനി പോർട്ടുമായി എം.ഒ.യു. മുഖേന കരാർ വച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

## മാവേലിക്കരയിലെ മത്സ്യമാർക്കറ്റുകളുടെ ആധുനികവത്കരണം

385(1543) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിനായാണ് ഡി.പി.ആർ. തയ്യാറാക്കി നല്കിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും വിശദമാക്കുമോ?

<u>ഉത്തരം</u>

മാങ്കാംകുഴി മത്സ്യ മാർക്കറ്റ് വികസനം, പുതിയകാവ് മത്സ്യ മാർക്കറ്റ് വികസനം, താമരക്കുളം മത്സ്യമാർക്കറ്റ് വികസനം എന്നിവ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായുള്ള കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ടി മാർക്കറ്റുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കി കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## അതിരപ്പിള്ളിയിൽ മീൻപിടിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാർ

386(1544) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയിൽനിന്ന് മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുഴയിൽനിന്ന് മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരെ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം 2018-19-ൽ പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതി ആനുകൂല്യങ്ങൾക്കും അർഹരാണ്. മത്സ്യബന്ധന ഉപകരണങ്ങൾ നേരിട്ട് വകുപ്പ് മുഖേന നൽകുന്നില്ല. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

**ഉദുമ നിയോജകമണ്ഡലത്തിലെ ചാത്തംകൈ-ചെമ്പരിക്കറോഡ്**

387(1545) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിലെ ചാത്തംകൈ-ചെമ്പരിക്ക റോഡിന് തീരദേശവികസന ഫണ്ടിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീരദേശമായതിനാൽ ഡ്രെയിനേജ് സംവിധാനത്തിന് സ്ഥലം ലഭിക്കാത്തത് ഉൾപ്പെടെയുള്ള സ്ഥലപരിമിതി പരിഗണിച്ച്, സാങ്കേതികാനുമതി തുകയേക്കാൾ തുക അധികരിക്കാത്ത രീതിയിൽ മേൽ റോഡ് ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ ആവശ്യത്തിൻമേൽതുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി 100.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ ആവശ്യം പരിഗണിച്ച് ചില ഇനങ്ങളിൽ മാറ്റം ആവശ്യമായി വന്നതിനാൽ ടി റോഡ് കോൺക്രീറ്റ് റോഡാക്കി മാറ്റുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

(ഡി) കാലതാമസമുണ്ടായിട്ടില്ല.

## കൊല്ലം നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ

388(1546) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജക മണ്ഡലത്തിൽ 2018-19 ൽ തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

| നമ്പർ | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പനയം പഞ്ചായത്ത്, വാർഡ് 2, കുഴിയത്ത് മുക്ക് കിഴക്ക് മുളവിള കടവ് മുതൽ ആഞ്ഞിലിമൂട് വരെയുള്ള റോഡ് | 32.40 ലക്ഷം | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 2 | ചെമ്മക്കാട് സർവ്വീസ് സ്റ്റേഷൻ പനയിൽ ഭാഗം വരെ റോഡ് | 77.20 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 3 | പനമുക്കം നീലവീട്ടിൽ റോഡ് | 21.40 ലക്ഷം | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

## തീരദേശ റോഡുകളുടെ പുനരുദ്ധാരണം

389(1547) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ്,വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആകെ എത്ര തുക അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും അറിയിക്കാമോ ;

(സി) ഇവയിൽ ഏതെല്ലാം തീരദേശറോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു;

(ഡി) എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ബണ്ട് റോഡ്, മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുമ്പുള്ളി റോഡ്, കെ.എൽ.ഡി.സി ബണ്ട് റോഡ്, മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിലെ എളവള്ളി, മുല്ലശ്ശേരി, മണലൂർ, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് 338.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | എളവള്ളി | 31.30 |
| 2 | മുല്ലശ്ശേരി | 51.30 |
| 3 | മണലൂർ | 15.40 |
| 4 | വെങ്കിടങ്ങ് | ഇല്ല |
| 5 | വാടാനപ്പള്ളി | 240.60 |
| ആകെ അനുവദിച്ച തുക | | 338.6 |

(സി) റോഡ് നിർമ്മാണം ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി)

| ക്രമ നമ്പർ | റോഡിന്റെ പേര് | പുരോഗതി |
|---|---|---|
| 1 | എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ബണ്ട് റോഡ് (ശ്മശാനം റോഡ്) | 14-8-2018-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | മുല്ലശ്ശേരി പഞ്ചായത്തിലെ കണ്ണേങ്ങാത്ത് കുന്നുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ് | 4-9-2018-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 3 | മണലൂർ പഞ്ചായത്തിലെ കരിക്കൊടി തീരദേശ റോഡ് | 14-8-2018-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**ഫിഷറീസ് വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ അനുവദിച്ച റോഡുകൾ**

390(1548) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പേര്, അനുവദിച്ച തുക, പ്രവൃത്തി പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പട്ടികരൂപത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് മുഖേന യഥാക്രമം 233.60 ലക്ഷം, 241.95 ലക്ഷം, 782.35 ലക്ഷം രൂപയുടെ റോഡ് പുനരുദ്ധാരണ വർക്കുകൾ അനുവദിച്ചിട്ടുണ്ട്. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പേര്, അനുവദിച്ച തുക, പ്രവൃത്തി പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അരൂർ മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

391(1549) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഈ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന 623.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നെട്ടൂർ-കുമ്പളം പാലത്തിന്റെ നിർമ്മാണം

392(1550) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നെട്ടൂർ-കുമ്പളം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണംസമയബന്ധിതമായി പൂർത്തീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് പണി പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) നബാർഡ് RIDF XVII-ൽ 1500 ലക്ഷം രൂപയ്ക്ക് 11-1-2012-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തിക്ക് 13-9-2013-ൽ കരാറിലേർപ്പെട്ടു.

പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കുമ്പളം പഞ്ചായത്തും മരട് മുനിസിപ്പാലിറ്റിയും ഏറ്റെടുത്ത് തരാമെന്ന് ഉറപ്പുനൽകിയിരുന്നെങ്കിലും സ്ഥലം ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. കരാർ കാലാവധിക്ക് പുറത്ത് പ്രവൃത്തി ചെയ്യുന്നതിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കരാറുകാരൻ തയ്യാറായില്ല. പാലം ഇ.പി.സി. കോൺട്രാക്റ്റിൽ പുതിയ ഡിസൈൻ പ്രകാരം ചെയ്യാമെന്ന് കരാറുകാരൻ അറിയിച്ചു. പുതിയ ഡിസൈൻ സമർപ്പിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് 9.37 കോടി രൂപയ്ക്ക് പുതുക്കിയ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരമുള്ള പാലം പണി 31-3-2018-ൽ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രളയവും ശക്തമായ മഴയുംമൂലം അപ്രോച്ച് റോഡിന്റെ ഭാഗത്തെ പൈലിംഗ് പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം നേരിടുകയുണ്ടായി. 2019 ജനുവരി മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കാരോട്, കുളത്തൂർ പഞ്ചായത്തുകളിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

393(1551) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ ഗ്രാമപഞ്ചായത്തുകളിൽ ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം ഭരണാനുമതി നൽകിയതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ പേരും സ്ഥലവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ ;

(ഡി) 2018-19 വർഷത്തിൽ പ്രസ്തുത പഞ്ചായത്തുകളിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ ഗ്രാമപഞ്ചായത്തുകളിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ഭരണാനുമതി നൽകിയതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ഉൾപ്പെടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) 2018-19-ൽ കാരോട്, കുളത്തൂർ പഞ്ചായത്തുകളിൽ പ്രവൃത്തികൾക്ക് ഭരണാനുമതിയൊന്നും നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കായംകുളം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

394(1552) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കായംകുളം ഗവ. ഗേൾസ് എച്ച്.എസ്.എസ്. ന്റെ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 71 സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. കൺസെപ്റ്റ് റിപ്പോർട്ടിൽ സീരിയൽ നമ്പർ 24 ആയി പ്രസ്തുത സ്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന ജോലികൾ അതിവേഗം പുരോഗമിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

395(1553) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് വർക്കല മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകാനുള്ളത് ഏതിനെല്ലാമെന്ന് വ്യക്തമാക്കാമോ; സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 537.85 ലക്ഷം രൂപയുടെ 22 റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) താഴെപ്പറയുന്ന മൂന്ന് റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. നേതാജി റോഡ്, വെട്ടൂർ പഞ്ചായത്ത് (47.10 ലക്ഷം)

2. കാപ്പിൽ എച്ച്.എസ്. നെയ്യാറ്റിൻകടവ് റോഡ് (46.20 ലക്ഷം)

3. ചുമടുതാങ്ങി ഇടനാഴി റോഡ് (38.20 ലക്ഷം)

(സി) 9 റോഡുകളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകാനുണ്ട്. എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡിന്റെ ചില ഭാഗം മറ്റ് ചില ഏജൻസികൾ ചെയ്തതിനാലും റോഡിന്റെ ഉടമസ്ഥാവകാശം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അല്ലാത്തതിനാലും പഞ്ചായത്ത്, മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട സ്ഥലലഭ്യത ഉറപ്പാക്കിയശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ സ്വാഭാവികമായ കാലതാമസം മാത്രമെ സാങ്കേതികാനുമതി നൽകുന്നതിന് ഉണ്ടായിട്ടുള്ളു. വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന തുറമുഖം**

396(1554) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മൽസ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുറമുഖത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആദ്യഘട്ടത്തിൽ എത്ര തുകയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഒരു വർഷമായി നീണ്ടുനിൽക്കുന്ന പഠന-ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീ-മൺസൂൺ-മൺസൂൺ-പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ടെൻഡേറ്റീവ് ലേഔട്ട് തുടർപരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി പൂനെ, CWPRS-ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തിയാക്കിയ ശേഷം EIA സ്റ്റഡികൂടി നടത്തേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ചശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

(സി) പൊഴിയൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-19 ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. KIIFB മുഖേന പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനം**

397(1555) <u>ശ്രീമതി പി. അയിഷാ പോറ്റി</u>:

<u>ശ്രീ. എം. നൗഷാദ്</u>:

<u>ശ്രീമതി വീണാ ജോർജ്ജ്</u>:

<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് ആവശ്യമായ തോട്ടണ്ടി ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) പ്രായമേറിയ കശുമാവുകൾ മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ള പുതിയവ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(എഫ്) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖരിച്ച് ഇവിടെത്തന്നെ സംസ്കരിക്കാനുള്ള തീരുമാനത്തിന്റെ ഫലമായി കശുവണ്ടി സംഭരണത്തിൽ ഉണ്ടായ വർദ്ധന വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽനിന്നും കശുവണ്ടി ഇറക്കുമതിചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവയ്ക്കും പ്രൈവറ്റ് ഫാക്ടറികൾക്കും നൽകുന്നതിനായി കേരള കാഷ്യു ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽനിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാനത്തെ പൊതുമേഖലയിൽ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ മുതലായ പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് തോട്ടണ്ടി, കോർപ്പറേഷനും കാപെക്സിനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള കാഷ്യു കൾട്ടിവേഷൻ ഏജൻസി ഉല്പാദനക്ഷമതയുള്ള കശുമാവിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കാനും തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാനുമായി കേരള കാഷ്യു കൾട്ടിവേഷൻ ഏജൻസി

താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കശുമാവ് പുതുകൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ x 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്.

2. കശുമാവ് തോട്ടം നിർമ്മാണം- 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലമൊരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ്- കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചുവളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5 മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമെ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ.

(ഡി) കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വനം വകുപ്പിന്റെയും സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. 5000 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുണമെന്ന് വനം വകുപ്പ് പ്രഖ്യാപിച്ചിരുന്നെങ്കിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

(ഇ) പ്രായമേറിയ കശുമാവുകൾ മുറിച്ചുമാറ്റുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പ്രായമേറിയ കശുമാവുകൾ മുറിച്ചുമാറ്റിയ സ്ഥലങ്ങളിൽ അത്യുൽപ്പാദനശേഷിയുള്ള പുതിയ കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ആനുകൂല്യം നൽകുന്നതിനുമുള്ള സ്കീമുകൾ കേരള കാഷ്യൂ കൾട്ടിവേഷൻ ഏജൻസി നടപ്പിലാക്കിവരുന്നു.

(എഫ്) കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വിവിധ ഗവൺമെന്റ് ഫാമുകളിൽനിന്ന് | - 29389.7 kgs |
| ആറളം ഫാമിൽനിന്ന് | -173886.5 kgs |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് NM | -215985 kgs |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് NM Agency മുഖാന്തരം ചീമേനിയിൽനിന്ന് | - 105644.5 kgs |
| ആകെ | - 524.905 MT |
| ടെൻഡർ മുഖാന്തരം | - 3150.383 MT |
| ആകെ | - 3675.288 MT |

കാപ്പെക്സ് ഇതുവരെയായി ഇ-ടെണ്ടർ മുഖാന്തരവും (1690 MT), ആറളം ഫാമിൽനിന്നും (60 MT) കർഷകരിൽനിന്നും (160 MT) ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട്.

2017-ൽ കാപ്പെക്സും കാഷ്യു കോർപ്പറേഷനുംകൂടി കേരളത്തിൽനിന്നും ആകെ 2781.466 MTN തോട്ടണ്ടിയും 2018-ൽ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നതെങ്കിലും ആകെ ഉത്പാദനത്തിന്റെ ചെറിയ ശതമാനം മാത്രമെ സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുള്ളൂ. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ഈ വർഷം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കാനായി കൃഷി വകുപ്പുമായി സഹകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള മുഴവൻ തോട്ടങ്ങളിൽ നിന്നുമുള്ള തോട്ടണ്ടി വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിലുള്ള ആറളം ഫാമിൽനിന്ന് 2017-ലും 2018-ലും മുഴുവൻ തോട്ടണ്ടിയും സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ ലഭിച്ചിട്ടുണ്ട്. കശുവണ്ടി സംഭരണം കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ആരംഭിച്ചതോടുകൂടി പൊതുമേഖലയിലെ തോട്ടണ്ടിക്ക് ഏറ്റവും മികച്ച വിലയാണ് ലഭിക്കുന്നത്. കേരളത്തിലെ കശുമാവ് കർഷകർക്ക് തോട്ടണ്ടിക്ക് ഉയർന്ന വില ലഭിക്കുന്നതിന് തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സർക്കാർ ഇടപെടൽ സഹായകരമായിട്ടുണ്ട്.

## കശുവണ്ടി വ്യവസായം

398(1556) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷം എത്ര മെട്രിക് ടൺ കശുവണ്ടിയാണ് ആവശ്യമായിട്ടുള്ളത്;

(ബി) ആഭ്യന്തരമായി എത്ര ടൺ കശുവണ്ടി ഒരു വർഷം ഉല്പാദിപ്പിച്ചുവരുന്നുണ്ട്;

(സി) സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഒരുവർഷം സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനായി ഏകദേശം 7-8 ലക്ഷം MT തോട്ടണ്ടി ആവശ്യമാണ്.

(ബി) ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ ഡെവലപ്മെന്റ്, കൊച്ചിയുടെ 2016-17-ലെ റിപ്പോർട്ട് പ്രകാരം 83980 മെട്രിക് ടൺ തോട്ടണ്ടിയാണ് കേരളത്തിന്റെ ഉല്പാദനം.

(സി) സംസ്ഥാനത്ത് കശുവണ്ടിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അത്യുൽപ്പാദനശേഷിയുള്ള കശുമാവിനങ്ങൾ നൽകിയും

അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിച്ചും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ x 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം- 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലമൊരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ്- കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി ഫാക്ടറികൾ തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - സംസ്ഥാനം നേരിടുന്ന സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5 മീറ്റർ x 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷിചെയ്യുന്നവർക്ക് മാത്രമെ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളൂ.

## കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ

399(1557) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം ഫാക്ടറികളിൽ കശുവണ്ടിയിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) ഏതെല്ലാം മൂല്യ വർദ്ധിത ഉത്പന്നങ്ങളാണ് നിർമ്മിക്കുന്നതെന്നും ഇവയുടെ വിപണനത്തിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളും വിശദീകരിക്കാമോ;

(സി) കശുവണ്ടി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ആദിനാട്ട് 16-ാം നമ്പർ ഫാക്ടറിയിലെ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കശുവണ്ടി പരിപ്പിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ അയത്തിൽ വാല്യു ആഡഡ് യൂണിറ്റ്, കൊട്ടിയം വാല്യു അഡിഷൻ യൂണിറ്റ് എന്നിവിടങ്ങളിലാണ് കശുവണ്ടിയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നത്.

(ബി) കാഷ്യു വിറ്റ, കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യു ബിറ്റ്സ് എന്നീ മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് ഇപ്രകാരം നിർമ്മിക്കുന്നത്. കശുവണ്ടിപ്പരിപ്പിൽനിന്നും ചിൽഡ്രൻസ് വിറ്റ എന്നൊരു പുതിയ മൂല്യവർദ്ധിത ഉത്പന്നവും കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യു സോഡാ, കാഷ്യു സൂപ്പ്, കാഷ്യു സ്പ്രെഡ് എന്നീ ഉത്പന്നങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുള്ളതാണ്. ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തരം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനം നടത്തുന്നു. കൂടാതെ കോർപ്പറേഷന്റെ 10 ഫാക്ടറികളിൽ ഔട്ട്ലെറ്റ് മുഖാന്തരം കശുവണ്ടിപരിപ്പും മൂല്യവർദ്ധിത ഉത്പന്നങ്ങളും വിപണനം നടത്തിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കശുവണ്ടിത്തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

400(1558) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ അടക്കം ലഭിക്കാൻ മുമ്പുണ്ടായിരുന്ന ഉദാരവ്യവസ്ഥ കേന്ദ്രസർക്കാർ പിൻവലിച്ചതുമൂലം കശുവണ്ടി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് വർഷം 156 ഹാജർ, തുടർച്ചയായി നാല് വിഹിതം മുടക്കമില്ലാതെ അടയ്ക്കൽ എന്നീ നിബന്ധനകൾ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുവാൻ പാലിക്കണമെന്നിരിക്കെ കശുവണ്ടി മേഖലയിൽ തൊഴിൽ ലഭ്യമാകാത്ത നിലവിലുള്ള അവസ്ഥയിൽ പ്രസ്തുത കശുവണ്ടി തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അതിന് പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) നേരത്തെ ഉണ്ടായിരുന്ന ഉദാരവ്യവസ്ഥകൾ പുനഃസ്ഥാപി ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി & ഡി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 7-11-2016-ലെ V-14/11/5/2012-Med.1 (Policy) നമ്പർ കത്ത് പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പുതുക്കിയ

വ്യവസ്ഥകൾ ഇ.എസ്.ഐ. ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി വ്യവസ്ഥകൾ റദ്ദാക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ആവശ്യപ്പെടുകയുണ്ടായി. കൂടാതെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിനോട് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ ഫലമായി ഇ.എസ്.ഐ. കോർപ്പറേഷൻ 29-10-2018-ലെ V-14/11/5/2018-Med.1 (SST) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഇൻഷ്വർ ചെയ്ത തൊഴിലാളി അംശാദായ കാലയളവിൽ 78 ദിവസത്തെ വരിസംഖ്യ അടയ്ക്കുകയും രജിസ്റ്റർ ചെയ്ത് 6 മാസം പൂർത്തിയാകുകയും ചെയ്താൽ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കും. കൂടാതെ രണ്ട് അംശദായ കാലയളവിൽ 156 ദിവസത്തെ വരിസംഖ്യ (78 ദിവസം വീതം ഓരോ കാലയളവിലും) അടയ്ക്കുകയും രജിസ്റ്റർ ചെയ്ത് ഒരുവർഷം പൂർത്തിയാകുകയും ചെയ്താൽ ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുടുംബാംഗങ്ങൾക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹതയുണ്ടായിരിക്കും എന്നിവയാണ് പുതിയ വ്യവസ്ഥകൾ.

## സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ നിയമനങ്ങൾ

401(1559) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നതിന്റെയും ഇതിൽ പി.എസ്.സി. വഴിയല്ലാതെ നിയമനം ലഭിച്ച എത്ര പേരുണ്ടെന്നതിന്റെയും വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോർപ്പറേഷനിലെ നിയമനങ്ങൾ പി. എസ്.സിക്ക് വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തതിനാൽ പ്രസ്തുത കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് നടത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി വഴിയല്ലാതെ ഈ സ്ഥാപനത്തിൽ എത്ര പേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ 103 ഹെഡ് ഓഫീസ് ജീവനക്കാരും 614 ഫാക്ടറി ഓഫീസ് ജീവനക്കാരും 11459 തൊഴിലാളികളും ഉൾപ്പെടെ 12176 പേർ ജോലി ചെയ്തുവരുന്നു. പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നത് ചുവടെ പറയുന്ന തസ്തികകളിലാണ്.

1. അസിസ്റ്റന്റ് പേഴ്സണൽ ഓഫീസർ
2. ജൂനിയർ അസിസ്റ്റന്റ്
3. ജൂനിയർ ടൈപ്പിസ്റ്റ്
4. ഓവർസിയർ
5. റിസപ്ഷനിസ്റ്റ് കം ടെലഫോൺ ഓപ്പറേറ്റർ
6. ഇലക്ട്രീഷ്യൻ
7. ഓഫീസ് അറ്റൻഡന്റ്.

മേൽ തസ്തികകളിൽ ആകെ 30 പേർ ജോലി ചെയ്യുന്നു. ടി ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ നേരിട്ട്/ആശ്രിത നിയമനം വഴി/ഐ.ആർ.സി. കരാർ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും തൊഴിലാളികളെ ടെസ്റ്റ് വർക്ക് നടത്തിയുമാണ് നിയമിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴിയല്ലാതെ നിയമനം നടത്തിയ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഹെഡ് ഓഫീസ് സ്റ്റാഫ് - ഹെഡ് ഓഫീസിൽ കൊല്ലം ജില്ലയിൽ 31-12-2009-ൽ നടന്ന പാചക വാതക ടാങ്കർ ലോറി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതരായ 2 പേർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും കശുവണ്ടി കോർപ്പറേഷനിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടയാളുടെ ആശ്രിതയ്ക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

കോൺട്രാക്ട് നിയമനം- ഭരണ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 7 പേരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതാണ്.

ഫാക്ടറി ജീവനക്കാർ - ഫാക്ടറി ഓഫീസ് ജീവനക്കാരുടെ തസ്തികകളിൽ 9 പേരെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരവും 94 പേരെ കാഷ്യു ഐ.ആർ.സി. കരാർ പ്രകാരവും നിയമനം നടത്തിയിട്ടുള്ളതാണ്. ഫാക്ടറി അസിസ്റ്റന്റ് കം നൈറ്റ് ഡ്യൂട്ടി ക്ലാർക്ക് തസ്തികയിലെ 11 ഒഴിവുകൾ നികത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്.

തൊഴിലാളികൾ - തൊഴിലാളികളായി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 19 പേർക്കും ടെസ്റ്റ് വർക്ക് മുഖാന്തരം 1547 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 1246-ാം , 1350 എന്നീ നമ്പർ ചോദ്യത്തിന്റെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല; ചർച്ച ഇല്ല.

2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല; ചർച്ച ഇല്ല.

2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.21-ന് പിരിഞ്ഞു)

## അനുബന്ധം I

(1) നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യത്തിന്റെ (ബി) പിരിവിനുള്ള ഉത്തരത്തിന്റെ ബാക്കിഭാഗം

12 ഇന ഉപലക്ഷ്യങ്ങൾ

1. ദുരന്തസാധ്യത അപഗ്രഥനം നിരന്തരമായി നടത്തുകയും വിവിധ ദുരന്തങ്ങൾക്ക് വിധേയരാകാവുന്ന ജനസഞ്ചയത്തെ കണ്ടെത്തുകയും ചെയ്യുക.

2. കേരളത്തിലെ ബഹുവിധ ദുരന്ത സാധ്യത മേഖലകളിൽ ദുരന്ത സാധ്യതകൾ കുറയ്ക്കുവാനായി വിവിധ വകുപ്പുകൾ പാലിക്കേണ്ടുന്ന പൊതുനിർദ്ദേശങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി പുതുക്കുകയും ചെയ്യുക.

3. പ്രാദേശിക തലത്തിൽ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ദുരന്ത സാധ്യതാ ലഘൂകരണ പരിശീലനങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തിന്റെ പൊതുവായ ദുരന്ത അതിജീവന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.

4. ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളെ ദുരന്ത ലഘൂകരണത്തിനായി ആവശ്യമായ അളവിൽ ഉപയോഗിക്കുക.

5. സംസ്ഥാനത്തിന്റെ ഭാവി വികസന പദ്ധതികളിൽ ആവശ്യമായ അളവിൽ ദുരന്ത ലഘൂകരണ വീക്ഷണകോൺ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

6. സംസ്ഥാന-ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും കേരളത്തിലെ ദുരന്ത പ്രതികരണ-പ്രതിരോധ-തയ്യാറെടുപ്പ് പ്രക്രിയകളുടെ ശാസ്ത്രീയ സാങ്കേതിക കേന്ദ്രങ്ങളായി ഇവയെ മാറ്റുകയും ചെയ്യുക.

7. ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതികവിദ്യ സംസ്ഥാനത്ത് സ്ഥാപിക്കുക.

8. വിവിധ വിവര സംവേദന സാങ്കേതികവിദ്യകൾ ദുരന്ത നിവാരണത്തിനായി ഉപയോഗപ്പെടുത്തുക. ഒരു സാങ്കേതികവിദ്യ പരാജയപ്പെട്ടാൽ മറ്റൊന്ന് എപ്പോഴും ലഭ്യമായിരിക്കുന്നത് ഉറപ്പാക്കുക.

9. സംസ്ഥാന അടിയന്തരഘട്ട പ്രവർത്തന രൂപരേഖയും (Emergency Supports Functions Plan), ദുരന്ത പ്രതികരണ രൂപരേഖകളും (Standard Operating Procedure) കാലികമായി പുതുക്കുക.

10. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

11. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

12. ദീർഘകാല ദുരന്ത പുനർനിർമ്മാണ പ്രക്രിയയിൽ ആവശ്യമായ അറിവ് ലഭ്യമാക്കുകയും ആവശ്യാനുസരണം നടപ്പിൽവരുത്തുകയും ചെയ്യുക.

27 പദ്ധതികൾ

1. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം: സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകളുള്ള ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

2. സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ ആധുനിക വിവര സംവേദന ദുരന്ത തീരുമാന സാങ്കേതികവിദ്യ വികസനം: ഇന്ത്യയുൾപ്പെടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖ പ്രകാരം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ആവശ്യമായ ദുരന്ത മുന്നറിവ്, സാങ്കേതികവിദ്യ വികസനം കെൽട്രോൺ മുഖാന്തിരം തയ്യാറായി വരുന്നു. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടക്കുന്നത്.

3. സംസ്ഥാന ഭൂകമ്പ നിരീക്ഷണ സംവിധാന ശൃംഖല

4. സംസ്ഥാന തീര ദുരന്ത നിരീക്ഷണ സാങ്കേതികവിദ്യ

5. കേന്ദ്ര സർക്കാരിന്റെയും യു.എൻ.ഡി.പി.യുടെയും സഹായത്തോടുകൂടി നടന്നുവരുന്ന സാമൂഹികാധിഷ്ഠിത ദുരന്ത ആഘാത ലഘൂകരണ പദ്ധതി.

6. കേരളത്തിലെ വലിയ ഉത്സവങ്ങളിലെ സുരക്ഷ

7. വരൾച്ചാ പ്രതിരോധ പദ്ധതികൾ - ജലവർഷിണി, മഴപ്പൊലിമ, വാട്ടർ കിയോസ്കുകൾ, പ്രാദേശിക വസ്തുക്കൾകൊണ്ട് നിർമ്മിച്ച ചെറുതടയണകൾ.

8. മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി

9. സംസ്ഥാന അഗ്നിശമന സേനാ ശാക്തീകരണം
10. ഭിന്നശേഷിയുള്ള വ്യക്തികളുടെ ദുരന്തപ്രതികരണ ശാക്തീകരണം
11. കുഴലീകൃത മണ്ണൊലിപ്പിന്റെ പ്രതിരോധം
12. വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനം
13. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി
14. ദുരന്ത ലഘൂകരണ വിവര സംവേദനത്തിനായി ലഘുലേഖകൾ
15. പ്രാദേശിക കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ദുരന്ത ലഘൂകരണം ഉൾപ്പെടുത്തുന്നത്
16. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശാക്തീകരണം
17. ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ശാക്തീകരണം.
18. ദുരന്ത വിവര സംവേദന സാങ്കേതികവിദ്യയുടെ വികസനവും പരിപാലനവും
19. ദുരന്ത ലഘൂകരണ മുന്നൊരുക്കങ്ങൾ
20. 'സുരക്ഷിത കേരളത്തിനായി മുന്നേറാം' എന്ന ആപ്തവാക്യത്തിലൂന്നിയുള്ള സെമിനാറുകൾ
21. ദുരന്ത ലഘൂകരണ പരിശീലനങ്ങൾ
22. ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് - ദുരന്ത പ്രതികരണത്തിനായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളുടെ വിവര ശേഖരണം.
23. ദേശീയ അടിയന്തരഘട്ട പരിപാലന വിവര ശേഖരണ സംവിധാനം.
24. പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ദുരന്ത ലഘൂകരണ ശാക്തീകരണ സഹായം.
25. മോക്ക് ഡ്രില്ലുകൾ
26. സംസ്ഥാന ദുരന്ത പ്രതികരണ സേനയുടെ ശാക്തീകരണം.
27. അന്തർദേശീയ ദുരന്ത ലഘൂകരണ ദിനാഘോഷം.

ഇവയ്ക്ക് പുറമെ, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ചാപ്റ്റർ 5.3 പ്രകാരം ദുരന്ത ലഘൂകരണ വെർച്വൽ കേഡർ സൃഷ്ടിച്ചിട്ടുണ്ട്. ഇവരുടെ

പരിശീലനം 2018 ഡിസംബർ മാസത്തിൽ ആരംഭിക്കും. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ട് ഇന്ത്യ ഉൾപ്പെടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ കേന്ദ്രം, തൃശ്ശൂരിൽ പ്രവർത്തനക്ഷമമാക്കുവാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ അഗ്നിശമന സേനയോട് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര സഹായത്തോടെ ആപ്ത മിത്ര എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പ്രോജക്ടിൽ 50 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി 150 പേരുടെ പരിശീലനം നടത്തുന്നതാണ്.

## അനുബന്ധം II

### ശ്രദ്ധ ക്ഷണിക്കൽ

(1) ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടിവ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ) നൽകിയ മറുപടി

2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽക്ഷോഭത്തിൽ മരണപ്പെടുകയോ/കാണാതാകുകയോ ആയ 143 മത്സ്യത്തൊഴിലാളികളുണ്ട്. നിരവധി മനുഷ്യ ജീവനുകൾക്കുപുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ചെയ്തു. ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (ഓഖി ഫണ്ട്)-ൽ നിന്ന് തുക വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.22 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിനുപുറമെ റവന്യൂ വകുപ്പ് മുഖേന മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ, 114032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വച്ച് അടിയന്തര ധനസഹായം, പരിക്കേറ്റ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി.

സമഗ്ര തീരദേശ പാക്കേജ് നടപ്പിലാക്കുന്നതിനായി സ.ഉ. (സാധാ.)നമ്പർ 170/2018/മ.തു.വ. തീയതി 15-3-2018 പ്രകാരം സി.എം.ഡി. ചെയർമാനായ ശ്രീ. എസ്. എം. വിജയാനന്ദ് ഐ.എ.എസ്. (റിട്ടയേർഡ് ചീഫ് സെക്രട്ടറി) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതി നിരവധി സിറ്റിംഗുകൾ നടത്തുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand)മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തരം നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwic Goerdeler)യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രളയത്തിന്റെ ചുറ്റുപാടിൽ മത്സ്യത്തൊഴിലാളി പുനരധിവാസം (600 കോടി രൂപ), ഫിഷിംഗ് ഇൻപുട്ട്സ് (99.91 കോടി രൂപ) മത്സ്യകൃഷി മേഖലയുടെ പുനരുദ്ധാരണം (204.93 കോടി രൂപ) ജീവനോപാധി പദ്ധതികൾ (102.8 കോടി രൂപ) മത്സ്യമാർക്കറ്റുകളുടെ നവീകരണം (38.98 കോടി രൂപ), കൃത്രിമ പാരുകൾ (4 കോടി രൂപ), ഫിഷ് ലാന്റിംഗ് സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസനം (20.05 കോടി രൂപ), ഓർണമെന്റൽ ഫിഷറീസ് (15.93 കോടി രൂപ) എന്നീ മേഖലകളിലേയ്ക്കായി ആകെ 1086.60 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(2) ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി.മൊയ്തീൻ) നൽകിയ മറുപടി

പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനഃനിർമ്മാണവും അറ്റകുറ്റ പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും മഴക്കെടുതിയെ തുടർന്ന് അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രളയാനന്തരം റോഡുകൾ, പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ എന്നിവയ്ക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തയ്യാറാക്കി കാറ്റഗറി തിരിച്ചുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് താഴെ സൂചിപ്പിക്കുന്നു.

കാറ്റഗറി (i)

മഴക്കെടുതി കാരണം ഗതാഗതം പൂർണ്ണമായും സ്തംഭിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്ന (നശിച്ചുപോയ) റോഡ്, കലുങ്ക്, പാലങ്ങൾ എന്നിവ (മുമ്പ് ഹെവി ലോഡഡ് വെഹിക്കിൾസ്- ബസ്, ടിപ്പർ, ലോറി മുതലായവ സഞ്ചരിച്ചിരുന്നവ. എന്നാൽ നിലവിൽ ഗതാഗതം നിഷേധിച്ചിരിക്കുന്നത്).

കാറ്റഗറി (ii)

മഴക്കെടുതി കാരണം ഗതാഗത യോഗ്യമല്ലാതാകുകയും എന്നാൽ റി-സർഫേസിംഗ് ആവശ്യമായ റോഡുകൾ.

കാറ്റഗറി (iii)

മഴക്കെടുതി കാരണം നശിച്ചെങ്കിലും ഓർഡിനറി/റൊട്ടീൻ (Routine) മെയിന്റനൻസിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമായവ.

ഇതിനായി ഉദ്ദേശം 1544.49 കോടി രൂപയുടെ ധനസഹായവും കാറ്റഗറി i-ൽപ്പെട്ട അടിയന്തര പുനർനിർമ്മാണം വേണ്ടിവരുന്ന റോഡ്, പാലം തുടങ്ങിയ പ്രവൃത്തികൾക്ക് ഉദ്ദേശം 177.93 കോടി രൂപയുടെ ധനസഹായവും ആവശ്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

അതോടൊപ്പം സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പേമാരിയിലും വെള്ളപ്പൊക്കത്തിലും തകർന്നുപോയ 495 സ്കൂളുകൾ കണ്ടെത്തിയിട്ടുണ്ട്. സർക്കാരിന്റെ എൻ.ഡി.ആർ.എഫ്. (നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട്)എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട്) മാനദണ്ഡപ്രകാരം 990 ലക്ഷം രൂപയുടെ ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

## അനുബന്ധം III

## സബ്മിഷൻ

(1) <u>ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി</u>

അച്ചടി-ദൃശ്യ മാധ്യമങ്ങൾക്ക് ഫലപ്രദമായി അവരുടെ ധർമ്മം നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സെക്രട്ടേറിയറ്റിലുൾപ്പെടെ ഒരുക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനല്ല, മറിച്ച് മാധ്യമങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉദ്ദേശ്യം.

മുഖ്യമന്ത്രിയും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും സംസ്ഥാന-ജില്ലാതലങ്ങളിൽ നടത്തുന്ന പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള ക്രമീകരണമാണ് ലക്ഷ്യംവച്ചത്. അതിന് നിലവിലുള്ള തടസ്സം ഒഴിവാക്കുന്നതിനായി എല്ലാ മാധ്യമങ്ങൾക്കും കൃത്യമായ അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ.&പി.ആർ.ഡി. വഴി സംവിധാനമൊരുക്കും. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ സർക്കുലറിൽ നിർദ്ദേശമുണ്ട്.

ഔദ്യോഗിക പരിപാടികളിലും മറ്റും അക്രെഡിറ്റേഷനോ എൻട്രി പാസ്സോ ഉള്ള എല്ലാ മാധ്യമപ്രവർത്തകർക്കും പ്രവേശനം നൽകും. യഥാർത്ഥ മാധ്യമപ്രവർത്തകർക്ക് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

ദൃശ്യമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും കൂടുതൽ സജീവമായ ഇക്കാലത്ത് മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ പ്രതികരണങ്ങൾക്കായി മാധ്യമ പ്രവർത്തകർക്ക് ഏതു സമയത്തും അവരെ സമീപിക്കേണ്ടിവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഇത് സുരക്ഷാ പ്രശ്നങ്ങൾക്കും ഇടയാക്കുന്നുണ്ട്. ഇത്തരം പ്രതികരണങ്ങൾ എല്ലാവർക്കും സുഗമമായി ലഭിക്കുന്നതിന് മുൻകൂട്ടി എല്ലാവർക്കും അറിയിപ്പ് ലഭ്യമാക്കുക എന്ന ഒരു നിർദ്ദേശവും മുന്നോട്ടുവച്ചിട്ടുണ്ട്.

പത്രസമ്മേളനങ്ങൾക്ക് പുറമെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കൃത്യതയോടെയും ഫലപ്രദമായും മാധ്യമങ്ങളെ അറിയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പി.ആർ.ഡി. മുഖേന ഏകോപിപ്പിക്കുന്നതിനുള്ള പൊതുനിർദ്ദേശമാണ് ഇപ്പോൾ നൽകിയിട്ടുള്ളത്.

ഇക്കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളിൽ ചിലർ ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾകൂടി പരിഗണിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതാണ്.

(2) <u>ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി</u>

ശ്രീ. കെ. സുരേന്ദ്രനെതിരെ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കേസ് നിലവിലുണ്ട്. അന്യായമായി സംഘം ചേരുന്നതിന് നേതൃത്വം നൽകിയതിനും ഉൾപ്പെട്ടതിനും ഇവയിൽ ചിലതിൽ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനും പൊതുമുതൽ നശിപ്പിച്ചതിനും ഗതാഗത തടസ്സം സൃഷ്ടിച്ചതിനും നിരോധനാജ്ഞ ലംഘിച്ചതിനും ഉൾപ്പെടെ 15 കേസുകളാണ് നിലവിലുള്ളത്. അതിൽ 8 കേസുകൾ 2016-ന് മുമ്പ് പോലീസ് ചാർജ് ചെയ്തവയാണ്. മൂന്ന് കേസുകൾ അന്വേഷണ ഘട്ടത്തിലും മറ്റുള്ളവ കോടതികളിൽ വിചാരണയുടെ വിവിധ ഘട്ടങ്ങളിലുമാണ്.

ശബരിമലയിലെ ചിത്തിര ആട്ടവിശേഷത്തിന് നട തുറന്ന അവസരത്തിൽ ശബരിമലയിൽ നിരോധനാജ്ഞ നിലനിൽക്കുന്നുണ്ടായിരുന്നു. പേരക്കുട്ടിക്ക് ചോറൂണ് നൽകാനും ശബരിമല ദർശനത്തിനുമായി 52 വയസ്സ് പ്രായമുള്ള സ്ത്രീ എത്തിയിരുന്നു. ഇവരെ സന്നിധാനം നടപ്പന്തലിൽവച്ച് തടയുന്ന സ്ഥിതിയുണ്ടായി. ശ്രീ. കെ. സുരേന്ദ്രന്റെ നേതൃത്വത്തിൽ പ്രതിഷേധക്കാർ സംഘടിച്ച് അന്യായമായി ഇവരെ തടഞ്ഞ് ദേഹോപദ്രവമേൽപ്പിച്ചതിനും മാനഹാനി വരുത്തുന്ന രീതിയിലുള്ള അക്രമപ്രവർത്തനങ്ങൾ നടത്തിയതിനും അവരുടെ ബന്ധുവിനെ മർദ്ദിച്ച് അവശനാക്കിയതിനും ബന്ധുവിന്റെ പരാതിയും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സന്നിധാനം പോലീസ് സ്റ്റേഷനിൽ Cr.No.16/2018-ൽ 13-ാം പ്രതിയായി കേസെടുത്തു. പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് നിലയ്ക്കൽ പോലീസ് സ്റ്റേഷൻ Cr.No.28/2018 ൽ ഒന്നാം പ്രതിയായും ഹൈക്കോടതി ഉത്തരവ് നിലനിൽക്കേ കുറ്റകരമായി സംഘടിച്ച കാര്യത്തിനും മറ്റും നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ Cr.No.1475/2018 ൽ രണ്ടാം പ്രതിയായും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിയമനടപടിക്ക് വിധേയനാകാതെയും സമയത്തിന് കോടതികളിൽ ഹാജരായി ജാമ്യം ലഭിക്കാത്തതുമായ വിവിധ കേസുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു. ഇക്കാരണത്താൽ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര മജിസ്ട്രേറ്റ് കോടതി, കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി എന്നീ കോടതികൾ വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. വാറണ്ടുകളുടെ അടിസ്ഥാനത്തിലാണ് കോടതികളിൽ ഹാജരാകേണ്ടിവന്നത്. ഈ വാറണ്ട് കേസുകൾക്ക് ജാമ്യം ലഭിച്ചെങ്കിലും സന്നിധാനം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന് ജാമ്യം ലഭിക്കാത്തതുകൊണ്ടാണ് ശ്രീ. സുരേന്ദ്രൻ ഇപ്പോഴും റിമാന്റിൽ കഴിയുന്നത്.

വസ്തുതകൾ ഇതായിരിക്കെ കള്ളക്കേസ് ചുമത്തി പോലീസ് പീഡിപ്പിച്ചു എന്ന ആരോപണം വസ്തുതകൾക്ക് നിരക്കാത്തതാണ്.

(3) ശ്രീ. എം. ഉമ്മർ, എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടി

മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ നിലവിൽ അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കാൻ പര്യാപ്തമായ ഒരു ഫുട്ബോൾ സ്റ്റേഡിയം, കായിക വിദ്യാർത്ഥികളുടെ താമസത്തിനുവേണ്ടി നിർമ്മിച്ച രണ്ട് ഹോസ്റ്റൽ കെട്ടിടങ്ങൾ, ഡൈനിംഗ് ഹാൾ തുടങ്ങിയവയാണ് പ്രധാനമായും നിലവിലുള്ളത്. വിവിധ കായിക ഇനങ്ങളുടെ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ നിർവ്വഹിക്കുന്നതിനുവേണ്ടി സ്ഥലസൗകര്യം ഇപ്പോൾ അവിടെയുണ്ട്. നിലവിലുണ്ടായിരുന്ന ഗേൾസ്, ബോയ്സ് ഹോസ്റ്റൽ കെട്ടിടങ്ങൾ, ഡൈനിംഗ് ഹാൾ എന്നിവയുടെ നവീകരണത്തിനും കൂടാതെ ഒരു കളിമണ്ണ് കബഡി പിറ്റ്, രണ്ട് കോൺക്രീറ്റ് ബാസ്കറ്റ് ബാൾ കോർട്ട്, ഒരു ലോംഗ് ജമ്പ് കോർട്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. നിലവിൽ 60 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ, മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സിലെ മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലെഡ് ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിന് 4,01,30,216 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്റ്റേഡിയം ഹൈ പവർ കമ്മിറ്റി ടി പ്രവൃത്തി നിർവ്വഹണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുള്ളതും കിറ്റ്കോ ടെണ്ടർ നടപടികൾ കൈക്കൊണ്ട് സാങ്കേതികാനുമതിക്കായി മലപ്പുറം ജില്ലാ കളക്ടർ മുഖേന കായികയുവജനകാര്യ ഡയറക്ടർക്ക് നൽകിയിട്ടുള്ളതാണ്. ആയത് ഡിസംബർ ആദ്യവാരം നടക്കുന്ന ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(4) ശ്രീമതി സി. കെ. ആശ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി

മൂവാറ്റുപുഴ ആറിന്റെ മൂന്ന് ശാഖകളായ ഇത്തിപ്പുഴ, മുറിഞ്ഞപ്പുഴ, പൂത്തോട്ട എന്നീ നദികളുടെ കര, കഴിഞ്ഞ ആഗസ്റ്റ് മാസത്തെ അതിരൂക്ഷമായ വെള്ളപ്പൊക്കത്തിൽ ഏകദേശം ഒരു കിലോമീറ്ററോളം നീളത്തിൽ കരയിടിച്ചിലും മണ്ണിടിച്ചിൽമൂലം നദിയിൽ മണ്ണ് വന്നടിയുകയും ചെയ്തിട്ടുണ്ട്. വെള്ളൂർ, തലയോലപ്പറമ്പ്, മറവൻ തുരുത്ത്, ഉദയാനാപുരം, ചെമ്പ് എന്നീ പഞ്ചായത്തുകളെ ഇത് കാര്യമായി ബാധിച്ചിട്ടുണ്ട്. നദീതീരം ഇടിച്ചിൽമൂലമുള്ള അപകടാവസ്ഥ നീക്കംചെയ്യുന്നതിന് തീരം സംരക്ഷിക്കേണ്ടതും നദിയിൽ അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യേണ്ടതുമുണ്ട്.

മൂവാറ്റുപുഴയാറിൽ പാലാംകടവ് പാലത്തിന് സമീപം പാലാംകടവ് വെട്ടികാട്ടുമുക്ക് തീരം ഇടിഞ്ഞുവീണത് സംരക്ഷിക്കാൻ സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്ന് 97,88,345 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് സാങ്കേതികാനുമതിക്കായി ഏകദേശം 7 മീറ്റർ ഉയരത്തിൽ കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തിയുടെ എസ്റ്റിമേറ്റാണ് ലഭിച്ചത്. ആയത് സൂക്ഷ്മപരിശോധന നടത്തിയപ്പോൾ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതിനെ ത്തുടർന്ന് ഗാബിയോൺ ബോക്സ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തിയുടെ നിർമ്മാണരീതി സ്വീകരിക്കുകയും ആയതിന്റെ ഡിസൈൻ ഐ.ഡി.ആർ.ബി.-ക്ക് പരിശോധനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ എത്രയും പെട്ടെന്ന് ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അടിയന്തരമായി മണ്ണിടിച്ചിൽ തടയേണ്ട സ്ഥലങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ തെങ്ങിൻകുറ്റി അടിച്ച് മണൽ ചാക്ക് അടുക്കി തീരം ബലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങൾ 1,068 കോടി രൂപയുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിൽ ദീർഘകാലാടിസ്ഥാനത്തിൽ ഇടിഞ്ഞുപോയ തീരം കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിയുടെ പ്രാധാന്യവും കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(5) ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടി

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നുണ്ട്. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതിന് അനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്. 2015-ൽ തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ 4-ാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം മുഖേനയുള്ള ധനസഹായം മുടങ്ങിക്കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പ്രളയക്കെടുതിയുൾപ്പെടെയുള്ള നഷ്ടങ്ങൾ സംഭവിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ കഴിയുന്ന റബ്ബർ കൃഷിക്കാർക്ക് ആശ്വാസമാകുന്ന രീതിയിൽ 16-11-2018 വരെയുള്ള ബില്ലുകൾ പരിശോധിച്ച് 185.49 കോടി രൂപ 22-11-2018-ൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഇതുവരെ വിതരണം ചെയ്ത 286.17 കോടി രൂപ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 811.87 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനുശേഷം ആകെ 1,191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

(6) ശ്രീ. കെ. ആൻസലൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടി

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആയയിൽ-മുള്ളറവിള പാലവും കന്നിപ്പുറം-നെയ്യാറ്റിൻകര പാലവും നിർമ്മാണത്തിന് 31-10-2016-ലെ സ.ഉ.(സാധാ)നമ്പർ 1496/2016 പൊ.മ.വ. ഉത്തരവ് പ്രകാരം 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ആയയിൽ-മുള്ളറവിള പാലം</u>

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആയയിൽ-മുള്ളറവിള പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി 1/2017-ൽ കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 03/2017-ൽ കൂടിയ കിഫ്ബിയുടെ Technical Approval Committee പ്രസ്തുത ഡി.പി.ആർ. പരിശോധിച്ചതിൽ പാലത്തിന്റെ മണ്ണ് പരിശോധന പുതുതായി നടത്തി ഡിസൈൻ നവീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം മണ്ണ് പരിശോധന നടത്തി ഡിസൈൻ നവീകരിച്ച് ഡി.പി.ആർ. പുതുക്കി കിഫ്ബിക്ക് 7/2018-ൽ സമർപ്പിച്ചു. കിഫ്ബിയിൽ നിന്ന് പ്രാഥമിക പരിശോധനയ്ക്ക് ശേഷം ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 8/2018 (TAR) ലഭിക്കുകയും ഇതിനായുള്ള വിശദീകരണങ്ങൾ 10/2018-ൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്നുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും കൂടാതെ ഭൂമി ഏറ്റെടുക്കൽ നടപടിയും പൂർത്തിയായാൽ മാത്രമെ ടെൻഡർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

<u>നെയ്യാറ്റിൻകര-കന്നിപ്പുറം പാലം</u>

നെയ്യാറ്റിൻകര-കന്നിപ്പുറം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി 07/2017 കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി 21-8-2017-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുതിയ എൽ.എ. ആക്ട് പ്രകാരം റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

ഇതുമായി ബന്ധപ്പെട്ട് SIA Study നടത്തുന്നതിനുള്ള കണ്ടിൻജൻസി ചാർജ്ജ് കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(7) ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടി

G. O. (Rt.) No.1324/2016/PWD dated 27-9-2016 പ്രകാരം കരിയന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി ആയി നിയമിച്ചു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുവേണ്ടി നടത്തിയ പഠനങ്ങളുടെയും സർവ്വേകളുടെയും അടിസ്ഥാനത്തിൽ കരിയന്നൂരിനെക്കാൾ തൊട്ടടുത്തുള്ള സുശീലപ്പടിയിലാണ് റെയിൽവേ മേൽപ്പാലം കൂടുതൽ ഉചിതമെന്ന് കണ്ടെത്തുകയുണ്ടായി. പൂർണ്ണതോതിലുള്ള ഓവർ ബ്രിഡ്ജ് സുശീലപ്പടിയിൽ സ്ഥാപിക്കാനുള്ള നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും യോഗത്തിന്റെ അഭ്യർത്ഥന അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി. തുടർന്ന് കരിയന്നൂർ ഓവർ ബ്രിഡ്ജ് എന്ന പ്രവൃത്തി കരിയന്നൂർ-സുശീലപ്പടി റെയിൽവേ ഓവർ ബ്രിഡ്ജ് എന്നാക്കി മാറ്റി G. O. (Rt.)No.835/2018/PWD dated 11-5-2018 പ്രകാരം ഉത്തരവായി. അതുപ്രകാരം ആർ.ബി.ഡി.സി.കെ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും മന്ത്രിസഭ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് കിഫ്ബി അറിയിക്കുകയുണ്ടായി. തുടർന്ന് കാബിനറ്റ് അംഗീകാരത്തോടുകൂടിയ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ. പ്രൊപ്പോസൽ സമർപ്പിച്ചു. കിഫ്ബി പദ്ധതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രോജക്ടുകളുടെ മൊത്തം തുകയുടെ പരിധി രണ്ടുവർഷം കൊണ്ടുതന്നെ എത്തിയതിനാൽ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചതല്ലാത്ത മറ്റൊന്നും കിഫ്ബി മുഖാന്തിരം നടപ്പിലാക്കുകയില്ലെന്നും അതിനാൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയില്ലെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 23-10-2018 തീയതിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഇക്കാര്യം അറിയിച്ച് കത്തും നൽകിയിരുന്നു. തുടർന്ന്, നേരത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കരിയന്നൂർ ആർ.ഒ.ബി.-ക്കുവേണ്ടി തയ്യാറാക്കിയ ഡി.പി.ആർ. 10 കോടിയിൽ താഴെ ആയതുകൊണ്ട് കിഫ്ബിക്ക് ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ ഗവൺമെന്റ് പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്ററി സപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ. സമർപ്പിച്ച കത്ത് 30-11-2018-ൽ വകുപ്പിൽ ലഭ്യമായിട്ടുണ്ട്.

(8) ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടി

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അഴീക്കൽ ബീച്ച് വികസനത്തിനായി 2012-ൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നിവ പൂർത്തീകരിക്കുകയുണ്ടായി. മേൽപദ്ധതിക്കായി ഇതുവരെ 60,16,931 രൂപ ചെലവായിട്ടുണ്ട്. സ്ഥല ലഭ്യതയുടെ അഭാവംമൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയ്‌ലെറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അഴീക്കൽ ബീച്ചിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി വിനോദസഞ്ചാര വകുപ്പും, ഡി.ടി.പി.സി.യും ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

ശ്രീനാരായണ ട്രോഫി ജലോത്സവം നടക്കുന്ന കന്നേറ്റികായൽ കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീനാരായണ ട്രോഫി ജലോത്സവം നടത്തുന്നതിന് സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും ടി തുക ചെലവഴിച്ച് സ്ഥിരം പവലിയൻ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കന്നേറ്റി കായൽ കേന്ദ്രീകരിച്ച് നിലവിൽ ഡി.റ്റി.പി.സി.യുടെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്കായി ബോട്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് കന്നേറ്റി ബോട്ട് ടെർമിനലിൽ നിന്നും അമൃതപുരി, ആലുംകടവ്, കാട്ടിൽ മേക്കതിൽ തുടങ്ങി വിവിധ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ബോട്ടിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ആലുംകടവിലുള്ള ഗ്രീൻ ചാനൽ എന്ന "റെസ്റ്റോറന്റ് കം വിശ്രമ കേന്ദ്രം" വിപുലീകരിച്ച് സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

(9) ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടി

സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചുകൊണ്ടും പെരുമാറ്റ വൈകല്യങ്ങൾ കുറച്ചുകൊണ്ടുവന്ന് ഓട്ടിസം ബാധിച്ച കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയാണ് ഓട്ടിസം സെന്ററുകളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. സ്പെഷ്യൽ വിദ്യാഭ്യാസം, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ഭിന്നശേഷി പരിശീലനം, ഫിസിയോതെറാപ്പി, കോഗ്നേറ്റീവ് ബിഹേവിയറൽ മാനേജ്മെന്റ്, കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള കൗൺസിലിംഗ് മുതലായവയാണ് ഓട്ടിസം സെന്ററിനുകീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി. സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഓട്ടിസം സെന്ററിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികൾ ബാക്കിയുണ്ട്. പ്രസ്തുത ഓട്ടിസം സെന്റർ പൂർണ്ണമായി പ്രവർത്തനസജ്ജമായിക്കഴിഞ്ഞാൽ സമഗ്ര ശിക്ഷയുടെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ജീവനക്കാരുടെ സേവനം വിനിയോഗിക്കാൻ കഴിയുന്നതാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്ക് എന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.